

# ഒരു മണിക്കൂർ അല്ലെങ്കിൽ രണ്ട്

നിർമ്മൽ ജേക്കബ്

# ഒരുമണിക്കൂർ–അല്ലെങ്കിൽ രണ്ടു്

(Malayalam)

# Oru Manikkoor–Allenkil Randu

Stories

By NIRMAL JACOB

Translated by

K. RAMAKRISHNA PILLAI

First Published February 1967

Copies 1500

Printed at

INDIA PRESS, KOTTAYAM

Price Rs. 2.00

Copyright

T. Thomas

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

# ഒരു മണിക്കൂർ—
# അല്ലെങ്കിൽ രണ്ടു്

(കഥകൾ)


**നിർമ്മൽ ജേക്കബ്**

വിവർത്തനം

കെ. രാമകൃഷ്ണപിള്ള



പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണസംഘം**

---

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.00

S1902 B1174 74/66—67 1-1500 JK 109

# അവതാരിക

തീക്ഷ്ണമായ അനുഭൂതികൾ ആവിഷ്കരണത്തിനു വെമ്പൽകൊള്ളുമ്പോൾ ചെറുകഥ ജനിക്കുന്നു. അനുഭൂതി എന്നാൽ എന്താണെന്നു് ഒരു ചോദ്യം ഉണ്ടാവാം. അനുഭവങ്ങൾ സാമൂഹ്യബോധത്തിൻെറയോ, യുക്തിയുടേയോ, വ്യക്തിനിഷ്ഠമായ ഇഷ്ടാനിഷ്ടങ്ങളുടേയോ ഒക്കെ ചൂടിൽ സ്ഫുടംചെയ്യപ്പെടുമ്പോൾ അനുഭൂതിയായി മാറുന്നു, എന്നെനിക്കു തോന്നിയിട്ടുണ്ടു്. വ്യക്തമായ ഒരു പ്രക്രിയയല്ല ശേഷമാണു് അനുഭൂതി ഉണ്ടാകുന്നതു്. അതു സൃഷ്ടിയുടെ ഒരു പ്രത്യേക അവസ്ഥാവിശേഷമാണു്. ആ പ്രക്രിയ പരിപൂർണ്ണമായിട്ടുണ്ടെങ്കിൽ സൃഷ്ടിയും കുററമററതായിരിക്കും. ആവിഷ്കരണഘട്ടത്തോളമെത്തുമ്പോൾ കലാബോധവും ഔചിത്യവും എല്ലാം സന്നദ്ധമായിത്തീരുകയാണു് ചെയ്യുന്നതു്.

ചെറുകഥകളുടെ കാര്യത്തിൽ ഏകാഗ്രത ഒരു പ്രത്യേകതയാണു്. എങ്ങനെ നല്ല കഥകൾക്കു് ഏകാഗ്രതയുണ്ടാവുന്നു? ഒരു കഥയെഴുത്തുകാരൻ എന്ന നിലയല്ല ഞാൻ ആലോചിച്ചിട്ടുണ്ടു്. മുൻ വിവരിച്ച തീക്ഷ്ണതയുടെ ഒരു സ്വഭാവവിശേഷംതന്നെയാണു് ഏകാഗ്രത എന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്.

കഥ ജന്മമെടുക്കുന്നതിനെ സംബന്ധിച്ചു് ഇത്രയും പറയാൻ ഒരു കാര്യമുണ്ടു്. ഞാൻ സഹൃദയസമക്ഷം അവതരിപ്പിക്കുന്ന ഈ കഥാസമാഹാരം ഇംഗ്ലീഷിൽനിന്നുള്ള തർജ്ജിമയാണു്. മലയാളിയായ കഥാകൃത്തു് ഇംഗ്ലീഷിൽ കഥകളെഴുതുന്ന ആളാണു്. ആ ഭാഷ മലയാളത്തേക്കാൾ അദ്ദേഹത്തിനു സ്വാധീനമാണു് എന്നേ അർത്ഥമാക്കേണ്ടതുള്ളു. കരവിരുതിനേക്കാൾ അനുഭൂതികളുടെ വെട്ടിത്തിളക്കമാണു് ഈ കഥകളിൽ കാണുന്നതു്.

ഈ സമാഹാരത്തിലെ കഥകളുടെ ശാലീനത പ്രത്യേകം എടുത്തു പറയേണ്ട ഒരു കാര്യമാണ്. അനായാസമായി ഡാ. തോമസ്സ് കഥ പറഞ്ഞുപോകുന്നു. യാതൊരു ബഹളവും കൂടാതെ ഒരിക്കലും കര കുത്തി ഒലിപ്പിക്കാതെ ലജ്ജാവതിയായി പച്ചിലക്കാടുകളുടെ ഇടയിൽക്കൂടി ഒളിച്ചൊഴുകുന്ന ഒരു അരുവിയെയാണ് ഇതിലെ കഥകൾ എന്നെ ഓർമ്മിപ്പിക്കുന്നത്. ഈ ശാലീനത, കുലീനത്വം ഗ്രന്ഥകാരന്റെ ഔചിത്യബോധത്തെ വിളംബരം ചെയ്യുന്നു.

മനുഷ്യന്റെ ഹൃദയത്തേയും ശ്വാസകോശത്തേയും ഒക്കെ ശസ്ത്രക്രിയ ചെയ്യുന്ന ഒരാളാണ് ഗ്രന്ഥകർത്താവ്. ആ ആളിന് മാനുഷികവികാരങ്ങളുടെ ഗതിവിഗതികളെക്കുറിച്ചും ബോധമുണ്ടായിരിക്കുന്നു. നാം ആരും തന്നെ സ്പന്ദിക്കുന്ന ഹൃദയം കണ്ടിട്ടില്ലല്ലൊ. വേദനകൊണ്ടോ ആനന്ദംകൊണ്ടോ ഉണ്ടാവുന്ന തുടിപ്പുകൾ അനുഭവപ്പെടാനേ നമുക്കു കഴിയൂ. ഡാ. തോമസ്സിന് ഹൃദയമെന്ന മാംസപിണ്ഡത്തെക്കുറിച്ചും, ചിരികൊണ്ടും കരച്ചിൽകൊണ്ടുമുണ്ടാകുന്ന സ്പന്ദനത്തെക്കുറിച്ചും അറിവുണ്ട്.

ഈ കഥകൾ ഇംഗ്ലീഷിൽ ഞാൻ വായിച്ചിട്ടുണ്ട്. ആ ശാലീനത മലയാളത്തിലും കാണ്മാൻ കഴിയുന്നു. നിങ്ങളുടെ എല്ലാം അനുവാദത്തോടെ ഞാൻ ഈ കഥാസമാഹാരം അവതരിപ്പിച്ചുകൊള്ളുന്നു.

തകഴി ശിവശങ്കരപ്പിള്ള

# വിവർത്തകൻെറ കുറിപ്പ്

എൻെറ ചേട്ടൻ എനിക്കു പരിചയപ്പെടുത്തി ത്തന്നതു ശസ്ത്രക്രിയാവിദഗ്ദ്ധനായ ഡാക്ടർ ടി. തോമ്മ സിനേയായിരുന്നു ... ഏഴരമണിക്കൂർ നീണ്ടുനിന്നു ആ ഓപ്പറേഷൻ. നിശ്ശബ്ദമായ വേദന അനുഭവിച്ചു കൊണ്ടു്, ആ സമയമത്രയും, ഓപ്പറേഷൻ തിയേറ്ററി നു വെളിയിൽ. ലിസ്സി ആശുപത്രിത്തിണ്ണയിൽ ഒരു അച്ഛനും അമ്മയും കാത്തുനിന്നു. ഡാക്ടറായ ചേട്ടൻ, അകത്തുണ്ടല്ലോ എന്നുമാത്രം സമാധാനിച്ചു്. ബോധം മറച്ചിരുന്ന മകനെ ഏകാന്തമായ ഒരു മുറിയിലേക്കു് ഒടുവിൽ കൊണ്ടുവന്നു. മൂന്നാംദിവസം പോസ്റ്റ് ഓപ്പ റേഷൻ വാർഡിലേക്കു മാററി. ശുശ്രൂഷാമുറിയിൽ പിന്നെ പന്ത്രണ്ടുദിവസം. ഡാക്ടർ ആദ്യംതന്നെ പറ ഞ്ഞിരുന്നതുപോലെ പതിനഞ്ചാംദിവസം കുട്ടിയേ യുംകൊണ്ടു് ഞങ്ങൾ വീട്ടിലേക്കു പോന്നു. അതി നിടയിൽ ഞാൻ കണ്ടതു് അസാധാരണരിൽ അസാ ധാരണനായ ഒരു ശസ്ത്രക്രിയാവിദഗ്ദ്ധനെ മാത്രമല്ലാ യിരുന്നു. ഡാക്ടർ തോമ്മസിൽ ഒതുങ്ങിയിരുന്ന 'നിർമൽ ജേക്കബ്ബ്' എന്ന കലാകാരനെയും അതി നിടയിൽ ഞാൻ കണ്ടെത്തി. കത്തിയും കത്രികയും കൊണ്ടു്, സൂക്ഷ്മമായി ശസ്ത്രക്രിയ ചെയ്യാനുപയോ ഗിച്ച ആ കൈയിൽ, അനന്യസുലഭമായ ഒരു കനക തൂലികകൂടി ഉണ്ടായിരുന്നു എന്നു് ഞാൻ കണ്ടുപി ടിച്ചു.

നിർമൽ ജേക്കബ് എന്ന തൂലികാനാമത്തിൽ, ഡാക്ടർ പ്രസിദ്ധംചെയ്ത കഥകളും, 'മൺസൂൺ' എന്ന നോവലും, ശുശ്രൂഷാമുറിയിൽവച്ചു മത്സരിച്ചു് ഞ ങ്ങൾ വായിച്ചു. നോവലാണു കേമമെന്നു് അമ്മ; കഥകളാണു ഹൃദ്യമെന്നു ശയ്യാവലംബിയായ മകൻ. രണ്ടും ഒരുപോലെ ഹൃദയസ്പൃശികളാണെന്നു് അച്ഛൻ.

ആംഗലഭാഷയിലുള്ള ഗ്രന്ഥകാരൻെറ സ്വാധീനം കണ്ടു്, അത്ഭുതംകൊണ്ടപ്പോഴും, മാതൃഭാഷയ്ക്കുണ്ടായ നഷ്ടത്തെപ്പററി ഓർത്തു് ഞാൻ കുണ്ഠിതപ്പെട്ടുകയായിരുന്നു. അത്രയും സ്വാധീനം മലയാളഭാഷയിൽ ഉണ്ടായിരുന്നുവെങ്കിൽ! ചെറുകഥകളും നോവലും എഴുതിയ കാലത്തുതന്നെ മലയാളത്തിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ! തുടരെത്തുടരെ അദ്ദേഹം എഴുതിയിരുന്നുവെങ്കിൽ! താമസിച്ചാണെങ്കിലും, മലയാളത്തിൽ അദ്ദേഹം എഴുതിയവ പ്രസിദ്ധപ്പെടുത്തിക്കണമെന്നു് ഞാൻ നിശ്ചയിച്ചു. ഇംഗ്ലീഷ്സ്ക്രിപ്റ്റ് ഞാൻ വാങ്ങി. പരിഭാഷപ്പെടുത്തുവാൻ വളരെദിവസം എനിക്കു വേണ്ടിവന്നില്ല. എല്ലാം മുഴമിപ്പിച്ചു. ഡാക്ടരെ വായിച്ചുകേഠപ്പിച്ചു. എന്റെ ജോലി അതോടെ തീൻന്നു.

മലയാളസാഹിത്യത്തിലെ ചെറുകഥാവിഭാഗം അതിൻേറതായ വ്യക്തിത്വത്തോടെ പുരോഗമിക്കുകയാണു്. വികാസം പ്രാപിച്ചുവരുന്ന സാഹിത്യമേഖല. കഥാകൃത്തുകളിൽ പേരെടുത്തവർ നോവലിസ്റ്റുകളായി ജീവിക്കുവാൻ യത്നിക്കുന്ന കാലത്താണു്, ഡാക്ടരുടെ ഈ ചെറുകഥാസമാഹാരം പുറത്തുവരുന്നതു്. ഡാക്ടരെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ അനുഭവമണ്ഡലം സാധാരണ സാഹിത്യകാരന്മാരുടേതിൽനിന്നും അത്യന്തം ഭിന്നമാണു്. മനുഷ്യരുടെ വേദനകളും ദുരിതങ്ങളും അടുത്തുനിന്നു കാണാനും, അവയ്ക്കു പ്രതിശമനം വരുത്താനുമുള്ള ഒരു ജീവിതവൃത്തിയാണു് അദ്ദേഹം തെരഞ്ഞെടുത്തതു്. രോഗികളും ആശുപത്രികളും ലോകത്തിലെ മറ്റൊരു മഹാലോകമാണു്. രോഗികളുടെ വൈവിദ്ധ്യത്തെ അതിലംഘിക്കുന്നതാണു രോഗങ്ങളുടെ വൈവിദ്ധ്യം. അതിലും വിശേഷിച്ചു ഹൃദയബന്ധിയായ രോഗങ്ങളും, അവയുടെ പരിഹാരാൎത്ഥമുള്ള ശസ്ത്രക്രിയകളും. ഏകാഗ്രതയിലെ ഏകാഗ്രതയോടെ, മണിക്കൂറുകഠകൊണ്ടു ചെയ്തുതീൎക്കേണ്ടുന്ന ശസ്ത്രക്രിയകഠ! അങ്ങ

നെയുള്ള ഒരു ലോകത്തിൽനിന്നും ഉണ്ടാവുന്ന അനുഭവങ്ങളാണ്, ഗ്രന്ഥകാരൻെറ സവിശേഷമായ സമ്പത്ത്. അനുഭവങ്ങൾ വെറും സാങ്കല്പികങ്ങളല്ല. മററുള്ളവക്കും മററാക്കും അലഭ്യമായവ അദ്ദേഹത്തിനു സുലഭമായിരിക്കുന്നു. അത്തരം അനുഭവങ്ങൾ നിവേദനം ചെയ്യുവാൻ അദ്ദേഹത്തിലെ കലാഹൃദയം വെമ്പൽ കൊള്ളുന്നു. അയത്നലളിതമായ ഭാഷയെ അതിനായി അദ്ദേഹം ആശ്രയിക്കുന്നു. അനുഭവങ്ങൾക്കു രൂപവും ഭാവവും നല്കാൻ അദ്ദേഹത്തിൻെറ ഭാഷ സമത്ഥമാണ്. അനുവാചകനിൽ അതേ ആഴത്തിലും വ്യാപ്തിയിലും, ആ അനുഭവങ്ങൾ സംജാതമാകുവാനുള്ള പ്രതിപാദനശക്തിയും അദ്ദേഹത്തിനുണ്ട്. ആംശികമായ അനുഭവമല്ല, സമഗ്രമായ, സമ്പൂണ്ണമായ അനുഭവം അനുവാചകനിൽ അദ്ദേഹത്തിൻെറ കലാസൃഷ്ടി രൂപംകൊള്ളിക്കുന്നു. അനലംകൃതമായ സൗന്ദര്യമാണ് അത്യന്തം അലംകൃതമായ സൗന്ദര്യം എന്ന് അദ്ദേഹത്തിനറിയാം. അദ്ദേഹത്തിൻെറ കഥകൾ ഈ സൗന്ദര്യസത്യങ്ങളെ യഥാതഥമായി പ്രഖ്യാപിക്കുന്നു. കഥയുടെ ബീജം ചൈതന്യവത്താണ്. അകൃത്രിമമായ രീതിയിൽ, അനായാസമായി അതു വളരുന്നു; പടരുന്നു; പന്തലിക്കുന്നു. അതു പല്ലവിതമാവുന്നതും കുസുമിതമാവുന്നതും നമുക്കു കണ്ണുകൾകൊണ്ടു കാണാം. ആ കുസുമങ്ങളുടെ നിറവും മണവും നാം അനുഭവിക്കുന്നു. നമ്മുടെ മനസ്സിൽത്തന്നെ അതു ഫലഭരമാവുന്നതു നാം അറിയുന്നു.

കഥകളുടെ മൂല്യനിണ്ണയം ചെയ്യുവാൻ ഞാൻ വിമശ്കനല്ല. ഞാൻ ഒരു ആസ്വാദകൻ മാത്രമാണ്. വായിച്ചു; രസിച്ചു; ഹൃദയത്തിൽ പതിഞ്ഞു. അനായാസമായി അവ പരിഭാഷപ്പെടുത്തുകയും ചെയ്തു. അതും, വായിക്കുന്നതിലധികം ആസ്വാദനീയമായ ഒരു ജോലിയായിരുന്നു. ഈ കഥകൾ വായനക്കാരുടെ ഹൃദയത്തിലെ ഏററവും ലോലമായ തന്ത്രികളെ സ്പശിക്കുമെന്നുതന്നെയാണ് എൻെറ വിശ്വാസം.

മലയാളഭാഷയ്ക്കു് ഈ കഥാസമാഹാരവും, ഇതേത്തുടന്നു വരുന്ന നോവലും ഒരു മുതൽക്കൂട്ടായിരിക്കും എന്നുള്ളതിൽ എനിക്കു സംശയമില്ല. മദ്ധ്യതിരുവിതാംകൂറിലെ ഒരു മലയോരഗ്രാമത്തിന്റെ ഹൃദയഹാരിയായ ചിത്രമാണു്, ഗ്രന്ഥകാരന്റെ 'മൺസൂൺ' എന്ന നോവൽ. ആ നോവലിന്റെ ആമുഖമെന്ന നിലയിൽ ഈ കഥാസമാഹരം സഹൃദയരുടെ സ്വീകരണത്തിനായി ഞാൻ സമപ്പിച്ചുകൊള്ളുന്നു.

കെ. രാമകൃഷ്ണപിള്ള

# മുഖവുര

ഒരു എഴുത്തുകാരനാവണമെന്ന സ്വപ്നം കൗമാര പ്രായംമുതൽ ഞാൻ കാണാൻ തുടങ്ങിയതാണ്. ഹൈസ്ക്കൂളിൽവച്ച് ഒന്നുരണ്ടു തവണ അതിനു ശ്രമിച്ചു. പക്ഷേ, ഫലിച്ചില്ല. 1938—ൽ ഇൻറർമീഡിയറ്റ് ജയിച്ച് ഞാൻ മെഡിക്കൽ കാളേജിൽ ചേർന്നു. പഠിത്തം മുന്നോട്ടു കൊണ്ടുപോകുവാൻ പണം തികയാതെ വിഷമിച്ചു. എഴുതാനുള്ള ശ്രമം വീണ്ടും ആരംഭിച്ചു. മലയാളത്തിൽ എഴുതാൻ വേണ്ട ഭാഷാസ്വാധീനമുണ്ടായിരുന്നില്ല. ഇംഗ്ലീഷിൽ എഴുതിത്തുടങ്ങി; തീവ്രമായി ഞാൻ ശ്രമിച്ചു.

കൈയെഴുത്തു കാപ്പികൾ ഇംഗ്ലീഷ് പത്രമാഫീസുകളിലേക്ക് അയച്ചു. 'ഉപേക്ഷിച്ചിരിക്കുന്നു' എന്ന കുറിപ്പോടുകൂടി അടുത്ത പോസ്റ്റിൽ അവ തിരിച്ചുവന്നു. ആവശ്യം സൃഷ്ടിയുടെ മാതാവാണ്. അത്യദ്ധ്വാനംചെയ്തു പുതിയവ എഴുതി. ഒടുവിൽ എൻെറ പ്രയത്നം അംഗീകരിക്കപ്പെട്ടു. ഇംഗ്ലീഷുപത്രങ്ങളിലും മാസികകളിലും എൻെറ കഥകൾ പ്രസിദ്ധീകരിച്ചു തുടങ്ങി. നിരന്തരമായ പ്രയത്നത്തിൻെറ ഫലവും പ്രതിഫലവും, എനിക്ക് അളവററ ആനന്ദവും ചാരിതാൎത്ഥ്യവും നല്കി. പിന്നേയും പിന്നേയും ഞാൻ എഴുതി. കാരവൻ, മൈമാഗസിൻ, ഫോറം, അമൃത ബസാർ പത്രിക, ഹൊറൈസൺ, ബോംബെ ക്രോണിക്കിൾ, ഹിന്ദു മുതലായവയിലാണ് ഈ സമാഹാരത്തിലെ കഥകൾ ആദ്യം പ്രസിദ്ധീകരിച്ചതു്.

ഡൽഹിയിൽനിന്നും പ്രസിദ്ധീകരിച്ചുവന്ന 'കാരവൻ' എന്ന മാസികയുടെ പത്രാധിപർ ശ്രീ വിശ്വനാഥ് ആണ് എന്നെ ഏററവും കൂടുതൽ പ്രോത്സാഹിപ്പിച്ചതു്. അദ്ദേഹം എനിക്ക് 'ആപത്ബാന്ധവ'

നായിരുന്നു. അദ്ദേഹം എന്നെ അറിയുമായിരുന്നില്ല. എന്നെക്കണ്ടിരുന്നുമില്ല. എൻെറ ആദ്യത്തെ കഥ പ്രസിദ്ധീകരിച്ചുകൊണ്ടു വീണ്ടും കഥകൾ വേണമെന്ന്, എന്നിട്ടും അദ്ദേഹം എഴുതി. പ്രതീക്ഷിച്ചതിൽ കൂടുതൽ പ്രതിഫലവും എനിക്ക് അദ്ദേഹം അയച്ചുതന്നു. പിന്നീട് അഞ്ചുവർഷം കഴിഞ്ഞു മാത്രമാണു ഞങ്ങൾ തമ്മിൽ കാണുന്നതിനും നേരിട്ടു പരിചയപ്പെടുന്നതിനും സാധിച്ചത്. നിർഭരമായ കൃതജ്ഞതയോടെ, എന്റെ ആദ്യത്തെ ചെറുകഥാസമാഹാരം ഞാൻ അദ്ദേഹത്തിനു സമർപ്പിക്കുന്നു.

ആലപ്പുഴ മെഡിക്കൽ കാളേജിൽ ഞാൻ ഉദ്യോഗം സ്വീകരിച്ചതിനുശേഷമാണ്, പേരുകേട്ടു മാത്രം അറിഞ്ഞിരുന്ന ക്യാപ്റ്റൻ (ഡാക്ടർ) കെ. എൻ. പിള്ളയുമായി അടുത്തുപരിചയിച്ചത്. അദ്ദേഹത്തിൻെറ മകൻ ഡാക്ടർ വിശ്വനാഥൻ എൻെറ അസിസ്റ്റൻറായിരുന്നു. ക്യാപ്റ്റൻെറ അനുജനായ ശ്രീ കുട്ടനാട്ട് കെ. രാമകൃഷ്ണപിള്ള സാഹിത്യത്തിലും രാഷ്ട്രീയത്തിലും വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള വ്യക്തിയാണല്ലോ. ശ്വാസകോശസംബന്ധമായ ഒരു ശസ്ത്രക്രിയയ്ക്കുവേണ്ടി അനുജൻെറ മകനെ ജ്യേഷ്ഠൻ എന്നെ ഏല്പിച്ചു. കുടുംബസൗഹൃദം വളരാനും വികസിക്കുവാനുമുള്ള ഒരു സൗകര്യം അങ്ങനെ ഉണ്ടായി. എന്റെ ചെറുകഥകളും 'മൺസൂൺ' എന്ന നോവലും ശ്രീ രാമകൃഷ്ണപിള്ള ആയിടയ്ക്കു വായിച്ചു. കഥാസമാഹാരവും നോവലും സാഹിത്യപ്രവർത്തക സഹകരണസംഘത്തെക്കൊണ്ടു പ്രസിദ്ധംചെയ്യിക്കണമെന്നു ശ്രീ രാമകൃഷ്ണപിള്ള അഭിപ്രായപ്പെട്ടു. അവ പരിഭാഷപ്പെടുത്താനുള്ള ചുമതലയും അദ്ദേഹം ഏററു. ഷേക്സ്പിയർ മഹാകവിയുടെ 'മാക്ബത്ത്' അനായാസമായി തർജ്ജിമ ചെയ്ത വാസനാസമ്പന്നനായ സുഹൃത്തിനെ എല്ലാ ഭാരവും ഞാൻ ഏല്പിച്ചു.

കഥകളും നോവലും തർജ്ജിമചെയ്യുവാൻ അദ്ദേഹം

അധികകാലം എടുത്തില്ല. തജ്ജിമ മുഴുവൻ ഞാൻ സശ്രദ്ധം വായിച്ചു. ഞാൻ പരിപൂർണ്ണ തൃപ്തനാണു്. മലയാളിയായി ജനിച്ച എന്നെ മലയാളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തുന്നതു് ശ്രീ കെ. രാമകൃഷ്ണപിള്ളയുടെ അനുഗൃഹീതമായ തൂലികയാണു്. വാക്കുകളിൽ ഒതുങ്ങാത്ത എൻെറ കൃതജ്ഞത ശ്രീ കെ. രാമകൃഷ്ണപിള്ളയ്ക്കു് ഔപചാരികമായി ഞാൻ പ്രകാശിപ്പിക്കുന്നു.

മെഡിക്കൽ കോളേജു് വിദ്യാൎത്ഥികൾ സംഘടിപ്പിച്ച 'ഓണാഘോഷ'സമ്മേളനത്തിൽവച്ചാണു്, പ്രശസ്ത സാഹിത്യകാരനായ ശ്രീ തകഴി ശിവശങ്കരപ്പിള്ളയുമായി പരിചയപ്പെടുവാൻ എനിക്കു ഭാഗ്യം ലഭിച്ചതു്. ഇൻഡ്യൻ ഭാഷകളിലും യൂറോപ്യൻ ഭാഷകളിലും, അദ്ദേഹത്തിൻെറ മലയാളഗ്രന്ഥങ്ങൾ ഇതിനകം പരിഭാഷപ്പെടുത്തിയിട്ടുണ്ടല്ലോ. ഞാൻ ഇംഗ്ലീഷിൽ എഴുതി പ്രസിദ്ധംചെയ്ത കഥകളുടെ ഒരു സമാഹാരം ഇംഗ്ലീഷിൽത്തന്നെ പ്രസിദ്ധംചെയ്യണമെന്നുള്ള ചിരകാലചിന്തയ്ക്കു വ്യക്തമായ രൂപം സിദ്ധിച്ചതും, ശ്രീ തകഴിയുമായി പരിചയപ്പെട്ടതിനുശേഷമാണു്. ഒരു അവതാരിക എഴുതിത്തരാമെന്നു് അന്നു തന്നെ അദ്ദേഹം സൗഹൃദപൂൎവ്വം സമ്മതിച്ചു. അദ്ദേഹത്തിൻെറ സരളതയും ശാലീനതയും ആ വിശ്വപ്രശസ്തിക്കു മാററുകൂട്ടുന്നതായി എനിക്കു തോന്നി. ശ്രീ തകഴിയോടു ഞാൻ എന്നെന്നും കൃതജ്ഞനാണു്.

ജീവിതത്തിലഭിലഷിച്ചതുപോലെ ചികിത്സാവൃത്തി തൊഴിലായി ഞാൻ തെരഞ്ഞെടുത്തു. മനുഷ്യന്റെ രോഗങ്ങളും വേദനകളും ആയി എന്നും എന്നും ഞാൻ ഇടപെടുന്നു. മനുഷ്യശരീരത്തിലെ ജീവൽപ്രധാനമായ അവയവങ്ങളുടെ പ്രവൎത്തനം ശരിയാക്കുവാൻ ശസ്ത്രക്രിയാകാരൻെറ കത്തി ഞാൻ പ്രയോജനപ്പെടുത്തുന്നു. ശരീരത്തിൻെറ അന്തർഭാഗം ഞാൻ എടുത്തു കൈകാര്യം ചെയ്യുന്നു. ഹൃദയത്തിൻെറ മൃദുവായ

സ്പന്ദനങ്ങളും, മനസ്സിന്റെ ലോലമായ ചലനങ്ങളും ഞാൻ അടുത്തുനിന്നു കാണുന്നു. ഇതിലും ഉൽകൃഷ്ട മായ, എന്റെ ജീവിതത്തേയും അതിജീവിക്കുന്ന സൽക്രിയകൾക്കു് ഈ ജീവിതം ഇനിയും പ്രചോ ദനംനല്കുമെന്നു ഞാൻ ചിലപ്പോഴൊക്കെ വിചാരി ക്കാറുണ്ടു്.

നിമ്മത് ജേക്കബ്

ശ്രീ വിശ്വനാഥന്

## കഥകൾ

പ്രതിമ

ശവസംസ്കാരം

മനോബാധ

അതെന്റെ മോൻതന്നെ

ഇരുമ്പഴിക്കു പിമ്പിൽ

ശിമിത്തേരി

മൈഥിലി

ദൈവകോപം

കുമ്പസാരക്കൂട്ടിൽ

കൊച്ചുസ്നേഹിതന്മാർ

പൂമാലകൾ

ദേവദൂതി

ഒരു മണിക്കൂർ—അല്ലെങ്കിൽ രണ്ടു്

## പ്രതിമ

അസ്തമയസൂര്യൻെറ കാന്തിപ്രസരംകൊണ്ടു്, ആ പ്രതിമ അത്യന്തം ആകർഷണീയമായിത്തീൎന്നിരിക്കുന്നു. രാജകീയമായ പ്രഭയും ഗാംഭീര്യവും അതു കൈവരിച്ചിരിക്കുന്നു. ആ പ്രതിമയുടെ ആസ്വാദനത്തിനു് ഏറ്റവും പററിയ സമയം സായംസന്ധ്യയാണു്. അടുത്തു ചെല്ലുന്തോറും അതിൻെറ കലാഭംഗി ആദ്യന്തം വ്യക്തമാകുന്നതു് സന്ധ്യയുടെ ബന്ധുരതയിലൂടെയാണു്.

സുന്ദരനായ ഒരു യുവാവു് ദൃഢശരീരനായ ഒരു കുതിരയുടെ പുറത്തിരിക്കുന്നു. കുതിര മുൻകാലുകൾ ഉയൎത്തി മുന്നോട്ടു കുതിക്കുന്ന ഭാവത്തിൽ നില്ക്കുന്നു. പിൻകാലുകളേ ആ പീഠത്തിൽ ഉറച്ചിട്ടുള്ളൂ. യുവാവിൻെറ മുഖത്തു് അക്ഷമതയാണു്. കുലീനത ആ മുഖത്തു തുള്ളിത്തുളുമ്പുകയുമാണു്. ആ ദൃശ്യം നിങ്ങളെ ആലക്തികാഘാതംകൊണ്ടെന്നപോലെ പിടിച്ചുനിൎത്തും. ആ പ്രതിമയുടെ നിൎമ്മാണചാതുരിയിൽ നിങ്ങൾ ലയലീനനായിപ്പോവും. അതിനു താളവും ലയവും ഉണ്ടു്. അതിൻെറ സംഗീതസാന്ദ്രത അത്രയ്ക്കു ഹൃദ്യമാണു്. ആത്മാവിനെ അതു് ഉണൎത്തും; ഉയൎത്തും.

നിങ്ങൾ ആ പ്രതിമയുടെ അലോകഭംഗിയിൽ ലീനനാകുമ്പോൾ സമീപം നില്ക്കുന്ന വഴികാട്ടി, സഹജമായ ഒരു കുസൃതിച്ചിരിയോടെ നിങ്ങളോടു ചോദിക്കും:

"ആ പ്രതിമയിൽ എന്തെങ്കിലും ന്യൂനത കാണുന്നുണ്ടോ?" എന്നു്.

പ്രതിമയ്ക്കു ന്യൂനതയോ? ആ ഒരു ചിന്തതന്നെ ദൈവനിന്ദയല്ലേ!

"ഞാൻ കണ്ടിട്ടുള്ളതിൽവച്ചു് ഏററവും പൂർണ്ണമായ കലാസൃഷ്ടി! ദൈവാനുഗ്രഹമുള്ള കരങ്ങൾക്കേ അതു നിർമ്മിക്കാനാവുകയുള്ളു. അതു ലോകോത്തരമാണു്!" ആ ചോദ്യത്തിനു നിസ്സങ്കോചമായ മറുപടി അങ്ങനെയായിരിക്കും നിങ്ങൾ നല്കുന്നതു്.

അപ്പോൾ നിങ്ങളുടെ വഴികാട്ടി അതിൻെറ കഥ പറയാൻ തുടങ്ങും: "അങ്ങു മാത്രമല്ല, കാണാൻ കൂടുന്ന ജനക്കൂട്ടം മുഴുവനും ആ ന്യൂനത കണ്ടിട്ടില്ല. അതിൻെറ ശില്പിക്കുപോലും അതിലെ ന്യൂനത കാണുവാൻ കഴിഞ്ഞില്ല. എങ്കിലും ഒരു ബാലൻ ആ ന്യൂനത കണ്ടുപിടിച്ചു. അത്യദ്ധ്വാനംചെയ്തു് ആ പ്രതിമ നിർമ്മിച്ച ശില്പിക്കു മരണശിക്ഷ പ്രതിഫലമായി ലഭിക്കുകയുംചെയ്തു." തുടക്കം കേട്ടു നിങ്ങൾ സംശയഗ്രസ്തനായി നില്ക്കുമ്പോൾ വീണ്ടും അയാൾ പറയും: "അതൊരു പ്രേമത്തിന്റെ കഥയാണു്. മനുഷ്യഹൃദയത്തിനുണ്ടായ മോഹഭംഗം. ഈ നാട്ടിലെ കുഞ്ഞുങ്ങൾ, ആ കഥ അമ്മമാരുടെ മടിയിൽ കിടന്നുകൊണ്ടു കേൾക്കാൻതുടങ്ങുന്നു. അതെപ്പററിയുള്ള പാട്ടുകൾ തൊട്ടിലിൽവച്ചുതന്നെ കേട്ടുതുടങ്ങുന്നു. അതെപ്പറ്റിയുള്ള ഒരു ഇതിഹാസകാവ്യം ഈ നാട്ടിലുള്ളവക്കു സുപരിചിതമാണു്. ഞങ്ങളുടെ ഏററവും വലിയ കവിയാണു് അതെഴുതിയതു്..."

വളരെ വഷങ്ങൾക്കു മുമ്പാണു് ആ സംഭവം നടന്നതു്. അന്നു് ഇവിടം ഭരിച്ചിരുന്നതു് ഔഡിലെ രാജാ

വാണ്. എവിടെനിന്നാണ് എന്നറിഞ്ഞുകൂടാ, ഈ പ്രദേശത്ത് ഒരു മദ്ധ്യവയസ്കൻ വന്നുചേൎന്നു. നടന്നു ക്ഷീണിച്ച്, മുഷിഞ്ഞു നാറിയ വസ്ത്രങ്ങൾ ധരിച്ച ഒരു ഭിക്ഷാംദേഹി! സിന്ധുനദിയുടെ തീരത്തായിരുന്നുപോലും അയാളുടെ സ്വദേശം. പ്ലേഗ്രോഗം പിടിപെട്ട് അയാളുടെ ഭാര്യയും മൂന്നു മക്കളും മരിച്ചു. അവരുടെ അസ്ഥി 'ഝലം'നദിയിൽ നിക്ഷേപിച്ചിട്ട്, ശേഷിച്ച മകനെ തോളിൽ ഇട്ടുകൊണ്ടു് ഇത്രദൂരം അയാൾ നടന്നുവന്നതാണെന്നു കാണുന്നവരോടൊക്കെ അയാൾ പറയുമായിരുന്നു. ആറുവയസ്സുണ്ടായിരുന്നു ആ കുട്ടിക്ക്. വിക്രമനെന്നാണു പേരു്. ഒരു തോളിൽ കുട്ടി, മറ്റേ തോളിൽ കല്ലുകൊത്തുന്നതിനുള്ള ഉപകരണങ്ങൾ. ജീവിതത്തിലെ ദുഃഖങ്ങൾ മറക്കാൻവേണ്ടി നാടുവിട്ടു. കല്ലുകൊത്തി ജീവിക്കാനുള്ള വഴിനോക്കി രാജ്യമാകെ സഞ്ചരിച്ച സഞ്ചരിച്ച് ഇവിടെ എത്തിയെന്നേ ഉള്ളൂ. മകനെ പട്ടിണികൂടാതെ വളൎത്തണം. അതുമാത്രമേ ജീവിതത്തിലൊരാഗ്രഹമായി അവശേഷിച്ചിരുന്നുള്ളൂ.

ഈ പ്രദേശത്തെ ഭരണാധികാരി അന്നു് ഒരു കൊട്ടാരം പണിയിച്ചുകൊണ്ടിരുന്ന കാലമാണ്. ജയന്തിനു പ്രയാസംകൂടാതെ ഇവിടെ ജോലികിട്ടി. ജയന്ത് കല്ലുകൾ ചുററികകൊണ്ടടിച്ചു പൊട്ടിക്കുമ്പോൾ മകൻ വിക്രമൻ അവിടെയെല്ലാം കളിച്ചുനടന്നു. കല്ലാശാരിമാരും മരയാശാരിമാരും അവനോടു വാത്സല്യപൂൎവ്വം പെരുമാറിവന്നു. അവരുടെ സ്ത്രീകൾക്കും വിക്രമനോടു വളരെ ഇഷ്ടം തോന്നി. അവർ കൊണ്ടുവന്ന ഭക്ഷണത്തിലൊരംശം അവനു കൊടുക്കും. കണ്ടാൽ നല്ല കൗതുകമുള്ള കുട്ടി! ചുരുണ്ട തലമുടി നെററിയിലും മുഖത്തും പാറിക്കിടക്കുന്നതു

കണ്ടാൽ അവക്കു വലിയ സന്തോഷമായിരുന്നു. അവന്റെ പുഞ്ചിരിയിൽ അവരെയെല്ലാം അവൻ മയക്കിക്കളഞ്ഞു.

കല്പണിയിൽ ജയന്തു് അതിസമത്ഥനായിരുന്നു. നല്ല നല്ല ചിത്രങ്ങൾ അയാൾ കല്ലുകളിൽ കൊത്തി. ഭരണാധികാരിയുടെ ശ്രദ്ധയിൽ അയാൾ പെട്ടു. അലങ്കരിക്കേണ്ട കല്ലുകൾ കൊത്താനുള്ള ചുമതല ജയന്തിനു കൊടുത്തു. കൊട്ടാരംപണി പൂത്തിയായപ്പോൾ, ജയന്തിനു നാലഞ്ചേക്കർ സ്ഥലം, കരമൊഴിവായി നല്കി. അവിടെ ഒരു കൊച്ചു കെട്ടിടം പണിതു. അത്യാവശ്യത്തിനുള്ള കൃഷി ആ ഭൂമിയിൽ നടത്തി. ജയന്തിനു പേരും പെരുമയും വദ്ധിച്ചു. സുലഭമായി ജീവിക്കുവാനുള്ള പണവും ലഭിച്ചു.

കഴിഞ്ഞകാലത്തെ ജീവിതദുഃഖങ്ങളെല്ലാം ജയന്തു് മറന്നു. പണവും പ്രശസ്തിയും ഉണ്ടായപ്പോൾ, വിവാഹാലോചനകൾ മുറയ്ക്കു വന്നു. എങ്കിലും, മരിച്ചുപോയ ഭാൎയ്യയോടുള്ള അതിസ്നേഹംനിമിത്തം രണ്ടാമതൊരു വിവാഹം നടത്തിയില്ല. വിക്രമനെ വളത്തി വലിയവനാക്കണമെന്നുള്ള ചിന്ത മാത്രമേ അച്ഛനുണ്ടായിരുന്നുള്ളു. കിട്ടിയ പണം മുഴവൻ മകനെ പഠിപ്പിക്കാൻ വിനിയോഗിച്ചു. പണ്ഡിതന്മാരുടെ അടുത്തയച്ചു് വേദവും, ശാസ്ത്രവും, സാഹിത്യവും, സംഗീതവും വിക്രമനെ പഠിപ്പിച്ചു. ഇതിനിടയിൽ തനിക്കറിയാവുന്ന ശില്പവേലയും മകനു വശമാക്കിക്കൊടുത്തു.

വിക്രമൻ വാസനാസമ്പന്നനായിരുന്നു; പരിശ്രമശാലിയും. ശില്പവേലയിൽ അദ്വിതീയനാകണമെന്നായിരുന്നു അവൻെറ ജീവിതമോഹം. എന്തോ ഒരു അസ്വസ്ഥത ഹൃദയത്തിൽ; എന്തിനോ രൂപംകൊടുക്കുവാനുള്ള ഒടുങ്ങാത്ത ഒരാശ ഹൃദയത്തിൽ! രൂപഗുണമില്ലാത്ത കല്ലു

കളിൽനിന്നും ഹൃദയഹാരിയായ രൂപങ്ങൾ ചൈതന്യം കൊണ്ടുതുടങ്ങി. മനുഷ്യരുടേയും മൃഗങ്ങളുടേയും രൂപങ്ങൾ മാത്രമല്ല, അവയുടെ ഭാവങ്ങളും കല്ലിൽനിന്നും തെളിഞ്ഞുവന്നു.

വിക്രമൻെറ ശില്പനിർമ്മാണപ്രശസ്തി നാടും നഗരവും അറിഞ്ഞു. പ്രഭുഗൃഹങ്ങളിലും ഉദ്യാനങ്ങളിലും പൊതുസ്ഥലങ്ങളിലും കൊട്ടാരത്തിലും വിക്രമന്റെ കലാസൃഷ്ടികൾ സ്ഥാനംപിടിച്ചു. മകൻെറ പ്രശസ്തി കണ്ടുകൊണ്ടു പെട്ടെന്നു് ജയന്തു് മരിച്ചു.

ഭരണാധികാരിയുടെ ഭാര്യയും ആയിടയ്ക്കാണു മരിച്ചതു്. അദ്ദേഹം ഒരു പ്രശസ്ത പണ്ഡിതൻകൂടി ആയിരുന്നു. ഗ്രന്ഥങ്ങളോടൊപ്പം സ്നേഹിച്ചിരുന്ന ഒരു മകൾ അദ്ദേഹത്തിനുണ്ടായിരുന്നു—ഷജിത! കൊട്ടാരത്തിൻെറ ഭംഗി മുഴുവൻ അവളായിരുന്നു. നൃത്യവും സംഗീതവും ഷജിതയുടെ കൂടപ്പിറപ്പുകളായിരുന്നു. സൗകുമാര്യത്തിന്റെ മുഖത്തു് യൗവനത്തിൻെറ മുദ്രകൾ നിഴലിട്ടുതുടങ്ങിയ കാലം. കലകളിലുള്ള വാസന വിടർന്നുതുടങ്ങിയ പ്രായം.

വിക്രമനെപ്പററി ഷജിത കേട്ടിരുന്നു. അവൻെറ ശില്പമാതൃകകൾ കൊട്ടാരത്തിലും ഉദ്യാനത്തിലും അവൾ കൺകുളുർക്കെ കണ്ടു സന്തോഷിച്ചു. ഉദ്യാനത്തിൽ വെച്ചിരുന്ന ഒരു പ്രതിമ അവളെ അത്ഭുതസ്തബ്ധയാക്കി. വേടൻെറ ശരം ഏല്ക്കാതിരിക്കുവാൻ ജീവനുംകൊണ്ടു് ഓടുന്ന ഒരു മാൻപേടയുടെ ശില്പം! മാൻപേടയുടെ മിഴികളിൽ കണ്ണുനീർ നിറഞ്ഞിരിക്കുന്നതായി തോന്നും. വേടൻെറ മുഖത്തു വിജയവും ഉല്ക്കണ്ഠയും. കാട്ടുചെടികൾക്കിടയിലാണു മാൻപേട! അതിസൂക്ഷ്മമായ കലാവിരുതിൻെറ എല്ലാ അടയാളങ്ങളും അതിലുണ്ടു്. ഷജിതയ്ക്കു്

ആ വിശ്വപ്രശസ്തനായ ശില്പകലാവിദഗ്ദ്ധനെ നേരിട്ടു കാണണം! അവളുടെ ജീവിതത്തിലെ ആഗ്രഹമാണു്.

കലാനിർമ്മാണം നടത്തുന്ന ഇടത്തിൽത്തന്നെ മുന്നറിവുകൂടാതെ ചെല്ലുവാൻ അവൾ തീരുമാനിച്ചു. ഒരു ചെറിയ ഷെഡ്ഡിലിരുന്നു് ഏകാഗ്രമായി വിക്രമൻ കൊത്തുപണിചെയ്യുകയാണു്. മന്ദഹാസത്തോടെ ഷജിത അങ്ങോട്ടു കയറിച്ചെന്നു. അവളെ തിരിച്ചറിയുവാൻ വിക്രമനു കഴിഞ്ഞില്ല. സർവ്വാഭരണഭൂഷിതയാണവൾ. അതുകൊണ്ടു് അവൾ ഉന്നതകുലജാതയായിരിക്കണം എന്നു വിക്രമൻ വിചാരിച്ചു.

വിക്രമൻ വിനയാന്വിതനായി എഴുന്നേററുനിന്നു.

"എനിക്കറിയാം, ഞാൻ നിങ്ങൾക്കപരിചിതയാണെന്നു്." ഷജിത മൗനം ഭഞ്ജിച്ചു. "പുറത്തുചെന്നു നോക്കിയാൽ ഞാൻ ആരെന്നു് ഒരുപക്ഷേ, മനസ്സിലായേക്കും." അവൾ മധുരമായി ഒന്നു ചിരിച്ചു.

വിക്രമൻ വാതിലിനു പുറത്തേക്കിറങ്ങി നോക്കി. രാജകീയരഥത്തിലാണു് അതിഥി വന്നിരിക്കുന്നതു്.

"എൻെറ സംശയം തീർന്നു." വിക്രമൻ ഒരുവിധം പറഞ്ഞുതീർത്തു.

"സംശയിക്കണ്ടാ. ഞാൻ ഭരണാധികാരിയുടെ പുത്രിയാണു്." അവൾ അല്പം ഉച്ചത്തിൽ ചിരിച്ചു. കൂടെ വിക്രമനും.

"ഇതു് അത്ര സാധാരണയല്ല. രാജകുമാരിമാർ കൊത്തുപണിക്കാരൻെറ കൂര സന്ദർശിക്കുക." വിക്രമൻ്റെ സന്തോഷം ആ വാക്കുകളിലും ഒതുങ്ങിയില്ല.

"ശരിയായിരിക്കാം. പക്ഷേ, എനിക്കു് ഇതു് അസാധാരണമായി തോന്നുന്നില്ല...വേടനേയും മാൻപേടയേയും സൃഷ്ടിച്ച കലാകാരനെ കാണാൻ നേരിട്ടു വന്നു.

ആ വിദഗ്ധനെ ഞാൻ എന്റെ മുമ്പിൽ ഇതാ കാണുന്നു. അതു് ഒരു അത്ഭുതകലാശില്പം തന്നെ.''

''എനിക്കൊന്നും പറയുവാനില്ല.'' വിക്രമനു് ഒന്നും പറയാൻ കഴിവില്ലായിരുന്നു എന്നതാണു വാസ്തവം.

''എനിക്കും കലകളിൽ താല്പര്യം ഉണ്ടു്. എനിക്കു നൃത്തംചെയ്യാനറിയാം. പാടാൻ വശമുണ്ടു്. എല്ലാ കലകളും എനിക്കു് ആസ്വദിക്കാൻ കഴിയും.'' ഷജിത പറഞ്ഞു.

''അതു് ഒരു വലിയ സിദ്ധിയാണു്.'' വിക്രമനു് അത്രയേ പറയാനുണ്ടായിരുന്നുള്ളു.

''എനിക്കും ശില്പകല അല്പം വശമാക്കണമെന്നാഗ്രഹമുണ്ടു്. വികാരമില്ലാത്ത കല്ലുകളിൽ വികാരം പകരുന്ന ഈ അത്ഭുതകല എന്നെക്കൂടി പഠിപ്പിക്കാമോ? കൊത്തുപണി എനിക്കു നേരിൽ കാണണം.''

''കഴിവനുസരിച്ചു പഠിപ്പിക്കാം.''

കല്ലുകളിൽ ജോലിചെയ്യുന്നതു് അവൾ സൂക്ഷിച്ചു നിന്നു കണ്ടു. വിക്രമൻ ഒരു സിംഹത്തിന്റെ ശില്പം പൂർത്തിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു. ആ കലാകാരൻ ജോലി തുടർന്നു.

''ഇതു കണ്ടുകൊണ്ടിരിക്കുന്നതുതന്നെ എത്ര രസകരമാണു്. ഞാൻ നാളെയും വരും.'' ഷജിത യാത്ര പറഞ്ഞു.

പക്ഷേ, പിറേറദിവസവും ശില്പശാലയിൽ വന്നു. പിന്നെ പതിവായി എല്ലാ ദിവസവും വിക്രമന്റെ സമീപം വന്നു.

വിക്രമൻ ഒരു ചെറിയ ഉളിയും ഒരു വെണ്ണക്കല്ലും ഷജിതയെ ഏല്പിച്ചു. ശില്പകലയുടെ സൂക്ഷ്മവശങ്ങൾ

ക്രമേണ മനസ്സിലാക്കിക്കൊടുത്തു. ഷജിത കൗതുകത്തോടെ പാഠങ്ങൾ പഠിച്ചു. സ്വന്തമായി ചില ശില്പങ്ങൾ അവൾ കൊത്തുവാൻ തുടങ്ങി. ജോലിചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ അവൾ ഉളി താഴെവയ്ക്കും. പെട്ടെന്നു വിക്രമന്റെ സമീപം ചെന്നിരിക്കും. "ആ ഉളികൾ താഴെ വയ്ക്കണം. നമുക്കു കുറച്ചുനേരം സംസാരിക്കാം." അവർ അടുത്തിരുന്നു ഹൃദയംതുറന്നു സംസാരിക്കുവാൻ ആരംഭിക്കും. നൂറുനൂറു കഥകൾ! വിക്രമന്റെ സ്വദേശത്തെപ്പററി, അച്ഛനെപ്പററി. ഷജിത കൊട്ടാരത്തിലെ ഏകാന്തതയെപ്പറ്റി...ഇടയ്ക്കിടെ പുരാണകഥകൾ. രാജകുമാരന്റെയും രാജകുമാരിയുടെയും പ്രേമകഥകൾ. പ്രേമഭംഗത്തിന്റെ കഥകൾ. മനുഷ്യഹൃദയത്തിലെ നന്മയുടെയും തിന്മയുടെയും കഥകൾ. ഇങ്ങനെ സമയം പോകുന്നതറിയാതെ അവർ സംഭാഷണംനടത്തുമായിരുന്നു.

തന്റെ സ്വപ്നങ്ങളുടെ സമ്പൂർണ്ണത ആ യുവസുന്ദരിയിൽ വിക്രമൻ ദർശിച്ചു. തന്നെപ്പോലെ ചിന്തിക്കാനും സംഭാഷണംചെയ്യുവാനും സ്വപ്നംകാണുവാനും കഴിവുള്ള ഒരു സ്വർഗ്ഗകുമാരിയെ എന്നും സമീപത്തു വിക്രമൻ കണ്ടു.

കലാകാരന്റെ ഭാവനകൾ ആ കുമാരിയെ കേന്ദ്രമാക്കി വളരുവാൻ തുടങ്ങി. എങ്കിലും ഇടയ്ക്കിടെ അവർ തമ്മിലുള്ള പദവിവ്യത്യാസത്തെപ്പററി ഓർമ്മിച്ചു വിക്രമൻ നെടുവീർപ്പിട്ടു. അവൾ പ്രഭുകുമാരി—അല്ല രാജകുമാരി! താനോ? നാടും വീടുമില്ലാത്ത ഒരു കല്ലാശാരി! എങ്കിലും അവൾ തന്റെ ശിഷ്യയാണു്. സുഹൃത്താണു്. അവളോടുള്ള പ്രേമം, ഹൃദയത്തിന്റെ അഗാധതയിൽ അവൻ ഒതുക്കിനിർത്തി.

കുമാരിയും വിക്രമനുമായുള്ള ബന്ധം സാധാരണ

ക്കാരുടെ രഹസ്യസംഭാഷണവിഷയമായി. എങ്കിലും ആരും അതുറക്കെപ്പറയാൻ ധൈര്യപ്പെട്ടില്ല.

ഒരുദിവസം ഷജിത വിക്രമനോടു പറഞ്ഞു: "വിക്രമാ! ഇനി ഞാൻ ഇവിടെ വരുന്നതു ശരിയല്ലെന്നു തോന്നുന്നു. വേണ്ടതെല്ലാം ഇതിനകം വിക്രമൻ എന്നെ പഠിപ്പിച്ചുകഴിഞ്ഞു. ശില്പകലസംബന്ധിച്ച കാര്യങ്ങൾ മാത്രമല്ല; ജീവിതത്തിനു വേണ്ട പലതും. പോരെങ്കിൽ ഞാൻ വിവാഹിതയാകാൻപോവുകയുമാണ്. വധു അന്യഗൃഹങ്ങളിൽ പോകുന്നതു ശരിയല്ല."

വിക്രമൻ ശിലപോലെയായിപ്പോയി. ഒരു വാക്കും പുറത്തു വന്നില്ല; ഒരു ഭാവവും മുഖത്തു പ്രകാശിച്ചില്ല.

വളരെ പ്രയാസപ്പെട്ട് ഒടുവിൽ ഇങ്ങനെ പറയാൻ ശ്രമിച്ചു: "എല്ലാ സൗഭാഗ്യങ്ങളും ഞാൻ നേരുന്നു."

വാക്കുകൾ വിറയ്ക്കുന്നതു ഷജിതയ്ക്കു കാണാമായിരുന്നു.

"വിക്രമാ! അവിടുന്നു വെറും ശില്പാശാരിയല്ല." ഒരുവിധത്തിൽ അവളുടെ ആശയം വാക്കുകളുടെ രൂപം കൊണ്ടു... അല്പനേരം അവരുടെ കണ്ണുകൾ പരസ്പരം ഇടഞ്ഞു.

"വിക്രമാ! ഇതാ ഇതു സദയം സ്വീകരിക്കണം. ഈ മടിശ്ശീല നിറയെ സ്വർണ്ണവരാഹനാണ്. എന്നോടു കാണിച്ച സ്നേഹത്തിനും കാരുണ്യത്തിനും തക്ക പ്രതിഫലമല്ല ഇതെന്ന് എനിക്കറിയാം. എങ്കിലും എന്റെ കൃതജ്ഞതയുടെ ഒരു അടയാളം! ഇതാ!" ഷജിത ഒരു മടിശ്ശീല എടുത്തു നീട്ടി.

"കഷ്ടം! കല വില്ക്കപ്പെടാനുള്ളതല്ല; സ്വർണ്ണവും കൃതജ്ഞതയും യഥാർത്ഥപ്രതിഫലമാവുകയില്ല. കലാകാ

രൻെറ സാമ്രാജ്യത്തിൽ സൈ്വരമായി സഞ്ചരിക്കുവാനു ള്ള സൗകര്യം മററൊരു ഹൃദയത്തിനു നല്കാൻ കഴിയുന്നു ല്ലോ എന്നുള്ളതാണു കലാകാരൻെറ ചാരിതാത്ഥ്യം. അതിനുള്ള പ്രേരണ ആ കലാസൃഷ്ടി നല്കിയല്ലോ എന്നു ള്ളതുമാത്രമാണു് കലാകാരൻെറ പ്രതിഫലം!''

ഷജിത ആ സ്വപ്നവരാഹൻ വിക്രമനെ കെട്ടി എല്പിക്കാൻ ശ്രമിച്ചു. പക്ഷേ, ആ ശ്രമം നിഷ്ഫല മായി. നിരാശയോടെ അവൾ ആ രംഗത്തുനിന്നും മറയു ന്നതു നിന്നിമേഷനായി നോക്കിനില്ക്കുന്ന വിക്രമൻെറ രൂപം! അതു കണ്ടതു സമാധാനമാണെങ്കിൽ, ആ സമാ ധാനംമാത്രമേ അവൾക്കു ലഭിച്ചുള്ളു.

ഒരു മാസം കഴിഞ്ഞില്ല, ഷജിതയുടെ വിവാഹം വിളംബരംചെയ്യുന്നതു തൻെറ ചെറിയ വീട്ടിൽ നിന്നു കൊണ്ടു വിക്രമൻ കേട്ടു. വിവാഹം ആ നഗരത്തിൻെറ മഹോത്സവമാക്കി മാററാനുള്ള വെമ്പലാണു്, നഗരവീ ഥിയിലെങ്ങും.

അടുത്തദിവസം കൊട്ടാരത്തിൽനിന്നു വിക്രമനു് ഒരു ശാസനം ലഭിച്ചു. വൃദ്ധനായ രാജാവിൻെറ കല്പന! വിക്രമൻ കൊട്ടാരത്തിലെത്തി. രാജ്യാവകാശിയായി ത്തീരുന്ന രാജകുമാരൻെറ ഒരു പൂണ്ണകായപ്രതിമ വിവാ ഹാഘോഷദിവസം അനാച്ഛാദനംചെയ്യത്തക്കവിധം പൂത്തിയാക്കണം എന്നാണു ശാസനം. കുതിരപ്പുറത്തു സഞ്ചരിക്കുന്ന രൂപത്തിൽത്തന്നെ അതായിരിക്കയും വേണം. പ്രതിഫലത്തിനു പുറമെ വിലയേറിയ സമ്മാ നങ്ങളും വിക്രമനു് അന്നേദിവസം നല്കപ്പെടുമെന്നും ഭര ണാധികാരി കല്പിച്ചു.

വിക്രമൻ വീട്ടിലേക്കു് മടങ്ങി. നേരേ കട്ടിലിലേക്കു വീഴുകയാണു ചെയ്തതു്. ഹൃദയസ്പന്ദനത്തിൻെറ വേഗത

കൂടുന്നു. വികാരംകൊണ്ടു വീർപ്പുമുട്ടുകയാണ് ആ ശില്പ കലാവിദഗ്ദ്ധൻ. സ്വന്തം ജീവിതത്തിൻെറ അദ്ധ്യായങ്ങൾ ഒന്നൊന്നായി അയാൾക്ക് ഓർമ്മവന്നു...ഷജിതയുമായുള്ള ആദ്യസന്ദർശനം; അവർതമ്മിലുള്ള സൗഹൃദം; അവർതമ്മിലുള്ള അകൽച്ച: രാജകുമാരിയും ശില്പാശാരിയും! ഉച്ചനീചത്വത്തിൻെറ അഗാധത അവന്റെ മുൻപിൽ വാപിളർന്നു നില്ക്കുകയാണ്. ഇതാ! ഇനി, തൻെറ പ്രേമഭാജനത്തെ അപഹരിക്കുന്നവൻെറ പ്രതിമ കൊത്തണം. വിധിയുടെ പ്രഹരത്തിന് ഇതിൽക്കൂടുതൽ ശക്തി ഉണ്ടാവുകയില്ല...രാജശാസനം അനുസരിക്കാതെന്തുചെയ്യും?

വിക്രമൻ ജോലി തുടങ്ങി; രാവും പകലും വിശ്രമമില്ലാതെ. നല്ല കല്ലുതന്നെ തെരഞ്ഞെടുത്തു. അതു ചെത്തി ശരിയാക്കി; കൊച്ചു് ഉളികൊണ്ടു വീണ്ടും ശരിയാക്കി. മുഖപ്രകൃതി ശരിയാകുന്നോ എന്നു സൂക്ഷിച്ചു. ന്യൂനതകൾ കണ്ണിൽപ്പെട്ടതെല്ലാം ശരിയാക്കി.

നാട്ടുകാരും നഗരവാസികളും വിക്രമൻെറ പുതിയ ശില്പത്തെപ്പററി അറിഞ്ഞു. ഷജിതയോടുള്ള സ്നേഹത്തിന്റെ പരിണാമം ഇതാണല്ലോ എന്നു ചിലരെങ്കിലും നിശ്ശബ്ദമായി പറഞ്ഞു. സ്നേഹവും സഹാനുഭൂതിയും വിക്രമനറിയാതെ വിക്രമൻെറ അരികിലേക്കു പ്രവഹിക്കുന്നുണ്ടായിരുന്നു.

ഒടുവിൽ വിധിയുടെ ആ മുഹൂർത്തം വന്നു. വിവാഹാഘോഷം കഴിഞ്ഞു് ആളുകളെല്ലാം ഒരു മുഹൂർത്തത്തിനുവേണ്ടി അക്ഷമരായി കാത്തുനില്ക്കുകയാണ്; ക്ഷണിക്കപ്പെട്ട രാജാക്കന്മാരും, പ്രഭുക്കളും എല്ലാം. കിരീടാവകാശിയായ രാജകുമാരനും രാജകുമാരിയും പ്രത്യേകമായ ഒരു പന്തലിൽ ഇരിക്കുന്നു; പ്രതിമയ്ക്കുവേണ്ടി കെട്ടിയൊ

രുക്കിയ വലിയ മറയ്ക്കു് അഭിമുഖമായി. പ്രതിമയുടെ അനാച്ഛാദനം നടത്തേണ്ടതു് അയോദ്ധ്യയിലെ രാജാവാണു്. സിംഹാസനതുല്യമായ ഒരു കസേരയിൽ അദ്ദേഹം ആസനസ്ഥനായിട്ടുണ്ടു്.

വാദ്യഘോഷം മുഴങ്ങി. അനാച്ഛാദനത്തിനുള്ള മുഹൂർത്തം വിളിച്ചറിയിച്ചു. പ്രതിമയെ ആവരണംചെയ്തിരുന്ന പട്ടുശീല അയോദ്ധ്യാരാജാവു നീക്കി. ആനന്ദത്തിൻേറയും, ഉത്സാഹത്തിന്റേയും, അനുമോദനത്തിന്റേയും ആർപ്പുവിളികൾ അന്തരീക്ഷത്തിലുയൻു. പ്രതിമയുടെ അലൗകികഭംഗിയിൽ ആളുകൾ മുഴുകി. വധുവിന്റെ സമീപം ഇരിക്കുന്ന രാജകുമാരൻ ഒരേസമയം കുതിരയുടെ പുറത്തും ഇരിക്കുന്നു. അത്ഭുതകരമായ കാഴ്ച! വിക്രമൻ നീണാൾ ജയിക്കട്ടെ എന്ന ശബ്ദം ഉയൻുപൊങ്ങി.

എങ്കിലും സദസ്യരുടെ മദ്ധ്യത്തിൽനിന്നു പരിഹാസപൂർവ്വം ഒരു ചിരി കേട്ടു. വെറും പത്തു വയസ്സുള്ള ഒരു ബാലൻെറ കണ്ഠത്തിൽനിന്നുമാണു് ആ ചിരി കേട്ടതു്. ചുററുമിരുന്നവർ ബാലൻെറ നേക്കു് അമർഷത്തോടെ നോക്കി. നിശ്ശബ്ദമായിരിക്കാൻ അവനെ ശാസിച്ചു. "പിടിച്ചു പുറത്തിറക്കു," എന്നു കോപാവേശംകൊണ്ടു ചിലർ പറഞ്ഞു.

എന്നാലും ബാലൻ അടങ്ങിയിരുന്നില്ല. "ഒന്നു സൂക്ഷിച്ചു നോക്കു. കുതിരപ്പുറത്തിരിക്കുന്ന ആളിന്റെ കൈകളിലേക്കു സൂക്ഷിച്ചു നോക്കു." പൊട്ടിച്ചിരിക്കിടയിൽ ബാലൻ വിളിച്ചുപറഞ്ഞു.

ശബ്ദഘോഷം ക്രമേണ ഒതുങ്ങി. ബാലൻെറ മുഖത്തേക്കു് ആളുകളുടെ ശ്രദ്ധ തിരിഞ്ഞു. ആളുകളുടെ കണ്ണുകൾ പ്രതിമയിലേക്കു പതിഞ്ഞു. പ്രതിമയുടെ ന്യൂനത ഓരോരുത്തക്കും കാണുവാൻ കഴിഞ്ഞു. നിരാശയുടെ തിര

മാലകൾ ഒന്നിനു പുറകെ ഒന്നായി ഉയന്നു. കോപത്തിൻെറ കൊടുങ്കാററു് ഇളകിയടിച്ചു.

രാജകുമാരൻെറ പ്രതിമയിൽ വലതുകൈയ്ക്കു് ഇടതുകൈത്തണ്ട; ഇടതുകൈയ്ക്കു വലതുകൈത്തണ്ട: കൈത്തലം, അതുകൊണ്ടു മറിഞ്ഞിരിക്കുന്നു!

എല്ലാവരും സ്തംഭിച്ചു. എന്തൊരു ആഭാസത്തരം! എന്തു വലിയ രാജദ്രോഹം!

രാജാവിൻെറ മുഖം കോപംകൊണ്ടു ജ്വലിച്ചു. കണ്ണിൽനിന്നും തീപ്പൊരി പറന്നു! വരൻ പല്ലുകടിച്ചു് അമത്തി. വധുവിൻെറ തല താഴ്ന്നുപോയി.

ഷജിത മൂകയായി.

രാജാവിൻെറ അന്ത്യശാസനം തീരെ ഹ്രസ്വമായിരുന്നു: ശില്പകലാവിദഗ്ദ്ധനെ പരസ്യമായി ഉടനെ തൂക്കിക്കൊല്ലുക.

രാജകല്പന നടന്നുകഴിഞ്ഞു. മെലിഞ്ഞു നീണ്ട വിക്രമൻെറ ശരീരം അതാ തൂങ്ങിക്കിടക്കുന്നു.

"ഉം! ആ പ്രതിമ ഉടനെ തകത്തുതരിപ്പണമാക്കണം. ലോകം അതു കാണരുതു്. എനിക്കും എൻെറ മകൾക്കും കിരീടാവകാശിക്കും അതു് ഒരു അപമാനമാണു്."

ഈ ഘട്ടത്തിൽ ഷജിത ഇടപെട്ടു: "പ്രഭോ! അങ്ങനെ ചെയ്യരുതു്. പ്രതിമ തകത്തുകളയുന്നതു് വൈധവ്യത്തിൻെറ നാന്ദിയായിരിക്കും. ഇന്നതു ചെയ്യുന്നതു ശുഭസൂചകമല്ല."

പ്രതിമ തകത്തില്ല: അതുകൊണ്ടു് ഇന്നും അതു് അങ്ങനെ നിലകൊള്ളുന്നു.

വഴികാട്ടി ഇത്രയും പറഞ്ഞുകഴിയുമ്പോൾ നിങ്ങളും വീണ്ടും ആ പ്രതിമയിൽ സൂക്ഷിച്ചു നോക്കും: ആ ന്യൂനത കാണാനുണ്ടോ എന്നറിയുവാൻ. ആ ന്യൂനത

അതിലുണ്ട്. ശില്പവിദഗ്ദ്ധൻ അതു മനഃപൂർവ്വം അങ്ങനെ കൊത്തിയതാണോ? അതോ വികാരസമ്മർദ്ദംകൊണ്ട് അങ്ങനെ സംഭവിച്ചതാണോ? ഷജിത വിക്രമനെ സ്നേഹിച്ചിരുന്നോ? അവൾ അത് ഉള്ളിലൊതുക്കിവച്ചിരിക്കുകയായിരുന്നോ? വഴികാട്ടിക്ക് അതിനൊന്നും ഉത്തരമില്ല.

സന്ധ്യയുടെ പ്രകാശത്തിൽ ആ പ്രതിമ നിങ്ങൾ വീണ്ടും സൂക്ഷിച്ചുനോക്കും: വിക്രമനോട്ട് അനുതപിച്ചുകൊണ്ട്, ആദരവോടെ!...

# ശവസംസ്കാരം

ഞാൻ സ്വപ്നം കണ്ടു, എന്റെ ശവസംസ്കാരത്തിൽ ഞാൻ പങ്കുകൊണ്ടെന്നു്.

സന്ധ്യയായതേ ഉള്ളൂ; തെരുവുവിളക്കുകൾ തെളിഞ്ഞുതുടങ്ങിയിട്ടില്ല. നക്ഷത്രങ്ങൾ ആകാശത്തെങ്ങുമില്ല. എങ്കിലും ഒരു പ്രകാശവലയത്തിനു പിറകിൽ ചന്ദ്രൻ മറഞ്ഞുനില്ക്കുന്നുണ്ടു്. ചെനുചെനത്ത മഴ ചിതറിവീഴുന്നുണ്ടു്. എല്ലാററിനേയും മരവിപ്പിക്കുന്ന കാററു് ഇടയ്ക്കു വന്നുപോകുന്നുമുണ്ടു്.

അനുശോചനക്കാരായി അധികംപേരൊന്നുമില്ല. ജീവിതത്തിൻെറ യാതനകളെപ്പററി ശോകമയമായ ഒരു ഗാനം അവർ ആലപിച്ചു; സ്വർഗ്ഗരാജ്യത്തിലെത്തുമ്പോഴത്തെ സൗഭാഗ്യത്തെപ്പററി ആ പാട്ടിൻെറ പല്ലവി അനുസ്മരിച്ചു. ഭൂമിയിലെ വീടു് ഉപേക്ഷിച്ചു് ദൈവരാജ്യത്തിലെ കുടുംബത്തിലെത്തിച്ചേരുന്ന ഭാഗ്യവാന്മാരെക്കുറിച്ചായിരുന്നു ആ ഹ്രസ്വകായനായ പാതിരിയുടെ പ്രസംഗം. ആ സ്വരം കൃത്രിമമാണെന്നു് എനിക്കു തോന്നി. ഭൂമിയിലെ ജീവിതം അവസാനിപ്പിച്ചു് സ്വർഗ്ഗഭൂമിയിലേക്കു പോകുവാനുള്ള ആത്മാർത്ഥത ആ പ്രഭാഷണത്തിലില്ലായിരുന്നു.

എങ്കിലും എന്നെപ്പററി ചില സ്തുതിവചനങ്ങൾ അദ്ദേഹത്തിനു പറയാനുണ്ടായിരുന്നു. എൻെറ മരണം, അകാലികമായിരുന്നു. കുറച്ചുകാലംകൂടി ജീവിച്ചിരുന്നുവെങ്കിൽ ലോകത്തിനു് അതു വലിയ അനുഗ്രഹമാകുമായിരുന്നു. എന്നിരുന്നാലും ഞാൻ ഭാഗ്യവാനാണു്. ലോകത്തിൻെറ കരാളമായ സ്വാധീനതയിൽപ്പെട്ടുപോകു

വാൻ അവസരം നല്കാതെ കർത്താവായ യേശു എന്നെ അദ്ദേഹത്തിൻെറ അരികത്തേക്കു നേരത്തെ വിളിച്ചു; സ്നേഹത്തിന്റെ മടിയിൽ എന്നെ എടുത്തുവച്ചു. ഈശോ മിശിഹായ്ക്കു സ്തുതി! ഏകദേശം ഈ രീതിയിലാണു് ആ പുരോഹിതൻ എന്നെപ്പററി പറഞ്ഞവസാനിപ്പിച്ചതു്.

ചരമപ്രസംഗം കഴിഞ്ഞു് സംസ്കാരച്ചടങ്ങുകൾ തുടങ്ങി. ഒരു മെഴുകുതിരിയുടെ അരണ്ടവെളിച്ചത്തിൽ, അദ്ദേഹം ആ തുകൽബയന്റിട്ട പുസ്തകം എടുത്തു് ഇടറിയ സ്വരത്തിൽ അതിലെ ഭാഗങ്ങൾ വായിച്ചു. മുമ്പിൽ മുട്ടുകുത്തിനിന്നവർ അതിലെ വാക്യങ്ങൾ ഏറ്റുപറഞ്ഞു.

എൻെറ ശവപ്പെട്ടിക്കു സമീപം ഞാൻ എൻെറ അച്ഛനെക്കണ്ടു. തലകുമ്പിട്ടു്, എൻെറ നിർവ്വികാരമായ മുഖത്തുനോക്കി നില്ക്കുന്നു. മററുള്ളവരോടൊപ്പം പ്രാത്ഥനയുടെ അന്ത്യഭാഗം ചൊല്ലുവാൻ അച്ഛൻ ബദ്ധപ്പെടുന്നുണ്ടു്; വാക്കുകൾ ഇടറുന്നു; കണ്ണിൽ ജലം നിറയുന്നു; വലംകൈകൊണ്ടു കണ്ണുനീർ തുടയ്ക്കുന്നു. അച്ഛന്റെ കൈത്തണ്ടിൽ അമ്മ പിടിച്ചിട്ടുണ്ടു്. പൊട്ടിക്കരച്ചിൽ പുറത്തുകേൾക്കാതിരിക്കാൻ അമ്മ ശ്രമിക്കുന്നു. എന്റെ മൂന്നു സഹോദരിമാരും, എൻെറ പാദഭാഗത്തു നില്ക്കുന്നു; പരസ്പരം കെട്ടിച്ചേർന്നു് തലകുനിച്ചു്. കണ്ണുനീർ താഴെവീഴാതെ അവർ സൂക്ഷിക്കുന്നു; ദീർഘനിശ്വാസം പിടിച്ചുനിർത്തുന്നു. എൻെറ സഹോദരൻ ശവപ്പെട്ടി താഴുന്നതു കാണുവാൻ ശക്തിയില്ലാതെ ഒരു സുഹൃത്തിന്റെ തോളിൽ ചാഞ്ഞുനില്ക്കുകയാണു്.

എൻെറ സ്നേഹിതന്മാരിൽ ചിലരുടെ മുഖം ഞാൻ അവിടെ കണ്ടു. ഞാൻ പ്രതീക്ഷിച്ച പലരും അവിടെ വന്നിട്ടില്ല. അയൽവീട്ടുകാരിൽ കുറേപ്പേർ വന്നിട്ടുണ്ടു്.

ഇടവകയിലെ മൂന്നു പ്രായംകൂടിയവരും, ആ ചടങ്ങിൽ സംബന്ധിക്കുന്നുണ്ട്.

പക്ഷേ, എൻെറ 'പ്രേമ' എവിടെ? ഞാൻ ചുറ്റിനും ഉററുനോക്കി. അവൾ എൻെറ വേർപാട് എങ്ങനെ സഹിക്കും? എൻെറ വിചാരം അവളെപ്പററിയായിരുന്നു. സഹനശക്തിയില്ലാത്ത ആ പെൺകുട്ടി! എൻെറ പ്രേമഭാജനം.

വീണ്ടും ആ ചെറിയ കൂട്ടത്തിൽ ഞാൻ തിരഞ്ഞുനോക്കി; അവളെ എനിക്കു കാണാൻ കഴിഞ്ഞില്ല. അവൾ അവിടെ വരാതിരിക്കയില്ല. എൻെറ അരികിൽ വരാതെ അവൾക്ക് എങ്ങനെ സ്വസ്ഥത ലഭിക്കും? എന്നെ അവസാനമായി ഒന്നു കാണാതെ അവൾക്കെങ്ങനെ സമാധാനം കൈവരും?

ഒരുപക്ഷേ!...

അവൾ തളർന്നുവീണിരിക്കും; ശവപ്പെട്ടി എടുക്കുന്നതു കണ്ട് അവൾ ബോധമററുവീണിരിക്കും. "കർത്താവേ! ഈ ദുഃഖം സഹിക്കാനുള്ള ശക്തി അവൾക്കു കൊടുക്കേണമേ! എന്നോടൊപ്പം മരിക്കുവാൻ അവൾക്കു തോന്നാതിരിക്കേണമേ." ഇല്ല, ഒരു പക്ഷേ, ഞാൻ മരിച്ചവിവരം പ്രേമ അറിഞ്ഞിരിക്കയില്ല. അവളെ വേദനിപ്പിക്കണ്ടാ എന്നു കരുതി ഈ ദുഃഖവർത്തമാനം പ്രേമയെ അറിയിച്ചിട്ടില്ലായിരിക്കും.

ഞാൻ അതിവേഗം പ്രേമയുടെ വീട്ടിലേക്കു ചെന്നു.

അത്യാകർഷകമായ വസ്ത്രങ്ങൾ ധരിച്ച് അതീവ പ്രസന്നതയോടെ അതിഥികളെ കാത്ത് അവൾ ഇരിക്കുകയാണ്. അന്ന് അവളുടെ പിറന്നാളാഘോഷം: വിഭവസമൃദ്ധമായ കാപ്പിസൽക്കാരത്തിനു ക്ഷണിക്ക

പ്പെട്ടവരെ സ്വീകരിപ്പാൻ അവൾ അണിഞ്ഞൊരുങ്ങി നില്ക്കുന്നു.

പാവം പെൺകുട്ടി! എന്റെ മരണവാർത്ത അപ്പോഴും അവൾ അറിഞ്ഞിട്ടില്ല. ആഹ്ലാദമയമായ ആ മുഹൂർത്തം ഞാൻ മുടക്കേണമോ? ഭയങ്കരമായ ആ വാർത്ത അപ്പോൾ അവളെ അറിയിക്കേണമോ? അറിയുന്ന നിമിഷം അവൾ അസ്തപ്രജ്ഞയായി നിലംപതിക്കും. ആ വാർത്ത അവളെ നിഹനിക്കും.

എന്നാലും എന്റെ മരണവിവരം എന്നെങ്കിലും അവൾ അറിയണമല്ലോ. വളരെക്കാലം ഈ വിവരം അവളിൽനിന്നു മറച്ചുവയ്ക്കാൻ സാദ്ധ്യമല്ല.

“പ്രേമേ!” മൃദുലമായി ഞാൻ അവളെ വിളിച്ചു.

“സണ്ണിച്ചാ!” എന്റെ അടുത്തേക്കു് ഓടിവന്നിട്ടു് അവൾ ചോദിക്കുകയാണു്: “സണ്ണിച്ചൻതന്നെയാണോ ഈ നില്ക്കുന്നതു്?”

“എനിക്കു വ്യസനമുണ്ടു് പ്രേമേ!” ഒട്ടു തടഞ്ഞു് ഒടുവിൽ ഞാൻ ആ വാചകം പൂർത്തിയാക്കി. “ഈ ജീവിതത്തിൽ സുഖവും ദുഃഖവും നാം അനുഭവിച്ചേ മതിയാവൂ.”

“ഓ! ഒരുപക്ഷേ, സണ്ണി, സണ്ണിയുടെ മരണത്തിൽ എന്നോടു് അനുശോചനം രേഖപ്പെടുത്തുകയായിരിക്കും.” വളരെ ശാന്തമായി അവൾ പറഞ്ഞു.

“അപ്പോൾ പ്രേമ ആ വിവരം അറിഞ്ഞുകഴിഞ്ഞു, അല്ലേ?” അവളുടെ അപ്പോഴത്തെ മനസ്സാന്നിദ്ധ്യം കണ്ടു് ഞാൻ സന്തോഷിച്ചു. ആ ധീരതയെ ഞാൻ മനസ്സുകൊണ്ടു് അനുമോദിച്ചു.

“അറിഞ്ഞു; അപ്പോഴേ ആ വിവരം എനിക്കു ലഭിച്ചു. എങ്കിലും സണ്ണി ഇത്ര വേഗം മരിക്കുമെന്നു ഞാൻ

വിചാരിച്ചില്ല. പാവപ്പെട്ട അച്ഛനും അമ്മയും ഇതു് എങ്ങനെ സഹിക്കും? സഹോദരിമാക്കും സഹോദരനും ഇതു സഹിക്കാൻ വളരെ പ്രയാസംകാണും."

ഞാൻ വിഷമിച്ചാണു് അതിനു മറുപടി പറഞ്ഞതു്: "ശരിയാണു്, അവരെല്ലാം ദുഃഖത്തിൽ മുഴുകിയിരിക്കുകയാണു്. ആകട്ടെ, പ്രേമയ്ക്കും സഹിക്കാനാവാത്ത വേദനയില്ലയോ? എൻെറ കുഴിമാടത്തിനരികിൽ പ്രേമയെ കാണാതിരുന്നപ്പോൾ ഞാൻ വിചാരിച്ചു: എൻെറ പ്രേമ കിടന്ന കിടപ്പിൽ..."

"ഓ! ശരി. നിങ്ങൾ മരിച്ചതിൽ എനിക്കു് യഥാത്ഥത്തിൽ ദുഃഖമുണ്ടു്." ഔദാര്യത്തിൻേറതായിരുന്നു ആ സ്വരം. "നിങ്ങൾ ഒരു നല്ല ചെറുപ്പക്കാരനായിരുന്നു; തീരെ ചെറുപ്പം."

"എങ്കിലും പ്രേമേ!" അത്ഥമില്ലാതെ ഞാൻ ചോദിച്ചു: "നീതന്നെയോ? യഥാത്ഥത്തിൽ പ്രേമതന്നെയോ!"

"നിങ്ങൾ എന്തിനു സംശയിക്കുന്നു?" ചിരിച്ചുകൊണ്ടു് അവൾ ചോദിച്ചു.

നിറഞ്ഞ ആത്മാർത്ഥതയോടെ ഞാൻ തുടർന്നു: "പ്രേമേ! നാം ഒരുമിച്ചു വളന്നവരല്ലേ? ഒരേ കളിക്കോപ്പു്, ഒരേ കളിത്തട്ടു്...കൂട്ടുകാർ തമ്മിൽ പിണങ്ങുമ്പോഴും നാം ഒരു പക്ഷത്തല്ലായിരുന്നോ? നിന്നെ സ്നേഹിക്കുന്നു എന്നു് ആദ്യമായി നിന്നോടു പറഞ്ഞ ആ ദിവസം നിനക്കു് ഓക്കാൻ കഴിയുന്നില്ലേ? നിന്നെക്കാൾ നിന്നോടുള്ള സ്നേഹമാണു് എനിക്കു വലുതെന്നു പറഞ്ഞപ്പോൾ നീ പരിഭവിച്ചില്ലേ? കോപാകുലയായി എന്നെ നോക്കിയില്ലേ? എന്നെ പിരിഞ്ഞു് ഒരു നിമിഷം ഈ ഭൂമിയിൽ കഴിച്ചുകൂട്ടുവാൻ നിനക്കു ശക്തിയില്ലെന്നു നീ

എന്നോടു പറഞ്ഞില്ലേ? പ്രായം തികഞ്ഞതോടെ എത്ര എത്ര സംഭവങ്ങൾ നമ്മെ പരസ്പരം ബന്ധിപ്പിച്ചു! ഇത്രയും ദീർഘകാലത്തെ സൗഹൃദവും പ്രേമവും നാം ആസ്വദിച്ചതിനുശേഷം, പരസ്പരവാഗ്ദാനങ്ങളുടെ ആവർത്തനത്തിനുശേഷം! പ്രേമമേ!..."

പൊട്ടിച്ചിരിയുടെ ഒരു മാല അവളുടെ കണ്ഠത്തിൽനിന്നു പൊട്ടിവീണു: "സണ്ണി!" അവൾ കുടുകുടെ ചിരിക്കുകയാണു്. "അർത്ഥശൂന്യമായ ആ വികാരാവേശത്തെ ഞാൻ ഇന്നു വിശ്വസിക്കുന്നില്ല. ആകട്ടെ, നിങ്ങൾ അതെല്ലാം വിശ്വസിക്കുന്നോ? നിങ്ങൾ സുഭഗനാണു്, സൗമ്യനാണു്; യുവാവുമാണു്. എങ്കിലും ഞാൻ ചോദിക്കുകയാണു്: എന്റെ യൗവനം ഇങ്ങനെ വാട്ടിവരട്ടിക്കളയണമോ? എന്റെ സൗന്ദര്യവും പ്രേമവും ശവക്കുഴിയിലെ വെറും പൊടിയായി മാറിയ നിങ്ങൾക്കുവേണ്ടി ബലിയപ്പിക്കണമോ? എനിക്കു മറെറാരാളെ കണ്ടുപിടിക്കുവാൻ കഴിഞ്ഞെന്നുവരും. ഒരുപക്ഷേ, നിങ്ങളേക്കാൾ സമാകർഷണീയനായ ഒരു യുവാവിനെ."

"എനിക്കു മനസ്സിലാകുന്നു." ദീർഘമായി ഞാൻ ഒന്നു നിശ്വസിച്ചു.

"സണ്ണി! നിങ്ങൾ ഇങ്ങനെ അസൂയാലുവാകരുതു്. ജീവിതത്തിൽ അല്പം സുഖം അനുഭവിക്കുവാൻ ഒരു പെൺകുട്ടി ആഗ്രഹിക്കുന്നുവെങ്കിൽ അങ്ങു് എന്തിനു് അതിൽ പരിഭവിക്കുന്നു; പരാതിപ്പെടുന്നു?" എന്റെ മുഖത്തേക്കു് അവൾ സൂക്ഷിച്ചുനോക്കി.

ഞാൻ പിന്നെ ഒരു നിമിഷം അവിടെ നിന്നില്ല. തണുത്ത കാററു വകവയ്ക്കാതെ ഞാൻ എന്റെ കുഴിമാടത്തിലേക്കു പോന്നു. എന്തും ഇരുൾ!

പുറകിൽനിന്നു് ഒരു പൊട്ടിച്ചിരി ഞാൻ കേട്ടു.

പക്ഷേ, അതിനു പഴയ മാധുര്യം ഇല്ലായിരുന്നു. എനിക്കു ചിരപരിചിതമായിരുന്ന ആ സംഗീതത്തിന്റെ ലയം, ആ ചിരിയിലില്ലായിരുന്നു. ഒരു പരുഷത, ഒരു ഭയങ്കരത. അതിൽ പ്രതിദ്ധ്വനിച്ചു.

ഇരുട്ടിൽ തപ്പിത്തടഞ്ഞു ഞാൻ മുന്നോട്ടു നീങ്ങി. തെരുവുവിളക്കുകൾ ഇനിയും പ്രകാശിക്കുന്നതായി എനിക്കു തോന്നിയില്ല. രാത്രിയുടെ കാളിമ വർദ്ധിച്ചിരുന്നു. ചന്ദ്രൻ അസ്തമിച്ചതായി എനിക്കനുഭവപ്പെട്ടു. കാററു ശക്തിയായി അടിച്ചു. മഴ തോരുന്നമട്ടുമില്ല.

ഞാൻ വേഗത്തിൽ നടന്നു. ആൾക്കൂട്ടം പിരിയുന്നതിനുമുമ്പു കുഴിമാടത്തിലെത്തണമെന്നും എന്റെ ചരമത്തിൽ അനുശോചിക്കാൻ വന്നവരോട് നന്ദി പറയണമെന്നുമായിരുന്നു എന്റെ ആഗ്രഹം. എന്റെ മരണത്തിൽ ഏററവും ദുഃഖിക്കുമെന്നു വിശ്വസിച്ച ആൾ, ഒന്നും സംഭവിക്കാത്തമട്ടിൽ കഴിയുന്നതു കണ്ടപ്പോൾ...ഛേയ്, എന്തിനതേപ്പററി ഓർത്തു ഞാൻ ദുഃഖിക്കണം?...അനുശോചനത്തിനു വന്നവരോടു തീർച്ചയായും എന്റെ കൃതജ്ഞത പ്രകാശിപ്പിക്കണം. എന്റെ ഉററവരേയും ഉടയവരേയുംപററിയല്ലായിരുന്നു എന്റെ ചിന്ത.

ഞാൻ കുഴിമാടത്തിനുള്ളിലേക്കു കയറിയപ്പോൾ, ആ പരിസരം മുഴുവൻ ശൂന്യമായിരുന്നു. ശവസംസ്കാരച്ചടങ്ങുകൾ അപ്പോഴേക്കും കഴിഞ്ഞിരുന്നു; വന്നവരെല്ലാം അവരവരുടെ വീട്ടുകളിലേക്കു തിരിച്ചുപോയിരുന്നു. ചന്ദ്രൻ മേഘങ്ങൾക്കിടയിലൂടെ ഒളികണ്ണിട്ടു നോക്കി. വിളറിവെളുത്ത രശ്മികൾ ശവക്കല്ലറകളിലേക്ക് അയച്ചുകൊണ്ടിരുന്നു. കുഴിമാടങ്ങളുടെ മീതെയുള്ള കല്ലുകൾ പിശാചുക്കളെപ്പോലെ എന്റെ ചുററും നിശ്ചലമായി നിന്നു നൃത്തംചെയ്തു.

എന്റെ കുഴിമാടത്തിനു മീതേ കയറിനിന്നു് ഒരു നിമിഷനേരം എന്റെ ആത്മാവിന്റെ നിത്യശാന്തിക്കു വേണ്ടി പ്രാത്ഥിക്കണമെന്നു് എനിക്കു തോന്നി.

പുതുമണ്ണുകൊണ്ടു മൂടപ്പെട്ട എന്റെ കുഴിമാടം തിരിച്ചറിയുവാൻ കഴിയുമായിരുന്നു. ആ മൺകൂമ്പാരത്തിനുമീതെ ഒരു ചെറിയ പുഷ്പചക്രം ഞാൻ കണ്ടു. റോസാപുഷ്പംകൊണ്ടു് ഉണ്ടാക്കിയ ഒരു കൊച്ചുപുഷ്പചക്രം. അതിന്റെ നടുക്കായി ഒരു വലിയ റോസാപുഷ്പം കൊരുത്തു ചേത്തിരിക്കുന്നതു് എന്റെ കണ്ണിൽപ്പെട്ടു. ആ പുഷ്പചക്രം ആരു സമർപ്പിച്ചു എന്നറിയിക്കുന്ന ഒരു കാർഡു് അതിൽ കെട്ടിവച്ചിരുന്നില്ല. അതിന്റെ ഉടമസ്ഥത ആക്കെന്നു് അറിയിക്കുവാൻ ഒരു അടയാളവും അതിൽ ഉണ്ടായിരുന്നില്ല.

കാലടികളുടെ മൃദുസ്വനം ഞാൻ കേട്ടു. ഞാൻ ചുറ്റിനും നോക്കി. വെളുത്തവസ്ത്രം ധരിച്ച ഒരു പെൺകുട്ടി ശിമിത്തേരിയുടെ കവാടംകടന്നു നടന്നുമറയുന്നതായി ഞാൻ കണ്ടു.

ഞാൻ ആ രൂപത്തിന്റെ പുറകെ ഓടി. പക്ഷേ, ആ പെൺകുട്ടി അതിലും വേഗം നടന്നു.

എങ്കിലും ഞാൻ ഉറക്കെ വിളിച്ചുചോദിച്ചു: "നീ ആരാണു്? ഒരു നിമിഷം അവിടെ നില്ക്കുകയില്ലേ?"

അവൾ തിരിഞ്ഞുനോക്കിയില്ല. എന്റെ ദൃഷ്ടിപഥത്തിൽനിന്നും അവൾ മറഞ്ഞുകഴിഞ്ഞു.

"ഈ പുഷ്പചക്രം സമർപ്പിച്ചതിനു് എന്റെ ഹൃദയംഗമമായ നന്ദി." നിരാശയുടെ അവ്യക്തസ്വരമായിരുന്നു എന്റേതു്.

ഒരു മൂങ്ങയുടെ മൂളൽ അവിടെ മുഴങ്ങി.

"എന്തിനു് ഇങ്ങനെ വിളിച്ചുകരയുന്നു മക്കളേ?"

എന്റെ അമ്മ ചോദിച്ചതു കേട്ട ഞാൻ ഞെട്ടിയുണന്നു; അത്ഭുതസ്തിമിതനായി ഞാൻ അമ്മയുടെ മുഖത്തേക്കു നോക്കി. നേരം പ്രകാശമായിവരുന്നു. "എന്തു മക്കളേ! നീ സ്വപ്നംകാണുകയായിരുന്നോ, കുഞ്ഞേ?"

എന്റെ വിറകൈകൊണ്ടു് അമ്മയുടെ കൈത്തലം മുറുകെപ്പിടിക്കുവാൻ ശ്രമിച്ചു.

"അതേ അമ്മേ! സ്വപ്നംകണ്ടു; അതൊരു സ്വപ്നം മാത്രമായിരുന്നെങ്കിൽ!—"

# മനോബാധ

നിഴൽ വീണ ആ ദിവസം ഞാൻ നല്ലവണ്ണം ഓർമ്മിക്കുന്നു. വിമലയ്ക്കും എനിക്കും, ശശിയുടെ മററു സ്നേഹിതന്മാർക്കും അതിൻെറ പരിണാമം ഇതായിരിക്കുമെന്നു സംശയം തോന്നിയിരുന്നില്ല.

ശശിയുടെ ആദ്യത്തെ കവിതാസമാഹാരം പ്രസിദ്ധപ്പെടുത്തിയിട്ട് അത്രവളരെ മാസങ്ങൾ കഴിഞ്ഞില്ല. അപ്പോഴും ചിലതൊഴിച്ചാൽ വിമർശനങ്ങൾ അനുകൂലമായിരുന്നു. ശശിക്കു ശോഭനമായ ഒരു ഭാവിയുണ്ടെന്നു പല വിമർശകരും എഴുതി. ഭാഷയുടെയും സാഹിത്യത്തിൻെറയും മഹത്തായ വാഗ്ദാനമാണ് ആ കവിതകൾ എന്നു നിഷ്പക്ഷമതികൾ ശ്ലാഘിച്ചു. കാവ്യസമാഹാരത്തിൻെറ സ്വീകരണം പൊതുവേ ഹൃദ്യമായിരുന്നതുകൊണ്ട്, ആ ആഹ്ലാദപ്രകടനത്തിനായി വിമലയുടെ നിർബ്ബന്ധപ്രകാരം, ഒരു ചെറിയ സൽക്കാരം നടത്താൻ ശശി സമ്മതിച്ചു. ശശിയുടെ ഏററവും അടുത്ത അഞ്ചു സ്നേഹിതന്മാരെ മാത്രമേ ആ നവദമ്പതികൾ വീട്ടിലേക്കു ക്ഷണിച്ചിരുന്നുള്ളു. ഞാൻ വിമലയുടെ വീട്ടിലെത്തിയപ്പോഴേക്കും, മററു നാലുപേരും വന്നുചേർന്നിരുന്നു. പതിവിലധികമായ പ്രസന്നത വിമലയുടെ മുഖത്ത് എനിക്കു കാണുവാൻ കഴിഞ്ഞു. സസന്തോഷം വിമല എന്നെ സ്വീകരിച്ചു.

"കവി എവിടെ?" ഞാൻ ചോദിച്ചു.

"ഇപ്പോൾ താഴേക്കു വരും; ഇരിക്കണം. ഓ! സിഗററ്റ്!" എൻെറ മുമ്പിലേക്കു ടീപ്പോയി നീക്കിവച്ചിട്ട് വിമല പറഞ്ഞു. ഞാൻ സെററിയിൽ ഇരുന്നു മറ്റു സു

ഹൃത്തുക്കളുമായി സംഭാഷണത്തിലേർപ്പെട്ടു: വീട്ടുകാര്യം; നാട്ടുകാര്യം; രാഷ്ട്രീയം; അന്താരാഷ്ട്രീയം! എത്രവേഗം വിശാലമായ ലോകം, ആ സ്വീകരണമുറിയിൽ ഞങ്ങൾ ഒതുക്കിനിർത്തി. അരമണിക്കൂർ കഴിഞ്ഞതു ഞങ്ങൾ അറിഞ്ഞില്ല. എന്നിട്ടും ആതിഥേയൻ ഞങ്ങളുടെ സമീപത്തേക്കു വന്നില്ല. "എന്തു കാര്യം?" എന്നു് ഓരോരുത്തരും സ്വയം ചോദിച്ചു. പരസ്പരം ചോദിച്ചില്ല. ശശിയുടെ ഭാവവ്യത്യാസത്തെപ്പററിയുള്ള ചോദ്യവും ഉത്തരവും ഉപബോധമനസ്സിൽ നിശ്ശബ്ദമായി ഉയൎന്നു താഴ്ന്നുകൊണ്ടിരുന്നു. വിമല മുകളിലത്തെ മുറിയിലേക്കു് ഇതിനിടെ രണ്ടുപ്രാവശ്യം പൊയ്ക്കഴിഞ്ഞിരുന്നു. ഒടുവിൽ ആതിഥേയനായ ശശി ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ശശിയുടെ മുഖത്തു് അരുണിമ, കണ്ണിൽ സംഭ്രാന്തി, കൈയിൽ സ്വന്തം കാവ്യസമാഹാരം, കക്ഷത്തിൽ ഒരു ഇംഗ്ലീഷ് കാവ്യസമാഹാരം.

"ഹേ കവേ! അല്പംകൂടി മര്യാദയും മനുഷ്യത്വവും വേണം! കേട്ടോ! ഞങ്ങൾ സ്നേഹിതന്മാരല്ലേ? ഞങ്ങൾ പോകുന്നതുവരെ ഈ കാവ്യരചന ഒന്നു നിർത്തിവച്ചുകൂടെ? പിന്നെ ആ ദിവ്യാനുഭൂതിയിൽ ലയിച്ചുകൊള്ളണം. മുറിയടച്ചു കുററിയിട്ടു മുറയ്ക്കു് എഴുതിത്തള്ളണം. അരമണിക്കൂർ ഒരു മഹാകവിയെക്കാത്തു്! ശിക്ഷ എന്തെന്നറിയാമോ? തല്ക്കാലം വിഭവസമൃദ്ധമായ കാപ്പി. പിന്നെ നാലു പ്രഥമനുംകൂട്ടി ഒരു ഊണു്! എന്താ, മിണ്ടാതെ ഇങ്ങനെ ധ്യാനത്തിൽ?"

"ഗോപീ! ക്ഷമിക്കണം." ശശിയുടെ സ്വരത്തിൽ ദുഃഖം തുങ്ങിനിന്നിരുന്നു. "സ്നേഹിതന്മാരെ! ഞാൻ കവിയല്ല, കള്ളൻ!"

"നല്ല ആദായമുള്ള തൊഴിൽ." ഫലിതം കലർത്തി

ഞാൻ പറഞ്ഞു. "എന്റെ കട അടച്ചിട്ടു്, ഞാനും ആ തൊഴിൽ തുടങ്ങാൻ തീരുമാനിച്ചു."

പത്രാധിപർ മാധവൻ കൂട്ടിച്ചേർത്തു: "പത്രക്കാരുടെ ഭാഗ്യം. കവിയെ മോഷണക്കേസിൽ അറസ്റ്റുചെയ്തിരിക്കുന്നു. എത്ര നല്ല വാർത്ത! ഒന്നാംപേജിൽ ബോക്സിൽ കൊടുക്കാം."

"ശശി ഒരു മഹാകള്ളൻ! മോഷ്ടിച്ചതു വിമലയുടെ ഹൃദയം. തൊണ്ടി എടുക്കാൻ സാധിക്കുന്നില്ല. കൊള്ളാം ശശി!" മധു വിമലയുടെ മുഖത്തേക്കു നോക്കി. വിമല തലകുനിച്ചു. ഞങ്ങൾ കൂട്ടംചിരിച്ചു.

ശശിക്കു ഞങ്ങളോടൊപ്പം ചിരിക്കുവാൻ കഴിഞ്ഞില്ല. "നോക്കു ഗോപി! ഈ ഗീതകം ഒന്നു വായിക്കൂ." ശശിയുടെ കാവ്യസമാഹാരം നിവർത്തു് എന്റെ കൈയിൽ തന്നു.

ഞാൻ അതു് ഉറക്കെ വായിച്ചു. കവിത വായിക്കുവാനുള്ള സംഗീതവാസന എന്റെ സുഹൃത്തുക്കൾ എനിക്കു് അംഗീകരിച്ചുതന്നിട്ടുള്ളതാണു്. അത്യന്തം ഹൃദ്യമായ ഒരു ഗീതകം. ഞങ്ങൾ എല്ലാവരും അതു് ആസ്വദിച്ചു. ശശിയുടെ ചിന്ത മറെറന്തോ ആയിരുന്നു.

"ഓർമ്മിച്ചു പറയണം. ഇതുപോലൊരു കവിത ഇംഗ്ലീഷിൽ വായിച്ചിട്ടില്ലേ?" ശശി ചോദിച്ചു.

മധുവാണു് ഉത്തരംപറഞ്ഞതു്: "ഓ, ഇതുപോലൊന്നല്ല, ഒൻപതെണ്ണം ഞാൻ ഒൻപതു ഭാഷയിൽ വായിച്ചിട്ടുണ്ടു്. അങ്ങനെ ഈ ആശയം പരസ്പരം മോഷ്ടിച്ച മറ്റു് ഒൻപതുപേരെ എനിക്കറിയാം. ഇംഗ്ലീഷ്, ഫ്രെഞ്ചു്, ജർമ്മൻ, റഷ്യൻ...എല്ലാം പറയണമോ?..."

പത്രാധിപർ പറഞ്ഞു: "ഈ ഭാഷാപാണ്ഡിത്യം തല്ക്കാലം മാററിവച്ചിട്ടു്, നല്ല ചായയുള്ളതു് അങ്ങു കുടി

ക്കാം. എനിക്കല്പം തിടുക്കമുള്ളതുകൊണ്ടു പറഞ്ഞതാണ്' ഏയ്' ശ്രീമതി! വിളമ്പാനുള്ളതെല്ലാം പോയി വിളമ്പണം.''

''എല്ലാം മേശപ്പുറത്തു റെഡിയാക്കിവച്ചിട്ടുണ്ടു്. അകത്തേക്കു പോകാമല്ലോ.'' വിമല മുമ്പേ നടന്നു.

രണ്ടു ദിവസം കഴിഞ്ഞു. അഞ്ചരമണിക്കുതന്നെ ഞാൻ നടയിൽനിന്ന്' ഇറങ്ങി ശശിയുടെ വീട്ടിലേക്കു ചെന്നു. വിമല പറഞ്ഞു, ശശി കടപ്പുറത്തേക്കു പോയിരിക്കുകയാണെന്നു്. ഞാൻ കാറു നേരെ അങ്ങോട്ടു വിടാൻ ഡ്രൈവറോടു പറഞ്ഞു.

കാറു തിരിയെ അയച്ചിട്ടു്, കവിയെത്തേടി ഞാൻ നടന്നു. അങ്ങകലെ, എല്ലാവരിൽനിന്നും ഒഴിഞ്ഞുമാറി വിദ്വാൻ ഇരിക്കുന്നു. പതുക്കെ നടന്ന്' ഞാൻ ശശിയുടെ അടുത്തെത്തി. ''ഓ! കള്ളനെ പിടികിട്ടി.'' എന്നു ഞാൻ ഉച്ചത്തിൽ പറഞ്ഞു.

''കണ്ടോ! എന്തൊരു ഭംഗി! അഗാധതയിൽ മുങ്ങുവാൻ സൂര്യൻ ഭയന്നുനില്ക്കുകയാണ്'.'' ശശി പറഞ്ഞു.

സായംസന്ധ്യയുടെ ഭംഗി എന്നെയും ആകർഷിച്ചു. ശശി അതിൽ ലയിച്ചുപോയി. ശശിയുടെ ഹൃദയം കടലിനെക്കാൾ ക്ഷുബ്ധമായിരുന്നു എന്ന്' എനിക്കു മനസ്സിലായി. ഞങ്ങൾ കുറേ ഏറെനേരം ആ കടപ്പുറത്തിരുന്നു. ഏററവുമധികം സംസാരിച്ചതു ഞാനായിരുന്നു. ശശി പതിവിനു വിപരീതമായി ഒരു ശ്രോതാവുമാത്രമായിരുന്നു. അസ്തമയത്തിൻെറ സവിശേഷതകളെപ്പററി ഇടയ്ക്കിടെ എടുത്തുപറഞ്ഞുകൊണ്ടു ചിന്താമഗ്നനായി ശശി എന്നോടൊപ്പം നടന്നുപോന്നു.

പിറേറദിവസം, രാവിലെ ഞാൻ ശശിയുടെ വീട്ടിലേക്കു ചെന്നു. സാധാരണ വൈകിട്ടേ ഞങ്ങൾതമ്മിൽ

കൂടാറുള്ളൂ. ചെന്നപാടേ ഞാൻ ചോദിച്ചു: "കവി ഏറ്റ വും ഒടുവിൽ എഴുതിയ കവിത ഇങ്ങെടുക്കണം; ഇന്നലെ രാത്രി എഴുതിയതു്."

"ഗോപി എങ്ങനെ അറിഞ്ഞു ഞാൻ ഇന്നലെ ക വിത എഴുതിയെന്നു്?" ശശി ചോദിച്ചു.

"എനിക്കറിയാം, ഇന്നലെ നിങ്ങൾ ഒരു കവിത എഴുതിയെന്നു്. കടലുറഞ്ഞുവച്ചേ, അതിന്റെ വേദന കൊണ്ടതു ഞാൻ കണ്ടു. എടുത്തുകൊണ്ടുവരൂ."

വിമല മുകളിലത്തെ മുറിയിലേക്കു പോയി. കവി ത എഴുതിയ ആ കടലാസുമായി താഴെ വന്നു: "ഇതുത ന്നെയായിരുന്നു, ഇന്നലെ പാതിരാക്കു് ഉണൎന്നിരുന്നു് എഴുതിയതു്."

ഞാൻ ആ കടലാസു കൈയിൽ വാങ്ങി, തലേദിവ സത്തെ അസ്വാസ്ഥതയുടെ പരിണാമഭംഗി കാണുവാൻ.

"വായിച്ചിട്ടു് അതിലെ അവസാനത്തെ നാലു വ രികളും ഇതുംകൂടി ഒന്നു താരതമ്യപ്പെടുത്തി നോക്കണം." ആംഗലകവികളുടെ ഏററവും നല്ല കാവ്യസമാഹാരം, അപ്പോഴും ശശിയുടെ കൈയിലിരിക്കുന്നതു കണ്ടു ഞാൻ അത്ഭുതപ്പെട്ടു. ശശി, ഒരു പെൻസിൽകൊണ്ടു് അടയാ ളപ്പെടുത്തിയ ഭാഗം എനിക്കു ചൂണ്ടിക്കാട്ടിത്തന്നു. "ഉം! ഈ വരികൾതന്നെ."

ഞാൻ കവിതാഭാഗം വായിച്ചു. ശശിയുടെ കവിത ഒരുപ്രാവശ്യംകൂടി വായിച്ചു.

"ഗോപീ! തുറന്നുപറയണം. ഞാൻ ഈ ഇംഗ്ലീഷ് കവിത മോഷ്ടിച്ചതാണെന്നു തോന്നുന്നില്ലേ?"

"തനിക്കു ഭ്രാന്താണു്. ഇതു് ഈ ആംഗലകവിയുടെ അപഹരണമല്ല. ശശിയും, ഇംഗ്ലീഷ് കവിയും, ഏകദേ ശം സാദൃശ്യമുള്ള ആശയം ആവിഷ്കരിച്ചിരിക്കുന്നു.

ആശയം ആരുടെയും കുത്തകയല്ല. പോരെങ്കിൽ, നിങ്ങളുടെ വേദനയുടെ പ്രാരംഭം, ഞാൻ ഇന്നലെക്കണ്ടതാണ്...രാത്രിയിൽ വളരെനേരം, ആ വേദന നിങ്ങൾ അനുഭവിച്ചിരിക്കണം. ഈ ശിശുവിനെ ആദ്യം കാണുന്നതു ഞാനായിരിക്കണമെന്ന് എനിക്കു നിർബ്ബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണു പതിവിനു വിപരീതമായി ഞാൻ അതിരാവിലേ ഇവിടെ വന്നതു്."

"അതിന്റെ ഭാഗ്യം എനിക്കായിരുന്നു." വിമല അടക്കിനിർത്തിയിരുന്നതാണ് ആ വിചാരം. "ഞാൻ നേരത്തെ ഉണർന്ന് ഇതു് എടുത്തു വായിച്ചു. വാസ്തവത്തിൽ ഇതു് അസുലഭമായ ഒരു കാവ്യസങ്കല്പംതന്നെയാണു്."

"നിങ്ങൾക്കു രണ്ടുപേർക്കും എന്നോടു് അതിയായ സ്നേഹമുണ്ടു്." ശശി തിടുക്കത്തിൽ പറഞ്ഞു. "പക്ഷേ, ഈ ഇംഗ്ലീഷ്കവിത വായിച്ചിട്ടുള്ളവർ പറയും, ഞാൻ ഇതിൽനിന്നു നമ്മുടെ ഭാഷയിലേക്കു് അപഹരണം നടത്തിയിരിക്കയാണെന്നു്."

കവികളുടെ ഹൃദയവ്യാപാരം സാധാരണക്കാരുടേതുപോലല്ലെന്നും, ഒരുപോലെ ചിന്തിക്കുന്ന കവികൾ അസുലഭമല്ലെന്നും ഞാനും വിമലയും ശക്തിയായി വാദിച്ചു. ശശിയും ഒട്ടൊക്കെ ഞങ്ങളുടെ വാചാലതയിൽ മയങ്ങിപ്പോയി. കാപ്പികുടിക്കാനിരുന്നപ്പോൾ ഉത്സാഹവാനായ ശശിയെക്കണ്ടതിൽ വിമലയ്ക്കു സന്തോഷമായി.

ഒരുമാസം കഴിഞ്ഞപ്പോൾ, രോഗം വീണ്ടും തുടങ്ങി. ഒരുദിവസം രാത്രി പതിനൊന്നുമണിയായിരിക്കും. ഞാൻ കിടക്കവിരിച്ചു. ഉറങ്ങാനുള്ള ആരംഭമായിരുന്നു. പുറത്തു ഗേററ് ആരോ തുറന്നതുപോലെ എനിക്കു തോന്നി. ഞാൻ എന്റെ മുറിക്കു പുറത്തുവന്നു. "ഗോപീ!

ഗോപീ! ഉറങ്ങിയോ?...ഇതു ഞാനാണു്, ശശി.'' വി ളിച്ചുകൂവലായിരുന്നു അതെന്നു് എനിക്കു തോന്നി.

അതെ, അതു ശശിയായിരുന്നു. നിരാശയുടെ ഒരു ദയനീയരൂപം!

''ഗോപീ! ഒന്നു പറയൂ; എനിക്കു് എന്താണു് അ സുഖമെന്നു പറയൂ.'' ശശി കരയാൻതുടങ്ങുകയാണു്.

ഞാൻ അമ്പരന്നില്ല. ഞാൻ ശശിയെ എന്റെ മുറി യിലേക്കു കൂട്ടിക്കൊണ്ടു വന്നു. ''ഒരു അസുഖവും ശശി ക്കില്ലല്ലോ. ഛേയ്, എന്തിനു കരയാൻതുടങ്ങുന്നു?''

രണ്ടു കവിതകൾ ശശി പുറത്തെടുത്തു. ഒന്നു ശശി യുടെ സ്വന്തം കൈയക്ഷരം; മററതു ടാഗോറിന്റെ അ ച്ചടിച്ച ഒരു കവിതാഭാഗം. ആ കവിതയിൽ നാലു വരി പെൻസിൽകൊണ്ടു് അടയാളപ്പെടുത്തിയിട്ടുണ്ടു്. ''ഗോപീ! ഇതു രണ്ടും വായിച്ചുനോക്കൂ.''

എനിക്കല്പം അസുഖം തോന്നി. ഞാൻ രണ്ടും വാ യിച്ചു: ''ശശി! ഇതിനിത്ര വിഷമിക്കാനെന്തു്? ടാഗോർ ഉപയോഗിച്ച നാലോ അഞ്ചോ പദങ്ങൾ ശശിയുടെ കവിതയിലുണ്ടു്, എന്നുവിചാരിച്ചു് ഇത്ര വ്യാകുലപ്പെ ടാനൊന്നുമില്ല. ആശയപ്രകാശനത്തിൽ മററു പോംവ ഴിയില്ല.''

''ഗോപീ, ടാഗോറിൻെറ കവിത ഞാൻ വായിച്ചി ട്ടു വഷങ്ങൾ കഴിഞ്ഞു. എങ്കിലും അതു് എൻെറ ഹൃദയ ത്തിൽ അടിഞ്ഞുതാഴ്ന്നിരിക്കണം. ഇതേവരെ അതു നിർജ്ജീവമായി കിടന്നിരിക്കും. എൻെറ പ്രചോദനം കൊണ്ടു ഞാൻ സ്വതന്ത്രമായി ഇതെഴുതി. ഒരുപക്ഷേ, ആ കവിതയുടെ സ്വാധീനശക്തി ഇതിൽ പ്രകടമായ തായിരിക്കും. സത്യത്തിൽ ടാഗോറിൻെറ ഈ കവിത

എടുത്തു നോക്കിയല്ല ഇതു ഞാൻ എഴുതിയതു്! സത്യമായും, എൻെറ ഗോപി!..."

"ശശീ, നീ ഒരു കവിയാണു്. വാസനാസമ്പന്നനായ ഒരു കവി! ടാഗോറും, കീററ്സും, റോസററിയും അതുപോലെ മററു പലരും കവികളായി ജനിച്ചതിനു നീ എങ്ങനെ കുററവാളിയാകും?..."

ഞാൻ ശശിയെ സമാധാനിപ്പിച്ചു; സമാശ്വസിപ്പിച്ചു. സാവധാനം തിരിയെ വീട്ടിൽ കൊണ്ടുചെന്നാക്കി. സാധു വിമല അസ്വസ്ഥയായി വരാന്തയിൽത്തന്നെ നില്ക്കുകയായിരുന്നു.

രണ്ടു വാരം കഴിഞ്ഞേ ശശിയുടെ വീട്ടിൽ വീണ്ടും പോകാൻ സൗകര്യം കിട്ടിയുള്ളു. വിമല അകത്തു് ഒരു സോഫയിൽ കരഞ്ഞുകൊണ്ടു കിടക്കുന്നു. ഞാൻ സ്വീകരണമുറിയിൽ കയറുന്നതു കണ്ടു വിമല വേഗം പുറത്തേക്കു വന്നു.

"ശശി എവിടെ?..." ഞാൻ ചോദിച്ചു.

"ഇന്നു നേരത്തേ പുറത്തേക്കു് ഇറങ്ങി." വിമലയുടെ ഇടനെഞ്ഞു പൊട്ടുന്നുണ്ടായിരുന്നു.

"അങ്ങു് അദ്ദേഹത്തിൻെറ ആത്മമിത്രമാണു്. അങ്ങയെ അല്ലാതെ മററാരേയും ഞാൻ ഒരു സഹായത്തിനു കാണുന്നില്ല."

"എന്താണു സംഭവിച്ചതു്?"

"അദ്ദേഹത്തിനു വീണ്ടും ആ പഴയ ഭാവവ്യത്യാസം! സാഹിത്യചോരണമാണു നടത്തുന്നതെന്നുള്ള സാങ്കല്പികഭീതി. അദ്ദേഹം തീരെ അസ്വസ്ഥനാണു്. എമിലീബ്രോണ്ടി ഒരു പ്രേമഗീതി, അദ്ദേഹം എഴുതിയതുപോലെ എഴുതിയിട്ടുണ്ടെന്നു് ഇന്നു് അദ്ദേഹം കണ്ടുപിടിച്ചിരിക്കുന്നു. ഇന്നലെവരെ എമിലിയുടെ കൃതികൾ

അദ്ദേഹം കണ്ടിട്ടില്ല എന്നു് എനിക്കറിയാം. ഇന്നലെ രാത്രി വളരെ ഇരുട്ടിയിട്ടാണു് ഉറങ്ങാൻപോയതു്. ഒരു കവിത പൂർത്തിയാക്കിയതു മേശപ്പുറത്തു വച്ചിരുന്നു. എഴുതുന്നതു് ആദ്യം ഞാൻ കണ്ടുകൊള്ളട്ടെ, കാണണം എന്നാണു് അദ്ദേഹത്തിൻെറ ആശ. ഞാൻ അതു വായിച്ചു. എൻെറ മനസ്സിനെ അതു വല്ലാതെ സ്പർശിച്ചു...ഇന്നു രാവിലെ ഞാൻ പബ്ലിക് ലൈബ്രേറിയിൽനിന്നു് എടുത്തുകൊണ്ടു വന്നതു ബ്രോണ്ടിസഹോദരിമാരുടെ ജീവചരിത്രഗ്രന്ഥമായിരുന്നു. അതു കൊണ്ടുവന്ന ഉടനെ എൻെറ കൈയിൽനിന്നു വാങ്ങി. നേരെ മുകളിലേക്കുപോയി. ഊണുകഴിക്കാൻ താമസിക്കുന്നതു കണ്ടു ഞാൻ മുറിയിലേക്കു ചെന്നു. അതിലെ ഒരു ഭാഗം തുറന്നുവച്ചിരിക്കുന്നു. അടുത്തു് ഇന്നലെ എഴുതിയ കവിതയും വച്ചിരിക്കുന്നു. ആ ഇംഗ്ലീഷ്കവിതയുടെ അനുകരണമാണു് തൻെറ കവിത എന്നു ചൂണ്ടിക്കാണിച്ചു് എന്നോടു രണ്ടും വായിക്കാൻ പറഞ്ഞു. ഞാൻ ആ സാദൃശ്യം കണ്ടു. എൻെറ സമാശ്വാസങ്ങളൊന്നും ഫലിച്ചില്ല.''

വിമല പൊട്ടിക്കരഞ്ഞുപോയി. ''ഈ നിലയിലായാൽ ഇതിൻെറ അവസാനമെന്തു്? ഇന്നു് എത്ര നിർബ്ബന്ധിച്ചിട്ടും ഊണുകഴിച്ചില്ല. നേരത്തെ പുറത്തുപോവുകയുംചെയ്തു. ഈ ഭീതി ഒരു രോഗമായിത്തീർന്നിരിക്കുന്നു, സുഹൃത്തേ! ഒരു കവിത എഴുതിക്കഴിഞ്ഞാൽ, അച്ചടിച്ചിട്ടുള്ള എല്ലാ കാവ്യഗ്രന്ഥങ്ങളും പിന്നെ പരിശോധനയാണു്. പാദത്തോടുപാദം; പദത്തോടുപദം. സാദൃശ്യമുള്ള ആശയങ്ങളും, വാക്കുകളും കണ്ടുപിടിച്ചടയാളപ്പെടുത്തലാണു് അടുത്ത ജോലി! ഞാൻ എന്തുചെയ്യും! ഇതിൽനിന്നു് എങ്ങനെ മോചിപ്പിക്കും? ഇതിൻെറ അവസാനമെന്തു്!''

ഇതിൻെറ പരിണാമമെന്തെന്നു വിമലയ്ക്കറിയാമായിരുന്നു. ഈ മാനസികവിഭ്രാന്തി എവിടെ അവസാനിക്കുമെന്ന് എനിക്കും അറിയാമായിരുന്നു. എങ്കിലും ഞങ്ങൾ രണ്ടുപേരും ഞങ്ങളുടെ ഭയത്തിൻെറ ഭീകരതയെപ്പററി പരസ്പരം പറഞ്ഞില്ല.

ഈ മാനസികപീഡയിൽനിന്നു ശശിയെ താല്ക്കാലികമായെങ്കിലും മോചിപ്പിക്കുന്നതിനു ഞങ്ങൾ ഒരു പദ്ധതി തയ്യാറാക്കി. ദുരന്തം ഒഴിവാക്കാനുള്ള ഒററമൂലി! ഒരു സഞ്ചാരപരിപാടി!...ഞാൻ എൻെറ വ്യാപാരകാര്യങ്ങൾ അനുജനെ ഏല്പിച്ചു. കാഷ്മീർമുതൽ കന്യാകുമാരിവരെ ഒരു ദീർഘസഞ്ചാരത്തിനു ഞങ്ങൾ തയ്യാറായി.

കാഷ്മീരും, ദൽഹിയും, ആഗ്രയും, ഡാർജിലിംഗും, പുരിയും, അജന്തയും എല്ലാം സന്ദർശിച്ചു ഗോകർണ്ണംമുതൽ കന്യാകുമാരിവരെ ഞങ്ങൾ മൂവരുംകൂടി സഞ്ചരിച്ചു. ഇൻഡ്യയുടെ ബാഹ്യഭംഗി കണ്ടു ഞങ്ങൾ ആഹ്ലാദിച്ചപ്പോൾ ഭാരതത്തിൻെറ ആന്തരികഭംഗിയും സത്യവും കണ്ടു ശശി അവയിൽ മാനസലീനനായി. ഒന്നാംതരം ഗീതകങ്ങളും, ലഘുഗീതങ്ങളും ശശി എഴുതി. ഞാൻ അതു് ഈണത്തിൽ ചൊല്ലി. എങ്കിലും ശശി പറയും: "ഓ, ഇതുപോലെ മററാരെങ്കിലും ഇതിനുമുമ്പു് എഴുതിക്കാണും." ഞങ്ങൾ ശശിയോടു വാദിച്ചതുകൊണ്ടു കാര്യമായ മനംമാററമൊന്നുമുണ്ടായില്ല. സാഹിത്യചോരണം നടത്തുന്നു എന്ന സാങ്കല്പികഭീതി ശശിയെ സദാ പീഡിപ്പിച്ചുകൊണ്ടിരുന്നു. ഞങ്ങൾ മദ്രാസിൽ തിരിച്ചുവന്നു.

ഒരാഴ്ച കഴിഞ്ഞില്ല. ഒരു ദിവസം വൈകുന്നേരത്തെ കാപ്പികഴിഞ്ഞു്, ശശിയുടെ വീട്ടിലെ പൂന്തോട്ടത്തിൽ ഇരുന്നു ഞങ്ങൾ സംസാരിക്കാൻ തുടങ്ങി. കവി

തയും കവികളും ഞങ്ങളുടെ സംഭാഷണവിഷയത്തിൽ പെട്ടത്താതിരിക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ശശി കൂട്ടതൽ പ്രസന്നനാണെന്നു് എനിക്കു തോന്നി. പതിവിനു വിപരീതമായി നല്ല ഫലിതങ്ങൾ ശശി പറഞ്ഞു. ഉച്ചത്തിൽ കൂടെക്കൂടെ ചിരിച്ചു. യഥാർത്ഥത്തിൽ ഞാനും വിമലയും പകുതി ജയിച്ചു എന്നു് സ്വയം വിചാരിച്ചാശ്വസിച്ചു.

പെട്ടെന്നു ശശി സംഭാഷണം നിത്തി. എന്നിട്ടു് ഒരു നിമിഷം ചിന്തയിൽ ആണ്ടു. എന്നിട്ടു തുടന്നു: "അപ്പോൾ നിങ്ങൾ ഇവിടെ ഇരിക്കു. ഞാൻ എൻെറ മുറിയിൽച്ചെന്നു് ഒരു പുസ്തകം എടുത്തുകൊണ്ടുവരാം. ഗോപി വായിക്കേണ്ട ഒരു പുതിയപുസ്തകം. കല്ക്കട്ടായിൽ നിന്നുവാങ്ങിച്ചു സൂക്ഷിച്ചതാണു്. ഇപ്പോൾവന്നേക്കാം."

ശശി എഴുന്നേററു. ഒരു ചൂളവുമിട്ടുകൊണ്ടു നടന്നു സ്വീകരണമുറിയിലേക്കു ചെന്നു. കോവണി കയറുന്ന ശബ്ദവും ഞങ്ങൾ കേട്ടു.

ഞാൻ വിമലയോടായിപ്പറഞ്ഞു: "ഈശ്വരാധീനം! ശശിയെപ്പററി ഇനി വിഷമിക്കാനില്ല. എത്ര സന്തോഷമായിട്ടാണു സംസാരം! കേട്ടില്ലേ ആ ചൂളംവിളി! ഇതുപോലെ സന്തോഷമായി ഇരുത്തിക്കൊണ്ടാൽ നാം ജയിച്ചു."

വിമല ഒന്നും മറുപടി പറഞ്ഞില്ല. എൻെറ വിശ്വാസം വിമലയ്ക്കുണ്ടായിട്ടില്ല എന്നു ഞാൻ സംശയിച്ചു. വിമലയുടെ കണ്ണുകൾ നിറഞ്ഞതും നീർച്ചാലുകൾ കവിളിലൂടെ ഒഴുകാൻതുടങ്ങുന്നതും ഞാൻ സൂക്ഷിച്ചു.

"വിമലേ! ഭയപ്പെടാനൊന്നുമില്ല. ശശിയ്ക്കു വളരെ വ്യത്യാസം വന്നിട്ടുണ്ടു്."

എന്നിട്ടും വിമല ഒരക്ഷരം മറുപടി പറഞ്ഞില്ല.

ഞാനും പിന്നീടൊന്നും പറയാൻ ശ്രമിച്ചില്ല. വിമലയെ സമാശ്വസിപ്പിക്കാനുള്ള എന്റെ അപ്രാപ്തിയെപ്പററി ഞാൻ ഓർത്തുകൊണ്ടിരുന്നു. നിശ്ശബ്ദതയുടെ നിമേഷങ്ങൾ ഒന്നൊന്നായിക്കടന്നുപോയി. അസ്തമയസൂര്യൻ അന്തിമകിരണങ്ങൾകൂടി പ്രതിസംഹരിച്ചുകഴിഞ്ഞു. ഇരുൾ വ്യാപിക്കാൻ തുടങ്ങുകയാണ്.

ഒരു ഭയചകിതമായ നിലവിളി മുകളിലത്തെ മുറിയിൽനിന്ന് അപ്രതീക്ഷിതമായി കേട്ടു. ഞാൻ ശബ്ദം കേട്ടയിടത്തേക്ക ശരത്തിന്റെ വേഗത്തിൽ പാഞ്ഞു. കോവണി കയറുവാൻ നിമിഷങ്ങൾതന്നെ എടുത്തില്ല. ശശിയുടെ മുറിയിൽ ഞാൻ എത്തിക്കഴിഞ്ഞു. തൊട്ടുപുറകെ വിമലയും.

പക്ഷേ, ഞങ്ങൾ താമസിച്ചുപോയി. ശശി ഒരു പേനാക്കത്തികൊണ്ടു സ്വന്തംഹൃദയഭാഗത്തേക്ക് ആഞ്ഞു കുത്തിക്കഴിഞ്ഞിരിക്കുന്നു. വിറച്ച് ആ ശരീരം താഴെ വീണുകഴിഞ്ഞു. രക്തക്കളത്തിൽ അതു പിടയാൻ തുടങ്ങുന്നു!

എന്റെ കണ്ണുകൾക്ക് ആ കാഴ്ച കാണാൻ കഴിയാതെ അലക്ഷ്യമായി മേശപ്പുറത്തുചെന്നു പതിച്ചു. തുറന്നുവച്ച ഇംഗ്ലീഷ്പുസ്തകത്തിന്റെ സമീപം ശശി സ്വന്തം കൈപ്പടയിലെഴുതിയ കുറേ കടലാസുകൾ കിടപ്പുണ്ടായിരുന്നു.

## അതെൻെറ മോൻതന്നെ

ആ നീർത്തുള്ളികൾ അടന്തുവീണില്ല. കൺപോളകൾക്കുള്ളിൽ നിറഞ്ഞുനിന്നു വിറകൊള്ളുന്നതേയുള്ളു. നെട്ടുവീർപ്പ് ചുണ്ടുകളിൽ ഒരു നിമിഷം തടഞ്ഞുനിന്നു.

പോലീസ് ഓഫീസറുടെ ഗർജ്ജനം വീണ്ടും മുഴങ്ങി: "ആ കിഴട്ടുസ്ത്രീയുടെ ധിക്കാരം. ഉം! ഗേറ്റിനു പുറത്തുപൊയ്ക്കൊള്ളാൻ പറയൂ! ശവം!"

ഇംഗ്ലീഷിലാണ് ആഫീസറുടെ ആജ്ഞ. അതിൻെറ മുഴുവൻ അത്ഥവും ആ പാവം പോലീസുകാരനു മനസ്സിലായില്ല. ശബ്ദം കേട്ടയുടനെ കൈ സല്യൂട്ടിനായി ഉയന്നു. മുഖത്തിൻെറ രൗദ്രഭാവത്തിൽനിന്നു ഗ്രഹിച്ചിടത്തോളം കാര്യം മുറിത്തമിഴിൽ അയാൾ ആ സ്ത്രീയെ അറിയിച്ചു. ഭരണത്തിൻേറയും ഭാഷയുടേയും ആധിപത്യം ഇംഗ്ലീഷിനാണ്. ഭരിക്കാൻ ഭരണീയരുടെ ഭാഷ പഠിക്കണമെന്നില്ലല്ലോ.

"പൊന്നേമാനമാൻമാരെ!" കണ്ണുനീരിന്റെ സ്വരത്തിൽ അവർ പറഞ്ഞു. ആ ശരീരം നീരുകൊണ്ടുപോയി. നോക്കിയാൽ ഭയംതോന്നും. ഉടുതുണി കീറിപ്പറിഞ്ഞിരിക്കുന്നു. പൊടിയും ചോരയും പൊതിഞ്ഞിരിക്കുന്നു. "കാണാതായ എൻെറ മകനാണെന്നു തെളിച്ചു പറയത്തക്ക അടയാളം ഒന്നും കാണാനില്ല. എങ്കിലും എൻെറ പൊന്നുടയവരേ, എൻെറ മനസ്സു പറയുന്നു അതെൻെറ മോൻതന്നെയെന്ന്."

"എന്തൊരു നാശം!" വീണ്ടും ഗർജ്ജനം. "തിരിച്ചറിയാൻ വയ്യെങ്കിൽ ചവുട്ടിപ്പുറത്താക്കുമെന്നു പറഞ്ഞേക്ക്. മകൻെറ ഗതി അമ്മയ്ക്കും."

പോലീസുകാരൻ അതിനും തമിഴിൽ പരിഭാഷ പറഞ്ഞു.

“ഞാൻ പറയുന്നതുകൂടി കേൾക്കണേ പൊന്നേ് ഏമാന്നെ.” തമ്മിലിടയുകയാണ് ആ സ്ത്രീയുടെ വാക്കുകൾ. “മൂന്നു ദിവസമായി എന്റെ മോൻ വീട്ടീന്നു പോയിട്ട്; മുണ്ടും ജുബ്ബായും അവന്റെ ഗാന്ധിത്തൊപ്പിയും ധരിച്ചും കൊണ്ട്. എല്ലാം ഖദറാണ് ഏമാന്നെ. ഖദർ ധരിക്കാൻ അവനെ പഠിപ്പിച്ചതു് അവന്റെ അച്ഛനാണ്. നാലുവർഷംമുമ്പ് അച്ഛനും വെടികൊണ്ടു മരിച്ചതാണ്. ആൾക്കൂട്ടത്തിലായിരുന്നു. ആരുടെയും കൈയിൽ ഒരായുധവും ഇല്ലായിരുന്നു. എന്നിട്ടും വെടിവച്ചു. അച്ഛനില്ലാത്ത കുട്ടിയാണ്, അങ്ങുന്നെ! എന്റെ മോൻ.

“മിനിയാന്നും ഞാൻ അവനോടു പറഞ്ഞു. സൂക്ഷിച്ചേ ബസ്സിൽ കയറാവൂ. റോഡിലൂടെ നടക്കുമ്പോഴും എന്റെ മോനെ, നീ സൂക്ഷിച്ചോണേ എന്ന്. ലോറിക്കാർക്കും ബസ്സുകാർക്കും ലക്കുംലഗാനുമില്ല.”

“‘എന്തമ്മേ! ഇത്ര പേടിക്കാൻ? ഇപ്പോഴും ഞാൻ ഒരു കൊച്ചുകുട്ടി ആണെന്നാ അമ്മയുടെ വിചാരം,’ ചിരിച്ചുകൊണ്ട് എന്റെ മോൻ പറഞ്ഞു. ‘അമ്മേ എനിക്കു പതിന്നാലു വയസ്സായില്ലേ.’

“‘ശരിയാണു മോനേ!’ ഞാൻ പറഞ്ഞു. ‘ഇപ്പോൾ പതിന്നാല്. വരുന്ന കൊല്ലം പതിനഞ്ച്. പിന്നെ പതിനാറ്. അങ്ങനെ വേഗം നീ ഒരു പുരുഷനാകും. എന്നാലും നീ വളരെ സൂക്ഷിക്കണം. നിനക്കതിനെപ്പററി നല്ല ഓർമ്മ ഉണ്ടായിരിക്കണം. ഇപ്പോൾ ചീത്തക്കാലമാണ്. സർക്കാരിനോടു വക്കാണത്തിനു പോകരുതു്. പോവുന്നോരെ പച്ചജ്ജീവനോടെ വെടിവയ്ക്കുന്ന കാലമാ മോനേ! സൂക്ഷിക്കണം.’

"ഏമാന്നേ, ഞാൻ പറഞ്ഞതു കേട്ട ചിരിച്ചുകൊണ്ടു് അവൻ വീട്ടിൽനിന്നു് ഇറങ്ങി."

"മിണ്ടിപ്പോകരുതു്!" ആ ശാസന ഉഗ്രമായിരുന്നു. അതിൻെറ തമിഴ്, പക്ഷേ, അപേക്ഷാരൂപത്തിലായിരുന്നു.

"പിന്നെ ഞാൻ കേട്ടതു് എൻെറ മോൻ മരിച്ചെന്നാണു്. അവൻ ഒരു തെററും ചെയ്തില്ല. എന്നിട്ടും അവൻ വെടികൊണ്ടു മരിച്ചു. പച്ചജ്ജീവനോടെ നടന്ന എൻെറ മോനെ അവർ വെടിവച്ചു കൊന്നു. അവൻ ചെയ്ത ഒരു കുററം, അവനെ പെററ നാടിനെ അവൻ സ്നേഹിച്ചു എന്നുള്ളതാണു്. അതുകൊണ്ടു ഘോഷയാത്രയിൽ അവൻ ചേൎന്നു. അതിഷ്ടപ്പെടാത്ത ഒരു സായു ഒരു കാരണംകൂടാതെ നടുറോഡിൽവച്ചു് അവനെ വെടിവെച്ചു കൊന്നു. അങ്ങനെ ചത്ത കുട്ടി എൻെറ മോൻ തന്നെയാണൊ പൊന്നേമാനെ!"

"അവൾക്കു് അവളുടെ കുട്ടിയെ തിരിച്ചറിയാൻ വയ്യെങ്കിൽ ചവുട്ടിപ്പുറത്തിറക്കു്." ആഫീസർ അലറി.

"അയ്യോ! അതെൻെറ മോനാണു്. ഒരടയാളവും എനിക്കു ചൂണ്ടിക്കാണിക്കാനില്ല. ഒരു അമ്മയ്ക്കു് അവളുടെ മകനെ തിരിച്ചറിഞ്ഞുകൂടെന്നോ. അടയാളം കാണിക്കാൻ കല്പിച്ചാൽ എന്തുചെയ്യും ഏമാന്നെ!"

എങ്കിലും, ജീൎണ്ണിച്ചുതുടങ്ങിയ ആ ശവശരീരത്തിനരികേ അവൾ വീണ്ടും ചെന്നു. ആ കാഴ്ച കാണാനുള്ള കണ്ണും, ആ നാററം സഹിക്കുവാനുള്ള മൂക്കും ഒരമ്മയ്ക്കേ ഉണ്ടാവുകയുള്ളു.

"ഇല്ല, എടുത്തുപറയാൻ ഒരടയാളവുമില്ല. ഞാൻ ഒന്നും കാണുന്നില്ല ഏമാന്നെ! എങ്കിലും എൻെറ മനസ്സു പറയുന്നു എൻെറ മോൻതന്നെയാണെന്നു്. ഈശ്വരാ!"

"ആ കെഴട്ടിനെ ചവുട്ടി ദൂരെയെറിയാൻ പറഞ്ഞത്തു മനസ്സിലായില്ലേ! കഴതകൾ!"

"എൻെറ പൊന്നേമാന്നേ, എൻെറ മോൻെറ അട്ടത്തുന്ന് എന്നെ ഓടിക്കല്ലെ. അതു് എൻെറ മോനാണേ! എൻെറ മനസ്സ്..."

"എട്ടത്തെറിയാൻ പറഞ്ഞില്ലേ!" ബൂട്സിൻെറ ശബ്ദം, ആ ഗജ്ജനത്തിന്നു മീതെനിന്നു.

"ഇപ്പോൾ ഞാൻ ഓക്കുന്നു, ഏമാന്നെ! അച്ഛൻ വെടികൊണ്ടു മരിച്ചദിവസം അവൻ പറഞ്ഞതു ഞാൻ ഓക്കുന്നു. നാലുവഷം മുമ്പു്! അവനും അച്ഛനെപ്പോലെ മരിക്കുമെന്നു്. പെററനാടിനുവേണ്ടി മരിക്കുമെന്നു്. വെറും പത്തുവയസ്സുള്ളപ്പോൾ അവൻ പറഞ്ഞതാണു് ഏമാന്നെ! അച്ഛൻെറ ആ വലിയ ജൂബ്ബായും എട്ടത്തിട്ടു് അവൻെറ തലക്കു ചേരാത്ത ആ വലിയ തൊപ്പിയുംവച്ചു് അവൻ ആ മുറിയിൽ നടന്നുകൊണ്ടു പറഞ്ഞതാണു്. ആ തൊപ്പി വച്ചാൽ മുഖത്തിൻെറ പകുതിയെ കാണുമായിരുന്നുള്ളു. അച്ഛൻ അവനു മൂന്നുനിറമുള്ള ഒരു കൊടിയും കൊടുത്തിരുന്നു. അതു് ഒരു കൊച്ചുകമ്പിന്റെ അററത്തു വച്ചുകെട്ടും. അതു് ഉയത്തിപ്പിടിച്ചുകൊണ്ടു്, 'ഝണ്ഡാ ഉഞ്ചാ രഹേ ഹമാരാ' എന്നു മനോഹരമായി അവൻ പാടുമായിരുന്നു."

"കൊടുക്കു് അവളുടെ ചെള്ളക്കു് ഒന്നു്. അവളുടെ തിരുമോൻെറ പാട്ടു്! കെഴട്ടുശവം!" ആഫീസറുടെ പ്രതികരണമായിരുന്നു അതു്. പോലീസുകാരൻ ഒരടി കൂടി ആ സ്ത്രീയോടു സമീപിച്ചു.

"അതെ ഏമാന്നെ! തലേദിവസം അത്താഴമുണ്ണാൻ ഇരുന്നപ്പോഴത്തെ ആ സന്തോഷം എനിക്കു്

ഓക്കാൻ കഴിയുന്നു. മനുഷ്യന്റെ മുഖത്തെ ശോഭയല്ലായിരുന്നു അവന്റെ മുഖത്തു്! ഈശ്വരാ!

"പതിഞ്ഞ സ്വരത്തിൽ അവൻ പറയുകയാണു്: 'അമ്മേ! എന്റെ അച്ഛൻ നമ്മുടെ രാജ്യത്തിനുവേണ്ടി മരിച്ചു. എത്ര അച്ഛന്മാരും, അമ്മമാരും ചേട്ടന്മാരും അതുപോലെ മരിച്ചിട്ടുണ്ടു്. ഒരിക്കൽ എന്റെ ഊഴവും വരും അമ്മേ!'

"എങ്ങലടിച്ചുകൊണ്ടു് ഞാൻ പറഞ്ഞു, 'മോനെ!' നീ എനിക്കു് ഒരു അഭിമാനമാണു്. എന്നാലും നിന്റെ അമ്മയുടെ ഹൃദയം നീ തകക്കരുതു്.'

"പിന്നീടു് എന്റെ മോൻ ഒന്നും പറഞ്ഞില്ല. എന്റെ മുഖത്തു് ഒന്നു സൂക്ഷിച്ചുനോക്കി. എന്നിട്ടു് ഒന്നു ചിരിച്ചു. ഞാൻ എന്റെ മോനെ വാരിയെടുക്കാൻ ശ്രമിച്ചു. എന്റെ തോളിൽ ആ തല ചായിച്ചു് ഒരു നിമിഷം ഇരുന്നു. അവന്റെ കവിളിൽ എന്റെ കണ്ണീരിന്റെ ചൂടു തട്ടരുതെന്നു് ഞാൻ വിചാരിച്ചു.

"വേഗം ഊണുകഴിച്ചു് എഴുന്നേററു. മുഖം കഴുകി. അച്ഛന്റെ ഒരു പടം അവൻ വച്ചു പൂജിക്കുന്നുണ്ടു്. ആ പടത്തിനു മുമ്പിൽ പോയി ധ്യാനിച്ചുകൊണ്ടു് അല്പനേരം നിന്നു. എന്നിട്ടു പോയി പായ് വിരിച്ചു കിടന്നു... അവൻ ഉറങ്ങുകയായിരുന്നോ! ഞാൻ ഉറങ്ങിയില്ല. ജനലിനിടയിലൂടെ അങ്ങു് ആകാശത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ ഞാൻ കണ്ടു. അഭിമാനത്തിൻേറയും ആനന്ദത്തിൻേറയും കണ്ണുനീർ നിറഞ്ഞു. എങ്കിലും എന്തോ ഒരു വലിയ ദുഃഖം അടുത്തിരിക്കുന്നതുപോലെ എനിക്കു തോന്നി...

"പിറേറദിവസം രാവിലെ അവൻ എഴുന്നേററു. കുളികഴിഞ്ഞു. നിറയാൻ മാത്രം പഴങ്കഞ്ഞി ഇല്ലായി

രുന്നു. അതു മതി എന്നു പറഞ്ഞു. ധിറുതിയിൽ അതു കഴി ച്ചു. 'അമ്മേ! ഞാൻ പോവുന്നു. ഒരുപക്ഷേ, തിരിയെ വരാൻ വൈകിയേക്കും. അത്താഴം ഉണ്ണാൻ എന്നെ കാത്തിരിക്കരുത്.' എൻെറ മോൻ നടന്നു മറയുന്നത് എൻെറ കണ്ണിൽത്തന്നെയിരിക്കുന്നു.

"ഏമാനെ! അതു് എൻെറ മോൻ ആണു്. എൻെറ മോൻതന്നെ. എൻെറ മനസ്സു് അങ്ങനെ പറയുന്നു."

"കഥ കേട്ടു നില്ക്കുകയാണു്. അല്ലെ! കഴുതകൾ! ഒരു ഏറിനു് പുറത്തുപോകണം. റോഡിൽ കിടന്നു് അവളും മരിക്കണം."

അടുത്തു നിന്ന പോലീസുകാരൻ മാത്രമല്ല, ആജ്ഞ അനുസരിക്കാൻ കാത്തുനിന്നതു്. ആ ദലിതഗാത്രിയുടെ ചെകിട്ടിനും പുറത്തും അവരുടെ ബലിഷ്ഠമായ കൈത്തലം വീണു. ആ സാധു നിലത്തു വീണു.

അമ്മയുടെ കരച്ചിൽ ആ സ്റ്റേഷനിലെ ശവപ്പുരയോളം എത്തി. ജീവനററ മകൻെറ ചീഞ്ഞളിഞ്ഞു തുടങ്ങിയ ശരീരം ചലിക്കുന്നതായിത്തോന്നി. ചേതന ചോൎന്നുപോയ കണ്ണുകൾ ജ്വലിച്ചു. ഒരു തണുത്ത കാററു് അടിച്ചു. ചലനമററ ആ ചുണ്ടുകളുടെ ഇടയിൽനിന്നും, "എൻെറ അമ്മ!" എന്ന ഒരു ശബ്ദം, ആ കാററു് ഏറെറടുത്തു.

റോഡിൽനിന്നും ഒരു അമ്മയുടെ ദീനദീനമായ കരച്ചിൽ ഉയൎന്നു:

"അതു് എൻെറ മോൻതന്നെ. എൻെറ മനസ്സു് അങ്ങനെ പറയുന്നു..."

# ഇരുമ്പഴിക്കു പിമ്പിൽ

ഇരുമ്പഴിക്കു പിമ്പിൽ, മിക്കവാറും ഇരുള്ള കയറി ത്തുടങ്ങി. ഉയന്ന ഭിത്തിയുടെ ഇരുമ്പുജനാലയിൽക്കൂടി നോക്കുമ്പോൾ സാന്ധ്യവെളിച്ചം മങ്ങിമറയുന്നതു ഞ ങ്ങൾക്കു കാണാമായിരുന്നു. യാത്രപറയാൻ തുടങ്ങുന്ന ആ പ്രകാശത്തിലൂടെ ആ കണ്ണുകളിൽ മിന്നിനിന്ന കണ്ണുനീ ത്തുള്ളികൾ ഞാൻ കണ്ടു. അഞ്ചു സുഹൃത്തുക്കൾ എന്റെ ചുററിനുമായി ഇരിപ്പുണ്ട്. ആറുമാസത്തെ ജയിൽജീവി തത്തിനുശേഷം, യാത്രപറയാറായ എന്നോട്ട് അവർ യാ ത്രപറയാൻ വട്ടമിട്ടിരിക്കുകയാണ്. അവരെല്ലാം എനി ക്കുമുമ്പേ ജയിലിൽ വന്നവരാണ്. അവരുടെ മോചന ദിനം ഇനിയും വരാനിരിക്കുന്നതേയുള്ളു. കൂടുതൽ കാല ത്തേക്കു ശിക്ഷിക്കപ്പെട്ടവരാണ്. കാലങ്ങൾക്കപ്പുറം നി ല്ക്കുന്ന ആ ദിനങ്ങളെപ്പറ്റി എനിക്കുതന്നെ നിശ്ചയമില്ല.

എൻെറ സുഹൃത്തുക്കളുമായി കഴിഞ്ഞുകൂട്ടുന്ന അവ സാനരാത്രിയാണതു്. അടുത്തദിവസം ഉച്ചയ്ക്ക് എന്നെ ജയിലിൽനിന്നു വിടും. കാലാവധി തീരും. ഞങ്ങളെ കെട്ടിനിത്തുന്ന സൗഹൃദത്തിന്റെ പാശങ്ങൾ അതിശക്ത ങ്ങളാണ്. ജയിലിനു പുറത്തു് അത്രയും ഉറപ്പുള്ള ബന്ധം ഉണ്ടാവുക സാധാരണയല്ല. ഒന്നാക്കിയ വികാരങ്ങൾ രണ്ടാവുക സാദ്ധ്യമല്ല. പൊതുവായ പലതും ആ ബന്ധ ത്തിൽ അലിഞ്ഞുചേന്നിരുന്നു. അവസാനത്തെ അപ ഗ്രഥനത്തിൽ ഞങ്ങളുടെ കുററങ്ങൾ ഒന്നുതന്നെയായിരു ന്നു. മാതൃഭൂമിയെ ഞങ്ങൾ എല്ലാവരും സ്നേഹിച്ചു. മാതൃ ഭൂമി സ്വതന്ത്രമാവണമെന്നു് ഞങ്ങൾ അഭിലഷിച്ചു.

ജീവിതത്തിന്റെ വിവിധഘട്ടങ്ങളിൽ, വാക്കുകൾകൊണ്ട്, പ്രവൃത്തികൾമുഖേന മാതൃരാജ്യസ്നേഹം ഞങ്ങൾ പ്രകടിപ്പിച്ചിട്ടേയുള്ളു. പക്ഷേ, ആ ചെയ്തികളെല്ലാം നിലവിലുള്ള നിയമങ്ങൾക്ക് എതിരായിരുന്നു എന്നു മാത്രം.

ദേശാഭിമാനോജ്ജ്വലങ്ങളായ ചില പാട്ടുകൾ ഞങ്ങൾ ഒരുമിച്ചു പാടി—ദേശീയകവികൾ രചിച്ചവ. ആ ഗാനങ്ങളിലെ ഓരോ വരിയും, ഓരോ വാക്കും ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നാണു ജന്മമെടുത്തതു്. വിദേശീയമേധാവിത്വത്തിന്റെ ദുസ്സഹത മുഴവൻ അതു ഞങ്ങളെ ഓർമ്മിപ്പിച്ചു. അടിമരാജ്യത്തിലെ അജ്ഞത, ദാരിദ്ര്യം, അനാരോഗ്യം; ആ കെടുതികളിൽ മരിച്ചുജീവിക്കുന്ന മൂകലക്ഷങ്ങൾ. അവരുടെ നെടുനാളത്തെ വേദനകളെ വാങ്മയചിത്രങ്ങൾ ഞങ്ങളുടെ മുമ്പിലവതരിപ്പിച്ചു.

ഞങ്ങളുടെ നേതാക്കന്മാരെല്ലാം ഇരുമ്പഴിക്കുള്ളിലാണു്. നിരായുധരായ നാട്ടുകാർ മെഷീൻതോക്കുകൾക്കു് ഇരയാകുന്നു. രാജ്യത്തിലെ യുവാക്കന്മാർ ശതക്കണക്കിനു കാരിരുമ്പറകളിലാണു്. വിദേശഭരണത്തിന്റെ നുകങ്ങൾക്കു താഴെ തല കുനിച്ചുപിടിക്കുവാൻ അവർ തയ്യാറായില്ല. ഇരുളിൽ ജീവിക്കുന്നതാണു വരണീയമെന്നവർ തീരുമാനിച്ചതു് അതുകൊണ്ടാണു്.

സത്യാഗ്രഹസമരങ്ങളെ തുടർന്നുള്ള അനുഭവങ്ങൾ അവർ ഓർമ്മിച്ചു. വികാരങ്ങളുടെ ഒരു സാഗരംതന്നെ ആ ഇരുമ്പഴികളിൽ അവർ സൃഷ്ടിച്ചു. മാതൃഭൂമിയുടെ വേദന അവർ അനുഭവിക്കുന്നതായി തോന്നി. കൊച്ചുകുട്ടികളെപ്പോലെ അവർ കെട്ടിപ്പിടിച്ചു കരഞ്ഞു.

ജയിലിന്റെ മദ്ധ്യത്തിൽ തല ഉയർത്തിനില്ക്കുന്ന

ഒരു ടവ്വർ ഉണ്ടു്. എല്ലാ വികാരങ്ങൾക്കും മൂകസാക്ഷിയാണു് ആ മണിമാളിക. പാതിരാവായെന്നു് അവിടത്തെ വലിയ നാഴികമണി നെഞ്ചത്തടിച്ചറിയിച്ചു. ഞങ്ങളുടെ നിശാസദസ്സു പിരിഞ്ഞു. അവരവരുടെ കയറ്റുപായ്ക്കഷണത്തിലേക്കു തിരിഞ്ഞു. കയററുപായുടെ മീതെ ഇഴയില്ലാത്ത ഒരു പുൽപ്പായുണ്ടു്. ആറുമാസം എൻെറ ഉറക്കത്തിൻേറയും ഉറക്കമില്ലായ്മയുടേയും ഉററ കൂട്ടുകാരൻ. നിദ്രയുടെ നീണ്ട ഹസ്തങ്ങളിൽ വിശ്രമിക്കുവാൻ ഞാൻ കിടന്നു. ജയിലിൽനിന്നും വിട്ടാൽ അതിലും വിശാലമായ ഒരു ജയിലിലേക്കല്ലേ ഞാൻ പോകുന്നതു്? എങ്കിലും നിയമത്തിൻെറ ചങ്ങല കാലിൽ വീണ്ടും വീഴുന്നതുവരെ പ്രവൎത്തിക്കാമല്ലോ. അകത്തെ വിശേഷങ്ങൾ പുറത്തും പുറത്തേ വിശേഷങ്ങൾ അകത്തും പകൎന്നുകൊടുക്കാം...

എൻെറ പാസ്സുരികിലേക്കു് ആരോ വരുന്നതായി എനിക്കു തോന്നി. അടക്കിയ സ്വരത്തിൽ എന്റെ പേരു വിളിച്ചു.

"ഭാൎഗ്ഗവൻതന്നെയോ?" ഞാനും അടക്കിയ സ്വരത്തിലാണു ചോദിച്ചതു്.

"അതെ ബഞ്ചമിൻ, ഭാൎഗ്ഗവൻതന്നെ."

ഭാൎഗ്ഗവൻ എൻെറ കയററുപായിൽ ഇരുന്നു.

ഭാൎഗ്ഗവനെ തടവുകാൎക്കെല്ലാം സ്നേഹമാണു്; ആദരവുമാണു്. സൗമ്യമായ സ്വഭാവം, ഹൃദ്യമായ സംഭാഷണം, മാറാത്ത മന്ദഹാസം; ആരെയും ആകൎഷിക്കുവാൻ ഭാൎഗ്ഗവനു കഴിവുണ്ടായിരുന്നു. എങ്കിലും ആരുമായും അടുത്തു പെരുമാറുകയോ, ആരിലും അലിഞ്ഞുചേരുകയോ ഭാൎഗ്ഗവൻ ചെയ്യിരുന്നില്ല. ഭാൎഗ്ഗവൻെറ ലോകം ഒന്നു വേറെയാണു്. അവിടന്നു പുറത്തു വരാൻ അയാൾ ഇഷ്ട

പ്പെട്ടിരുന്നില്ല. എങ്കിലും അടുത്തറിയാൻ ഇടവന്നെങ്കിൽ, ആ ഹൃദയത്തിൻെറ അപാരമായ സ്നേഹം അനുഭവിക്കുവാൻ ഭാഗ്യം ലഭിച്ചേനേ. അപൂൎവ്വമിത്രങ്ങളിൽ ഒരാളായിരുന്നു ഞാൻ.

ഭാൎഗ്ഗവനു് ഇരുപത്തിനാലു വയസ്സു പ്രായമായപ്പോഴാണു ജയിലിൽ വന്നതു്; ആറു മാസം മുമ്പു്. എന്നാൽ ആറു മാസംകൊണ്ടു് ഭാൎഗ്ഗവൻെറ ആത്മമിത്രമാകാൻ എനിക്കു ഭാഗ്യം ലഭിച്ചു. അക്രമപ്രവൎത്തനങ്ങളിൽ പങ്കെടുത്തതിനാണു് ഭാൎഗ്ഗവനെ ശിക്ഷിച്ചു ജയിലിൽ കൊണ്ടുവന്നതു്. ഭാൎഗ്ഗവൻെറ മുഖപ്രകൃതി കാണുന്നവൎക്കു്, ഹൃദയവ്യാപാരഗതി അറിഞ്ഞവൎക്കു്, അക്രമപ്രവൎത്തനങ്ങളുമായി അയാളെ ബന്ധപ്പെടുത്തുവാൻ പ്രയാസമാണു്. ഭാൎഗ്ഗവൻ ഒരു വിപ്ലവകാരിയാവുക; എനിക്കു സങ്കല്പിക്കാൻ കഴിഞ്ഞിട്ടില്ല. ഒരുപക്ഷേ, ആയിരുന്നെങ്കിലും ഇന്നു് അയാൾ വിപ്ലവചിന്തകൾക്കുപോലും ചെന്നെത്താൻ കഴിയാത്ത ദൂരത്തിലും, ഉയരത്തിലും ആണു്. ആ സത്യവാങ്മൂലം ആരുടെ മുമ്പിലും സമൎപ്പിക്കാൻ വേണ്ട പരിചയവും അറിവും എനിക്കുണ്ടു്.

“അപ്പോൾ ബഞ്ചമിൻ നാളെ ഉച്ചയ്ക്കു പോവുകയാണൊ?”

ഞാൻ ഒരു മറുപടിയും പറഞ്ഞില്ല. ഞാൻ ചേൎന്നിരുന്നു. കൈ തോളിലിട്ടു.

“ജയിലിൽനിന്നു സ്വതന്ത്രനായി പുറത്തു നടക്കുമ്പോൾ, ബഞ്ചമിൻ ഈ നിർഭാഗ്യവാന്മാരെ മറന്നുകളയരുതു്.”

“ഇല്ല, ഒരിക്കലുമില്ല.”

“ബഞ്ചമിൻ! എനിക്കു പശ്ചാത്താപമില്ല. ആയി

രക്കണക്കിനു നമ്മേപ്പോലെയുള്ള യുവാക്കൾ ജയിലിലി ല്ലേ? പുരുഷന്മാരും സ്ത്രീകളും; നമ്മേക്കാൾ ചെറുപ്പക്കാ രും. ജയിലിൽക്കിടന്നു വീരചരമംപ്രാപിച്ചവരുമില്ലേ. മററെത്രയോ രക്തസാക്ഷികൾ! എങ്കിലും ഈ ഉയന്ന ഭിത്തികൾക്കുള്ളിൽ കഴിയുന്നതു വിഷമമല്ലെന്നു ഞാൻ പറയുന്നില്ല. ദിവസങ്ങളും, മാസങ്ങളും, വഷങ്ങളും എ ണ്ണിയെണ്ണി ഇങ്ങനെ ജീവിക്കുക. ഇതിനൊരന്തമില്ലേ!''

ഒരു നിമിഷനേരം അയാൾ എന്തോ വിചാരിച്ച് ഇരുന്നു. നെടുതായി ഒന്നു നിശ്വസിച്ചു.

''ഈ അന്തമില്ലാത്ത ജീവിതത്തിൽ ഒരു വിചാര മാണ് എന്നെ തളത്താതിരിക്കുന്നതു്. ആശയും ധൈയ്യ വും എനിക്കു നല്കുന്നതു് ആ ചിന്ത മാത്രമാണ്. ഇനി യും ജീവിക്കണമെന്നു് അഭിലഷിക്കുന്നതും ആ വിചാരം കൊണ്ടാണ്. ഏതു വിഷമഘട്ടവും എത്രകാലം വേണ മെങ്കിലും അഭിമുഖീകരിക്കാമെന്നാണ് എൻ്റെ ധൈയ്യം. എനിക്കു് ഈ ജയിലിൽ വരുമ്പോൾ പത്തൊമ്പതു വയ സ്സേ ഉണ്ടായിരുന്നുള്ളു. വെറും ഒരു പയ്യൻ. ആറാമത്തെ വഷമാണിതു്. ഇനിയും അത്രയുംനാൾകൂടി... ആ അന്ത്യ ദിവസം, എൻ്റെ ബഞ്ചമിൻ, എത്ര ദൂരെയാണ്! നിന ക്കു് ഈ രാത്രികൂടി മതി...നീ ഭാഗ്യവാനെന്നു ഞാൻ പറയട്ടെ! വീണ്ടും വരേണ്ടിവരുമെങ്കിലും...''

ആ സ്വരം ഇടറിപ്പോയി...''ബഞ്ചമിൻ! ഇങ്ങനെ ജീവിക്കാൻ എനിക്കു ശക്തി തരുന്നതു്, ഒരു യുവതിയെ പ്പററിയുള്ള ചിന്ത! ഒരു സ്ത്രീഹൃദയത്തിൻെറ പ്രേമം എനിക്കുണ്ടല്ലോ എന്ന ചിന്ത!''

ഭാഗ്ഗവൻെറ കണ്ണു നിറയുന്നുണ്ടോ എന്നു് ആ ഇരു ളിൽ എനിക്കു കാണാൻ കഴിഞ്ഞില്ല. എങ്കിലും ആ വാ ക്കുകൾ കണ്ണുനീരിൽ കുളിച്ചതായിരുന്നു.

"കേൾക്കണം ബെഞ്ചമിൻ, ഞങ്ങൾ അയല്പക്കക്കാരായിരുന്നു, ചിരട്ടയും മണ്ണുമായി കളിക്കാൻ തുടങ്ങിയകാലം മുതൽ. പുളിമാങ്ങാ ഞാൻ എറിഞ്ഞു താഴെയിടും. അവൾ അതു കൊച്ചുപിച്ചാത്തികൊണ്ടു കണ്ടിക്കും. മടിയിൽനിന്നും ഉപ്പും കാന്താരിയും എടുക്കും. എന്നിട്ട് എനിക്ക് ആദ്യം വീതിച്ചുതരും. ഒരുമിച്ചു ഞങ്ങൾ സ്കൂളിൽ പോകും. അവളുടെ സ്ലേറ്റും പുസ്തകവും ഞാൻ എടുക്കും. പൊതിച്ചോറ് അവളും. അവളെ കളിയാക്കുന്നവരെ ഞാൻ ശാസിക്കും. ചിലർ നല്ല ഇടിയും വാങ്ങിച്ചിട്ടുണ്ട്. ആശയെന്നാണ് അവളുടെ പേര്. കാണാൻ ഭംഗിയുള്ള കുട്ടി. ഭംഗിയായി പാടും. അവൾ എന്റെ മറവുപറ്റിയേ നടക്കുകയുള്ളു. കൂട്ടുകാർക്കെല്ലാം എന്നോട് അസൂയ; ആശയോടു വിരോധം.

"ആശയുടെ വീടു ചെറുതാണ്. അച്ഛൻ ഒരു കമ്പനിയിലെ ഗുമസ്തനാണ്. എന്റെ അച്ഛൻ വലിയ പണക്കാരൻ; നാട്ടിലെ പ്രഭുകുടുംബം!

"വളർന്നുവന്നതോടൊപ്പം ഞങ്ങളുടെ സ്നേഹവും വളർന്നു. ഞാൻ ഹൈസ്കൂളിലായി. ജയിച്ചു. കാളേജിൽ ചേർന്നു. ആശ ഇംഗ്ലീഷ്സ്കൂളിൽ ചേർന്നില്ല. പഠിപ്പിക്കാൻ അവളുടെ അച്ഛനു പണമില്ലായിരുന്നു. എങ്കിലും, ഞങ്ങൾ തമ്മിലുള്ള സമ്പർക്കത്തിനു തടസ്സം ഒന്നും വന്നില്ല. ഞാൻ ഇടയ്ക്കിടെ അവധിക്കു വരുമ്പോൾ തമ്മിൽ കാണും. അവൾക്ക് ആദ്യം ഞാനൊരു എഴുത്തെഴുതി. വടിവില്ലാത്ത കയ്യടയിൽ മറുപടി. ഒരു നിധി കിട്ടിയപോലെ ഞാനതു സൂക്ഷിച്ചു. ആരുമറിയാതെ കത്തിടപാടു തുടർന്നു. എന്റെ ഡിഗ്രി എടുക്കണം. ഒരു ഉദ്യോഗം എങ്ങനെയെങ്കിലും സമ്പാദിക്കണം. എന്നിട്ടു ഞങ്ങളുടെ

വിവാഹം നടത്തണം. സുഖമായി ഒരുമിച്ചു താമസിക്കണം. ഞാൻ പഠിക്കാമെന്നു പറഞ്ഞു. ആശ എനിക്കു വേണ്ടി പ്രാർത്ഥിക്കുമെന്നു് എഴുതി. കഥാഗ്രന്ഥങ്ങളിലെ നായകനും നായികയുമായി ഞങ്ങൾ കഴിഞ്ഞു.

"ഒരു തടസ്സം ഉള്ളതു ഞങ്ങളുടെ മനസ്സിൽ വന്നതേയില്ല. രണ്ടുപേരും അതു കാര്യമായി വിചാരിച്ചുമില്ല. രണ്ടു ജാതിയിൽപ്പെട്ടവരായിരുന്നു ഞങ്ങൾ. അതിനെന്താ? രണ്ടുപേരും പരസ്പരം ചോദിച്ചു. "നാം ഹൃദയം തുറന്നു സ്നേഹിക്കുന്നു. പ്രേമബദ്ധരാണു നാം. നാം ആനിലയ്ക്കു വിവാഹം ചെയ്തു സുഖമായി ജീവിക്കും. അതിൽ ആരു വിരോധപ്പെട്ടാലെന്തു്?

"എങ്കിലും അവിചാരിതമായി അതു സംഭവിച്ചു. പരീക്ഷയടുത്ത സമയം. ജയിക്കാൻ, ബിരുദധാരിയാവാൻ, ഉദ്യോഗസ്ഥനാവാൻ, എന്നിട്ടു് ആശയുമായി ജീവിക്കുവാൻ, രാപകൽ വിശ്രമമില്ലാതെ ഞാൻ കൂട്ടുകാരൊത്തു പഠിത്തം തുടരുന്നു. പെട്ടെന്നു് ഒരുദിവസം ഒരു വാൻ പോലീസ് ഞങ്ങളുടെ ലോഡ്ജിന്റെ മുമ്പിൽ വന്നു നിന്നു. ഞങ്ങളുടെ താമസസ്ഥലത്തു് ഒരു പരിശോധന നടന്നു. ഞങ്ങൾ സാധാരണ ഉപയോഗിക്കാത്ത ഒരു ഇരുട്ടുമുറിയുണ്ടു്. അവിടെനിന്നും കുറെ സ്ഫോടകസാധനങ്ങൾ പോലീസ് കണ്ടെടുത്തു. ഒരു ഗൂഢാലോചനക്കേസിലേക്കുള്ള തെളിവുകൾ! മറ്റൊരു ലോഡ്ജിൽ നിന്നും നാലുപേരെ അറസ്റ്റുചെയ്തതു ഞങ്ങളറിഞ്ഞില്ല. ഞങ്ങളെ മൂന്നുപേരെക്കൂടി അറസ്റ്റുചെയ്തു. ഞാൻ തന്നെ അത്ഭുതപ്പെട്ടുപോയി. എന്റെ കൂടെ പഠിച്ചു താമസിച്ചിരുന്ന രണ്ടുപേരും അമിതവാദികളും അക്രമകാരികളും ആണെന്നു് എനിക്കറിയാമായിരുന്നു. ഒരുമിച്ചു താമസിച്ചിരുന്നുവെന്നല്ലാതെ, അവരുടെ രാഷ്ട്രീയാ

ഭിപ്രായങ്ങളുമായി എനിക്കു യോജിപ്പില്ലായിരുന്നു. സത്യത്തിൽ അവക്കെന്നെ വിശ്വാസവുമില്ലായിരുന്നു. ഒരു ഗാന്ധിഭക്തൻ, ഖദർധാരി, പുല്ലും പുഷ്പവുംകൊണ്ടു് ഉപജീവിക്കുന്ന അഹിംസക്കാരൻ. അവർ രണ്ടുപേരും എന്നെപ്പററി അങ്ങനെയാണു സംസാരിക്കാറുള്ളതു്. ഏതു നിലയിലും അവരുടെ ആലോചനകൾക്കു പങ്കാളിയല്ലായിരുന്നു ഞാൻ എന്നുള്ളതാണു സത്യം. പക്ഷേ, ഞാൻ എൻെറ മാതൃഭൂമിയെ സ്നേഹിക്കുന്നു. അതു് ഒരു രഹസ്യമാക്കി ഞാൻ വച്ചിരുന്നില്ല. കുററപ്രതിസ്ഥാനത്തുനിന്നു് ഒഴിഞ്ഞുമാറുവാനും ഞാൻ ശ്രമിച്ചില്ല. പെററ ഭൂമിയെ സ്നേഹിക്കുന്നതു കുററമാണെന്നു്. ആ കുററം ഞാനും ചെയ്തിട്ടുണ്ടു്. അവർ രണ്ടുപേരും സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി അവരുടേതായ മാർഗ്ഗങ്ങളെപ്പററി ഗുഢമായ ആലോചന നടത്തിയിരിക്കും. തെളിവു് ഞങ്ങളുടെ താമസസ്ഥലത്തുനിന്നു പോലീസിനു കിട്ടുകയും ചെയ്തു.

"എന്നെ അറസ്റ്റുചെയ്തെന്നും, എൻെറ പേരിൽ കേസ് നടക്കുന്നുവെന്നും ആശ അറിഞ്ഞു. വിസ്താരം നടക്കുന്നതു കേൾക്കുവാനും, പ്രതികളായ ചെറുപ്പക്കാരെ കാണുവാനും കോടതിയിൽ ആളുകൾ കൂട്ടമായിരുന്നു. കോടതിയിലേക്കു ഞങ്ങളെ നടത്തിക്കൊണ്ടു്, പോലീസകമ്പടിയോടെയാണു കൊണ്ടുപൊയ്ക്കൊണ്ടിരുന്നതു്. റോഡരികിലുള്ള അമ്പലത്തിനു മുമ്പിൽ അവൾ ഒരു ദിവസം നില്ക്കുന്നതു ഞാൻ കണ്ടു. ഞങ്ങളുടെ കണ്ണുകൾ തമ്മിൽ ഇടഞ്ഞു: അവൾ പൊട്ടിക്കരയാൻതുടങ്ങുന്നതു പോലെ എനിക്കു തോന്നി. ഞാൻ തിരിഞ്ഞുനോക്കി. അവൾ ആൾക്കൂട്ടത്തിനിടയിൽക്കൂടെ മുന്നോട്ടു വരുന്നതും ഞാൻ കണ്ടു.

"അധികം താമസിയാതെ ഞങ്ങളെ ശിക്ഷിച്ചു.

അന്നു് അവൾ എങ്ങനെയോ കോടതിയിൽ വന്നു. പക്ഷേ, ആരുമായും സംസാരിക്കാൻ പോലീസുകാർ സമ്മതിച്ചില്ല. തേങ്ങിക്കരച്ചിലുകളുടെ ഇടയിൽ ഞങ്ങളെ സ്റ്റേഷനിലേക്കു കൊണ്ടുപോന്നു. ആശയുടെ കരച്ചിൽ ഞാൻ അതിനിടയിൽനിന്നും വ്യക്തമായി കേട്ടു. ദീർഘമായ ശിക്ഷയ്ക്കു വിധിച്ച ഞങ്ങൾ ജയിലിലേക്കു പോന്നു.

“ഒരു രഹസ്യമായ മേൽവിലാസത്തിൽ എഴുത്തുകൾ അയച്ചുവന്നിരുന്നു. ആഴ്ചയിലൊരിക്കൽ ആശയുടെ കത്തു് എനിക്കു കിട്ടും. അവൾ എനിക്കുവേണ്ടി കാത്തിരിക്കുന്നു. കാത്തിരിക്കും. മരണംവരെ കാത്തിരിക്കും. ഈ വാചകങ്ങളുടെ ആവർത്തനമായിരുന്നു എല്ലാ എഴുത്തിലും. എന്നെ മറക്കുവാനും മററാരെയെങ്കിലും വിവാഹംകഴിക്കുവാനും ഞാൻ മറുപടിമുഖാന്തിരം അപേക്ഷിച്ചു. പക്ഷേ, പഴയ പല്ലവിയല്ലാതെ അവൾക്കു പാടുവാനില്ല. ഇപ്പോൾ അഞ്ചുകൊല്ലം കഴിഞ്ഞു. ഇതാറാമത്തെ കൊല്ലം. മുന്നൂറു് ആഴ്ചകൾ...എനിക്കു് ഓർമ്മിക്കാൻ ശക്തിയില്ല, ബെഞ്ചമിൻ! ഞാൻ പുറത്തിറങ്ങണമെങ്കിൽ ഇനിയും എത്ര വർഷം, മാസം, ആഴ്ച കഴിയണം! അന്നു് ജയിൽമോചിതനായി ചെല്ലുമ്പോഴൊ? ആ പുതിയ ലോകവുമായി എനിക്കു പൊരുത്തപ്പെടുവാൻ ആവുമോ? അത്ര സ്നേഹവും വിശ്വാസവും ഉള്ള ഭാര്യയ്ക്കു് അനുയോജ്യനായ ഒരു ഭർത്താവായിരിക്കുവാൻ എനിക്കു കഴിയുമോ? അവൾ അർപ്പിക്കുന്നിടത്തോളം സ്നേഹം തിരിച്ചു നല്കുവാൻ എനിക്കുണ്ടായിരിക്കുമോ?

“അവസാനമായി കിട്ടിയ എഴുത്തിലും ആശ പറയുന്നു, അവൾ എന്നെ സ്നേഹിക്കുന്നുവെന്നു്. എന്നോടുള്ള സ്നേഹത്തിനു് ഒരു ക്ഷയവും വരികയില്ലെന്നു്. ജീവിത

ത്തിൻെറ അന്ത്യംവരെ എനിക്കുവേണ്ടി കാത്തിരിക്കു മെന്നു്!

"അനിശ്ചിതമായ ഒരു ഭാവിയെ സ്വപ്നംകണ്ടുകൊണ്ടു് അവൾ എന്തിനു ജീവിക്കണം? അവൾ മറ്റാരെയെങ്കിലും വിവാഹം കഴിച്ചു്, സുഖമായി ജീവിക്കണം. ഒരു ഭാര്യയും അമ്മയും ആകാനുള്ള അവളുടെ അവകാശം എന്തിനു നിഷേധിക്കണം! ഭാവി നദ്ക്കുവേണ്ടി എന്തെല്ലാം യാതനകൾ ഒതുക്കിവച്ചിരിക്കുന്നു എന്നു് ആക്കറിയാം! എങ്കിലും, എൻെറ ബഞ്ചമിൻ, അവളുടെ കത്തുകൾ എനിക്കു് ആശ്വാസപ്രദങ്ങളാണു്. എനിക്കു ജീവിതത്തിൽ ആശയും ധൈര്യവും തരുന്നതു് ആശയുടെ കത്തുകളാണു്. എൻെറ മനസ്സു തളരുമ്പോൾ അവളുടെ വാക്കുകൾ ഞാൻ ഓർമ്മിക്കും. പ്രേമസംപൂർണ്ണമായ ആ ഹൃദയത്തിൻെറ ഓരോ തുടിപ്പും ഞാൻ കേൾക്കും. സംശുദ്ധമായ പ്രേമം! നിസ്വാത്ഥമായ പ്രേമം! നഷ്ടപ്പെട്ട ജീവശ്ശക്തി മുഴുവൻ ഞാൻ അവളുടെ ഹൃദയത്തിൽനിന്നു സംഭരിക്കുന്നു.

"എന്നിരുന്നാലും, ഞാൻ സ്വാത്ഥനാകരുതു്. ഒരു യുവതിയുടെ ഭാവിയും ജീവനും ഞാൻ നശിപ്പിക്കുകയില്ല. എൻെറ സുഹൃത്തു് എനിക്കു് ഒരു സഹായം ചെയ്യണം; ഇവിടെനിന്നു പുറത്തുപോയാൽ ആദ്യത്തെ സൗകര്യമുപയോഗിച്ചു് ബഞ്ചമിൻ ആശയുടെ വീട്ടിൽ പോകണം. എന്നെ മറക്കാൻ എനിക്കുവേണ്ടി ബഞ്ചമിൻ അഭ്യത്ഥിക്കണം. ഈ കണ്ണീരിൻെറ സാക്ഷിയായി ആശയോടു് എൻെറ വേദനമുഴുവൻ അറിയിക്കണം. അവൾ സുഖമായി, ഒരു കുടുംബിനിയായിക്കഴിയുന്നതു കാണാൻ, അറിയാൻ, ഞാൻ ആഗ്രഹിക്കുന്നു."

ഇത്രയും പറഞ്ഞിട്ടു് ഒരു മേൽവിലാസം പറഞ്ഞു.

പക്ഷേ, അതു പറഞ്ഞുതീർന്നതോടെ, ഭാർഗ്ഗവൻ എൻെറ തോളിലേക്കു ചരിഞ്ഞു. കണ്ണുനീരിൻെറ ചൂടു് എൻെറ കഴുത്തും ചുമലും അറിഞ്ഞു; ആ നെഞ്ഞിടിപ്പിൻെറ ഗതിവേഗം എൻെറ ചെവികളറിഞ്ഞു.

* * *

ഞാൻ വീട്ടിലെത്തിയ പിറേറദിവസം ഭാർഗ്ഗവൻെറ പ്രേമഭാജനത്തെക്കാണ്മാൻ യാത്രയായി. എന്നോടു പറഞ്ഞ മേൽവിലാസക്കാരിയെ കണ്ടുപിടിച്ചാൽ, അവർ ആശയുടെ വീട്ടിലേക്കു് എന്നെ കൂട്ടിക്കൊണ്ടുപോകുമെന്നാണു ഭാർഗ്ഗവൻ എന്നോടു പറഞ്ഞിരുന്നതു്. സന്ധ്യയ്ക്കു് ഒരു അല്പംമുമ്പു് ഞാൻ അവരുടെ വീട്ടിലെത്തി. അവക്കു് എൻെറ മൂത്ത സഹോദരിയുടെ പ്രായമുണ്ടു്. വാത്സല്യപൂർവ്വം എന്നെ സ്വീകരിച്ചു. ഭാർഗ്ഗവനെപ്പററിയുള്ള വിവരം ഞാൻ അവരോടു പറഞ്ഞു. ഭാർഗ്ഗവൻെറ ആശയെ നേരിട്ടു കണ്ടു് ഒരു വിവരം അറിയിക്കാനുണ്ടെന്നു ഞാൻ പറഞ്ഞവസാനിപ്പിച്ചു. "ആശയെ വിളിക്കാമല്ലോ; തൊട്ടുതെക്കേതാണു് അവളുടെ വീടു്." അവർ എഴുന്നേററു തെക്കുവശത്തേക്കു പോയി. ഞാൻ ഏകാകിയായി അവിടെ ഇരുന്നു. മററാരും അവിടെ ഇല്ല. ഭാർഗ്ഗവനോടുള്ള എൻെറ സ്നേഹാദരങ്ങൾ പ്രകടിപ്പിക്കാനുള്ള ഒരു മുഹൂർത്തം സമാഗതമാവുകയാണു്. ഭാർഗ്ഗവൻെറ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ പ്രാപിച്ച ആ ചാരിത്രവതിയെ കാണ്മാൻ എൻെറ കണ്ണുകൾ കൊതിച്ചു. ഭാർഗ്ഗവൻ എത്ര ഭാഗ്യവാൻ!

"ആശ ഇതാ വരുന്നു."

അവരുടെ തൊട്ടുപുറകിൽ ഗർഭിണിയായ ഒരു യുവ

തിയെ ആണു ഞാൻ കണ്ടതു്. ഞാൻ അത്ഭുതപ്പെട്ടു പോയി!

അവർ പറഞ്ഞു: "ആശേ, ഈ വന്നിരിക്കുന്നതു് മിസ്റ്റർ ബെഞ്ചമിനാണു്. ആറുമാസം ജയിലിലായിരുന്നു; ഭാർഗ്ഗവനോടുകൂടി ഒരേമുറിയിൽ. ഭാർഗ്ഗവൻ നിനക്കായി എന്തോ പ്രത്യേകസന്ദേശം കൊണ്ടുവന്നിട്ടുണ്ടു്... ഞാൻ ബെഞ്ചമിനു് ഒരു കപ്പു കാപ്പി ഉണ്ടാക്കിക്കൊണ്ടു വരാം. നിങ്ങൾ ഇവിടിരുന്നു സംസാരിച്ചുകൊള്ളു."

എൻെറ കാതുകൾ എന്നെ തെറ്റിച്ചോ? കണ്ണുകളും എന്നെ തെററിക്കുകയാണോ? വല്ലാതെ ഞാൻ സംഭ്രമിച്ചു. ഇതുതന്നെയോ ആശ? മിനിയാന്നു രാത്രി ഇരുളിലിരുന്നു വഞ്ചിച്ച കഥാനായിക! ചാരിത്രവതി! കുലീന! നിസ്വാർത്ഥജീവി! ഭാർഗ്ഗവൻെറ പ്രേമഭാജനം! സംഭാഷണം സമാരംഭിക്കുന്നതിനു് ഒരു വാക്കു ഞാൻ തപ്പിത്തിരയുകയാണു്. കൊത്തിവച്ച പാവപോലെ ഞാൻ ഇരുന്നുപോയി.

"ഭാർഗ്ഗവനു വിശേഷമൊന്നുമില്ലല്ലോ? മിനിയാന്നു നിങ്ങൾ തമ്മിൽ പിരിഞ്ഞു? ഭാർഗ്ഗവനു സുഖംതന്നെയാണല്ലോ?" ആശ ആവേശത്തോടെ ചോദിച്ചു.

ഞാൻ മറുപടി പറഞ്ഞില്ല. എൻെറ ചുണ്ടുകൾ ചലിക്കുന്നില്ല.

അവൾ തേങ്ങിത്തേങ്ങിക്കരയാൻ തുടങ്ങി. ഹൃദയം പൊട്ടിപ്പോകുന്നവിധത്തിൽ ആ കരച്ചിൽ തുടന്നു. പെട്ടെന്നതു നിന്നു. എന്നെ നോക്കി ചോദിച്ചു:

"മിസ്റ്റർ ബഞ്ചമിൻ! നിങ്ങൾ എന്നെ വെറുക്കുന്നു, അല്ലെ? ഞാൻ ഒരു വഞ്ചകി ആണെന്നു നിങ്ങൾ കരുതുന്നു."

"എനിക്കു് അറിഞ്ഞുകൂടാ." മനഃപൂർവ്വമാണു ഞാൻ പറഞ്ഞതു്.

കുറേനേരത്തേക്കു് ആരും ഒന്നും മിണ്ടിയില്ല. ആശ സാരിയുടെ അററംകൊണ്ടു കണ്ണുനീർ തുടച്ചു. ശാന്തമായി അവൾ പറഞ്ഞു:

"ഭാഗ്ഗവൻ എന്നെ അറിയിക്കാൻ പറഞ്ഞിട്ടുള്ളതു് എന്താണെന്നു് എനിക്കറിയാം. അദ്ദേഹത്തെ ഞാൻ മറക്കണം. ഞാൻ മറ്റാരെയെങ്കിലും വിവാഹം കഴിക്കണം. ഭാഗ്ഗവൻെറ മറുപടികളിൽ ഈ രണ്ടു കാര്യമേ എപ്പോഴും ഉണ്ടായിരുന്നുള്ളു. ഇക്കഴിഞ്ഞ അഞ്ചുമാസമായിട്ടു് ഈ രണ്ടു കാര്യമേ എന്നോടു് ആവത്തിച്ചു പറയാറുണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്റെ അഭിലാഷങ്ങളിൽ—അല്ല ആജ്ഞയെന്നുതന്നെ പറയട്ടെ!—രണ്ടാമത്തേതു് ഞാൻ സ്വീകരിച്ചു. മിസ്റ്റർ ബഞ്ചമിൻ! നോക്കണം, രണ്ടുമാസത്തിനകം ഞാൻ ഒരമ്മയാകും. എന്നാൽ ഭാഗ്ഗവൻെറ ആജ്ഞയുടെ ആദ്യഭാഗം എനിക്കു് അനുസരിക്കുവാൻ സാദ്ധ്യമല്ല. എനിക്കു ഭാഗ്ഗവനെ മറക്കാനാവില്ല. ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു. എന്നെക്കാളും അധികമായി ഞാൻ ഭാഗ്ഗവനെ സ്നേഹിക്കുന്നു."

എൻെറ സ്വരം പരുഷമായി: "അങ്ങനെ എങ്കിൽ നിങ്ങൾ എന്തിനു വിവാഹം ചെയ്തു. ഭാഗ്ഗവനുവേണ്ടി മരണംവരെ കാത്തിരിക്കും എന്നു് ആഴ്ചതോറും എഴുതി അയച്ചു. പച്ചക്കള്ളം തുടച്ച്യായി പറഞ്ഞു് ഒരു പാവപ്പെട്ട തടവുകാരനെ ചതിക്കുക! അവസാനമില്ലാത്ത കാത്തിരിപ്പിൻെറ ഭീകരരൂപം ഞാൻ കാണുന്നു. ഈ വഞ്ചന എന്തിനു്? മനുഷ്യനു ചേന്നതല്ല. സ്ത്രീകൾക്കു ചേന്നതല്ല. നിങ്ങൾ എഴുതിയ ഓരോ വാക്കും, ഓരോ അക്ഷരവും എൻെറ ആത്മമിത്രം വിശ്വസിച്ചു. അത്ര

ക്രുദ്ധനായ ഒരു മനുഷ്യനെ ഇങ്ങനെ ചതിക്കുവാൻ നിങ്ങൾക്കു എങ്ങനെ ധൈര്യംവന്നു? ലക്ഷത്തിലൊരാളെ ഭാർഗ്ഗവനു തുല്യനായി കാണാൻ കഴിയുകയില്ലാ, സഹോദരീ!''

എന്റെ ദൃഷ്ടികളിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു് ആശ ചോദിച്ചു:

''മിസ്റ്റർ ബഞ്ചമിൻ! ഒന്നു പറയണം. പാവപ്പെട്ട ഒരു ഹിന്ദുകുടുംബത്തിലാണു് എൻെറ ജനനം. താഴ്ന്ന ജാതി! വിവാഹപ്രായമെത്തിയിട്ടു് എത്രനാൾ എനിക്കു കാത്തിരിക്കാൻ കഴിയും? ആലോചിച്ചു പറയണം. ഞാൻ അഞ്ചുവഷം കാത്തിരുന്നു. കണ്ണുനീരൊഴുക്കിയും, കള്ളക്കാരണം പറഞ്ഞും എൻെറ വിവാഹാലോചനകൾ ഞാൻ തടഞ്ഞു. എത്രനാൾ നീട്ടിക്കൊണ്ടുപോവാൻ കഴിയും, സ്നേഹിതാ? ഭാർഗ്ഗവൻ ജയിലിൽ, ദീർഘകാലശിക്ഷയനുഭവിച്ചു കഴിയുന്നു. എത്ര സുര്യാസ്തമയങ്ങൾ ഞാൻ എണ്ണി! ഇനി എത്ര എണ്ണിയാൽ എന്റെ ചന്ദ്രൻ ഉദിക്കും? എൻെറ മാതാപിതാക്കളുടെ മുമ്പിൽ എനിക്കു് ഉത്തരംമുട്ടി.

''ആ വേദനകൊണ്ടായിരിക്കും, ആദ്യം അമ്മ; പിന്നെ അച്ഛൻ! ഒന്നിനു പുറകേ ഒന്നായി മരിച്ചു. എന്റെ രക്ഷിതാവു് എൻെറ അമ്മാവൻ മാത്രമായി. എൻെറ മുമ്പിൽ രണ്ടു വഴിയേ പിന്നെ ഞാൻ തെളിഞ്ഞുകണ്ടുള്ളു. ഒന്നുകിൽ അമ്മാവൻ നിശ്ചയിച്ച ആളിനെ വിവാഹംകഴിക്കണം. അല്ലെങ്കിൽ ആത്മഹത്യചെയ്യണം. ആത്മഹത്യചെയ്യാനായിരുന്നു എൻെറ ആദ്യതീരുമാനം. പക്ഷേ, ഞാൻ ഒന്നു വിചാരിച്ചു. ഞാൻ മരിച്ചു എന്നറിഞ്ഞാൽ പിന്നെ ഭാർഗ്ഗവൻ ജീവിച്ചിരിക്കുക ഉണ്ടാവില്ല. ഗൂഢമാർഗ്ഗത്തിലൂടെ ഞാൻ അയച്ചുകൊണ്ടി

രുന്ന എഴുത്തുകളാണ ഭാർഗ്ഗവനെ ആ ഇരുളിൽ ജീവി പ്പിക്കുന്നതു് എന്നു് എനിക്കറിയാമായിരുന്നു. എൻെറ പ്രേമസമ്പൂർണ്ണമായ ഹൃദയം കണ്ടുകൊണ്ടാണ ഭാർഗ്ഗവൻ ആ കാരാഗൃഹത്തിൽ കഴിയുന്നതു് എന്നു് എനിക്കു ദൃഢ വിശ്വാസമുണ്ടു്. ഞാൻ ഭാർഗ്ഗവനെ അത്രയ്ക്കു സ്നേഹിക്കു ന്നു. എൻെറ സ്നേഹത്തിൻെറ ആഴം ഈശ്വരനേ അറി ഞ്ഞുകൂടൂ. ഞാൻ ഇങ്ങനെ ജീവിക്കുന്നതു ഭാർഗ്ഗവനുവേണ്ടി യാണു്. ഭാർഗ്ഗവൻ ജീവിക്കണം. എനിക്കുവേണ്ടിമാത്ര മല്ല. ആ നരകയാതനകൾക്കുള്ളിലും ഭാർഗ്ഗവൻ ജീവിക്കണം. നമ്മെ എല്ലാം പെററ മാതൃഭൂമിക്കുവേണ്ടി ഭാർഗ്ഗവൻ മരി ക്കാതിരിക്കണം. വെറും വികാരജീവിയാണ ഭാർഗ്ഗവൻ. നിസ്സാരകാര്യങ്ങൾകൊണ്ടു് ആ മനസ്സു് തളൎന്നുപോകും. ഞാൻ സ്നേഹിക്കുന്നുവെന്നുള്ള വിചാരം മതി അദ്ദേഹ ത്തെ സന്തോഷിപ്പിക്കുവാൻ; സമാധാനിപ്പിക്കുവാൻ. എന്തൊരു വലിയ മനുഷ്യനാണ ഭാർഗ്ഗവൻ!"

"പക്ഷേ, ജയിൽജീവിതം കഴിഞ്ഞു പുറത്തുവരു മ്പോൾ! ഈ സത്യം അറിയുമ്പോൾ?..." ഞാൻ പതി ഞ്ഞ സ്വരത്തിൽ ചോദിച്ചു.

"ശരിയാണു്. ഞാനും ചിലപ്പോഴതിനെപ്പററി ആലോചിക്കാറുണ്ടു്. പക്ഷേ, അതെന്നാണു്? എത്രവ ഷം കഴിഞ്ഞു്? അന്നേക്കു് എന്തെല്ലാം മാററം വരുമെ ന്നു്, എന്തു സംഭവിക്കുമെന്നു് ആരറിഞ്ഞു? അങ്ങു് വള രെ അകലെയുള്ള ഭാവിയെപ്പററി അത്രവളരെ വിചാ രിച്ചു് ദുഃഖിക്കാനുണ്ടോ? ഇപ്പോഴദ്ദേഹത്തിനു മനോവി ഷമം ഉണ്ടാകരുതു്. ഇന്നത്തെ വേദനകളിൽനിന്നു ഭാർഗ്ഗ വനെ രക്ഷിക്കണം. എൻെറ വിചാരം അതുമാത്രം..."

കണ്ണുനീർപ്രവാഹം ആശയ്ക്കു തടഞ്ഞുനിർത്തുവാ നായില്ല.

"ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു..." വിദൂരതയിലേക്കു നോക്കിക്കൊണ്ടു് അവൾ പറഞ്ഞു. "ഞാൻ അദ്ദേഹത്തിനുവേണ്ടി ജീവിക്കുന്നു. എന്റെ ഭാഗ്യവനുവേണ്ടി മാത്രം...എല്ലാററിനും എന്റെ സാക്ഷിയായി ഈശ്വരനുണ്ടു്..."

അടുത്തുള്ള ക്ഷേത്രത്തിലെ ശംഖനാദം മുഴങ്ങി. നേരം ഇരുട്ടിത്തുടങ്ങിയിരിക്കുന്നു. വേലിക്കുപുറത്തു്, "അമ്മാ! പിച്ചതരണം. ഒരുപിടിച്ചോറു് ഇന്നു കിട്ടിയില്ല അമ്മാ," എന്നു് ഒരു ഭിക്ഷു നീട്ടിവിളിക്കുന്നു.

ആശ പറഞ്ഞവസാനിപ്പിക്കുകയാണു്: "ഇതാ നോക്കൂ, ഈ ആഴ്ചത്തെ എഴുത്തു ഭാഗ്യവനു് എഴുതിത്തീർത്തതേയുള്ളൂ." മടിയിൽനിന്നു് ഒരു കടലാസു് എടുത്തു് എന്റെ നേരെ നീട്ടി. ക്രൂരമായ ഒരു മന്ദഹാസം ആ മുഖത്തു വ്യാപിക്കുന്നതായി ഞാൻ കണ്ടു. "മിസ്റ്റർ ബഞ്ചമിൻ! ഇതിലെ അവസാനത്തെ വരി വായിച്ചുനോക്കാം."

ഞാൻ അറിയാതെ ആ എഴുത്തു വാങ്ങി. അവസാനത്തെ വരിയിൽ എന്റെ കണ്ണു ചെന്നെത്തി: "എന്റെ ഹൃദയമേ! അങ്ങേയ്ക്കുവേണ്ടി ആശ കാത്തിരിക്കുന്നു. അവസാനംവരെ, അങ്ങയുടെ ആശ അങ്ങേയ്ക്കുവേണ്ടി കാത്തിരിക്കും."

# ശിമിത്തേരി

ആ ശവപ്പുര നിന്ന ഭാഗത്തിനു 'ശിമിത്തേരി' എന്ന പേരാണു ഞങ്ങൾ കൊടുത്തിരുന്നതു്. ആശുപത്രിക്കെട്ടിടം അതിവിശാലമായ ഒരു പറമ്പിലാണു്. ആ പറമ്പിൻെറ ഒരു ഒഴിഞ്ഞ കോണിലാണു് ആ ചെറിയ 'ഷെഡ്ഡ്'. തൊട്ടടുത്തു് ആശുപത്രിയുടെ പൊക്കമുള്ള പുറമതിൽ. കാട്ടുചെടികൾ ആ ഷെഡ്ഡിന്റെ ചുറ്റും വളരുന്നുണ്ടു്. ഇടയ്ക്കിടെ ഇലകൊഴിഞ്ഞ ചില വൃക്ഷങ്ങളും. ആകപ്പാടെ അവിടം ഏകാന്തഭീകരമായിരുന്നു.

മനുഷ്യജീവികൾ ഉപേക്ഷിച്ച ഇടം. മനുഷ്യരും മരണവും ഉപേക്ഷിച്ച ജഡങ്ങൾക്കുവേണ്ടി ഒഴിച്ചിടപ്പെട്ട ഒഴിഞ്ഞ കോണാണു് അവിടം. ദിവസങ്ങളും മാസങ്ങളും വഷങ്ങളും ഈ ഭൂമിയിൽ ജീവിച്ച മനുഷ്യൻ, ഭേദമാകാത്ത, ഒഴിഞ്ഞുമാറാത്ത രോഗങ്ങളുടെ അതിവേദന സഹിക്കാനാവാതെ, അന്തിമമായ സമാശ്വാസം മരണത്തിലാണെന്നു വിശ്വസിച്ചു്, അങ്ങോട്ടു പോകുവാൻ അഭിലഷിച്ചിട്ടുണ്ടു്. അവസാനത്തെ വിശ്രമം ആ ഷെഡ്ഡിലാണെന്നു് അനാഥരായ രോഗികൾക്കറിയാം. ജീവിതത്തെ അവർ കെട്ടിപ്പുണരുകയല്ലായിരുന്നു. ജീവൻ അവരെ കെട്ടിപ്പുണരുകയായിരുന്നു. ജീവിതാശകൾ തകന്നു്, ശരീരശക്തി ശിഥിലമായി, ജീവിതദുഃഖങ്ങളും, വേദനകളും നീട്ടി നീട്ടി ഭൂമിയിലെ നരകത്തിൽ കഴിഞ്ഞവരാണവർ.

നനഞ്ഞ കണ്ണുകളോടുകൂടി ആ രോഗികളുടെ മദ്ധ്യത്തിൽ ഞാൻ പലപ്പോഴും നിന്നിട്ടുണ്ടു്. തകന്ന ശരീരവുമായി വേദനകളോടു മല്ലിടുന്ന ആ രംഗം. മരണത്തിൽ

നിന്നു രക്ഷപെടുവാൻവേണ്ടിയല്ല ആ മല്ലയുദ്ധം. മരണത്തെ ആകർഷിക്കുവാൻവേണ്ടി. എന്നിട്ടും മരണം അകന്നുമാറി അവരെ ക്രൂരമായി നോക്കിക്കൊണ്ടുനിന്നതേയുള്ളു.

കൊടിയ വേദന അനുഭവിച്ചിട്ടും, കുറച്ചുകാലംകൂടി ജീവിക്കാൻ ആഗ്രഹിച്ച ചിലരെ എനിക്കറിയാം. പക്ഷേ, പലരും മരണത്തിനായി ആഗ്രഹിച്ചവരാണ്. മരണംമാത്രമാണ് ആശ്വാസം നല്കുന്നതെന്നു വിശ്വസിച്ചവർ വളരെയുണ്ടു്. വേദനയറിയിക്കാതിരിക്കാൻ കഴിവുള്ള മരുന്നുകൾപോലും, അവരിൽ പലർക്കും താങ്ങുവാനാവില്ല. അത്രയ്ക്കു ക്ഷീണിതരായിരുന്നു അവർ.

ഫ്രഞ്ചുകാരിയായ ഒരു കന്യാസ്ത്രീയാണ് എന്റെ വാർഡിൽ രോഗികളെ ശുശ്രൂഷിക്കാനുണ്ടായിരുന്നതു്. ഞാൻ ഒരുവിധം അവരോടു ചോദിച്ചു: "സിസ്റ്റർ, ഈ രോഗികളുടെ വേദന സിസ്റ്ററിനെ ക്ലേശിപ്പിക്കാറില്ലേ? എല്ലാ മനസ്സമാധാനവും ഈ കാഴ്ചകണ്ടു നശിക്കാറില്ലേ? മനുഷ്യൻ എന്തിനിത്ര വേദന സഹിക്കണം. മരണംപോലും അവനാശ്വാസം നല്കാതെ അകന്നുമാറിനില്ക്കുന്നല്ലോ. എന്തൊരു മനഃപ്രയാസമാണീ കാഴ്ച!..."

മാലാഖമാരുടെ മന്ദഹാസം ആ മുഖത്തു വിരിഞ്ഞു. ഒരക്ഷരം അവർ മിണ്ടിയില്ല. ഞാൻ അതിശയിച്ചുപോയി. അവർ അവരുടെ ജോലികളിൽ മുഴകി.

ഡോക്ടർ രത്തേദവ് എല്ലാ ദിവസവും രാവിലെ വരും. അദ്ദേഹത്തെ ഞാൻ അനുഗമിക്കും. എല്ലാ രോഗികളുടെ അടുത്തും അദ്ദേഹം ചെല്ലും. മരുന്നുകൾ മാറിക്കുറിക്കേണ്ടതു കുറിക്കും. അദ്ദേഹം പ്രശാന്തനാണ്. കാരുണ്യവാനാണ്. ഒരു മധുരവാക്ക് ഓരോ രോഗിക്കുമായി അദ്ദേഹത്തിനു കൊടുക്കുവാനുണ്ടു്.

'റൗണ്ട്' അവസാനിച്ചപ്പോൾ, അരികെ നിന്നിരുന്ന സിസ്റ്റർ ആദിലെ ഡോക്ടർ രത്നദേവിനോടായി പറഞ്ഞു: "ഡോക്ടർ! നമ്മുടെ കൊച്ചു ഡോക്ടർക്ക് ഈ വാർഡ് അത്ര ഹിതമായി തോന്നുന്നില്ല. ഇവിടത്തെ രോഗികൾ അദ്ദേഹത്തിന്റെ മനഃശാന്തി നശിപ്പിച്ചു."

സിസ്റ്റർ ആദിലെ എന്റെ മുഖത്തേക്കു നോക്കി മന്ദഹസിച്ചു.

ഡോക്ടർ രത്നദേവ് തിരിഞ്ഞുനിന്നു് ഒന്നു പുഞ്ചിരിച്ചു. "എന്താണു ഡോക്ടർ, ഈ വാർഡ് തീരെ ചെറുതായിപ്പോയോ? അതോ അത്ര വലുതാണോ? ഒരുപക്ഷേ, ഡോക്ടർക്കു സിസ്റ്റർ ആദിലെയെ ഇഷ്ടമില്ലെന്നാണോ?"

അടക്കിനിത്തിയിരുന്ന എന്റെ വികാരങ്ങൾ അണപൊട്ടി. ഓരോ വാക്കും വികാരതരളിതമായിരുന്നു...

"ഡോക്ടർ! ഈ കാഴ്ചകൾ ആർക്കു സഹിക്കാൻ കഴിയും! അന്തമില്ലാത്ത, അതിഭയങ്കരമായ ഈ വേദന കണ്ടുകൊണ്ടു് എത്രനാൾ ചികിത്സിക്കാൻ കഴിയും. ഹോ! ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ—അല്ല വർഷങ്ങൾ മുഴുവൻ സഹിച്ചാലും ഈ രോഗികളുടെ വേദനയ്ക്കു് ഒരവസാനമില്ലേ? മരണംപോലും അവരെ ഒഴിഞ്ഞുമാറുകയാണു്. ഇങ്ങനെ വേദനിക്കാനാണെങ്കിൽ, ദുഃഖം അനുഭവിക്കാനാണെങ്കിൽ, ദൈവം ഇവരെ സൃഷ്ടിക്കരുതായിരുന്നു."

"ഡാക്ടർ, നിങ്ങൾ ചെറുപ്പക്കാരനാണു്." ആ സ്വരത്തിൽ അനുതാപം കലർന്നിരുന്നു. "കാലം ചെല്ലുമ്പോൾ ഇതെല്ലാം പഴകും. ഡാക്ടരുടെ പ്രായത്തിൽ ഇതുപോലെതന്നെ ഞാനും വിചാരിച്ചിട്ടുണ്ടു്, വികാരപരവശനായിട്ടുണ്ടു്. എന്നാൽ ഇപ്പോൾ..."

"ക്ഷമിക്കണം ഡാക്ടർ!" എന്റെ സ്വരം താഴ്ന്ന

തല്ലായിരുന്നു. "ഡാക്ടർ പറയുന്നതു് അതുപടി എനിക്കു വിശ്വസിക്കാനാവുന്നില്ല. ഇതെല്ലാം കണ്ടു പഴകി പാകം വന്നതാണു ഡാക്ടരുടെ മനസ്സ് എന്നും എനിക്കു വിചാരമില്ല. ഞാൻ ഒരു വിദ്യാർത്ഥിയായിരുന്നകാലത്തേ അങ്ങയുടെ പെരുമാറ്റം എനിക്കു നല്ല ഓർമ്മയുണ്ടു്. അദ്ധ്യാപകരിൽ ഏററവും ചെറുപ്പം അങ്ങേയ്ക്കായിരുന്നു. ഏററവും പ്രസന്നനും അങ്ങായിരുന്നു. ചിരിച്ചും വിനോദം പറഞ്ഞും രോഗികളുമായി കളിച്ചും അങ്ങു കഴിയുമായിരുന്നു. ഇന്നു് അങ്ങയുടെ തലയിൽ ഒരു കറുത്ത രോമമില്ലാതായി. മുഴുവൻ നരച്ചു. മുഖത്തു ചുളിവുകൾ വീണു. കണ്ണുകളുടെ പഴയ തേജസ്സും ഇന്നു കാണുന്നില്ല."

വാത്സല്യപൂർവ്വം അദ്ദേഹത്തിന്റെ കരങ്ങൾ എന്നെ വലയംചെയ്തു. "സ്നേഹിതാ!" ഒരു ദീർഘനിശ്വാസം വാക്കുകൾക്കിടയിലൂടെ ഉയന്നു. "യഥാത്ഥമായ വേദനകൾ മുഖത്തോടുമുഖം നോക്കുന്ന ഒരു ജീവിതവൃത്തിയാണു് എൻെറ സുഹൃത്തും ഞാനും തെരഞ്ഞെടുത്തതു്. നാം നിരാശയ്ക്കു വശംവദരാകരുതു്. ആയിപ്പോയാൽ, ഈ സാധുക്കളുടെ ഗതി എന്താണു്? ഇതുപോലെയുള്ള പരസഹസ്രം രോഗികളുടെ സ്ഥിതി എന്താവും? സിസ്റ്റർ ആദിലെയെ കണ്ടു പഠിക്കു സുഹൃത്തെ! അവരുടെ ആ മന്ദസ്മിതം രോഗികളുടെ മുഖത്തു പരത്തുന്ന പ്രകാശം സൂക്ഷിച്ചിട്ടില്ലേ? ശിമിത്തേരിയിലേക്കു പോകുന്നവഴിക്കും ആ രോഗികൾ പ്രസാദവാന്മാരാവുന്നതു്, ആ സിസ്റ്ററിൻെറ പ്രസന്നത കണ്ടിട്ടാണു്. അവരടുത്തു ചെല്ലുമ്പോൾ പ്രകാശിക്കാത്ത നേത്രങ്ങൾ ഏതാണു സുഹൃത്തേ!"

ഞാൻ സ്വരം താഴ്ത്തി: "എന്നാൽ അവർ മനുഷ്യസ്ത്രീയല്ല. ദേവതയാണു്. സ്വർഗ്ഗത്തിൽനിന്നു ശുദ്ധമായി ഇങ്ങു പോന്ന ദേവത!"

ഡാക്റ്റർ രത്നദേവ് പോയിക്കഴിഞ്ഞപ്പോൾ, ഞാൻ എൻെറ കസേരയിൽ ചെന്നിരുന്നു. തല ചായ്ച്ചു താടിക്കു കൈകൊടുത്തു ഞാൻ ചിന്തയിലാണ്ടു. നാലുഭാഗത്തുനിന്നും നിരാശയുടേയും വേദനകളുടേയും ഞരക്കം. വിങ്ങിപ്പൊട്ടൽ. കരച്ചിൽ. മരണവുമായുള്ള യുദ്ധത്തിൻെറ ശബ്ദമാണു് എമ്പാടും. കീഴ്പ്പെടാനുള്ള സന്നദ്ധത കാണിച്ചിട്ടും ആരെയും മരണം അടിപ്പെടുത്തുന്നില്ല.

മൃദുലമായ കരസ്പർശം അനുഭവപ്പെടുന്നതായി എനിക്കു തോന്നി. സിസ്റ്റർ ആദിലെ എൻെറ സമീപത്തു നില്ക്കുന്നു.

"ഡാക്റ്റർ!" മണിനാദംപോലുള്ള സ്വരം. "ഇങ്ങനെ മനസ്സു തളരരുതു്."

"സിസ്റ്റർ!" എൻെറ കവിളുകളിലേക്കു് അടന്നുവീണ കണ്ണീർത്തുള്ളികൾ ഞാൻ തുടച്ചു. "എൻെറ സിസ്റ്റർ, ഈ കാഴ്ച എനിക്കു കാണാൻ വയ്യ. ഞരക്കം കേൾക്കാൻ ശക്തിയുമില്ല. എനിക്കു മറേറതെങ്കിലും വാർഡിലേക്കു് ഒരു മാററം വേണം. ഞാൻ അതു വാങ്ങും."

ഒരു കസേര വലിച്ചുനീക്കി എനിക്കഭിമുഖമായി അവർ ഇരുന്നു. എൻെറ ഒരു കരം അവർ മൃദുവായി പിടിച്ചു. "ഡാക്റ്റർ! നിങ്ങളെപ്പോലെ ഞാനും ഒരു വികാരജീവിയായിരുന്നു. കഷ്ടതയും വേദനയും കണ്ടു് എൻെറ മനസ്സും ഉരുകുന്ന ഒരു കാലം ഉണ്ടായിരുന്നു. ആ ദുർബ്ബലവികാരങ്ങൾക്കു വലിയ വില ഞാൻ കൊടുക്കേണ്ടിവന്നു. ആശാനിർഭരരായി ജീവിച്ച രണ്ടു ചെറുപ്പക്കാരുടെ ജീവിതസന്തോഷം ഞാൻ തകർത്തുകളഞ്ഞു. ഞാൻ ഹൃദയംഗമമായി സ്നേഹിച്ച ഒരാളിനെ എന്നിൽനിന്നു് എന്നേക്കുമായി അകററിമാററി. അതുനിമിത്തം അകാ

ലികമായ അന്ത്യത്തിലേക്ക് ആ ജീവിതത്തെ എത്തിക്കയുംചെയ്തു."

അത്ഭുതത്തോടെ ഞാൻ അവരെ സൂക്ഷിച്ചുനോക്കി, അവിശ്വസനീയമാംവിധം. എന്നിട്ട ഞാൻ ചോദിച്ചു: "സിസ്റ്റർ! അതായത് ഒരാളെ നിങ്ങൾ പ്രേമിച്ചു. ഈശ്വരനെ പ്രേമിച്ചുകൊണ്ടല്ല, അപ്പോൾ നിങ്ങളുടെ യൗവനം ആരംഭിച്ചതു്?"

"പ്രേമം ദൈവികമാണ്." അവർ തുടൎന്നു. "അതു സംശുദ്ധിയിലേക്ക് ഉയൎത്തുന്നു. ഹൃദയത്തിന്റെ ആചാര്യനാണു പ്രേമം. കാമുകഹൃദയത്തെ അതു പരിവൎത്തനം ചെയ്യുന്നു. മനുഷ്യനെ യഥാൎത്ഥമായി നിങ്ങൾ സ്നേഹിക്കുമ്പോൾ സത്യത്തിൽ നിങ്ങൾ ദൈവത്തെത്തന്നെയാണു പ്രേമിക്കുന്നതു്. ദൈവത്തെ പ്രേമിക്കുമ്പോൾ മനുഷ്യനെ പ്രേമിക്കാതിരിക്കുവാൻ നിങ്ങൾക്കു സാദ്ധ്യമല്ല."

ഈ വേദാന്തം കേട്ട് ഞാൻ ആശ്ചര്യപ്പെട്ടുകയായിരുന്നു.

"ഡാക്ടർ, കേൾക്കണം." സിസ്റ്റർ അവരുടെ ആത്മകഥ തുടൎന്നു. "പാരീസിലെ ഒരു ആശുപത്രിയിൽ ഞാൻ ഒരു നേഴ്സായിരുന്നു. ജീൻ ആയിരുന്നു അവിടത്തെ ഡോക്ടർ. മററു യുവാക്കളിലില്ലാത്ത ഒരു പ്രത്യേകത ഞാൻ ജീനിൽ ദശിച്ചു. ഞങ്ങളോടൊപ്പം കൂടിക്കഴിഞ്ഞിട്ടും, ജീൻ ഞങ്ങളുടെ കൂട്ടത്തിലുള്ള ഒരാളല്ലായിരുന്നു. ജീൻ എന്റെ ആദരവിനു് അതിവേഗം പാത്രമായി. ഞാൻ ജീനിനെ സ്നേഹിക്കാൻ തുടങ്ങി. ജീൻ എന്നെ സ്നേഹിച്ചു. ആ ഭാവത്തിനു് ഒരു ഔൽകൃഷ്ട്യവും സംശുദ്ധിയും ഉണ്ടായിരുന്നു. മൃദുലഹൃദയനായിരുന്നു ജീൻ. മനസ്സും ശരീരവും ശക്തിയും ബുദ്ധിയും മുഴുവനായി സ്വന്തം തൊഴിലിന്നായി ജീൻ സമർപ്പിച്ചു. രാപ

കൽ ഭേദമില്ലാതെ രോഗികൾക്കുവേണ്ടി ബുദ്ധിമുട്ടും. ഉറക്കവും വിശ്രമവും ജീനിനു പ്രശ്നമേയല്ലായിരുന്നു. മനുഷ്യജീവിതത്തെ ഭീഷണിപ്പെടുത്തുന്ന മഹാരോഗങ്ങളുമായുള്ള നിരന്തരയുദ്ധം! ജീനോടൊത്തു വിശ്രമരഹിതമായി ജോലിചെയ്യുവാൻ ഞാനും ഇഷ്ടപ്പെട്ടു. ജീനിനു സമീപംനിന്നു സഹായിക്കുവാൻ ഞാൻ ഏതു സമയവും സന്നദ്ധയായിരുന്നു. മനക്ഷീണം വരുമ്പോൾ ജീനിനു് എന്റെ സാന്നിദ്ധ്യം വലിയ ഒരു പ്രചോദനമായിരുന്നു. അങ്ങനെ രോഗികൾക്കും വേദന അനുഭവിക്കുന്നവർക്കുംവേണ്ടി ഞങ്ങൾ ഒരുമിച്ചുനിന്നു സമരം ചെയ്തു.

"ഞങ്ങളുടെ വിവാഹം നിശ്ചയിച്ചു. വിവരമറിഞ്ഞു സുഹൃത്തുക്കൾ ഞങ്ങളെ അനുമോദിച്ചു; ആശീർവ്വദിച്ചു. ജീനിന്റെ അച്ഛനും, (ജീനിന്റെ അമ്മ നേരത്തെ മരിച്ചുപോയി.) എന്റെ മാതാപിതാക്കളും ഞങ്ങളുടെ നിശ്ചയം ആഹ്ലാദപൂർവ്വം അംഗീകരിച്ചു. എന്റെ സന്തോഷത്തിനു് അതിരില്ലായിരുന്നു. ഞാൻ ജീനിന്റേതാവുക; ജീൻ എന്റേതാവുക! ഇതിൽപ്പരമൊരാനന്ദമുണ്ടോ?

"ഒരുദിവസം രാവിലെ ഒരു രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ക്യാൻസർരോഗി! അന്ത്യഘട്ടമായപ്പോഴാണു് ഞങ്ങളുടെ അടുത്തു വന്നതു്. ഉപേക്ഷകൊണ്ടു് ആ നിലയിലെത്തിയതാണു്. 'കുറച്ചു ദിവസംകൂടി' എന്നു് അദ്ധ്യോക്തിയിൽ ജീൻ അവസാനിപ്പിച്ചു. പ്രവേശിച്ച ദിവസംമുതൽ രോഗി നിൎത്താതെ കരയുകയാണു്. സഹിച്ചുകൂടാത്ത വേദന. അത്ര വേദന അനുഭവിക്കുന്ന രോഗിയെ ഞാൻ അതിനുമുമ്പു കണ്ടിട്ടില്ല.

"ജീൻ തനിയെ ആയപ്പോൾ ഞാൻ അദ്ദേഹത്തിന്റെ സമീപം ചെന്നു. 'ജീൻ! ഈ വേദന ഇങ്ങനെ ഈ മനുഷ്യനെക്കൊണ്ടു് അനുഭവിപ്പിക്കുന്നതു രാക്ഷസീയമല്ലേ?' രണ്ടു കൈയും മുറുകെപ്പിടിച്ചുകൊണ്ടു ഞാൻ കരഞ്ഞു.

"എന്നെ ജീൻ തഴുകി. 'ആദിലെ! നീ ഒരു നഴ്സല്ലേ? ഞാൻ ഒരു ഡാക്ടരുമാണു്. മഹത്തായ ഒരു തൊഴിൽ നാം രണ്ടുപേരും തെരഞ്ഞെടുത്തു. ആതുരന്മാരുടെ ശുശ്രൂഷ. വേദന അനുഭവിക്കുന്നവരുടെ സേവനം. നമ്മുടെ മനസ്സു ദുർബ്ബലമാകരുതു്. ധീരമായി നാം സമരം ചെയ്യണം. രോഗങ്ങളോടു മാത്രമല്ല, നിരാശതാബോധത്തോടും ധീരമായി നാം മല്ലിടണം. നമ്മുടെ കഴിവുകൾ മുഴുവൻ ഈ സാധുവിനെ സമാശ്വസിപ്പിക്കുന്നതിനു്, സംരക്ഷിക്കുന്നതിനു്, നാം ഉപയോഗിക്കണം. ശേഷം ഈശ്വരൻെറ കൈയിൽ.'

"ആ രോഗിക്കു ഞങ്ങൾ മോർഫിയാ കൊടുത്തു. കുറച്ചുനേരത്തേക്കു് ഒരു സമാധാനം കിട്ടട്ടെ എന്നാണു് ഞങ്ങൾ വിചാരിച്ചതു്. പക്ഷേ, അതു് ഏശിയില്ല.

"കുറച്ചു ദിവസങ്ങൾകൂടി തള്ളിവിട്ടു. ഓരോ നിമിഷവും അയാൾക്കു നരകമായിരുന്നു. അയാളുടെ വേദനയ്ക്കു് ഒരു കുറവുമില്ല. മനസ്സുരുകിപ്പോകുന്ന കരച്ചിൽ. ഒരു അല്പനേരത്തേക്കെങ്കിലും ഒന്നു നില്ക്കണേ! ഇല്ല. എനിക്കു് അതു കണ്ടുകൊണ്ടു നില്ക്കുവാൻ ശക്തിയില്ലാതെയായി.

"'ജീൻ!' ഞാൻ അവസാനമായി പറഞ്ഞു: 'ഈ വേദന അവസാനിപ്പിക്കാൻ, അങ്ങേക്കു് എന്തെങ്കിലും ചെയ്യുവാനാവില്ലേ?'

"'ആദിലെ! ഇനി എന്തു ചെയ്യാൻ കഴിയും? മോർഫിയാപോലും ഫലിക്കുന്നില്ല.'

"'"അതുകൊണ്ടു് മരിക്കുന്നതുവരെ ഇങ്ങനെ ഈ വേദന സഹിക്കണമോ?' എൻെറ സഹനശക്തി നിശ്ശേഷം നശിച്ചു.

"'അതു് ഈശ്വരഹിതമാണ്.' നിർവ്വികാരനായി ജീൻ പറഞ്ഞു. 'കൂടിയാൽ ഒരു ദിവസം!'

"'ഒരുദിവസംകൂടി! അത്രയെ ഉള്ളല്ലോ. ആ നിലയ്ക്കു് ഈ വേദന ഇന്നുകൊണ്ടു് അവസാനിപ്പിക്കരുതോ? ഈ വേദന ഇങ്ങനെ അനുഭവിപ്പിക്കുന്നതു ക്രൂരമാണു്; രാക്ഷസീയമാണു്. മോർഫിയാ ഒരു അല്പം കൂടിയ ഡോസിൽ കൊടുക്കാൻ പാടില്ലേ? ഈ വേദന എന്നേക്കുമായി അവസാനിക്കട്ടെ.'

"എൻെറ കൈ മുറുകെപ്പിടിച്ചുകൊണ്ടു് ജീൻ പറഞ്ഞു: 'ആദിലെ! ഈ പാവത്തിന്റെ രോഗം നിന്റെ മനസ്സിനെ തകർത്തുകളഞ്ഞു. എങ്കിലും എന്റെ ആദിലെ! ഇങ്ങനെ നീ പറയരുതു്. കൊലയാണു നീ സൂചിപ്പിച്ചതു്! മനുഷ്യനെ കൊല്ലാനാണു് നീ പ്രേരിപ്പിക്കുന്നതു്!' എന്നെ സ്നേഹപൂർവ്വം ചുംബിച്ചിട്ടു് അടുത്ത നിമിഷം എൻെറ സമീപത്തുനിന്നും ജീൻ മറഞ്ഞു. അദ്ദേഹത്തിൻെറ ജോലികളിൽ അദ്ദേഹം മുഴുകി.

"ആ രാത്രി രോഗിയുടെ സ്ഥിതി വളരെ വിഷമത്തിലായി. കിടക്കയിൽ കിടന്നു് ഉരുളുകയും, പിരളുകയും ചെയ്തു. ഒരു ഭ്രാന്തനെപ്പോലെ അയാൾ പലതും പറഞ്ഞു. അവിടെനിന്നുയന്ന കരച്ചിൽ കേട്ടു് രോഗികൾ എല്ലാം ഉണന്നു. ചിലർ വിങ്ങിപ്പൊട്ടിക്കരയാൻതുടങ്ങി.

"'ഓ! എനിക്കു് ഇതു സഹിക്കാൻ വയ്യാ! എൻെറ ജീവൻ എടുക്കൂ. എന്നോടു ദയയില്ലേ? അയ്യോ! എന്നെ കൊന്നുകളയുക!' വിളി വീണ്ടുംവീണ്ടും മുഴങ്ങി.

"ജീൻ വാർഡിലില്ലായിരുന്നു. അടിയന്തിരമായി

ഒരു ചിറു ഞാൻ എഴുതി, ഉടനെ വാർഡിലേക്കു വരണ മെന്നു കാണിച്ചു്.

"എന്തു ചെയ്യണമെന്നു് എനിക്കറിഞ്ഞുകൂടായിരുന്നു. അതിവേദനകൊണ്ടു രോഗി കിടന്നുരുളുകയാണു്. വാവിട്ടു കരയുന്നുമുണ്ടു്. എന്തൊരു ദയനീയമായ കരച്ചിൽ! ഈശ്വരാ!

"'എന്റെ ജീവൻ എടുത്തുകൂടേ! അത്രയും സ്നേഹമെങ്കിലും എന്നോടു കാണിക്കയില്ലേ? വയ്യ! എനിക്കു വയ്യാ!' ഈ മാറെറാലി വാർഡാകെ മുഴങ്ങി.

"രണ്ടു ഗ്രെയിൻ മോർഫിയാ ഒരു സിറിഞ്ചിൽ ഞാൻ നിറച്ചു. എന്നിട്ടു്...

"അടിയന്തിരമായ ഒരു ഓപ്പറേഷൻ കഴിഞ്ഞു്, ജീൻ വാർഡിലേക്കു വന്നു.

"'ആദിലെ! പതിന്നാലാംനമ്പർ ബെഡ്ഡിലെ രോഗിക്കു സുഖമില്ല, അല്ലേ? ഇപ്പോൾ...'

"വിദൂരതയിലേക്കു നോക്കിക്കൊണ്ടു് ഞാൻ നിർവ്വികാരയായി പറഞ്ഞു: 'തീന്നു.' ജീനിന്റെ മുഖത്തു നോക്കാൻ എനിക്കു ധൈര്യമില്ലായിരുന്നു.

"'മരിച്ചെന്നാണോ നീ പറഞ്ഞതിന്റെ സാരം?' ജീൻ ചോദിച്ചു.

"'പാവം.' ജീൻ സ്വയം പറയുകയാണു്. പെട്ടെന്നു് എന്റെ നേരെ തിരിഞ്ഞു: 'ആദിലെ! സത്യം പറയൂ! മരിച്ചുപോയോ? സ്വാഭാവികമായ അന്ത്യം ആയിരുന്നോ എന്നാണു് എനിക്കറിയേണ്ടതു്.'

"'അല്ല.' എന്റെ പ്രവൃത്തി സാധൂകരിക്കാൻവേണ്ട ശക്തിയോടെതന്നെ ഞാൻ പറഞ്ഞു. 'രണ്ടു ഗ്രെയിൻ മോർഫിയാ ഞാൻ കുത്തിവച്ചു. മനുഷ്യോചിതമായി

ചെയ്യാവുന്നതു് അതു മാത്രമായിരുന്നു. അതുകൊണ്ടു ഞാൻ അതു ചെയ്തു.'

"എന്റെ മറുപടി ജീനിലുണ്ടാക്കാൻപോവുന്ന പ്രത്യാഘാതം എന്തെന്നു് എനിക്കറിയാമായിരുന്നു. ഞാൻ ചെയ്തതു് ജീനിൽനിന്നു മറച്ചുവെയ്ക്കണമെന്നായിരുന്നു, ആദ്യം ഞാൻ വിചാരിച്ചതു്. അങ്ങനെ ഞാൻ ചെയ്തേക്കുമെന്നു് ജീനിനു സംശയമുണ്ടായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തോടു സത്യംതന്നെ പറയുകയാണു വേണ്ടതെന്നു പിന്നീടു ഞാൻ നിശ്ചയിച്ചു. എന്റെ ജീവന്റെ ജീവനായിരുന്നില്ലേ ജീൻ.

"ജീൻ നിന്നിടത്തുതന്നെ നിശ്ചലപ്രതിമയായി നിന്നു. ഒരു നിമിഷം കഴിഞ്ഞില്ല. എന്റെ നേരെ, എനിക്കഭിമുഖമായി വന്നു. കരുത്തുററ കൈകളിൽ ഞാൻ ഒതുങ്ങി.

"'ആദിലേ! എന്റെ ആദിലേ! അങ്ങനെ നടന്നില്ല എന്നു് എന്നോടു പറയൂ.' ജീനിന്റെ മുഖം വിവർണ്ണമായി. എന്റെ ഹൃദയേശ്വരൻ പൊട്ടിക്കരയാൻതുടങ്ങി.

"'ജീൻ!' ഒരു നെടുവീർപ്പു് എന്റെ വാക്കുകളെ തെല്ലിട തടഞ്ഞു. 'എന്റെ പ്രിയപ്പെട്ട ജീൻ! ഈ ആദിലെ അതു ചെയ്തു. സഹിക്കാൻ എനിക്കു കഴിഞ്ഞില്ല. ജീനിനു ഞാൻ അടിയന്തിരമായ ഒരു ചിററു കൊടുത്തയച്ചു. പക്ഷേ, ജീൻ ഒരു മറുപടിപോലും കൊടുത്തയച്ചില്ല. ജീൻ തിയേറ്ററിലായിരുന്നു.' ഞാൻ ആ മാറിലേക്കു ചരിഞ്ഞു. കൊച്ചുകുഞ്ഞിനെപ്പോലെ ഞാൻ കരയാൻതുടങ്ങി.

"എന്റെ മുഖത്തു് ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു് ജീൻ അല്പനേരം നിന്നു. 'അല്ല! ഞാൻ സ്നേഹിച്ച ആദിലെ അല്ല ഇതു്. അല്ല.' എന്നെ തള്ളിമാററിയിട്ടു് ജീൻ

നടന്നുമറഞ്ഞു. 'ജീൻ! എന്റെ ജീൻ!' എന്നു വിളിച്ച് ഞാൻ പുറകെ ചെന്നു. ഞാൻ എല്ലാം വിശദീകരിച്ചു. അപേക്ഷിച്ചു. മുട്ടിൽനിന്നു പ്രാർത്ഥിച്ചു. ഒരു വാക്ക് ഉരിയാടിയില്ല. മൗനം! ക്രൂരമായ മൗനം! എന്റെ ജീൻ എന്റെ ദൃഷ്ടിയിൽനിന്ന്, എന്റെ ജീവിതപഥത്തിൽ നിന്നും അകന്നകന്നു മറഞ്ഞു.

"ജീൻ പാരീസുവിട്ടു. മാഴ്സെയിൽസിൽ ഒരു ആശുപത്രിയിൽ അദ്ദേഹം ജോലി വാങ്ങി. ഞാൻ മാഴ്സെയിൽസിലേക്ക് എഴുതി, എന്റെ അപ്പോഴത്തെ നില വിശദീകരിച്ചുകൊണ്ട്. എനിക്കു മാപ്പുതരണമെന്നപേക്ഷിച്ചുകൊണ്ട്. ഞാൻ തെറ്റുചെയ്തെങ്കിൽ അതു് എന്നേക്കുമായി മറക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്. പക്ഷേ, ജീൻ മൗനമവലംബിച്ചു. ദീർഘമായ മൗനം. ഒരു വരി മറുപടിയായി എനിക്ക് അയച്ചില്ല.

"രണ്ടു മാസം കഴിഞ്ഞു് ജീൻ മരിച്ചു. വിശ്രമമില്ലാത്ത ജോലി. നിരന്തരമായ ജോലി. ശരിയായ ഭക്ഷണമില്ലാതെ, മതിയായ നിദ്രയില്ലാതെ ദിനരാത്രങ്ങൾ കഴിച്ച ജീനിന്റെ ആരോഗ്യം തകർന്നിരിക്കുകയായിരുന്നു. വികാരജീവിയായിരുന്നു ജീൻ. ഏതു ചെറിയ കാര്യവും അദ്ദേഹത്തിന്റെ മനസ്സിന്റെ സ്വസ്ഥത നശിപ്പിക്കുവാൻ പോരുമായിരുന്നു. ഒരു മാതൃകാവനിത എന്ന് അദ്ദേഹം എന്നെ പ്രശംസിച്ചിരുന്നു. ദേവതയെപ്പോലെ ആരാധിച്ചിരുന്നു. എന്നാൽ ഞാൻ ഒരു മനുഷ്യജീവിയാണെന്ന് അദ്ദേഹം കണ്ടുപിടിച്ചു. മൂഢസ്വർഗ്ഗത്തിലായിരുന്നു താൻ ജീവിച്ചിരുന്നതെന്ന് ഒടുവിൽ അദ്ദേഹത്തിനു ബോദ്ധ്യമായി. ആ കണ്ടെത്തൽ അദ്ദേഹത്തെ സ്തംഭിപ്പിച്ചുകളഞ്ഞു.

"ജീനിന്റെ മരണവാർത്ത ഒരുദിവസം ഞാൻ അറിഞ്ഞു. അന്നു ഞാൻ പ്രതിജ്ഞയെടുത്തു, ജീൻ കാണിച്ചുതന്ന ആദർശമനുസരിച്ചു് ആതുരസേവനം ചെയ്യുമെന്നു്; ജീനിൻെറ ആത്മധൈര്യത്തോടെ ദുസ്സഹദുഃഖമനുഭവിക്കുന്ന അനാഥരെ ശുശ്രൂഷിക്കുമെന്നു്. ജീവിതം നരകമായവർക്കുവേണ്ടി, വേദന ഭാരമായവർക്കുവേണ്ടി, എന്റെ അനന്തരജീവിതം അർപ്പണംചെയ്യുമെന്നു് അന്നു ഞാൻ സത്യംചെയ്തു. ജീവിതാശയും സന്തോഷവും നഷ്ടപ്പെട്ടവർക്കായി, മരിക്കാൻ ആഗ്രഹിക്കുന്ന ആശ്രയഹീനർക്കായി, മരണം ഒഴിഞ്ഞുമാറുന്നവർക്കായി ശിഷ്ടജീവിതം സമർപ്പിക്കാമെന്നു ഞാൻ സ്വയം ശപഥംചെയ്തു.

"പാരീസിലെ ആശുപത്രിയിൽവച്ചു് ആ സാധുവിനു സമാധാനമായി മരിക്കാൻ സൗകര്യം കൊടുത്തു എന്നതിൽ എനിക്കു പശ്ചാത്താപമില്ല. എന്നാൽ എന്റെ ആ പ്രവൃത്തികൊണ്ടു്, എന്നെ സ്നേഹിച്ച ജീനിനെ ഞാൻ വ്രണപ്പെടുത്തി; വേദനിപ്പിച്ചു. ഒരുപക്ഷേ, അദ്ദേഹത്തിൻെറ അകാലമരണത്തിനും ഞാൻ വഴിതെളിച്ചു. അതാണു് എന്റെ പശ്ചാത്താപകാരണം. ഒരിക്കലും ഉണങ്ങാത്ത ഒരു മുറിവു് എൻെറ ഹൃദയത്തിലുണ്ടു്. ഇന്നത്തെ എൻെറ ജോലി ആ മുറിവിൻെറ വേദന ഒട്ടൊക്കെ കുറയ്ക്കുന്നുണ്ടു്. ജീൻ ഇഷ്ടപ്പെട്ടിരുന്ന ജോലിയാണു് ഞാൻ ചെയ്യുന്നതു്. അദ്ദേഹത്തിനു് ഏററവും ഹിതകരമായ ജോലി ഞാൻ ചെയ്യുന്നു എന്നുള്ളതു് അദ്ദേഹത്തിൻെറ ആത്മാവിനു ശാന്തിനൽകും."

എൻെറ കൈ ഒന്നുകൂടി അമർത്തിയിട്ടു് അവൾ എഴുന്നേററു. സിസ്റ്റർ ആദിലെയുടെ മുഖത്തു് ഞാൻ സൂക്ഷിച്ചുനോക്കി. ആ കണ്ണുകളിൽ ജലം നിറഞ്ഞിരിക്കുന്നു. മാലാഖയുടെ പുഞ്ചിരി അടുത്തനിമിഷത്തിൽ ആ

മുഖത്തു പരന്നു. ആദിലെ അവരുടെ ജോലിക്കായി പോയി. ജോലിയിൽ മുഴുകുന്നതു് ഞാൻ നോക്കിനിന്നു.

"ഗുഡ് മോർണിംഗ് ഡാക്ടർ!" അടുത്ത പ്രഭാതത്തിൽ വാർഡിലേക്കു ചെന്നപ്പോൾ സിസ്റ്റർ ആദിലെ എന്നെ അഭിവാദനംചെയ്തു. "ഡാക്ടർ രത്നദേവ് ഇന്നു് അവധി എടുത്തിരിക്കുകയാണു്. ഇന്നു് കൊച്ചുഡാക്ടർക്കു വേണ്ട ജോലി ഉണ്ടായിരിക്കും."

"സിസ്റ്റർ! എനിക്കു് ഇഷ്ടംതന്നെ. സിസ്റ്റർ എനിക്കു വഴികാട്ടിയായുള്ളപ്പോൾ, സഹായത്തിനുള്ളപ്പോൾ, എനിക്കു് എന്തിനു മനക്ഷീണമുണ്ടാകണം!"

# മൈഥിലി

അതു് എന്റെ ഒരു ദൗർബ്ബല്യമാണു്. ഓർമ്മക്കുറവു്. വിശേഷിച്ചും മനുഷ്യരെ സംബന്ധിച്ചിടത്തോളം. അവരുടെ മുഖച്ഛായ മറന്നുപോവുക. പലരും എന്നെ തെററിദ്ധരിച്ചിട്ടുണ്ടു്. ഈ ദൗർബ്ബല്യത്തിനു നല്ല പ്രായശ്ചിത്തവും ഞാൻ നൽകേണ്ടിവന്നിട്ടുണ്ടു്. എങ്കിലും, ഈ ആളിനെക്കണ്ടിട്ടുള്ളതായി ഞാൻ നല്ലപോലെ ഓർമ്മിക്കുന്നു. മുഖം എനിക്കു സുപരിചിതമായിത്തോന്നുന്നു. ചിന്താമഗ്നനായി, സാവധാനം അദ്ദേഹം ഹോട്ടലിലേക്കു കയറിവന്നു. എനിക്കു് അഭിമുഖമായി ഇരുന്നു. എന്റെ മേശയ്ക്കുടുത്തുള്ള കസേരയേ ഒഴിഞ്ഞുകിടന്നിരുന്നുള്ളു. നേരെ ഇരുന്ന് എന്റെ മുഖത്തേക്കു് അദ്ദേഹം നോക്കിയില്ല.

പൂരിയും പൊട്ടെറ്റോയും കൊണ്ടുവരാൻ എന്റെ അടുത്തുവന്ന ഹോട്ടലിലെ വെയിറ്ററോടു ഞാൻ പറഞ്ഞു.

"സാറിനോ?" ആ വെയിററർ അദ്ദേഹത്തോടു ചോദിച്ചു.

അയാളുടെ മുഖത്തേക്കു നോക്കാതെ, "ഉം. എന്തെങ്കിലും," എന്നു് അദ്ദേഹം പറഞ്ഞു.

"പൂരിയും പൊട്ടെറേറായും ആകട്ടെ സാർ?"

"ആകട്ടെ."

വെയിററർ അദ്ദേഹത്തിന്റെ അലക്ഷ്യഭാവം കണ്ടു സൂക്ഷിച്ചുനോക്കി. ഒന്നു ചിരിച്ചുകൊണ്ടു്, എന്റെ മുഖത്തു നോക്കിയിട്ടു് പലഹാരങ്ങളെടുക്കാൻ അകത്തേക്കു പോയി.

ഞാൻ അദ്ദേഹത്തെ എവിടെവച്ചാണാദ്യം കണ്ട തു്? എങ്ങനെയാണു പരിചയം ആരംഭിച്ചതു്? എന്നാണവസാനം തമ്മിൽ പിരിഞ്ഞതു്? ഓർമ്മയുടെ പഴയ താളുകൾ ഒന്നൊന്നായി മറിച്ചു. എന്നിട്ടും തുടക്കം പിടികിട്ടുന്നില്ല.

നാല്പതിനോടടുത്ത പ്രായമുണ്ടു് അദ്ദേഹത്തിനു്. അല്പം ഇരുണ്ടനിറം, ഉറച്ചശരീരം. ഖദർഷർട്ടും മുണ്ടും ഒരു ടൗവലും. ഷർട്ടിന്റെ കീറിയ ഭാഗം ടൗവൽകൊണ്ടു മറഞ്ഞിട്ടില്ല. തലമുടിയിൽ എണ്ണമയമേ ഇല്ല. ചീകാനോ ഒതുക്കാനോ ശ്രദ്ധിച്ചിട്ടില്ല. കണ്ണിനു താഴെ നല്ല കറുപ്പു വീണിട്ടുണ്ടു്. നെടുവീർപ്പിട്ടതു് അദ്ദേഹം അറിഞ്ഞില്ല.

വെയിററർ രണ്ടു പ്ലെയിററിലായി പൂരിയും പൊട്ടറ്റോയും കൊണ്ടുവന്നു വച്ചു. അല്പം വെള്ളം കൊണ്ടുവരുവാൻ പറഞ്ഞതിനുശേഷം തല ഉയർത്തി. എന്റെ മുഖം അപ്പോഴാണു് അദ്ദേഹം കണ്ടതു്. ആദരപൂർവ്വം ഒന്നെഴുന്നേററു്, എന്നെ തൊഴുതു. വീണ്ടും കസേരയിൽ ഇരുന്നു.

“നമസ്തേ!” ദുഃഖം പൊതിഞ്ഞ ഒരു മന്ദഹാസം. ഞാൻ പ്രത്യഭിവാദനംചെയ്തു. ഞാനും ചിരിച്ചു. എന്റെ ഓർമ്മ പുതുക്കാനുള്ള വെമ്പലായിരുന്നു എനിക്കു്.

ക്ഷമാപണപൂർവ്വമാണു ഞാൻ സംഭാഷണമാരംഭിച്ചതു്: “നാം എവിടെയോവച്ചു പരിചയപ്പെട്ടിട്ടുണ്ടു്.”

“ഉണ്ടു്. ആശുപത്രിയിൽവച്ചു്.” മന്ദമായി അദ്ദേഹം തുടർന്നു. “അങ്ങു് എന്നെ മറന്നുപോയോ? ഒന്നാം നമ്പർ ബെഡ്ഡിൽ കിടന്നിരുന്ന മൈഥിലിയുടെ അച്ഛൻ. ഓർക്കുന്നില്ലേ?”

ആറുമാസംമുമ്പുള്ള ഒരു രംഗം! യവനിക ഉയർന്നു.

മൈഥിലിയുടെ രൂപം എന്റെ മുന്നിൽ വന്നു. ഓമനക്കുട്ടി! അധികദിവസം ആ കുട്ടിയെ ഞാൻ ചികിത്സിച്ചില്ല. എനിക്കു പെട്ടെന്നു സ്ഥലംമാററം കിട്ടി. പുതിയ ആശുപത്രിയും പരിസരങ്ങളും മാഞ്ഞു മറഞ്ഞു. മൈഥിലിയേയും ഞാൻ മറന്നു.

ഏഴുവയസ്സായ ആ കുട്ടി. ചൈതന്യം നിറഞ്ഞു പ്രസാദം തുളുമ്പുന്ന ആ കൊച്ചുമുഖം. ചുരുണ്ടുതുങ്ങി നെററിയിലടിഞ്ഞുകിടക്കുന്ന കറുത്ത തലമുടി. ആ പ്രസാദം മങ്ങുന്നതു് ആഴ്ചയിൽ ഒരു ദിവസമേയുള്ളു. കുത്തിവയ്ക്കുന്നതിനായി ഞാൻ സൂചിയെടുക്കുമ്പോൾ. സംപൂർണ്ണവിശ്രമത്തിനിടയിൽ ആഴ്ചയിലൊരിക്കൽ അനുഭവിക്കേണ്ട വേദന! അത്ര ചെറുപ്രായത്തിൽ ഹൃദ്രോഗം!

സ്റ്റെതോസ്കോപ്പ് വെച്ചുനോക്കുമ്പോഴെല്ലാം എന്റെ ഹൃദയം വല്ലാതെ പിടയ്ക്കുമായിരുന്നു. സാധാരണഹൃദയവുമായി മൈഥിലിയുടെ ഹൃദയത്തിനുണ്ടായിരുന്ന വ്യത്യാസം അത്ര പ്രകടമായിരുന്നു. അതിനു പുറമെ, കൂടെക്കൂടെ നൂററിരണ്ടു്, നൂററിമൂന്നു ഡിഗ്രി പനിയും ആ കുട്ടിക്കുണ്ടാകുമായിരുന്നു. പെട്ടെന്നതു താഴും. പിന്നെയും കൂടും. ഇടയ്ക്കിടെ ഒരു ചുമയും. ദേഹത്തിനു ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നതും ഞാൻ കണ്ടു. ഇതൊക്കെയാണെങ്കിലും, പ്രസന്നതയ്ക്കു് ഒരു കുറവുമില്ലായിരുന്നു.

വൈദ്യശാസ്ത്രത്തിലെ ഏററവും ആധുനികമായ എല്ലാ ചികിത്സാവിധികളും മൈഥിലിയുടെ ആയുസ്സു സംരക്ഷിക്കാൻവേണ്ടി പ്രയോഗിച്ചു. എൻെറ സഹപ്രവത്തകന്മാരായ ഡോക്ടർമാരുടേയും, സഹായകരായ സിസ്റ്റർമാരുടേയും ആർദ്രതയും അകമഴിഞ്ഞ വാത്സല്യവും മൈഥിലി സമ്പാദിച്ചു.

നാലഞ്ചാഴ്ചകൾ മാത്രമേ എനിക്ക് ആ വാർഡിന്റെ ചുമതല ഉണ്ടായിരുന്നുള്ളു. അതിനകം ഞങ്ങൾ തമ്മിൽ അത്രയ്ക്ക് ഒട്ടിച്ചേർന്നു. ഞാൻ പരിശോധനയ്ക്കു ചെല്ലുമ്പോൾ, അവളുടെ സന്തോഷം പൂർണ്ണതയിലെത്തും. കൂടുതൽ സമയം ആ ബെഡ്ഡിനരികെ നിന്നുപോകും. കുസൃതിച്ചിരിക്കിടയിൽ, അവൾ രാജകുമാരിയുടെ കഥ പറയും. രാജകുമാരി അങ്ങനെ നടന്നു നടന്നു കാട്ടിന്റെ നടുവിൽ തനിയെ ചെന്നുചേർന്നു. കാര്യം പറഞ്ഞിട്ട് 'പേടിക്കുമോ' എന്നു ചോദിക്കും. വല്ല കാരണവശാലും വൈകി ഇരുട്ടിയാണു ബെഡ്ഡിന്നരികിലെത്തുന്നതെങ്കിൽ 'പെണക്കമാ,' എന്നു പറഞ്ഞു് അല്പനേരം തിരിഞ്ഞുകിടന്നുകളയും. അടുത്തനിമിഷത്തിൽ, പൂർത്തിയാകാത്ത കഥ തുടരും. 'നേരത്തെ വന്നില്ലെങ്കിൽ രാജകുമാരിയുടെ കഥേം പറയുവേല.' എന്ന് എനിക്കു മുന്നറിവു തരും.

വ്യാഴാഴ്ചയാണ് 'ഇൻജെക്ഷൻ'കൊടുക്കുന്ന ദിവസം! ഞാൻ സിറിഞ്ച് കൈയിലെടുക്കുന്നതിനു മുമ്പ് മൈഥിലിയുടെ കണ്ണു നിറയും. ആ കരച്ചിലിനിടയിൽ ആ പിഞ്ചുശരീരത്തിൽ സൂചി കയറ്റിക്കഴിയും! മൈഥിലിക്കു വളരെ ഇഷ്ടപ്പെട്ട ഒരുതരം ലോസഞ്ചസ് ഞാൻ പോക്കററിൽ കരുതിയിരിക്കും. വിറകൈയിൽ അതു വാങ്ങും. ഒന്നു തലോടിയിട്ടു ഞാൻ വേഗം അവിടെനിന്നു പോരും. കൊടുത്ത ലോസഞ്ചസ് കൂട്ടുകാർക്കു വിതരണംചെയ്യുവാൻ മൈഥിലി പെട്ടെന്ന് എഴുനേല്ക്കുന്നതു കണ്ടുകൊണ്ടായിരിക്കും ആ മുറിയിൽനിന്നും പോരുന്നതു്. എല്ലാ മധുരസാധനവും എല്ലാവർക്കും കൊടുക്കേണ്ടതാണെന്നത്രേ ആ ഏഴുവയസ്സുകാരിയുടെ വ്രതം.

ഒരുദിവസം,വ്യാഴാഴ്ചയല്ല—ഞാൻ മൈഥിലിയുടെ

ബെഡ്ഡിനരികെ ചെന്നപ്പോൾ, ആ കുട്ടിയുടെ അമ്മയും വാർഡ്സിസ്റ്ററും മാത്രമല്ല അവിടെയുണ്ടായിരുന്നതു്. മൈഥിലിയുടെ ഒരു കൊച്ചു ചേച്ചിയുംകൂടി വന്നിട്ടുണ്ടു്. "ഡാക്കർ! ഇതെൻെറ കൊച്ചേച്ചി!" എന്നു പരിചയപ്പെടുത്തുവാൻ തുടങ്ങിയപ്പോൾ, അമ്മ ചിരിച്ചുകൊണ്ടു് ഇടയ്ക്കു പറഞ്ഞു: "കേട്ടോ! ഡാക്കർ! മൈഥിലിയുടെ ആഗ്രഹം! സിസ്റ്ററിനോടു് അവൾ പറയുകയാണു്, അമ്മ സമ്മതിച്ചാൽ, അവൾ ഡാക്കരെ കല്യാണംകഴിക്കുമെന്നു്!" ആരും പ്രതീക്ഷിച്ചില്ല. മൈഥിലി ഇതു കേട്ടു പൊട്ടിക്കരയാൻ തുടങ്ങി. ആ കൊച്ചു ഹൃദയത്തിൻെറ അഭിമാനത്തെ അവളുടെ പെറ്റമ്മതന്നെ ക്ഷതപ്പെടുത്തി. ആ വിചാരഗതി അമ്മതന്നെ പരസ്യമാക്കിക്കളഞ്ഞു.

ഞാൻ മൈഥിലിയുടെ കവിൾത്തടം തലോടിക്കൊണ്ടു പറഞ്ഞു: "ഈ അമ്മെ, നമുക്കു് ആ രാജകുമാരിയുടെ കൂടെ കാട്ടിലയയ്ക്കണം. ഇനി കരയരുതു്. മൈഥിലിക്കു നല്ല ഒരു രാജകുമാരനെ ഞാൻ കൊണ്ടുവന്നുതരാം."

ഇതുപോലെ നൂറുനൂറു കൊച്ചു സംഭവങ്ങൾ എൻ്റെ സ്മരണയിൽ വന്നു. ഞാൻ ഉൽക്കണ്ഠയോടെ അവളുടെ അച്ഛനോടു ചോദിച്ചു:

"മൈഥിലി സുഖമായിരിക്കുന്നല്ലോ? ഞാൻ അന്വേഷിച്ചതായി പറയണം. ഒരു പെട്ടി ചോക്കലേറ്റുമായി ഞാൻ അങ്ങോട്ടു വരുന്നുണ്ടെന്നു് അറിയിക്കണം. സ്ഥലംമാറിപ്പോന്നതിനുശേഷം തീരെ സമയം കിട്ടിയില്ല..."

അദ്ദേഹത്തിൻെറ കണ്ണുകൾ നിറഞ്ഞു. വാക്കുകൾ ഒരുമിച്ചുചേക്കുവാൻ ആ വിറയ്ക്കുന്ന ചുണ്ടുകൾ ബദ്ധപ്പെടുന്നതു് എനിക്കു കാണാമായിരുന്നു. നീർച്ചാലുകൾ കവിൾത്തടങ്ങളിലേക്കു് ഒഴുകി!

"ആ രാത്രി...അവിടന്നു സ്ഥലംമാറ്റമായി പോയ രാത്രി..."

നെട്ടവീർപ്പുകൾ ആ വാക്കുകൾ തടഞ്ഞു.

എന്റെ മനസ്സിൽനിന്നു് എന്തോ പറന്നകന്നതു പോലെ എനിക്കു് അനുഭവപ്പെട്ടു. വാത്സല്യത്തിന്റെ സ്മരണകൾ നിറഞ്ഞിരുന്ന മനസ്സു നിശ്ശൂന്യമായി. ഞാൻ പെട്ടെന്നു് എഴുന്നേററു. ആ മേശപ്പുറത്തു വച്ചിരുന്ന രണ്ടു ബില്ലും ഒരുമിച്ചു് എടുത്തു. കൗണ്ടറിൽ ചെന്നു് ബില്ലുകൾ കാണിച്ചു. രൂപാ കൊടുത്തു. ബാക്കി തന്നതു യാന്ത്രികമായി കൈയിൽ വാങ്ങി. 'മൈഥിലി'...ഞാൻ റോഡിലേക്കു് ഇറങ്ങി. എന്റെ കണ്ണീർ തുടയ്ക്കുന്നതു് ആൾക്കൂട്ടം കണ്ടില്ല.

# ദൈവകോപം

"ഓമനേ! എനിക്കു മാപ്പുതരൂ...എനിക്കു മാപ്പു തരൂ. എന്റെ ഹൃദയം തകരുന്നു..." പരുഷമല്ലാത്ത ഒരു പുരുഷശബ്ദം ചെവിയിൽ വന്ന് അടിച്ചു. അതോടെ എന്റെ ഏകാന്തചിന്തയുടെ തന്തുവും തകർന്നു.

അന്നു പതിവിൽ വളരെ താമസിച്ചാണു ഞാൻ കടപ്പുറത്തുനിന്നും മടങ്ങിയത്. തിരകൾ ഇളകിമറി ഞ്ഞു മലപോലെ ഉയരുന്നതു ഞാൻ കണ്ടു. കടലിനും സഹിക്കാനാവാത്ത വേദനയോ? ഞാൻ സംശയിച്ചു. കാററ് ഊററമായി അടിച്ചുതുടങ്ങി. മഴ അടർന്നുവീഴ മോ എന്നു ഞാൻ ഭയപ്പെട്ടു. തിരകളുടെ ശബ്ദവും കാറ്റി ൻെറ ഗർജ്ജനവുംതമ്മിൽ മത്സരിക്കാൻ തുടങ്ങുകയാണ്. ആകാശത്തെ നക്ഷത്രജാലം മുഴുവൻ, മേഘപടലത്തിനു ള്ളിൽ ഭയന്ന് ഒതുങ്ങി. അങ്ങകലെ ഉയരത്തിൽ ഇടി വെട്ടുന്നു. കടൽക്കരയിൽനിന്ന് എല്ലാവരും പൊയ്ക്കഴി ഞ്ഞു. മിന്നലിനു കൂട്ടു ഞാൻമാത്രം.

പ്രകൃതിയുടെ വിക്ഷോഭം എത്രവേഗം പ്രപഞ്ച ത്തെ അന്ധകാരത്തിലാക്കിയിരിക്കുന്നു! ഇനി ഇവിടെ ഇരിക്കുന്നത് അപകടമാണ്. ഏകാന്തശൂന്യമായ വഴി യിലൂടെ അല്പം ഉൾക്കിടുക്കത്തോടെയാണ് ഞാൻ പദം വച്ചു മുന്നോട്ടു നീങ്ങുന്നതു്. വീട്ടിലെത്തുവാൻ ഏറെ ദൂ രമുണ്ട്!

അധികദൂരം ഞാൻ നടന്നില്ല. ഒരു വിങ്ങിക്കര ച്ചിൽ അടുത്തടുത്തു കേട്ടു. യഥാർത്ഥത്തിൽ ഞാനതിനോട്ട് അടുക്കുകയാണ്. എന്റെ കൈയിലിരുന്ന ടോർച്ച് ഞാൻ തെളിച്ചു. റോഡരികിലുള്ള വൃക്ഷച്ചുവട്ടിൽനിന്നാണ്

ആ കരച്ചിൽ കേൾക്കുന്നതു്. ഒന്നുകൂടെ ഞാൻ ലൈററു തെളിച്ചു.

ഒരു ഭിക്ഷക്കാരൻ! കാഴ്ചയിൽ വികൃതനല്ല. എങ്കിലും വേഷം വൃത്തിഹീനമാണു്. കീറിയ തുണിക്കഷണം കൊണ്ടു് ദേഹം മറച്ചിരിക്കുന്നു. ഇടയ്ക്കിടെ നരച്ച തലമുടി. വളന്ന താടിമീശ. ആ ചുണ്ടുകൾ വിറയ്ക്കുന്നു. അയാൾ കരയുകയാണു്!

ഞാൻ ആ ടോർച്ചിന്റെ വെളിച്ചം ചുററിനും പരത്തി. പാതിരായാകാറായിട്ടും, ആ പാതവക്കത്തു് എന്തിനയാൾ ഇരിക്കുന്നു? യാത്രക്കാരാരുമില്ലാത്ത വഴിയിൽ! ഓ! അയാൾ ഏകാകിയല്ല. അഞ്ചുവയസ്സായ ഒരു പെൺകുട്ടി അയാളുടെ മടിയിൽ തളന്നുകിടന്നുറങ്ങുന്നുണ്ടു്. ഞാനടുത്തുചെന്നതു് അയാൾ അറിയുന്നില്ല. ഞാൻ ലൈററടിക്കുന്നതും അയാൾ അറിയുന്നില്ല. പൊട്ടിപ്പൊട്ടിക്കരഞ്ഞുകൊണ്ടിരിക്കുന്നു. ഞാൻ കുറേക്കൂടി അടുത്തുചെന്നു. ലൈററിൽ ആ മുഖം ഒന്നുകൂടി സൂക്ഷിച്ചു. കഷ്ടം! അയാൾ കണ്ണുപൊട്ടനാണു്! ഇരുളിന്റെ ഭയങ്കരതയും വെളിച്ചത്തിന്റെ ഭംഗിയും അയാൾക്കു് അറിഞ്ഞുകൂടാ!

"ഈ റോഡരികിൽ ഈ അസമയത്തു് എന്തിനിങ്ങനെ ഇരിക്കുന്നു? മഴ പെയ്യേക്കും. ഇവിടിരിക്കുന്നതു് അപകടമാണു്. ഇടിയും മിന്നലും?..." ഞാൻ സംസാരിച്ചതു് അയാൾ കേൾക്കുന്നുണ്ടു്. മിന്നലിനു പുറകെ ഒരു വലിയ ഇടിമുഴക്കം!

അയാൾ തല ഉയത്തി. വേദന വട്ടകെട്ടിയ ആ മുഖത്തു സന്തോഷത്തിന്റെ ഒരു കതിർ പരത്താൻ അയാൾ ശ്രമിക്കുന്നുണ്ടു്..."ഇതാണു് എന്റെ വീടു്; ഈ വൃക്ഷച്ചു

വട്ട്. ഇതിൽ കൂട്ടതലിന് ഒന്നും ഞാൻ അർഹനല്ല. എന്നാൽ എൻെറ നിർമ്മല...ഈ കുട്ടി...'' അയാളുടെ മുഖം, ആ നൈർമ്മല്യത്തിൻെറ കവിളിലേക്കു താഴ്ന്നു. ആ കുട്ടി ഉണർന്നു. അടുത്തുനില്ക്കുന്ന ഞാനും, ചുററുപാടുമുള്ള ശൂന്യതയും, ആ കുട്ടിയുടെ കണ്ണിൽപ്പെട്ടു. പക്ഷേ, അവളുടെ കണ്ണുകൾ സ്വമേധയാ അടഞ്ഞുപോയി. അതിനിടയിൽ •ആ കൊച്ചുകൈകൾ അച്ഛൻെറ കണ്ഠതലത്തിൽ ചുററി. വാത്സല്യപൂർവ്വം അന്ധനായ അച്ഛൻ അവളെ തലോടി.

'നിർമ്മല!' നല്ല പേര്. പരിഷ്ക്കാരമുള്ള പേര്! ഒരു ഭിക്ഷുവിൻെറ മകൾക്ക് എങ്ങനെ ആ പേരു വന്നു? എൻെറ വിചാരങ്ങൾ അത്ഭുതത്തിന്റെ പാതയിലാണ്. ഞാൻ ലൈററടിച്ചു വീണ്ടും ആ കൊച്ചുകുട്ടിയെ സൂക്ഷിച്ചുനോക്കി.

എന്തു കൗതുകമുള്ള മുഖം! എന്തൊരു ഭംഗി! മുഷിഞ്ഞ ഫ്രോക്കും, ചിതറിക്കിടക്കുന്ന ആ ചുരുണ്ട തലമുടിയും! സുഖസമൃദ്ധമായ ജീവിതത്തിൻെറ മടിയിൽ കിടന്നു വളർന്നതാണ് ആ കുട്ടി എന്നു വിളിച്ചറിയിക്കുന്നു. കഷ്ടപ്പാടിൻെറ കൈക്കുഞ്ഞായിരുന്നില്ല, നിർമ്മല!

എന്റെ വലംകൈ ഞാനറിയാതെതന്നെ എൻെറ പോക്കററിലേക്കു താഴ്ന്നു. അഞ്ചു രൂപയുടെ ഒരു നോട്ട് എൻെറ കൈയിൽ ഒതുങ്ങി ഉയർന്നു: ''ഇതാ! ഇത്രയേ എൻെറ പക്കലുള്ളു.'' ഞാൻ അതു ഭിക്ഷുവിൻെറ സമീപത്തേക്കു നീട്ടി.

ഞാൻ അത്ര വലിയ ഔദാര്യവാനൊന്നുമല്ല. ആരോടും അത്ര വലിയ കാരുണ്യവും എനിക്കില്ല. നിഷ്കളങ്കതയുടെ ആ പൂമൊട്ട് എൻെറ ഹൃദയത്തിൻെറ അഗാധതയിലെ ആർദ്രതയിൽ സ്പർശിച്ചു.

ആ നോട്ട കൈയിൽ വാങ്ങി. വിരലുകൾകൊണ്ടു തടവി. ''അഞ്ചു രൂപയോ? നമസ്കാരം സാർ.'' നന്ദിയുടെ സ്വരം! ഒരു നെട്ടവീർപ്പ്! തല സന്തോഷംകൊണ്ട് ഒന്നു ചെറുതായി ചലിച്ചു. ''ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ.''

മഴത്തുള്ളികൾ വീണുതുടങ്ങിയിരിക്കുന്നു.

ഞാൻ പറഞ്ഞു: ''എഴുനേല്ക്കണം; എൻെറ വീട്ടിലേക്കു ഞാൻ കൊണ്ടുപോകാം. വലിയ മഴ വരുന്നു.'' ഞാൻ ആ കുട്ടിയെ താങ്ങി എടുത്തു. എൻെറ തോളിൽ ഭിക്ഷുവിൻെറ കൈയ്യ് എടുത്തു പിടിപ്പിച്ചു. ''പുറകെ നടന്നുകൊള്ളു.''

ഞങ്ങൾ നടന്നു വീട്ടിലെത്തി. ഞങ്ങൾ ഒന്നും സംസാരിച്ചില്ല. വാക്കുകളെ, രണ്ടുപേരും അണകെട്ടി നിത്തിയതു്, പരസ്പരം പറഞ്ഞുകൊണ്ടല്ല.

കുട്ടിയെ സുഖമായി ഒരു കട്ടിലിൽ കിടത്തി. ഭിക്ഷുവും ഞാനും ഭക്ഷണം കഴിച്ചു. കൈയ്ക്കു വെള്ളം ഒഴിച്ചു കൊടുത്തു. ഞാൻ ഭിക്ഷുവിനെ പിടിച്ച് എനിക്കഭിമുഖമായി ഇരുത്തി.

''എൻെറ കുഞ്ഞു് എത്ര വഷം കൂടിയാണ് ഒരു മെത്തയിൽ കിടന്നുറങ്ങുന്നതു്! വലിയ ഉറക്കക്കാരിയാണ്... അങ്ങയോടു ഞാൻ എന്നേക്കും കടപ്പെട്ടിരിക്കുന്നു.'' ഭിക്ഷു ഹൃദയം തുറന്നുവിടുകയാണ്. ''എനിക്ക് എങ്ങനെ ഇതിനു നന്ദിപറയാൻ കഴിയും? ഞാൻ പാവമാണ്. അന്ധനുമാണ്. എങ്കിലും ഇത്രയും കാരുണ്യം ഞാൻ അഹിക്കുന്നില്ല,സാർ.'' കണ്ണുനീർ ഉരുണ്ടുരുണ്ടു വീഴുന്നതു് എനിക്കു കാണാമായിരുന്നു.

സമാശ്വസിപ്പിക്കാനുള്ള എൻെറ ശ്രമം ഫലിച്ചില്ല. ഞാൻ ചോദിച്ചു:

"ആകട്ടെ, ഈ കണ്ണുകളുടെ കാഴ്ച പോയിട്ടു് എത്ര നാളായി?"

"മൂന്നു കൊല്ലം." ഒരു ദീർഘശ്വാസംകൊണ്ടു വിരാമമിട്ടു. ഒരു നിമിഷം അയാൾ നിശ്ശബ്ദനായിരുന്നു; എന്തോ ഓർമ്മിക്കുന്ന ഭാവത്തിൽ...എന്നിട്ടു വീണ്ടും പറഞ്ഞു: "സാർ! ക്ഷമിക്കണം. എൻെറ വിധിയെപ്പററി ഞാൻ ആരോടും പരാതിപറയാറില്ല. എനിക്കു കിട്ടിയ ശിക്ഷയ്ക്കു് ഒരു പരിഭവം ആരോടുമില്ല! എങ്കിലും, എന്റെ ഹൃദയം തകരുന്നു. മറെറാന്നും ഓർത്തല്ല, എൻെറ കുഞ്ഞിനെ ഓർത്തു്. എൻെറ കുറ്റത്തിനു ശിക്ഷ എൻെറ കുഞ്ഞുകൂടി അനുഭവിക്കുന്നതു് ഓർത്തു് എൻെറ ഹൃദയം പൊട്ടുകയാണു്..."

സ്വരം ഇടറി. കവിൾത്തടം നനഞ്ഞു. എങ്കിലും അയാൾ തുടന്നു: "കേൾക്കണം സാർ! ഒരു വലിയ കൺട്രാക്ടരായിരുന്നു ഞാൻ. ഗവമ്മെണ്ടു് കൺട്രാക്ടർ. വലിയ പാലങ്ങളും കെട്ടിടങ്ങളും ഞാൻ ഗവമ്മെണ്ടിനുവേണ്ടി പണിതിട്ടുണ്ടു്. ഞാൻ പണക്കാരനായതു് അങ്ങനെയാണു്. ഞാൻ എൻെറ കൂലിക്കാരോടു് സ്നേഹമായി പെരുമാറി. അവരോടു കരുണയുള്ളവനായിരുന്നു. മുഴുവൻ കഴിവുമുപയോഗിച്ചു് അവർ എനിക്കുവേണ്ടി ജോലിചെയ്തു. എൻെറ പ്രശസ്തിയും പണവും അവർ ഉണ്ടാക്കിത്തന്നതായിരുന്നു. പുതുതായി പണിത കളക്ടറേറ്റില്ലേ, അതു ഞാൻ പണിയിച്ചതാണു്. സാറു് ആ കെട്ടിടം കണ്ടിട്ടുണ്ടല്ലോ?"

"ഉണ്ടു്. ഒന്നാംതരം കെട്ടിടം!" എൻെറ പ്രശംസയുടെ പ്രകാശം പരന്നതു് ആ മുഖത്തായിരുന്നു.

"അങ്ങനെ എത്ര കെട്ടിടം!...സാർ, ഏഴു കൊല്ലം മുമ്പാണു് ആ സംഭവം നടന്നതു്. പ...നദിയിലെ പുതിയ

പാലംപണിക്ക ഗവമെൻണ്ട് ടെൻഡർ പരസ്യംചെയ്തു. ഞാനും ടെൻഡർ കൊടുത്തു. കൺട്രാക്ട് ഒടുവിൽ എനിക്കുതന്നെ കിട്ടി. അങ്ങേക്കറിയാമല്ലോ വലിയ ഒഴുക്കുള്ള നദിയാണതു് എന്നു്. നല്ല ആഴവും അതിനുണ്ടു്. വളരെ കൂടിയ തുകയ്ക്കാണ ഞാൻ കൺട്രാക്ട് പിടിച്ചതും. എങ്കിലും, ഒരു എൺപതിനായിരം രൂപാ എനിക്ക ലാഭം കിട്ടുമെന്നു് എനിക്കു് ആത്മവിശ്വാസമുണ്ടായിരുന്നു. ശില്പസൗന്ദര്യംതികഞ്ഞ ഒരു പാലം എൻെറ സത്യസന്ധതയുടേയും നിർമ്മാണചാതുരിയുടേയും നിസ്തുലപ്രതീകമായി ലോകത്തിൻെറ മുമ്പിൽ നിലകൊള്ളുമെന്നായിരുന്നു എൻെറ സ്വപ്നം! പല കാലമായി പണിചെയ്തുവരുന്നു് അതു മകുടംചാർത്തുമെന്നായിരുന്നു എൻെറ സ്വപ്നം! പക്ഷേ, അതെല്ലാം വെറും സ്വപ്നം മാത്രമായിത്തീന്നു!

"ഞാൻ ജോലി തുടങ്ങി. വെള്ളം തടുത്തുനിർത്തി തിരിച്ചുവിടുവാൻ ഒരു ചിറപിടിക്കണമായിരുന്നു. എന്നിട്ടു വേണ്ടിയിരുന്നു പാലത്തിന്റെ കാലുകൾ ഉറപ്പിക്കുവാൻ. ആദ്യം ചിറകെട്ടി. ആറിൻെറ അടിത്തട്ടിൽ മണ്ണല്ല. ചെളി; വെറുംചെളി. കുഴിക്കുന്തോറും ഉറയ്ക്കാത്ത ചെളി. ചിറയുടെ അടിത്തറ ഉറപ്പിക്കുവാൻ വളരെ പാടുപെട്ടു. ഒടുവിൽ ചിറ വെള്ളനിരപ്പിൽ ഒരുവിധം ഉയർത്തി. പക്ഷേ, അടിയൊഴുക്കും മേലൊഴുക്കും അതിശക്തിയായിരുന്നു. ചിറ പൊട്ടി. കല്ലും മണ്ണും ഒലിച്ചുപോയി. അനേകം ആളുകളുടെ അനേകംദിവസത്തെ പ്രയത്നവും, അതിനു ഞാൻ ചെലവാക്കിയ പണവും വെള്ളം കൊണ്ടുപോയി. വെള്ളം അല്പം താഴ്ന്നപ്പോൾ വീണ്ടും ചിറപിടിക്കാൻ ആരംഭിച്ചു; ലാഭത്തിൽ കുറവുവന്നാലും ജോലി തീക്കാനുള്ള ദൃഢനിശ്ചയത്തോടെ. രണ്ടാമതും ചിറ പൊട്ടി! എന്റെ കൺട്രാക്ട്ജോലികളുടെ മേൽനോട്ടം എന്റെ

അനുജൻ ചന്ദ്രനായിരുന്നു. നെഞ്ചത്തലച്ചു് അവൻ പൊട്ടിക്കരഞ്ഞു. ചേട്ടൻകൂടി നിന്നു് ഇനിയത്തെ ജോലി ചെയ്യിക്കണമെന്നു് അവൻ അപേക്ഷിച്ചു. മററു ജോലികൾ മാററിവച്ചു മൂന്നാമത്തെ ശ്രമം എൻെറ സാന്നിദ്ധ്യത്തിൽത്തന്നെ നടത്തി. ബാങ്കിലെ ബാക്കി പണം മുഴുവനും കുറച്ചു കടം വാങ്ങിയതും ഞാൻ ചെലവാക്കി. എൻെറ മറ്റു കൺട്രാക്ടു്പണികൾ എല്ലാം നിർത്തിവച്ചു. പക്ഷേ, എല്ലാ ശ്രദ്ധയും ശ്രമവും പൊളിഞ്ഞു. മേലൊഴുക്കല്ല അടിയൊഴുക്കു്. പണി തീരാറായി. ചിറയുടെ മദ്ധ്യഭാഗത്തു് ഒരു പൊട്ടൽ. അങ്ങു് അടിയിൽനിന്നു വെള്ളം മേലോട്ടു കുമിയുകയാണു്. ചിറപൊട്ടി. ഞാൻ കടക്കാരനായി. ബാങ്കിൻെറ ഓവർഡ്രാഫ്ററിൻെറ തവണ വന്നു. പണം അടയ്ക്കാൻ എനിക്കു കഴിഞ്ഞില്ല. ചിറ കെട്ടണം. വെള്ളം തിരിച്ചുവിടണം. ചെളിക്കുഴിയിൽ പാലത്തിൻെറ കാലുകൾ ഉറപ്പിക്കണം. എന്നിട്ടു പാലത്തിൻെറ മററു പണി തുടങ്ങണം. എത്ര നാളുവേണം! എന്തു പണംവേണം! എവിടെനിന്നു കിട്ടും? ഞാൻ തളന്നുപോയി. എൻെറ പേരും പെരുമയും എല്ലാം വെള്ളത്തിൽ ലയിക്കാൻപോവുകയാണു്. കടക്കാരനായി, കുടിശ്ശികക്കാരനായി, കഴിവില്ലാത്തവനായി, ഞാൻ കൺട്രാക്ടു്രംഗത്തുനിന്നും പിന്മാറേണ്ടിവരിക! എനിക്കു ചിന്തിക്കാൻ വയ്യാതെയായി!

"എനിക്കു നേരിട്ട വിപത്തുകൾ കേട്ടറിഞ്ഞു് എൻ്റെ ഭാര്യയുടെ അച്ഛൻ എൻെറ വീട്ടിൽ വന്നു. എഴുപതോടടുത്തു പ്രായമുള്ള മനുഷ്യൻ! അദ്ദേഹത്തിൻെറ ചെറുപ്പകാലത്തു് അദ്ദേഹവും ഒരു കൺട്രാക്ടറായിരുന്നു. ഇത്രയും വലിയ തുകകൾക്കുള്ളതല്ലെങ്കിലും, കൺട്രാക്ടു്കൊണ്ടു പണമുണ്ടാക്കിയ ആളാണു്. എനിക്കു ലാഭമുണ്ടാവുന്ന

പല ഉപദേശങ്ങളും അദ്ദേഹം എനിക്കു തന്നിട്ടുണ്ടു്. ഈ തൊഴിലിൽ എനിക്കുള്ള കഴിവിന്റെ പ്രതിഫലമായിട്ടാണു മകളെ എനിക്കു കല്യാണം കഴിപ്പിച്ചുതന്നതു്.

"അദ്ദേഹത്തിന്റെ ആഗമനം തീരെ അപ്രതീക്ഷിതമായിരുന്നു. യാത്രചെയ്യാനുള്ള ആരോഗ്യം അദ്ദേഹത്തിനുണ്ടായിരുന്നില്ല. കണ്ടപ്പോൾത്തന്നെ എന്റെ പകുതി ജീവൻ എനിക്കു കിട്ടി. നിരാശയുടെ നടുവിൽ നിന്നുകൊണ്ടു ഞാൻ ചോദിച്ചു: 'ഇനി ഞാൻ എന്തു ചെയ്യും. ഞാൻ തകർന്നു. നിശ്ശേഷം തകർന്നു.'

"അദ്ദേഹം അർത്ഥവത്തായി ഒന്നു ചിരിച്ചു. 'ഇതിലും അപകടംനിറഞ്ഞ ഘട്ടങ്ങൾ ഞാൻ കടന്നുകയറിയിട്ടുണ്ടു്. അല്പം മനഃസാന്നിദ്ധ്യം വേണം. എടുത്ത നിശ്ചയം നടപ്പിൽവരുത്തുവാനുള്ള ധൈര്യവും ഉണ്ടായിരിക്കണം. ഇതൊന്നും സാരമില്ല.' അദ്ദേഹം എന്റെ മുഖം പിടിച്ചു് അടുപ്പിച്ചു. അത്യന്തം രഹസ്യമായ ഒരു നിർദ്ദേശം എന്റെ ചെവിയിൽ മന്ത്രിച്ചു. എന്നിട്ടു സമാധാനിപ്പിച്ചു: 'അതു പററും. സംശയിക്കണ്ടാ. എന്റെ അനുഭവത്തിൽനിന്നാണു് ഇതു പറയുന്നതു്. മററു് ഒരു പോംവഴിയുമില്ല.'

"എന്റെ ഞെട്ടക്കമാണു്, അവസാനവാചകങ്ങൾ കേട്ടതു്. സാർ! നിരാശയിൽ മുങ്ങിത്താഴുന്ന എനിക്കു് ആ ഒരു കച്ചിത്തുരുമ്പു മാത്രമേ ആശ്രയമായി കാണാനുണ്ടായിരുന്നുള്ളു. ഒരാളെ ആ നീർച്ചുഴിയിൽ മുക്കിത്താഴ്ത്തുക. അങ്ങനെ ആ ജലദേവതയുടെ ദാഹം അടക്കുക. കോപം ശമിപ്പിക്കുക. എന്റെ മനഃസാക്ഷിയുടെ ശാസനത്തിനെതിരായി ആ ക്രൂരകൃത്യം ഞാൻ ചെയ്യണം! എന്റെ സദ്‌വികാരങ്ങളോടു ഞാൻ എന്നേക്കുമായി വിടവാങ്ങണം. എന്നെ രക്ഷിക്കാൻ, എന്റെ മാനവും

ധനവും വീണ്ടെടുക്കാൻ...ഞാൻ അതു ചെയ്യുവാൻ അവസാനം തീരുമാനിച്ചു. ഭാര്യയുടെ അച്ഛനല്ലേ ഉപദേശിച്ചതു്. ഞാൻ അതു ചെയ്യും...

"പിറ്റേദിവസം ഞാൻ ജോലിസ്ഥലത്തു ചെന്നു. ചന്ദ്രനു പഴയ ഉത്സാഹമില്ല. അവൻ ജന്മനാ ദുർബ്ബലനാണെന്നു് എനിക്കറിയാം. നദിയുടെ കോപം ഇനിയും ആളിക്കത്തുമെന്നതന്നെയാണു് അവന്റെ ഭയം.

"'ചന്ദ്രാ, നാളെ നീ നേരത്തെ വരണം. ഞാനും വരാം. ജോലിക്കാർ വരുന്നതിനു മുമ്പു്. ചിറപൊട്ടിയ ഭാഗം ഒന്നു പരിശോധിക്കണം. നമുക്കു വെള്ളത്തിലിറങ്ങി ഒന്നു നോക്കണം. താഴെ മുങ്ങിച്ചെന്നു് ആ ഭാഗത്തു് എന്താണു കുഴപ്പമെന്നു നേരിൽ അറിയണം. ഈ വേലക്കാർ പറയുന്നതു വിശ്വസിച്ചാണു് ഇത്രവളരെപ്പണം ഈ വെള്ളത്തിൽ നാം കലക്കിയതു്. പക്ഷേ, ഇതു രഹസ്യമായിരിക്കണം കേട്ടോ! അനിയാ.'

"'ഞാൻ നേരംവെളുക്കാറാകുമ്പോൾത്തന്നെ വരാം. ചേട്ടൻ പറഞ്ഞതു ശരിയാണു്. ഈ വേലക്കാർ നമ്മെ ചതിക്കുകയായിരിക്കും.' ചന്ദ്രനും ഞാനും പിന്നെ അധികം സംസാരിച്ചില്ല.

"പിറേറദിവസം നേരം പരപരാ വെളുത്തപ്പോൾ ഞാൻ ജോലിസ്ഥലത്തെത്തി. ചന്ദ്രൻ എന്നെ കാത്തു നില്ക്കുകയായിരുന്നു. എന്റെ ഷർട്ടും ബനിയനും ഊരി. മുണ്ടു തറുടുത്തു. ചന്ദ്രൻ വെള്ളത്തിലിറങ്ങാൻ അതിനു മുമ്പെ തയ്യാറായി. ഒരു മനുഷ്യജീവിയെ വേറെ കാണാനില്ല.

"ഞങ്ങൾ വെള്ളത്തിലേക്കിറങ്ങി. കല്ലും കുറ്റിയും സ്ഥാനത്തുനിന്നും ഇളകി മാറിനില്ക്കുന്നു.

"'ചേട്ടാ! എന്തു ഭയങ്കരമാണിതു്! എത്രനാളത്തെ

ശ്രമം! എത്ര ശ്രമം...ഈശ്വരൻ നമ്മെ കൈവിട്ടു കയില്ല.'

"'ശരിയാണനിയാ.'...ഞാൻ ചന്ദ്രൻെറ തൊട്ടുത്തായി. എൻെറ കൈയിലിരുന്ന കാരി ഒന്നു മിന്നി ത്താഴ്ന്നു...എന്റെ അനിയൻെറ കഴുത്തിൽനിന്നു പ്രവഹിച്ച രക്തം വിശുദ്ധമായ നദീജലത്തിൽ വ്യാപിച്ചു. രക്തക്കളത്തിൽ ജീവനുള്ള ഞാനും ജീവനററ എൻെറ അനിയനും.

"അവസാനത്തെ ശ്വാസം പോകുന്നതിനുമുമ്പ്, ആ നീണ്ട കൈകൾ എൻെറ കഴുത്തിൽ ചുററാൻ ഉയന്നു: 'എൻെറ ചേ—ചേ—' ആ വിളി മുഴമിച്ചില്ല.

"അയ്യോ! സാർ..." വാക്കുകൾ സ്വയം തടയപ്പെട്ടു. കണ്ണുനീർ തുടയ്ക്കാൻ ആ അന്ധൻ ശ്രമിച്ചു. അയാളുടെ അന്ധനേത്രങ്ങളുടെ മുമ്പിൽ എന്തോ രൂപം ഉയരുന്നതായിക്കണ്ടു്, അയാൾ വിറച്ചു.

"എന്റെ അനിയൻ...എന്റെ അനിയൻ!...സാർ, ഇതായിരുന്നു എൻെറ ഭാര്യാപിതാവുപദേശിച്ച മന്ത്രം! ജലദേവതയുടെ കോപം തീക്കാൻ ഒരു കുരുതി നടത്തണം. അതിനു് എൻെറ ജീവൻെറ അംശത്തെത്തന്നെ ഞാൻ തെരഞ്ഞെടുത്തു. ചിറയുടെ അടിത്തറയിൽ ഞാൻ എൻെറ അനുജൻെറ രക്തംകൊണ്ടു് അഭിഷേകം നടത്തി. എനിക്കു് എന്റെ ഭാര്യയുടെ അച്ഛനോടു് അമഷമില്ല. അദ്ദേഹം ഒരു സൂചനതന്നതേയുള്ളു. എൻെറ രക്തത്തിൻെറ രക്തത്തിനെ, മാംസത്തിന്റെ മാംസത്തെ കുരുതികൊടുക്കുവാനുള്ള ക്രൂരത എൻേറതുമാത്രമായിരുന്നു. എന്നെ വിശ്വസിച്ച, എന്നെ സ്നേഹിച്ച, എനിക്കു വേണ്ടി രാപകൽ അദ്ധ്വാനിച്ച എൻെറ അനുജനെ കൊന്ന മഹാപാതകിയാണു ഞാൻ...

"ചിറയുടെ ജോലി വീണ്ടും തുടങ്ങി. അടിത്തറ ഉറച്ചു. വെള്ളത്തിനു മീതെ പൊങ്ങി. നദിയുടെ ഗതി തിരിഞ്ഞു. എല്ലാവക്കും സന്തോഷമായി. എന്റെ ഹൃദയത്തിന്റെ മദ്ധ്യത്തിൽ ആ വേദനയുടെ തീ ഉയന്നു പൊങ്ങിയതു് ആരും കണ്ടില്ല. ഞാൻ ആരെയും അറിയിച്ചില്ല. പാലംപണി വേഗം പൂത്തിയായി!

"പക്ഷേ, ദൈവകോപം എന്നെ പിൻതുടന്നു.

"എന്റെ ഭാര്യക്കു ബുദ്ധിഭ്രമത്തിന്റെ ആരംഭമായി. വീട്ടിലെ കിണററിൽ അവൾ എടുത്തുചാടി. അവളുടെ ശവം പൊക്കിയെടുത്തു ദഹിപ്പിച്ചു. അധികം താമസിയാതെ എനിക്കു വസൂരി പിടിപെട്ടു. എന്റെ ഈ രണ്ടു കണ്ണും പൊട്ടി. അങ്ങു് എടുത്തുകൊണ്ടുവന്നു മെത്തയിൽ കിടത്തി ഉറക്കുന്ന എന്റെ ഓമനമകൾ! അവൾക്കു പിള്ളവാതം വന്നു. ഇനി ഈ ജീവിതത്തിൽ അവൾ എഴുന്നേററു നടക്കുകയില്ല. അതുകൊണ്ടും എന്റെ പാപം തീന്നില്ല. അടുത്ത ഇടവപ്പാതിക്കു കൊടുങ്കാററും പേമാരിയും ഉണ്ടായി. ആറ്റിൽ ഭയങ്കരമായി വെള്ളം പൊങ്ങി. പാലം തകന്നുപോയി. എന്റെ ബില്ലിൻപടിയുള്ള പണം ഗവണ്മെന്റിൽനിന്നും കെട്ടിവാങ്ങുന്നതിനുമുമ്പു്—ഇതാ! ഇന്നു ഞാൻ ഒരു അന്ധഭിക്ഷു!...എനിക്കു് ആരോടും പരാതിയില്ല; പരിഭവമില്ല. ഞാൻ ഇതിലും കൂടുതൽ അനുഭവിക്കേണ്ടവനാണു്. എങ്കിലും സാർ! എനിക്കു് ഒരു ചോദ്യത്തിനുത്തരം കാണാൻ കഴിയുന്നില്ല. ഒന്നു് എനിക്കു സഹിക്കാനും ശക്തിയില്ല! എന്റെ പാപങ്ങളുടെ ശിക്ഷ, എന്റെ കുഞ്ഞും അനുഭവിക്കേണമോ? നിഷ്കളങ്കയായ ആ പെൺകുട്ടി! അവളുടെ ദുഃഖം എനിക്കു സഹിക്കാനാവുന്നില്ല സാർ!"

പുറത്തു കാററു് ഊററമായി അടിക്കുന്നു. കുംഭി

ചൊരിയുന്ന മഴ! അകത്തു്, അതിലും ക്ഷുബ്ധമായ ഒരു ഹൃദയം പൊട്ടുന്നു. കണ്ണുനീരിൻെറ നീർച്ചാലു മുറിയുടെ വാതിലും ഭേദിച്ചു പുറത്തേക്കു് ഒഴുകിയേക്കും. ഒരു അച്ഛൻെറ നെടുവീർപ്പിനു കൊടുങ്കാററിനേക്കാൾ രൂക്ഷതയുണ്ടു്.

വാടിത്തളർന്നുറങ്ങുന്ന ഒരു പെൺപൈതലിൻെറ മുഖം! അതു ചിറകൊടിഞ്ഞ ഒരു കൊച്ചുമാലാഖയാണു്. ആ മുഖത്തു സൂക്ഷിച്ചുനോക്കിയപ്പോൾ എൻെറ മനസ്സിലും ആ ചോദ്യം ഉയർന്നു: "കുഞ്ഞുങ്ങളും ഈ ശിക്ഷ അനുഭവിക്കണമോ? ഭഗവാനെ!"

# കുമ്പസാരക്കൂട്ടിൽ

ആളുകൾ ഓരോരുത്തരായി പിരിഞ്ഞു. ദേവാലയം മിക്കവാറും ശൂന്യമായി. പകലിന്റെ ചൈതന്യം അസ്തമിച്ചു. സായംസന്ധ്യ സമാഗതയാവുന്നു. ഇരുളിന്റെ നിഴലുകൾ പള്ളിക്കെട്ടിടത്തിന്റെ വൻചുമരുകൾ കടന്നുവരുന്നു.

യുവാവായ വൈദികൻ കുമ്പസാരക്കൂട്ടിൽനിന്ന് എഴുന്നേററു. തുകൽബയന്റിട്ട പ്രാർത്ഥനാപുസ്തകം മടക്കി എടുത്തു. ബലിപീഠത്തിനു മുൻപിൽ തല കുനിച്ചിട്ട്, വാതിലിനരികിലേക്കു നടന്നു.

ഗീവറുഗീസ് പുണ്യവാളന്റെ തിരുനാൾ അടുത്ത ദിവസമാണ്. തലേദിവസത്തെ കുമ്പസാരത്തിൽ കാർമ്മികത്വം വഹിക്കാൻ ആ വൈദികനെക്കൂടി പ്രത്യേകം ക്ഷണിച്ചിരിക്കുകയാണ്. അടുത്തുള്ള ഇടവകയിലെ വികാരിയാണദ്ദേഹം. സ്ഥലവാസികളും വിദൂരദേശത്തുനിന്നുള്ളവരും ഈ തിരുനാളാഘോഷത്തിൽ പങ്കുകൊള്ളുവാൻ വരും. കുമ്പസാരിക്കുവാനും വഴിപാട് ഇടുവാനും വർഷംതോറും ആ ദിവസത്തിൽ നൂറുകണക്കിനാളുകൾ അതിപുരാതനമായ ആ പള്ളിയിൽ വന്നുപോകാറുണ്ട്. അവിടത്തെ പുരോഹിതന്മാരെക്കൊണ്ട് എല്ലാവരേയും കുമ്പസാരിപ്പിക്കുക സാദ്ധ്യമാവില്ല. തൊട്ടടുത്ത പള്ളിയിലെ വികാരിയെക്കൂടി സഹായത്തിനു വിളിക്കുന്നത് ക്ലേശം ഒഴിവാക്കാനാണ്. ക്ഷണിക്കപ്പെട്ട ആ കൊച്ചു് അച്ചൻ അടുത്ത പള്ളിയിൽ ജോലിയിൽ പ്രവേശിച്ചിട്ട് അധികമാസങ്ങളായില്ല.

മററു് അച്ചന്മാരെല്ലാം പോയതിനുശേഷമേ, അദ്ദേഹത്തിനു കുമ്പസാരക്കൂട്ടിൽനിന്നു് എഴുനേല്ക്കാൻ ഇടകിട്ടിയുള്ളു. അത്രവളരെപ്പേർ അദ്ദേഹത്തിൻെറ സ്നേഹത്തിനായി കാത്തുനില്പുണ്ടായിരുന്നു. സത്യത്തിൽ അദ്ദേഹം കായികമായി തളർന്നുപോയിരുന്നു. എങ്കിലും മാനസികമായി ഒരു ഔൽകൃഷ്ട്യം അദ്ദേഹത്തിനു കൈവന്നതായി അനുഭവപ്പെട്ടു. ആദ്യമായി ഒരു ഇടവകയുടെ ചുമതല ഏറെറടുത്ത ഉടനെ കർത്താവിൻെറ പ്രത്യേകകാരുണ്യത്തിനു് ഈവിധം പാത്രമായല്ലോ എന്നു് അദ്ദേഹം വിചാരിച്ചു ചരിതാർത്ഥനായി. പീഡിതരായ എത്രയോ പേക്കു മനഃശാന്തിയും സമാശ്വാസവും കൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ദൈവം അനുഗ്രഹിച്ചു നല്കിയ ഒരു മഹത്തായ അവസരം! എത്രയെത്ര സ്ത്രീകളും, പുരുഷന്മാരും, യുവതികളും, യുവാക്കളും, എന്തിനു് ബാലന്മാർപോലും അദ്ദേഹത്തിൻെറ കുമ്പസാരക്കൂട്ടിനു സമീപം വന്നു! അറിഞ്ഞും അറിയാതെയും ചെയ്തു തെററുകളും കുററങ്ങളും അവർ ഏററുപറഞ്ഞു. അവരുടെ ദുഃഖത്തിൻെറ ഭാരം ഒന്നൊന്നായി അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഇറക്കിവെച്ചു. സ്വയം ആശ്വസിച്ചു. ആയാസരഹിതരായി, സമാശ്വാസചിത്തരായി അവരെല്ലാം വീട്ടുകളിലേക്കു തിരികെപ്പോകയുംചെയ്തു. സമാധാനത്തിന്റെ മറ്റൊരു രാത്രി!

ദേവാലയത്തിൻെറ പ്രധാനകവാടത്തിൽ അദ്ദേഹം മന്ദംമന്ദം നടന്നെത്തി. ഒരു വിങ്ങിക്കരച്ചിൽ കേട്ടു. പെട്ടെന്നവിടെ അദ്ദേഹം നിന്നു. ചുറ്റും അദ്ദേഹം കണ്ണോടിച്ചു. കന്യാമറിയത്തിൻെറ പ്രതിമ വച്ചിരിക്കുന്ന ഗ്രോട്ടോയുടെ മുമ്പിൽ, വെറും നിലത്തു സാഷ്ടാംഗം വീണു കിടക്കുന്ന ഒരു സ്ത്രീയുടെ രൂപം. മങ്ങിമങ്ങി കത്തുന്ന ഒരു മെഴുകുതിരി. വിശുദ്ധമാതാവിൻെറ ദിവ്യപാദ

ങ്ങൾ ആ മങ്ങിയ പ്രകാശത്തിൽ അദ്ദേഹത്തിനു സ്പഷ്ട മായി കാണാൻ കഴിഞ്ഞു. നെഞ്ഞുപൊട്ടിയുള്ള ആ ഏ്യങ്ങിക്കരച്ചിൽ തൊഴുകൈയോടെ കിടക്കുന്ന ആ സുഭഗയുടേതാണു്.

ഉള്ളിലൊതുക്കാൻ കഴിയാത്ത വേദനയുടെ ബാഹ്യലക്ഷണങ്ങൾ അദ്ദേഹം സൂക്ഷിച്ചു. ആ ദലിതഗാത്രം വിറയ്ക്കുന്നുണ്ടു്. ഞെട്ടിപ്പിടയ്ക്കുന്നുണ്ടു്.

ആ തോളിൽ മൃദുവായി തലോടിക്കൊണ്ടു് അദ്ദേഹം ചോദിച്ചു: "കുഞ്ഞേ! എനിക്കു് എന്തെങ്കിലും സഹായിപ്പാൻ കഴിയുമോ?"

അവൾ തല ഉയർത്തി. ദുഃഖസന്തപ്തമായ മുഖം. കണ്ണുനീർ വാർന്നൊഴുകുന്നു.

"അച്ചാ!" ഇടറിയ സ്വരത്തിൽ അവൾ പറഞ്ഞു: "ഞാൻ ഭാഗ്യംകെട്ടവളാണു്."

മെഴുകുതിരിയുടെ പ്രഭയിൽ അവളുടെ രൂപം അദ്ദേഹം കണ്ടു. തീരെ ചെറുപ്പം. ഇരുപതു വയസ്സു തികഞ്ഞിട്ടില്ല. ചുരുണ്ട തലമുടി രണ്ടുവശത്തേക്കും ഒഴുകി വീണിരിക്കുകയാണു്. സൗന്ദര്യം തുളുമ്പുന്ന മുഖം—കണ്ണുനീരിൽ നനഞ്ഞിട്ടും!

ഏങ്ങലടിച്ചുകൊണ്ടു് അവൾ പറഞ്ഞു: "അച്ചാ! എന്നെ സഹായിച്ചില്ലെങ്കിൽ ഞാൻ മരിച്ചുപോകും. ഞാൻ അത്രയ്ക്കു ഭാഗ്യംകെട്ടവളാണു്. ഇതുപോലെ മനോവേദന മററാക്കും..."

"കുട്ടിക്കു കുമ്പസാരിക്കണമോ?..." ആ കുട്ടിയെ സമാശ്വസിപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. സമാധാനം പകർന്നുകൊടുക്കാൻ അദ്ദേഹം ദൃഢപ്രതിജ്ഞനുമാണല്ലോ.

"വിശുദ്ധ മാതാവേ!" അദ്ദേഹം ആ പ്രതിമയി

ലേക്കു നോക്കി. "ദൈവമാതാവിന്റെ മുഖച്ഛായതന്നെ ഈ നിസ്സഹായയ്ക്കും. ഇവൾക്കാവശ്യമായ സമാശ്വാസം നല്കുവാൻ എനിക്കു ശക്തി നല്കണമേ!" ഹൃദയത്തോടു ചേർത്തു് ഒരു കുരിശടയാളം, അദ്ദേഹത്തിന്റെ വലം കൈ വരച്ചു.

ആ പെൺകുട്ടിയെ അദ്ദേഹം കുമ്പസാരക്കൂട്ടിനരികിലേക്കു നയിച്ചു. അദ്ദേഹം ദൈവമാതാവിനെ ഒന്നുകൂടി സ്മരിച്ചു. അഗതിക്കാശ്വാസം നല്കുവാനുള്ള ആത്മശക്തിക്കായി ഒന്നുകൂടി പ്രാർത്ഥിച്ചു.

ഗദ്ഗദകണ്ഠയായി ആ പെൺകുട്ടി ഏററുപറയുവാൻ തുടങ്ങി:

"അച്ചാ! എന്റെ ജീവിതം അവസാനിച്ചെങ്കിൽ! ജീവിക്കാൻ യോഗ്യമായതല്ല ഈ ജീവിതം. ഈ തീ എത്രനാൾ എനിക്കു സഹിക്കാൻ കഴിയും. എനിക്കു പറയാൻ ധൈര്യമില്ല, സ്നേഹത്തിന്റെ വേദനയെപ്പററി. എന്റെ ഹൃദയത്തിൽ അതു പൂട്ടിവയ്ക്കുവാൻ എത്രനാൾ എനിക്കു കഴിയും. എന്റെ ജീവശ്ശക്തിയെത്തന്നെ അതു കാർന്നുതിന്നുകയാണു്. അതെ, അച്ചാ, ഞാൻ ചെറുപ്പത്തിൽ...തീരെ ചെറുപ്പത്തിൽ ഒരാളെ സ്നേഹിക്കുവാൻ പഠിച്ചു. ഞാൻ അന്നു് ഒരു ചെറിയ കുട്ടി ആയിരുന്നു. എന്റെ സ്നേഹഭാജനം, ഒരു വലിയ ആൺകുട്ടി. യൗവനം കടക്കാൻ തുടങ്ങുന്ന ഒരു യുവാവു്. അച്ചനു് അതു വിനോദമായിത്തോന്നിയേക്കും, ആ യുവാവിനു തോന്നിയതുപോലെ. ഒരു കൊച്ചു പെൺകുട്ടി പ്രായംചെന്ന ഒരു യുവാവിനെ പ്രേമിക്കുന്നതു പലക്കും അത്ഭുതകരമായി തോന്നി. വിനോദമാണെന്നു പലരും വിചാരിച്ചു. വാസ്തവത്തിൽ ഞാൻ പ്രേമിച്ചു. മററാക്കും കഴിയാത്തവിധം ആ യുവാവിനെ ഞാൻ സ്നേഹിച്ചു.

“അദ്ദേഹം എന്റെ അയൽവാസിയായിരുന്നു. അദ്ദേഹത്തിന്റെ കൊച്ചനിയന്മാരും കൊച്ചനിയത്തിമാരും ഒരുമിച്ചു് കളിക്കുന്നതിന്നാണു ഞാൻ പതിവായി ആ വീട്ടിൽ പോയതു്. വളരെ ചുരുക്കമായി അദ്ദേഹം ഞങ്ങൾ കളിക്കുന്നിടത്തു വരും. നല്ല കഥകൾ പറഞ്ഞു ഞങ്ങളെ രസിപ്പിക്കും. ചിലപ്പോൾ ഞങ്ങളോടൊത്തു കളിക്കും. എപ്പോൾ നോക്കിയാലും മുറിയിലിരിക്കുകയായിരിക്കും. പുസ്തകങ്ങളുടെ നടുവിൽ. അദ്ദേഹത്തിന്റെ കൊച്ചനിയത്തി ഒരിക്കൽ എന്നോടു പറഞ്ഞു: ‘വല്യേട്ടൻ അങ്ങു ദൂരെ മദ്രാസിൽ കാളേജിലാണു പഠിക്കുന്നതു്.’

“ആദ്യമാദ്യം ഞാൻ അദ്ദേഹത്തിൽ അത്ര വലിയ താല്പര്യം കാണിച്ചിരുന്നില്ല. എന്നാൽ ഒരു ദിവസം, ഓടിക്കളിച്ചുകൊണ്ടിരുന്നതിനിടയിൽ കാലുതട്ടി ഞാൻ ഒന്നു വീണു. എന്റെ തലമുറിഞ്ഞു. രക്തം വന്നു. ഞാൻ വിളിച്ചുകരഞ്ഞു. കൂട്ടുകാർ അമ്പരന്നുപോയി. അതിനിടെ അദ്ദേഹം മുറിയിൽനിന്നു പുറത്തുവന്നു; വായന നിൎത്തിയിട്ടു്. രക്തം തുടച്ചു. മുറിവിൽ മരുന്നുവച്ചുകെട്ടി. എന്റെ വേദന കുറയുന്നതുവരെ എന്നെ മടിയിൽ കിടത്തി ശുശ്രൂഷിച്ചു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തെപ്പററി ബോധപൂർവ്വം എനിക്കു് ഓർമ്മവന്നതു് അന്നുമുതല്ക്കാണു്.

“വെക്കേഷൻകാലം അവസാനിച്ചു. അദ്ദേഹം പോയി. ഒരു ശൂന്യത ആദ്യമായി എനിക്കനുഭവപ്പെട്ടതു് അപ്പോളാണു്. എന്റെ കൊച്ചുഹൃദയം അദ്ദേഹത്തെ കാണാൻ കൊതിച്ചു. കാണാൻ, തൊട്ടടുത്തു നില്ക്കാൻ, ആ സംഭാഷണം അടുത്തുനിന്നു കേൾക്കാൻ എനിക്കു് ഒരു ദാഹംതുടങ്ങി.

"ഒരു കൊല്ലം കഴിഞ്ഞാണു് അദ്ദേഹം വെക്കേഷനു വന്നതു്. എനിക്കു് എന്തൊരു സന്തോഷമായിരുന്നു! അധികസമയവും ഞാൻ അദ്ദേഹത്തിൻെറ വീട്ടിലായിരുന്നു. ആ മുറിക്കരികെ ഞാൻ ചെല്ലും. എന്നെ അടുത്തു വിളിക്കുമ്പോൾ എൻെറ സന്തോഷം! അടുത്തുചെന്നു നില്ക്കും. ആ മുഖത്തുനിന്നും ഞാൻ കണ്ണെടുക്കുകയില്ല. ആ വത്തമാനം എത്രകേട്ടാലും എനിക്കു മതിയാവുകയില്ല.

"എന്താണു് കൂട്ടുകാരുടെ അടുത്തുപോയി കളിക്കാത്തതു് എന്നദ്ദേഹം ചോദിക്കും. 'കൂടെ വരാമെങ്കിൽ ഞാനും പോയിക്കളിക്കാം.' എൻെറ ഉത്തരം അങ്ങനെയായിരുന്നു.

"ഒരു ദിവസം ഞാൻ അടുത്തുചെന്നു പറഞ്ഞു, ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നുവെന്നു്. പൊട്ടിച്ചിരിച്ചുകൊണ്ടു് എൻെറ കവിളിൽ അദ്ദേഹം തട്ടി. വീട്ടിലുള്ള എല്ലാവരോടുമായി അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു: 'കേട്ടോ! നിങ്ങളിതു കേട്ടോ. മേരിക്കുട്ടിക്കു് എന്നോടു സ്നേഹമാണെന്നു്.' മേരിക്കുട്ടി എന്നാണു് അദ്ദേഹം എന്നെ വിളിച്ചുവന്നിരുന്നതു്. ഞാൻ ഒരു കൊച്ചു പെൺകുട്ടി! ഞാൻ പറഞ്ഞതു് ആരും ഗൗരവമായി എടുത്തില്ല.

"വളരുന്തോറും, കുട്ടിക്കാലത്തെ എന്റെ വികാരവും വളൻവന്നു. എന്റെ ജീവനിൽ മുഴവൻ അതു നിറഞ്ഞു. അദ്ദേഹത്തെക്കാണാൻ ഞാൻ എപ്പോഴും അഭിലഷിച്ചു. എന്നാലും മനഃപൂൎവ്വം അടുത്തുപോവാൻ ഞാൻ മടിച്ചു. ചെന്നുപോയാൽ എൻെറ കവിളിൽ തലോടിക്കൊണ്ടു്, 'മേരിക്കുട്ടിക്കു സുഖമല്ലേ' എന്നു ചോദിക്കും. എന്നിട്ടു് എന്നെ നോക്കി പുഞ്ചിരിതൂകും."

ഇത്രയും ആയപ്പോഴെക്കും അവൾക്കു് അതേ രീതി

യിൽ സംസാരിക്കാൻ ആയില്ല. വികാരങ്ങളുടെ സമ്മർദ്ദം അവളെ വിഷമിപ്പിച്ചു എന്നു കുമ്പസാരക്കൂട്ടിലിരുന്ന എനിക്കു തോന്നി. "അച്ചാ! ക്ഷമിക്കണം. ഇങ്ങനെ ഇതെല്ലാം അച്ചനോടു പറയാമോ എന്ന് എനിക്കു നിശ്ചയമില്ല."

"മേരി! മുഴുവൻ പറഞ്ഞുകൊള്ളു. പുരോഹിതൻ സുഹൃത്താണ്. രഹസ്യങ്ങൾ സംരക്ഷിക്കുന്നവനാണ്. നിനക്ക് ഈശ്വരാനുഗ്രഹംകൊണ്ട് ഒട്ടൊരു സമാധാനം തരുവാൻ എനിക്കു കഴിയണം. ഇവിടെ ഇരിക്കുന്നത് അതിനുവേണ്ടി ആണല്ലോ."

"എനിക്കും സമാധാനം തോന്നുന്നുണ്ട് അച്ചാ! ഞാൻ എപ്പോഴും മേരിക്കുട്ടിതന്നെയായിരുന്നു.

"ഒരു ദിവസം വീട്ടിൽവച്ച് എന്റെ പിതാവ് ആരോടോ പറയുന്നതു ഞാൻ കേട്ടു. തെക്കേടത്തെ ഫ്രാൻസിസ്—അതായിരുന്നു അദ്ദേഹത്തിന്റെ പേര്—പട്ടത്തിനു പഠിക്കുവാൻ പോകുന്നു എന്ന്. ഫ്രാൻസിസ് പട്ടക്കാരനാവുകയോ? ഞാൻ സ്തബ്ധയായിപ്പോയി. പട്ടത്തിനു പഠിക്കുക എന്നുവച്ചാൽ എത്രകൊല്ലത്തെ പരിശീലനം! കൊല്ലങ്ങൾക്കു ശേഷം പുരോഹിതനായാൽ? ഈ ലോകത്തിലെ എല്ലാ സുഖങ്ങളുമായുള്ള ബന്ധം വേർപെട്ടുപോവുക! എന്റെ മനസ്സിന്റെ സന്തോഷം നശിക്കാൻ തുടങ്ങി.

"പിറ്റേദിവസം രാവിലെ ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു. എന്തോ വലിയ ഒരു പുസ്തകം അദ്ദേഹം വായിച്ചുകൊണ്ടിരിക്കുകയാണ്. 'പട്ടക്കാരനാകാൻ പോവുകയാണോ?' നേരെ ഞാനങ്ങു ചോദിച്ചു. മന്ദഹസിച്ചുകൊണ്ട്: 'അതെ. ആട്ടെ, മേരിക്കുട്ടിക്കിഷ്ടമാണോ എന്നെ ളോഹാ ഇട്ടു കാണുന്നത്?' 'പട്ടക്കാരനാ

വുന്നതു് അങ്ങു് ഇഷ്ടപ്പെട്ടുന്നോ?' വീണ്ടും ഞാൻ ചോദിച്ചു. 'എനിക്കു് ഏററവും ഇഷ്ടപ്പെട്ട കാര്യം. മേരിക്കുട്ടി വളന്നു വലുതാകുമ്പോൾ, ഞാനായിരിക്കും നിൻെറ വിവാഹകർമ്മം നടത്തിക്കുന്നതു്. ഞാൻ അപ്പോഴേക്കു പുരോഹിതനാവും.' അദ്ദേഹത്തിൻെറ മുഖം പ്രസന്നമായി.

"ഒരു വേദന ചുളിഞ്ഞു കയറുന്നതായി എനിക്കനുഭവപ്പെട്ടു. എന്തെല്ലാം വികാരങ്ങളാണു് എനിക്കുണ്ടായതെന്നു് ഓർമ്മയില്ല. അടുത്തു ചെന്നു. ആ കരണത്തു ഞാൻ ആഞ്ഞു് ഒരടി കൊടുത്തു. എന്നിട്ടും എൻെറ ദേഷ്യം തീന്നില്ല. അദ്ദേഹം അതിശയിച്ചുപോയി. 'മേരിക്കുട്ടി! മേരിക്കുട്ടി!' എന്നു വിളിച്ചുകൊണ്ടു് എൻെറ അരയ്ക്കു പിടിച്ചു് എടുക്കുവാൻ ശ്രമിച്ചു. പക്ഷേ, ഞാൻ പിടിയിലൊതുങ്ങിയില്ല. പാഞ്ഞു് എന്റെ വീട്ടിലേക്കു പോന്നു. എൻെറ കിടപ്പുമുറിയുടെ തറയിൽ ചെന്നു കിടന്നു. ഏങ്ങലടിച്ചു വളരെനേരം കരഞ്ഞു. എന്തിനാണു കരയുന്നതെന്നു് എൻെറ അമ്മ ചോദിച്ചു. മറുപടി ഒന്നും പറയാതെ പിന്നെയും കരഞ്ഞു. കരച്ചിലിൻെറ കാരണം ആക്കും മനസ്സിലായില്ല. എൻെറ ഹൃദയം അറിയാവുന്നവരാരുമില്ലായിരുന്നു. പട്ടക്കാരനാവും. പ്രാത്ഥനയും വേദപുസ്തകവും ആയി പരിശീലനകാലം കഴിയും. എത്ര വഷം! എൻെറ പേരുപോലും മറന്നുപോകും. ഇങ്ങനെ ഞാൻ എന്തിനു ജീവിക്കണം? ഞാൻ കരഞ്ഞു കരഞ്ഞു് ആ പകലും ആ രാത്രിയും തള്ളിനീക്കി. പിന്നെ ഞാൻ ചിരിച്ചിട്ടില്ല.

"എൻെറ അച്ചാ! വർഷങ്ങൾ കഴിഞ്ഞു. പരിശീലനം കഴിഞ്ഞു എന്നും, അദ്ദേഹം പട്ടം സ്വീകരിച്ചെന്നും ഏതോ ഇടവകപ്പള്ളിയിൽ വികാരി ആയെന്നും ഞാൻ

പിന്നീടു കേട്ടു. അദ്ദേഹം സെമിനാരിയിലേക്കു പോയ തിനുശേഷം ഒരിക്കൽപ്പോലും ഞാൻ കണ്ടിട്ടില്ല. പഠന കാലത്തു വീട്ടിൽ ഒരിക്കൽപ്പോലും വന്നുകൂടെന്നാണു നിയമം.

"ഞാൻ വളർച്ച എത്തി. ഇന്നു ഞാനൊരു പെൺ കുട്ടിയല്ല. വിവാഹത്തിനുള്ള ആലോചനകൾ വന്നു. എനിക്കു വിവാഹമാവശ്യമില്ലെന്നു് അച്ഛനമ്മമാരോടു ഞാൻ വ്യക്തമായി പറഞ്ഞു. അങ്ങനെയാണെങ്കിൽ ഞാൻ ഒരു കന്യാസ്ത്രീയാകണമെന്നു് അവർ നിർബ്ബന്ധി ക്കുന്നു. അച്ചാ! ഞാൻ എങ്ങനെ ഒരു കന്യാസ്ത്രീയാകും? കോൺവെൻറിൻെറ നാലു ഭിത്തികൾക്കുള്ളിൽ എൻെറ ഹൃദയം എങ്ങനെ അടച്ചുപൂട്ടിയിടുവാൻ കഴിയും? എന്റെ ഹൃദയത്തിലെ മുറിവു് എപ്പോഴും എന്നെ ദഹിപ്പിച്ചു കൊണ്ടിരിക്കുകയില്ലേ? അച്ചാ! ആ വേദന എനിക്കു സഹിക്കുവാൻ ശക്തിയില്ല. ഈ ഭൂമിയിൽ ഇനി എനി ക്കു ജീവിക്കണമെന്നില്ല. വളരെക്കാലം ഈ വേദന ഞാൻ അനുഭവിച്ചു. ഒരു അവസാനവുമില്ലാതെ ഇങ്ങ നെ ജീവിക്കുവാൻ എനിക്കു വയ്യ."

അവളുടെ മുഖം കൈകൾക്കുള്ളിലൊതുക്കി നിരാശ യോടെ അവൾ പൊട്ടിക്കരഞ്ഞു.

വിമ്മിട്ടപ്പെട്ടാണെങ്കിലും, അത്യന്തം സ്നേഹത്തോ ടെ അച്ചൻ കുമ്പസാരക്കൂട്ടിലിരുന്നുകൊണ്ടു പറഞ്ഞു: "മേരീ, നീ ചെറുപ്പമാണു്. ജീവിതത്തിൻെറ കവാട ത്തിൽ നീ എത്തിയതേ ഉള്ളു. ജീവിക്കാൻ നിനക്കു് അവകാശമുണ്ടു്. ഒരു ഭാര്യയാകുവാൻ, ഒരമ്മയാകുവാൻ നിനക്കവകാശമുണ്ടു്. കഴിഞ്ഞ കാലത്തെ ഒരു സംഭവം, നിൻെറ...മേരിക്കുട്ടി! നിന്റെ അച്ഛനമ്മമാർ അഭിലഷി

ക്കുന്നതുപോലെ നീ വിവാഹിതയാവണമെന്ന് ഫ്രാൻസിസും അഭിലഷിച്ചാൽ..."

"ഇല്ല, അച്ചാ!" അവൾ ഇടയ്ക്കു കയറി പറഞ്ഞു. "ഇല്ല. അദ്ദേഹം അങ്ങനെ പറയുകയില്ല. വിവാഹം എനിക്ക് എന്തു ദുഃഖമയമായിരിക്കുമെന്നറിഞ്ഞാൽ അദ്ദേഹം അങ്ങനെ അഭിലഷിക്കുകയില്ല. അദ്ദേഹത്തിന്റെ ഹൃദയം അത്രയ്ക്കു ലോലമാണ്. ഒരു ഭിക്ഷക്കാരനെ കാണുമ്പോൾ, പാവങ്ങളുടെ വേദന കാണുമ്പോൾ, അദ്ദേഹത്തിന്റെ കണ്ണു നിറയുന്നതു ഞാൻ എത്രപ്രാവശ്യം കണ്ടിരിക്കുന്നു. അച്ചനു് അദ്ദേഹത്തെ അറിഞ്ഞുകൂടാ."

തന്റെ കണ്ണുകളിൽ തളംകെട്ടി നിന്നിരുന്ന കണ്ണുനീർ ആ പുരോഹിതൻ തുടച്ചു.

"ഗീവറുഗീസ് പുണ്യവാളന്റെ തിരുനാളിൽ പങ്കുകൊള്ളുവാൻ നീ ഇത്രദൂരം വീട്ടിൽനിന്നും പോന്നു, അല്ലേ?"

"അതെ അച്ചാ! ഒരു മനസ്സമാധാനത്തിനുവേണ്ടി. ഈ പള്ളിക്കടുത്തു ഞങ്ങളുടെ ഒരു ബന്ധുവീട്ടുണ്ട്. ഞാൻ അവിടെയാണു താമസിക്കുന്നതു്."

"കൊള്ളാം. ഇന്നു നീ ആ വീട്ടിൽ പോയി സമാധാനമായി ഉറങ്ങുക. നാളെ ഈ സമയത്തു നീ വരണം. നീ വല്ലാത്ത ഒരു പ്രശ്നമാണ് എന്റെ മുമ്പിൽ വച്ചിരിക്കുന്നതു്. എനിക്ക് അതെപ്പറ്റി ആലോചിക്കാനും പ്രാർത്ഥിക്കാനും സമയം വേണം."

അവൾ നടന്നുമറയുന്നതു് അദ്ദേഹം നോക്കിനിന്നു. ജീവിതനിരാശയും, വേദനയുംകൊണ്ടു കുനിഞ്ഞുപോയ ശിരസ്സുമായി അവൾ പതുക്കെപ്പതുക്കെ പദംവച്ചു നീങ്ങുന്നു.

*　　*　　*

രാത്രിയുടെ ഏകാന്തതയിൽ ആ യുവാവായ വികാരിയുടെ ചിന്തകൾ, ഭൂതകാലത്തേക്കു ചിറകുകൾ വിരിച്ചു് നിഗ്ഗുബ്ദമായി പറന്നുപോയി. ഭൗതികമായ ലോകത്തേക്കു്. ആത്മീയതയുടെ ഭിത്തി അന്നവിടെ അദ്ദേഹം കെട്ടി ഉയർത്തിയിട്ടില്ലായിരുന്നു.

കൊച്ചുമേരിയെ അദ്ദേഹം ഓർമ്മിച്ചു. അവൾ അനുസ്മരിച്ച സംഭവങ്ങൾ ഒന്നൊന്നായി—കരണത്തടിച്ചതു്, പൊട്ടിക്കരഞ്ഞുകൊണ്ടു വീട്ടിലേക്കു് ഓടിയതു്—ഇങ്ങനെ എല്ലാം അദ്ദേഹത്തിൻെറ മുമ്പിൽ വന്നു. കുസൃതിക്കുടുക്കയായിരുന്ന ഒരു കുട്ടി. താൻ ഒരു കാളേജ്‌വിദ്യാർത്ഥി. ആ കുട്ടിയുടെ വാക്കുകൾ, വെറും ഒൻപതുവയസ്സുള്ള ഒരു പെൺകുട്ടിയുടെ പ്രവൃത്തികൾ, എങ്ങനെ ഗൗരവമുള്ളതായിരുന്നു? തമ്മിലുള്ള പ്രായവ്യത്യാസം!

ഒരു പട്ടക്കാരനാകണമെന്നു്, ദൈവത്തിന്റെ ഒരു ചേലയാകണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. ലൗകിക ഭോഗങ്ങളൊന്നും ആ യുവാവിനെ ആകർഷിച്ചില്ല. വൈദികവൃത്തിയിൽ ജീവിതപൂർത്തി അദ്ദേഹം ദർശിച്ചു. അലൗകികജീവിതത്തിൻെറ അസുലഭമായ സുഖം അന്നു വൈകുന്നതുവരെ അദ്ദേഹം അനുഭവിക്കയും ചെയ്തു! ഇപ്പോഴോ?...

അതെ, ആ പഴയ ആൾതന്നെയാണു് അദ്ദേഹം എന്നു വിശ്വസിക്കുവാൻ അദ്ദേഹം ശ്രമിച്ചു. ആത്മീയ ചിന്തകൾക്കുമാത്രം ഇടംകൊടുത്തിരുന്ന ഹൃദയമാണു തൻേറതെന്നു് അദ്ദേഹം പണിപ്പെട്ടു വിശ്വസിക്കുകയാണു്. ഈശ്വരസേവയ്ക്കു്, നിസ്വാർത്ഥമായ സേവനത്തിനു്, അർപ്പിതമായ തൻെറ ജീവിതത്തിനു് ഒരു ചാഞ്ചല്യവും ഉണ്ടാകുന്നില്ല എന്നു് അദ്ദേഹം ഉറച്ചുവിശ്വസിച്ചു.

എങ്കിലും കന്യാമറിയത്തിൻെറ രൂപസാദൃശ്യവും സംശുദ്ധിയുമുള്ള ആ മുഖം! സ്മരണകൾ, സമ്പർക്കങ്ങൾ; ഒരുമിച്ചുനിന്ന് അദ്ദേഹത്തെ കുററപ്പെടുത്തുകയാണ്— ഒരു കുട്ടിയുടെ നിഷ്കളങ്കമായ സ്നേഹത്തെ നിരാകരിച്ച തിന്. സ്വയം അദ്ദേഹം ചോദിച്ചു: "എൻെറ കുററ മായിരുന്നോ?"

ഒരു വ്യാഴവട്ടത്തിനുമുമ്പുള്ള ഗാർഹികരംഗത്ത് അദ്ദേഹം വീണ്ടും നില്ക്കുകയാണ്. മേരിക്കുട്ടിയുടെ സവി ശേഷമായ പെരുമാററം. പ്രത്യേകമായ സ്നേഹം! ഇന്നു കിട്ടിയ പ്രകാശത്തിൽ അതിൻെറയെല്ലാം ആന്തരാത്ഥം വ്യക്തമാവുന്നു. എങ്കിലും ആക്കു സങ്കല്പിക്കുവാൻ കഴി യും, ആ ഇളംമനസ്സിൽ, കൃത്രിമത്വത്തിന്റെ നിഴൽവീ ഴാത്ത ഹൃദയത്തിൽ, ഈവിധം വികാസം പ്രാപിക്കുന്ന ഒരു വികാരത്തിന്റെ വിത്തു പാകിയിരുന്നുവെന്ന്. യൗ വനത്തിനുമാത്രം പ്രത്യേകമായി അവകാശപ്പെടാവുന്ന ഒരു വല്ലി അതിൽനിന്നു വളൎന്നുവരുമെന്ന്! ഒരു കൊ ച്ചുപെൺകുട്ടി. യൗവനത്തിലെത്തുവാൻ വർഷങ്ങൾ ക ഴിയണം. ഒരു കുടുംബത്തിലെ ഗണനീയയല്ലാത്ത ഒരു അംഗം! സമൂഹത്തിലാരും അറിയാൻ ഇടയില്ലാത്ത ആ കൊച്ചുപെൺകുട്ടി! സ്നേഹിക്കുവാനും സ്നേഹിക്കപ്പെടു വാനും അവകാശമുണ്ടെന്ന് ആ കുട്ടി പ്രഖ്യാപിക്കുന്നു. എങ്കിലും, ആരും അവളെ ശ്രദ്ധിച്ചില്ല. അവളുടെ ഹൃ ദയത്തിൻെറ വിളി ഒരു ചെവിയിലും ചെന്നെത്തിയതു മില്ല.

ഇതാ, കൊല്ലങ്ങൾക്കുശേഷം, അവളുടെ പ്രേമത്തെ പ്പററി അവൾ അദ്ദേഹത്തോട് ഏററുപറഞ്ഞിരിക്കു ന്നു. അതുമൂലമുണ്ടായ നിരാശയെപ്പററി, വേദനയെപ്പററി അവളുടെ മുഖത്തുനിന്നുതന്നെ കേൾക്കുന്നു. കേൾക്കു

ന്നതോ, അവളുടെ പ്രേമം അപ്പിച്ച ഹൃദയം. തൊട്ടരികി ലിരുന്നു. ലോലമായ ഒരു മരപ്പലകമാത്രമെ അവക്കിട യിലുള്ളു. അവളുടെ ഹൃദയത്തിൻെറ സൂക്ഷ്മമായ ചലനം പോലും, കേൾക്കത്തക്കവിധം, ആ വിനഷ്ടകാമുകൻ ഇരിക്കുന്നു.

വീണ്ടും, കണ്ണുനീർ വീണു നനഞ്ഞ ആ മുഖം അ ദ്ദേഹത്തിൻെറ മുന്നിലുയന്നു. അവളുടെ നോട്ടം, ഹൃദയ ത്തിലേക്കു ചുഴിഞ്ഞുകയറുന്നു. ചുട്ടിരുമ്പുകൊണ്ടുള്ള കു ത്തലാണതു്! ഇടറിയിടറി വീണ വാക്കുകൾ പൊടി ഞ്ഞുതുടങ്ങിയ മനസ്സിൽ ചെന്നു് അടിയുകയാണു്. അ തുവരെ അനുഭവിച്ചിട്ടില്ലാത്ത വികാരങ്ങൾക്കു് അദ്ദേ ഹം വിധേയനാകുന്നതുപോലെ തോന്നി. പട്ടം ഏറ്റ മുഹൂ ത്തത്തിൽ എടുത്ത ശപഥങ്ങൾ, പ്രതിജ്ഞകൾ, ശക്ത ങ്ങളായിരുന്നിട്ടും, അവയെ എല്ലാം അടിപ്പെടുത്തിക്കൊ ണ്ടു് ഒരു മാനസികഭാവം ഉയരുന്നു. ബ്രഹ്മചര്യാപ്രതി ജ്ഞയെടുത്ത ഹൃദയമാണു തൻേറതു്. എന്നിട്ടും, ഒരു പ രിശുദ്ധഹൃദയത്തിലെ വികാരങ്ങളുടെ അനുരണനം അ വിടെ ഉണ്ടാകുന്നു. അവളുടെ ഹൃദയശബ്ദത്തിൻെറ മാ റെറാലി തന്നിൽനിന്നും ഉയന്നുവരുന്നു. രണ്ടു വീണകൾ ഒരേ രാഗം ആലപിക്കുന്നു. ആ സ്വരരാഗങ്ങൾ അലി ഞ്ഞുചേന്നു് ഒരു രാഗമായിത്തീരുന്നു. അതു സംശുദ്ധ മെങ്കിലും, ശോകനിർഭരമാണു്. അജ്ഞാതമായ ശക്തി കളുടെ അലയടിയേററു് ആത്മാവു കരയുകയാണു്!

പിറേറദിവസം സന്ധ്യയായി. മേരിക്കുട്ടി അല്പം വൈകിയാണു പള്ളിയിൽ വന്നതു്. അദ്ദേഹം അവൾ ക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. വേദനയുടെ തീയും പുകയും അവളുടെ നോട്ടത്തിലുണ്ടു്. അവൾ നേരെ കുമ്പ സാരക്കൂട്ടിനരികിലേക്കു നടന്നു. മുട്ടുകുത്തിനിന്നു.

"അച്ചാ!" ഉൽക്കണ്ഠയുടെ സംബോധനയായിരുന്നു അതു്. "എനിക്കു് എന്താശ്വാസം തരുവാനുണ്ടു്? അന്തമില്ലാത്ത ഈ വേദന ഇനി..."

"കുഞ്ഞേ!" വാത്സല്യനിർഭരമായ സ്വരം ഉയന്നു. "ഫ്രാൻസിസ് ഒരു പട്ടക്കാരനായി. നിത്യബ്രഹ്മചര്യത്തിനുള്ള പ്രതിജ്ഞ എടുത്തു. ഇനി അദ്ദേഹത്തിൻെറ വിവാഹം ഒരു പ്രശ്നമല്ല."

"അച്ചാ! എനിക്കറിയാം, ഒരുകാലത്തും എനിക്കു് അദ്ദേഹത്തിൻെറ ഭാര്യയാകാൻ ഭാഗ്യമുണ്ടാവുകയില്ലെന്നു്. എനിക്കു് ഒരു ആഗ്രഹമേ ഉള്ളു. അദ്ദേഹത്തെ ഞാൻ പ്രേമിച്ചിരുന്നുവെന്നു് എന്നെങ്കിലും ഒരിക്കൽ അദ്ദേഹമറിഞ്ഞാൽ മതിയായിരുന്നു. എന്നും ഞാൻ അദ്ദേഹത്തെ പ്രേമിച്ചിരുന്നുവെന്നു്..."

"മേരിക്കുട്ടീ! അദ്ദേഹവും നിന്നെ സ്നേഹിക്കുന്നുവെന്നു് അറിഞ്ഞാൽ നിനക്കു് ആശ്വാസമാവുമോ?"

അവൾ കഠിനമായി ചിരിച്ചു.

"ഇല്ല. അദ്ദേഹം എന്നെ സ്നേഹിക്കുകയില്ല. അതിനു് അദ്ദേഹത്തിനു കഴിവില്ല. വളരെ വർഷങ്ങൾക്കു മുമ്പുതന്നെ അതു് അദ്ദേഹത്തിനു സാദ്ധ്യമായിരുന്നില്ല. ഇപ്പോഴാണെങ്കിൽ എന്റെ പേരുപോലും മറന്നിരിക്കും."

"അതു ശരിയല്ല മേരിക്കുട്ടീ. ഏകപക്ഷീയമായ സ്നേഹമായിരുന്നില്ല നിൻേറതു്. ഇന്നു രാവിലെ ഞാൻ അദ്ദേഹത്തെ കണ്ടു. എൻെറ വാക്കു നീ പൂർണ്ണമായും വിശ്വസിക്കുക. നീ അദ്ദേഹത്തെ സ്നേഹിക്കുന്നതുപോലെതന്നെ അദ്ദേഹം നിന്നേയും സ്നേഹിക്കുന്നുണ്ടു്."

"എന്നാൽ... എന്നാൽ..."

"മേരീ! ഇന്നു് അദ്ദേഹം ഇവിടെ ഉണ്ടായിരുന്നു;

അച്ചന്മാരുടെ ബംഗ്ലാവിൽ. തിരുനാൾചടങ്ങുകളിൽ സംബന്ധിക്കാൻ ഫ്രാൻസിസച്ചനും വന്നിരുന്നു.''

വികാരവിക്ഷോഭംകൊണ്ടു് മേരിക്ക് ഒരു നിമിഷത്തേക്കു് ഒന്നും പറയാൻ കഴിഞ്ഞില്ല. അവളുടെ മുഖം സന്തോഷംകൊണ്ടു് ആമ്പൽപ്പൂപോലെ വിരിഞ്ഞു.

''എനിക്കു് അദ്ദേഹത്തെ ഒന്നു കാണാൻ സൗകര്യം കിട്ടുമോ?'' ആവേശഭരിതയായി മേരി ചോദിച്ചു.

''എന്തു ചെയ്യട്ടെ! ഇന്നു രാവിലത്തെ കുർബ്ബാന കഴിഞ്ഞു് അദ്ദേഹത്തിന്റെ ഇടവകപ്പള്ളിയിലേക്കു പൊയ്ക്കഴിഞ്ഞു. നിന്നെ ഇന്നത്തെ നിലയിൽ കാണാതിരിക്കുന്നതാണു നല്ലതെന്നു തോന്നുന്നു. എന്നിരുന്നാലും, മാനുഷികമൂല്യമുള്ള സ്നേഹം കണ്ടെത്തുവാൻ കഴിഞ്ഞതിൽ അദ്ദേഹം പരമസന്തുഷ്ടനാണു്. എങ്കിലും ആ സ്നേഹം, ദൈവികമായ സ്നേഹംപോലെതന്നെ സംശുദ്ധവും സമുൽകൃഷ്ടവും ആണു്. മേരിക്കുട്ടീ, ഇനി നിനക്കു വീട്ടിലേക്കു മടങ്ങാം. സ്നേഹിക്കുന്നതു പാപമല്ല. നിന്നിൽനിന്നു് ഫ്രാൻസിസ് ആ പാഠം പഠിച്ചു.''

പിന്നെ അവൾ അവിടെ നിന്നില്ല. മറെറാരു ലോകത്തേക്കുയർത്തപ്പെട്ടതുപോലെയുള്ള ഒരു അനുഭൂതി അവൾക്കു കൈവന്നു. ആ മുഖത്തു് അതു പ്രകടമായിരുന്നു. അവളുടെ പ്രേമം നിഷ്ഫലമായില്ല. തിരിച്ചു കിട്ടിയിരിക്കുന്നു. അവൾ ആശ്വസിച്ചിരിക്കും. ഒരുപക്ഷേ, അവളെ കാണാൻ ഒരു ദിവസം അദ്ദേഹം സമ്മതിക്കും. ഇല്ല; തീർച്ചയായും സമ്മതിക്കും.

കണ്ണിൽനിന്നു മറയുന്നതുവരെ ഫ്രാൻസിസ് അവളെ നോക്കിക്കൊണ്ടു നിന്നു. ''മേരീ! ഓമനയായ മേരിക്കുട്ടീ!''

അദ്ദേഹം ഗ്രോട്ടോയുടെ മുമ്പിൽ ചെന്നു. വിശുദ്ധ

മേരിയുടെ പ്രതിമയ്ക്കുതാഴെ മുട്ടുകുത്തി നിന്നു. കാരുണ്യപൂർവ്വം കന്യാമറിയം തന്നെ നോക്കി അനുഗ്രഹിക്കുന്നു. ആശിസ്സുകളുടെ കുസുമങ്ങൾ തന്റെ ശിരസ്സിൽ പൊഴിക്കുന്നതായി അദ്ദേഹത്തിനു തോന്നി. സമുൽകൃഷ്ടമായ ഒരു അനുഭവം നൽകി അനുഗ്രഹിച്ചതിന് പ്രത്യേകം ഒരു പ്രാർത്ഥന നടത്തി. ഇനി അദ്ദേഹത്തിനു സ്വന്തം ഇടവകയിലേക്കു തിരിയെ പോവാം. പൂർണ്ണതയിലേക്കു വളർന്നുചെല്ലുന്ന ഒരു മനുഷ്യനായി, ഒരു ഉത്തമപുരോഹിതനായി ജീവിക്കാം. എല്ലാ പ്രവൃത്തികളേയും പരിവർത്തനംചെയ്യിക്കാൻ ശക്തമായ ഒരു അനുഭവത്തിന്റെ ഉടമാവകാശം അദ്ദേഹത്തിനു ലഭിച്ചിരിക്കുന്നു.

പള്ളിമുറ്റത്തിറങ്ങി മുകളിലേക്കു നോക്കിയപ്പോൾ വെള്ളമേഘങ്ങൾ ആകാശത്താകമാനം വെള്ളിവിളക്കുകൾകൊണ്ട് അലങ്കരിക്കുന്നു.

# കൊച്ചുസ്നേഹിതന്മാർ

രാമചന്ദ്രൻ, കുഞ്ഞുങ്ങൾക്കുള്ള സർജിക്കൽവാർഡിൽ ഒരു ദിവസവും സന്ദർശിക്കാതിരിക്കയില്ല. ദുർവ്വികാരങ്ങളുടെ നിഴലുവീശാത്ത, ദുഷ്ടചിന്തകളുടെ കാഷ്ണ്യം ഏശാത്ത ജീവിതത്തിൻെറ സത്യവും സംശുദ്ധവും ആയ പ്രതിരൂപങ്ങളെയാണ്, എന്നും ആ നിരുപദ്രവികളിൽ രാമചന്ദ്രൻ കണ്ടതു്. അംഗഭംഗം വന്ന ആ കുഞ്ഞുങ്ങൾ അവരുടെ വാർഡിൽ കിടന്നുകൊണ്ടു് ഡോക്ടറെ കാണുമ്പോൾ ആർത്തുവിളിക്കും. ശുഭാശംസകൾ നല്കും. ഡോക്ടരുടെ നോട്ടുബുക്കു കൈയിലാക്കും. കടലാസുകൾ കീറിയെടുക്കും. കടലാസുവിമാനങ്ങൾ ഉണ്ടാക്കി പറപ്പിക്കും. എല്ലാ അവശതയും മറന്നു്, എല്ലാ വേദനകളും വിസ്മരിച്ചു്, ആഹ്ലാദത്തിമിർപ്പിൽ മുങ്ങിമറിയുമ്പോൾ രാമചന്ദ്രൻ വിചാരിക്കും: 'സർവ്വശക്തനായ ദൈവം എന്തിനീ നിരുപദ്രവികളെ രോഗികളാക്കി? വേദനയും മരണവും എന്തിനു ശിക്ഷയായി ഈ കുഞ്ഞുങ്ങൾക്കു നൽകി?'

രാമചന്ദ്രൻ പതിവുപോലെ വാർഡിലേക്കു ചെന്നു. പൊട്ടിച്ചിരിയും കൈകൊട്ടും അദ്ദേഹത്തെ അഭിവാദനംചെയ്തു. തളർവാതം ബാധിക്കാത്ത ഒറ്റക്കാലിൽ നിരങ്ങിക്കൊണ്ടു വിമല അടുത്തുവന്നു. "എത്രനേരമായി വിമല കാത്തിരിക്കുന്നു! എവിടെ വിമലയ്ക്കുള്ള മിട്ടായി?" പോക്കറ്റുകൾ സമത്ഥമായി ആ കുട്ടി പരിശോധിച്ചു. അവൾക്കുവേണ്ടിയുള്ള അനർഘമായ നിധി അവൾ കണ്ടെത്തി. മുഖത്തേക്കു നോക്കി ഒന്നു പുഞ്ചിരിച്ചു.

പുറകോട്ടു വളഞ്ഞ കാലുകളാണു ഹരിഹരനുള്ള തു്. പ്രയാസപ്പെട്ടു് അരികിലേക്കു വന്നു.

"ഹരി!" രാമചന്ദ്രൻ ചോദിച്ചു. "ഹരി ഇന്നു് ഏതു ഭാഷയിലാണു് എന്നോടു സംസാരിക്കുന്നതു്? ഇം ഗ്ലീഷിലോ, ഹിന്ദിയിലോ, മലയാളത്തിലോ?"

ഹരിക്കു് ഉത്തരം പറയാൻ വിഷമമുള്ള ചോദ്യമാ ണതു്. മൂന്നുഭാഷയും ആ കുട്ടിക്കറിയാം. തട്ടും തടവും കൂടാതെ, വെള്ളം ഒഴുകിവരുമ്പോലെ ഈ മൂന്നു ഭാഷയി ലും ഹരിക്കു സംസാരിക്കാൻ കഴിയും. ആ സിദ്ധിയിൽ ഹരിക്കു് അഭിമാനവുമുണ്ടു്.

"കൊള്ളാം ഡോക്ടർ!" ഒട്ടൊന്നു് ആലോചിച്ചി ട്ടാണു ഹരി തുടന്നതു്. "എൻെറ ചേട്ടനോടു രാവിലെ ഞാൻ ഹിന്ദിയിലാണു സംസാരിച്ചതു്. നമുക്കു് ഇംഗ്ലീ ഷിൽ ഇപ്പോൾ സംസാരിക്കാം. നാളെ മലയാളത്തിൽ."

അഞ്ചുവയസ്സായ അമ്മിണി ഈ രംഗമെല്ലാം അക്ഷ മയോടെ കണ്ടുകൊണ്ടു കിടക്കയിൽ കിടക്കുകയാണു്. പിള്ളവാതം പിടിപെട്ടു് രണ്ടുകാലിനും പാവത്തിനു സ്വാധീനമില്ല.

അവിടെ കിടന്നുകൊണ്ടു് അമ്മിണി പറയുകയാ ണു്: "ഡോക്ടർ! ഇന്നു് എനിക്കു റൊട്ടിയും പാലും ബി സ്കറ്റും കിട്ടി."

കിട്ടിയോ; കൊള്ളാം." രാമചന്ദ്രൻ അത്ഭുതസ്തി മിതനായി മറുചോദ്യം ചോദിച്ചു. "എല്ലാം അമ്മിണി ക്കു കിട്ടിയോ? എങ്കിലും എത്ര ബിസ്കറ്റു തിന്നു? പത്തോ പതിനഞ്ചോ?"

ഉറക്കെ ചിരിച്ചുകൊണ്ടു് അമ്മിണി പറഞ്ഞു: "ഏയ്! അത്രയും എനിക്കു തിന്നാൻ ആവുമോ? രണ്ടെ ണ്ണം. എൻെറ വയറു നിറഞ്ഞു. രണ്ടെണ്ണമേ തന്നുള്ളു."

"മോശം, മോശം." നാളെ നഴ്സിനോടു വഴക്കിട്ടു നാലു ബിസ്കറ്റും രണ്ടു പീസ് ബ്രഡ്ഡും വാങ്ങിക്കഴിക്കണം. തടിവയ്ക്കണ്ടേ! ആ നഴ്സിനോളം വണ്ണം വയ്ക്കണമെങ്കിൽ..."

ഈ സമയംകൊണ്ടു മിട്ടായി തിന്നു്, ബാക്കി തലയണക്കൂടിയിൽ സൂക്ഷിച്ചു വിമല രാമചന്ദ്രന്റെ അടുക്കലെത്തി. സ്റ്റെതസ്കോപ്പ് കൈയിലെടുത്തു. മഞ്ജുവിന്റെ സമീപം അവൾ ചെന്നു. വളരെ ഗൗരവത്തിൽ, സ്റ്റെതസ്കോപ്പ് വച്ചു മഞ്ജുവിനെ പരിശോധിച്ചു. കൈ ഒടിഞ്ഞുകിടക്കുകയാണു മഞ്ജു.

"ഡാക്ടർ, ഡാക്ടർ! മഞ്ജുവിനു തീരെ സുഖമില്ല. നെഞ്ചിടിക്കുന്നില്ല. തീരെ സുഖമില്ല; ഇല്ലേ ഡാക്ടർ."

രാമചന്ദ്രന്റെ സുഹൃത്തുക്കൾ ദൂരെ ഓരോന്നും ശ്രദ്ധിക്കുകയാണു്. ചില അഭിപ്രായങ്ങൾ വ്യക്തമായും അവ്യക്തമായും അവർ പറയും.

"മനുഷ്യരോടു് അയാൾക്കു സ്നേഹമുണ്ടോ?"

"അവരുടെ ഇടയിൽ വരുമ്പോൾ രാമചന്ദ്രനു സന്തോഷമാണു്."

"കുറച്ചു് എങ്കിലും മനുഷ്യത്വം ഉണ്ടാവട്ടെ."

"ഈ കുട്ടികൾക്കു് ഇത്ര സ്നേഹം തോന്നാൻ ഇയാളിൽ എന്തിരിക്കുന്നു?"

ദിവസങ്ങൾ ഇങ്ങനെ കടന്നുപോയി. ശൂന്യമായ മരുഭൂമിയിൽ രാമചന്ദ്രൻ ഒരു മരുപ്പച്ച കണ്ടു: വഞ്ചനയും ക്രൂരതയും അസൂയയും നിറഞ്ഞ ലോകത്തിൽ നിത്യശുദ്ധിയുടെ നിരുപമസൗരഭം നിറഞ്ഞ ഒരു കൊച്ചു പൂക്കൂട. എല്ലാ നിറവും ഏകത്ര സമ്മേളിച്ച ഒരു ദർശനം.

ഭൂമിയിലെ സ്വർഗ്ഗം എന്നുമെന്നും ദർശിക്കുന്നതിനു രാമചന്ദ്രൻ അവരുടെ മദ്ധ്യത്തിലേക്കു പോവും.

*

അന്നും പതിവുപോലെ കൊച്ചുസുഹൃത്തുക്കളുടെ അടുക്കലേക്കു രാമചന്ദ്രൻ ചെന്നു.

"ഡാക്കർ, ഡാക്കർ!" വിമലയാണു വിളിക്കുന്നതു്. ഡാക്കർക്കു സുഖമില്ലെന്നു തോന്നുന്നു. ആ കുഴലിങ്ങു തരണം. വിമല ഒന്നു പരിശോധിക്കാം."

സ്റ്റെതസ്കോപ്പ് രാമചന്ദ്രൻ വിമലയുടെ കൈയിൽ കൊടുത്തു. വിമല പരിശോധിച്ചു. "ഡാക്കർ! അമ്മിണിയേപ്പോലെ ഡാക്കർക്കും തീരെ സുഖമില്ല. നെഞ്ചിടിക്കുന്നതു കേൾക്കാനില്ല. രാത്രിയിൽ ഈ മുറിയിരിക്കുന്നപോലെ—ഒരു ഒച്ചയുമില്ല." എന്റെ കഴുത്തിൽ തൂങ്ങിക്കിടന്നുകൊണ്ടു്, ചിരിക്കിടയിൽ വിമല അവളുടെ പരിശോധനാഫലം വ്യക്തമായിപ്പറഞ്ഞു: "ഡാക്കർ! ഡാക്കർ മരിച്ചുപോകും."

ഹരിക്കു പ്രതിഷേധമുണ്ടായിരുന്നു: "ഇല്ല. വിമല പറയുന്നതു കള്ളമാ. ഡാക്കർമാർക്കു മരണമില്ല."

മഞ്ജുവിന്റെ സ്വരം ഉറച്ചതായിരുന്നു: "തെറ്റു്. ഡാക്കർമാർ മരിക്കും. ഹരി പറഞ്ഞതു ശരിയല്ല. അവരും മരിക്കാം. എന്റെ കൊച്ചച്ചൻ ഒരു ഡാക്കറായിരുന്നു. ഒരുദിവസം രാവിലെ ചോര ഛർദ്ദിച്ചു. ബോധം കെട്ടു. പിന്നെ ഉണർന്നിട്ടേ ഇല്ല. തെക്കുവശത്തു വിറകു് അടുക്കി കൊച്ചച്ചനെ അതിൽ മൂടിക്കെട്ടി വച്ചു. തീ കൊളുത്തി. ദഹിപ്പിച്ചു."

"ഡാക്കർ! എന്തുപററി?" വിമലയുടെ വേവലാതിയോടുകൂടിയ വിളി.

രാമചന്ദ്രൻ പറഞ്ഞു. "വിമലേ! എന്റെ തല ചുററുന്നു. നഴ്സിനെ വിളിക്കൂ...ഉച്ചത്തിൽ...എനിക്ക്..."

വാർഡിലെ സിസ്റ്റർ ഓടിവന്നു.

"സിസ്റ്റർ! എനിക്കു കുറേശ്ശേ പനിയുണ്ട്." രാമചന്ദ്രൻ സിസ്റ്ററിനോടു പറഞ്ഞു. "ഇന്നലെ രാത്രി തുടങ്ങിയ പനിയാണ്. തീരെ സുഖം തോന്നുന്നില്ല. ഡാക്ടരെ ഒന്നു വിളിച്ചുകൊണ്ടുവരൂ. എന്നെ എന്നിട്ട് ആശുപത്രിയിൽ പ്രവേശിപ്പിക്കണം. എനിക്കു തീരെ സുഖമില്ല."

*　　　*　　　*

പനി കൂടി. ദിവസങ്ങൾതന്നെ കഴിഞ്ഞു.

രാമചന്ദ്രൻ കിടക്കുന്ന മുറി എവിടെയെന്ന് ഇതിനകം കുട്ടികൾ അന്വേഷിച്ചറിഞ്ഞു. ആ ബെഡ്ഡ് ഏതെന്നും അവർ കണ്ടുപിടിച്ചു. വലിഞ്ഞുവലിഞ്ഞു നടന്നു വിമലയും ഹരിയും മഞ്ജുവും ഒരുദിവസം രാവിലെ രാമചന്ദ്രന്റെ കിടക്കയ്ക്കരികെ വന്നു.

രാമചന്ദ്രനെ ശുശ്രൂഷിക്കുവാൻ നിയുക്തയായിരുന്ന സിസ്റ്റർ ആ കുട്ടികളെക്കണ്ടമാത്രയിൽ അവരുടെ നേരേ ചാടിവീണു:

"ഛെരയ്! എന്തിനിവിടെ വന്നു? ഇഷ്ടംപോലെ അങ്ങു നടക്കുകയാണ്. തെണ്ടിപ്പിള്ളേർ! ഉം, പൊയ്ക്കോളിൻ."

ഹരിയുടെ ചെവിക്ക് ആ സിസ്റ്റർ പിടിച്ച് ഒന്നു തിരുമ്മി. "ഫോ, പുറത്ത്! പട്ടി!"

പേടിച്ചു വിരണ്ടുപോയ കുട്ടികൾ മുറിയുടെ പുറ

ത്തേക്കല്ല ഓടിയതു്. രാമചന്ദ്രൻെറ കട്ടിലിനരികിലേക്കു്. വട്ടംകൂടിനിന്നു. ഹരിയുടെ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു. കണ്ണുനീർ കെട്ടിനില്ക്കുന്നതു രാമചന്ദ്രൻ കിടന്ന കിടപ്പിൽ കണ്ടു.

"സിസ്റ്റർ!" രാമചന്ദ്രൻെറ സ്വരം ആജ്ഞാരൂപത്തിലുള്ളതായിരുന്നു. "അവർ തെണ്ടികളല്ല; പട്ടികളല്ല. കൊച്ചുകുട്ടികൾ! എൻെറ കൂട്ടുകാർ! എൻെറ രോഗമന്വേഷിച്ചു വന്നവർ..."

"ക്ഷമിക്കണം ഡാക്ടർ!" സിസ്റ്ററിൻെറ സ്വരം പശ്ചാത്താപനിർഭരമായിരുന്നു.

"സാരമില്ല." രാമചന്ദ്രൻ ശാന്തനായി.

സിസ്റ്റർ അവിടെ നിന്നില്ല. പോകുന്നതു കണ്ടുകൊണ്ടു് ഹരി പറഞ്ഞു: "ഞാൻ പട്ടിയാണെങ്കിൽ, അവർ ബുൾപ്പട്ടി! അതുപോലെയല്ലേ ചാടിവീഴുന്നതു്."

വിമല ഉൽക്കണ്ഠയോടെ പറഞ്ഞു: "ഡാക്ടർ! ഞങ്ങൾ ഡാക്ടരെ എവിടെയെല്ലാം അന്വേഷിച്ചു. ഒടുവിൽ കണ്ടുപിടിച്ചതു് ഹരിയാണു്. ഈ വലിയ ആശുപത്രിയിൽ ഒരാളെ കണ്ടുപിടിക്കാനെളുപ്പമല്ല, ഡാക്ടർ!"

"കുഞ്ഞുങ്ങൾക്കു് എൻെറ നന്ദി. അമ്മിണിക്കു സുഖമുണ്ടോ? ഇടയ്ക്കിടെ കരയുമോ? വേദന പാവത്തിനു സഹിക്കാനാവില്ല. എനിക്കു നല്ല സുഖമുണ്ടെന്നു പറയണം. അമ്മിണിക്കുള്ള മധുരപലഹാരങ്ങൾ കൊണ്ടുവരുമെന്നു് അറിയിക്കണെ!"

"ഡാക്ടർ! നോക്കണം. ഞാൻ അണിഞ്ഞിരിക്കുന്ന പൂവു് ഭംഗിയുള്ളതല്ലേ? ഡാക്ടർക്കു് ഇഷ്ടമായോ?" വിമല ഉച്ചത്തിൽ ചോദിച്ചു.

"കൊള്ളാം. നല്ല മണം. നല്ല നിറം. മിടുക്കി."

"പെൺകുട്ടികൾ എവിടെപ്പോകുമ്പോഴും പൂക്കൾ അണിയണം." മഞ്ജുവിന്റെ അഭിപ്രായമാണു്.

"വിമലയ്ക്കു് ഇതെവിടെനിന്നു കിട്ടി?"

"മേശപ്പുറത്തു വച്ചിരിക്കുന്നതിൽനിന്നും ഞാൻ അതു് ആരും കാണാതെ..." വിമല വാചകം മുഴമിപ്പിച്ചില്ല.

"വിമലേ! എന്തിനീ കള്ളം പറയുന്നു? ഞാനല്ലേ അതു പേടിയില്ലാതെ ആ ഫ്ളവർവേസിൽനിന്നും എടുത്തതു്." ഹരി ദൃഢസ്വരത്തിൽ പറഞ്ഞു. "ആ നഴ്സ് അതു കാണാതിരുന്നതു് എന്റെ കുററമല്ല."

"കൊച്ചുകാര്യത്തിനു വഴക്കുകൂടാതെ വിമലേ!" മഞ്ജുവിനു് അതിഷ്ടമായില്ല. "ഡാക്കർക്കു കൊണ്ടുവന്ന സമ്മാനം പുറത്തെടുക്കു കുട്ടി."

വിമല അവളുടെ സമ്മാനം പുറത്തെടുത്തു. തുണിത്തരങ്ങളിൽ ഒട്ടിച്ചിട്ടുള്ള വർണ്ണക്കടലാസുകൊണ്ടു് അവൾ ഒരു ബോട്ടു് ഉണ്ടാക്കിക്കൊണ്ടു വന്നിരിക്കുന്നു. തുണിയുടെ ലേബൽ വിമലയ്ക്കു ബോട്ടിനുള്ള തടിയായി മാറിയിരിക്കുന്നു. ഹരി ഒരു ഗോലിയാണരു് കൊണ്ടുവന്നിരിക്കുന്നതു്. മഞ്ജു ഡോക്ടരുടെ നോട്ടുബുക്കിൽനിന്നും കീറിയെടുത്ത കടലാസുകൊണ്ടു് ഒരു വിമാനം.

രാമചന്ദ്രന്റെ ഹൃദയം വികാരതരളിതമായി. കണ്ണുകൾ നിറഞ്ഞു. "എല്ലാവർക്കും എന്റെ സ്നേഹം." സമ്മാനം ഓരോന്നായി വാങ്ങി കിടക്കയിൽ വച്ചു.

"അതെല്ലാം നല്ലതല്ലേ ഡാക്ടർ?" വിമല അക്ഷമതയോടെ ചോദിച്ചു.

"കൊള്ളാം! എത്ര ഭംഗിയായിരിക്കുന്നു!" രാമചന്ദ്രൻ കുട്ടികളുടെ മുഖത്തു മാറിമാറി നോക്കി.

"ഞാൻ അപ്പൊഴേ പറഞ്ഞില്ലേ, ഹരി!" വിമല

തിട്ടക്കത്തിൽ പറയുകയാണു്. "ഇതെല്ലാം നമ്മുടെ ഡാക്ടർക്കു് ഇഷ്ടമാകുമെന്നു്."

അവർ മൂവരും സന്തോഷംകൊണ്ടു മതിമറന്നു.

"ഒന്നും ഞാൻ കളയുകയില്ല. ഇതാ! ഈ ഷെൽഫിൽ വച്ചു് എപ്പോഴും നോക്കിക്കൊണ്ടിരിക്കും. ഒരു കാര്യം! ഇനി എന്നെ കാണാൻ വരരുതു്. എനിക്കു രോഗമല്ലേ! പനി പകർന്നേക്കും. നിങ്ങൾ സൂക്ഷിക്കണം."

പെട്ടെന്നു് ആ മുഖപ്രസാദം അസ്തമിച്ചു.

അവർ മൂവരും അവരുടെ വാർഡിലേക്കു പോയിക്കഴിഞ്ഞു.

* * *

അടുത്തദിവസം രാവിലെ മററാരും കാണാതെ ഹരി രാമചന്ദ്രന്റെ മുറിയിൽ ചെന്നു.

"ഡാക്ടർ! ഡാക്ടർ!" വളരെ പതുക്കെ ആ കിടക്കയ്ക്കരികിൽ നിന്നു് ഹരി വിളിച്ചു. അടുത്ത മുറിയിൽ ആ ബുൾപ്പട്ടി നില്ക്കുന്നുണ്ടായിരുന്നു. പുറംതിരിഞ്ഞു നിന്നുകൊണ്ടു സിസ്റ്റർ ഹരിയെ കണ്ടില്ല.

രാമചന്ദ്രൻ മയങ്ങുകയായിരുന്നു. നെററിക്കു മുകളിൽ ഒരു ചുവന്ന റബ്ബർസഞ്ചി കെട്ടിത്തൂക്കിയിട്ടിട്ടുണ്ടു്. തുള്ളിതുള്ളിയായി വെള്ളം വീണുകൊണ്ടിരിക്കുന്നു.

ഹരി പെട്ടെന്നു തിരിയെപ്പോയി.

"വിമലേ! നീ അറിഞ്ഞോ? ആ ബുൾപ്പട്ടി ഡാക്ടറെയിട്ടു കഷ്ടപ്പെടുത്തുകയാണു്. അന്നു ഡാക്ടർ അവരെ ദേഷ്യപ്പെടുത്തുകൊണ്ടായിരിക്കും. മുഖത്തിനു നേരെ മുകളിൽ ഒരു റബ്ബർസഞ്ചി കെട്ടിത്തൂക്കിയിട്ടിട്ടുണ്ടു്. വെള്ളം ഇററിറ്റു വീഴുന്നുണ്ടു്. ഡാക്ടറെ ഉറക്കാതിരിക്കുവാനുള്ള പണി. നേരം വെളുത്തിട്ടും ഉറക്കം മതിയാകാത്ത

ഒരു വേലക്കാരി ഞങ്ങളുടെ വീട്ടിലുണ്ടായിരുന്നു. അവളുടെ മുഖത്തും കണ്ണിലും അമ്മ വെള്ളം തളിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്, വിമലേ!"

"ദുഷ്ട!" വിമല ആ സിസ്റ്ററിനെ വിളിക്കുകയാണ്. "ഹരി ഡാക്ടരോടു സംസാരിച്ചില്ലേ? ഡാക്ടരെന്തു പറഞ്ഞു?"

"ഞാൻ വിളിച്ചു. ഒന്നും മിണ്ടിയില്ല."

"നമുക്ക് ഇന്നു രാത്രിയിൽ ഡാക്ടരുടെ അടുത്തു പോകണം. എല്ലാ വിളക്കും അണച്ചുകഴിഞ്ഞിട്ട്. ആരും കാണാതെ ആ റബ്ബർസഞ്ചിയെടുത്തു നമുക്കു മാററണം."

അവർ ഉറച്ചുകഴിഞ്ഞു.

* * *

ആശുപത്രിമുറികളിലെ ലൈററുകൾ അണഞ്ഞു. ആ മൂന്നു കുട്ടികളും അവരുടെ മുറിയിൽനിന്നും എഴുന്നേററു—വിമലയും ഹരിയും മഞ്ജുവും. പൂച്ച നടക്കുന്നതിലും നിശ്ശബ്ദമായി അവർ രാമചന്ദ്രൻെറ മുറിയിലേക്കു നടന്നു. രാമചന്ദ്രൻെറ കിടക്കയ്ക്കരികിൽ ചെന്നു. ആ ബുൾപ്പട്ടിസിസ്റ്റർ അങ്ങു ദൂരെ വരാന്തയിൽ നില്ക്കുന്നു. പതുക്കെപ്പതുക്കെ ആരുമായോ സംസാരിക്കുകയാണ്.

"ഡാക്ടർ! ഡാക്ടർ!" വിമല സാവധാനം വിളിച്ചു. മറുപടി ഇല്ല.

"ഹരി!" തൊണ്ടയിടറിക്കൊണ്ടു വിമല പറഞ്ഞു. "നോക്ക്, അദ്ദേഹത്തെ കെട്ടിയിട്ടിരിക്കുന്നതു കണ്ടോ? ദുഷ്ട!"

"പരമദുഷ്ട!" ഹരിക്കു സഹിക്കാനായില്ല. "ഞാൻ അങ്ങോട്ടു ചെന്ന് ആ ബുൾപ്പട്ടിയുടെ കഴുത്തു ഞെരിച്ചു കൊല്ലട്ടെ!"

"വേണ്ട, ഇപ്പോൾ വേണ്ട. ആളു തെററിപ്പോയാലോ? ഇരുട്ടല്ലേ. നേരം വെളുക്കട്ടെ. ശ്വാസംമുട്ടിച്ച്... അയ്യോ..." വിമല ഒട്ടു പതുക്കെപ്പറഞ്ഞു.

"എന്നാൽ അതുമതി." ഹരി സമ്മതിച്ചു. "പക്ഷേ, നമുക്കു ഡാക്കരുടെ കെട്ടുകളഴിക്കണം."

"പിശാശ്!" മഞ്ജു കോപമടക്കാൻകഴിയാതെ പറഞ്ഞു. "വിമല ഇതു കണ്ടോ? ഡാക്കരുടെ മൂക്കിൽ എന്തോ കുത്തിക്കയററിയിരിക്കുന്നതു കണ്ടോ? കൊഴലാണോ?"

"വലിച്ചെടുത്തുകളയൂ! വേഗം." വിമല ശാസനാരൂപത്തിൽ പറഞ്ഞു. ഓക്സിജൻ കൊടുക്കാൻ ഉപയോഗിച്ചിരുന്ന ആ കത്തീററർ മൂക്കിൽനിന്നും ഹരി വലിച്ചെടുത്തു. ഓക്സിജൻസിലണ്ടറിൽനിന്നും അതു കീഴോട്ടു തൂങ്ങിക്കിടക്കുന്നു. അങ്ങോട്ടും ഇങ്ങോട്ടും പതുക്കെ ആടുന്നു.

"ഡാക്കർ! ഡാക്കർ!" വിമല കരഞ്ഞുകൊണ്ടു വിളിച്ചു. "കണ്ണു തുറക്കുകയില്ലെ? വിമലയാണു വിളിക്കുന്നത്. ഇതാ, ഹരിയും മഞ്ജുവും എൻെറ അടുത്തുണ്ട്. കണ്ണു തുറക്കൂ."

ഒരു ഞരക്കം. ഒരു മൂളൽ. ബോധമുള്ള ആളിന്റേതല്ല. കോവണി കയറി ആരോ വരുന്ന ശബ്ദം അവർ കേട്ടു. കുട്ടികൾക്കു ഭയമായി.

"വരൂ, വേഗം വരൂ." ഹരി ആജ്ഞാപിച്ചു. "ആ ബുൾപ്പട്ടി വരികയായിരിക്കും. നമ്മളെക്കണ്ടാൽ... ചാടിപ്പിടിക്കും..."

"അതിനെ ഞെരിച്ചുകൊല്ലണ്ടേ?" മഞ്ജു പറഞ്ഞു.

"വിമല പറയുന്നു കൊല്ലാൻ എളുപ്പം പകലാണെന്ന്. എനിക്കും അതു ശരിയാണെന്നു തോന്നുന്നുണ്ട്, മഞ്ജു."

പാദശബ്ദം അടുത്തടുത്തുവന്നു. അതിനിടെ കുട്ടികൾ അവിടം വിട്ടു.

*　　*　　*

നേരം വെളുത്തു. ആദ്യം കുട്ടികൾ രാമചന്ദ്രൻെറ വാർഡിലേക്കുതന്നെയാണു പോയതു്. ആ മുറിയുടെ സമീപം ചെന്നു. മുറിയുടെ വാതിൽ അടച്ചിട്ടിരിക്കുന്നു. വിമല അതു സാവധാനം തള്ളിത്തുറന്നു. ആ കട്ടിൽ ഒഴിഞ്ഞുകിടക്കുന്നു!

"അയ്യോ! ഡാക്കുരെവിടെ? അദ്ദേഹത്തിനെ എങ്ങോട്ടു മാററി?" വിമല ഏങ്ങലടിച്ചു കരയുകയാണു്.

ഒരു മെഡിക്കൽവിദ്യാർത്ഥി അവിടെ നിന്നിരുന്നു. "ആരെയാണു നോക്കുന്നതു്?"

"ഡാക്കുറെ." വിങ്ങിപ്പൊട്ടിക്കൊണ്ടു വിമല പറഞ്ഞു. "ഈ കിടക്കയിൽ കിടന്നിരുന്ന ഡാക്കുരെ."

വിദ്യാർത്ഥി ഉത്തരം പറഞ്ഞു: "ഓ! രാമചന്ദ്രനെയാണോ? അയാളും ഒരു മെഡിക്കൽവിദ്യാർത്ഥിയായിരുന്നു. അതെ, ഇവിടെത്തന്നെ കിടന്നിരുന്നതു്. എന്തു ചെയ്യാം കുഞ്ഞുങ്ങളെ! പാവം ഇന്നലെ പാതിരാ കഴിഞ്ഞു മരിച്ചുപോയി..."

"ഹരി! എൻെറ ഹരി!" വിമല പൊട്ടിക്കരഞ്ഞുപോയി. "ഡാക്കർ...നമ്മുടെ ഡാക്കർ...മരിച്ചുപോയി...മരിച്ചുപോയി..."

"അയ്യോ, ഇനി അവർ അദ്ദേഹത്തെ ദഹിപ്പിക്കും. അദ്ദേഹം ചാരമായിപ്പോവും. എൻെറ കൊച്ചച്ചനെ ചെയ്തതുപോലെ." മഞ്ജു തൊണ്ട ഇടറിക്കൊണ്ടു പറഞ്ഞു.

നിശ്ശൂന്യമായ ആ കട്ടിലിൽ കെട്ടിപ്പിടിച്ചുകൊണ്ടു്

ആ കുട്ടികൾ പൊട്ടിക്കരഞ്ഞു. “ഡാക്കർ! എന്തിനു ഞങ്ങളെ വിട്ടിട്ടു ഡാക്കർ പോയി? ഞങ്ങളെത്തന്നെ ഇവിടെ വിട്ടിട്ട്...”

കോളേജ് ഹോസ്റ്റലിൽ രാമചന്ദ്രന്റെ സതീർത്ഥ്യർ ഇങ്ങനെയാണു സംസാരിച്ചതു്:

“ആ സിസ്റ്റർ തീരെ ഉത്തരവാദിത്വമില്ലാതെ പെരുമാറിയെന്നു കേട്ടു.”

“എവിടെയോ സംസാരിച്ചുകൊണ്ടു നില്ക്കുകയായിരുന്നു.”

“ഓക്സിജൻ ശരിയായി കൊടുത്തില്ല. കെട്ടുകൾ മുറുകിയില്ലായിരുന്നു...ആ സിസ്റ്റർ!...രാമചന്ദ്രൻ പ്രജ്ഞയില്ലാതെ കിടക്കയിൽനിന്നു് എഴുന്നേറ്റു പുറത്തേക്കു് ഓടി. വാർഡിൻെറ നടുവിലെത്തിയപ്പോൾ താഴെ വീണുപോയി.”

ഇങ്ങനെ അഭിപ്രായപ്രകടനങ്ങൾ തുടരുമ്പോൾ കുട്ടികൾ എവരും ഉച്ചത്തിൽ കരഞ്ഞുകൊണ്ടു കോവണിപ്പടിക്കരികെ നിന്നിരുന്നു.

“ഡാക്കർ! ഡാക്കരെന്തിനു മരിച്ചു? ഞങ്ങളെത്തന്നെ വിട്ടിട്ട് എന്തിനു പോയി?...”

# പൂമാലകൾ

പടർന്നു പന്തലിച്ചുനില്ക്കുന്ന ആ ആൽമരച്ചുവട്ടിൽ പതിവായി വനജയെക്കാണാം. നഗരത്തിൻെറ നാലു കോണിലേക്കുമുള്ള റോഡുകളുടെ സംഗമസ്ഥാനമാണവിടം. ആൽച്ചുവട്ടിലാദ്യം എത്തുന്നതു് ആ പൂക്കാരിയാണു്. പൂക്കുട്ടയിൽ നിറഞ്ഞുകുമിയുന്ന പൂക്കൾ. അതിനു മീതെ, കിളുന്നുവാഴയില മുറിച്ചു കെട്ടിയ ഒരു ഇലക്കെട്ടു്. പൂക്കുട്ട താഴെ വച്ചു്, നേരേ കിഴക്കോട്ടു നോക്കി, ഉദിച്ചുയരുന്ന സൂര്യഭഗവാനെ അവൾ കൈകൂപ്പി തൊഴും. എന്നിട്ടു് ആൽമരത്തിൽ തൊട്ടു വന്ദിക്കും. പിന്നീടു് താഴെ ചമ്രംപടിഞ്ഞിരിക്കും. മുല്ല, പിച്ചി, മന്ദാരം, റോസ, അരളി എന്നിവ വെവ്വേറെ എടുത്തു് ഇലയിൽ നിരത്തും. ഒരു മൂളിപ്പാട്ടിൻെറ നേരിയ ശബ്ദം അടുത്തു ചെന്നാൽ കേൾക്കാം. എങ്കിലും അതിന്റെ ഭാഷയും വർണ്ണവും അത്ര വ്യക്തമല്ല. നേർത്ത വിരലുകൾ അതിലും നേർത്ത പൂക്കളുമായി സമ്മേളിച്ചു്, നാനാവർണ്ണവിലോലിതമായ മാലകൾ നെയ്തെടുക്കുന്നതു കണ്ടുനില്ക്കുന്നവരുടെ കണ്ണിനൊരുത്സവമാണു്. പൂക്കളുടെ നൈർമ്മല്യവും സൗന്ദര്യവും വനജയുടെ മുഖത്തുനിന്നും അടർന്നുവീണതാണു്.

വനജയുടെ പൂമാലകൾ, ദേവന്മാരുടെ ബിംബങ്ങളിൽ ചാർത്താൻ വാങ്ങിക്കൊണ്ടു പോകുന്നവരുണ്ടു്. അമ്പലം അടുത്തുള്ള നദിയുടെ തീരത്താണു്. അദൃശ്യമായ പ്രേമത്തിൻെറ ദൃശ്യമായ അടയാളമായി ആ മാലകൾ, വധുവും വരനും മാറിമാറി കഴുത്തിലണിയിക്കാറുണ്ടു്. ആദരവിൻെറയും സ്നേഹത്തിന്റെയും പ്രതീകങ്ങ

ളായി പ്രശസ്താതിഥികളുടെ മാറിലും ആ മാലകൾ അ പ്പിക്കാറുണ്ടു്. മരണത്തിൻെറ കരസ്പർശംകൊണ്ടു മരവി ച്ചുപോയ ശരീരങ്ങളിലും, അവ ആദരപൂർവ്വം സമർപ്പി ക്കപ്പെടാറുണ്ടു്. ആവശ്യക്കാരുടെ ഹിതമനുസരിച്ചു മാലകൾ കെട്ടുവാൻ വനജയ്ക്കറിയാം.

ആ മാലകളുടെ ഭംഗി കാണുവാൻ, അവളുടെ നിശ്ശ ബ്ദമായ ആലാപത്തിൻെറ മാധുര്യം ആസ്വദിക്കുവാൻ, ആ നിഷ്കളങ്കതയുടെ നിരുപമസൗന്ദര്യം അടുത്തുനിന്നു കണ്ടു് ആത്മസംതൃപ്തിനേടുവാൻ, വഴിപോക്കരിൽ പല രും ആൽത്തറയ്ക്കരികിൽ തങ്ങിനില്ക്കും.

“എയ്! പൂക്കാരി! നിറച്ചു റോസാപ്പൂക്കൾകൊണ്ടു് എനിക്കു് ഒരുമാല!” ഒരാൾ പറയും.

മറെറാരാൾക്കാവശ്യം അരളിമാലയാണു്.

അത്ര വളരെനേരം ഒരു മാലയ്ക്കുവേണ്ടി ആരും വന ജയുടെ സമീപം കാത്തുനില്ക്കേണ്ടിവരികയില്ല.

“ഇന്നെന്തിനാണിത്ര വലിയ മാല?” പുഞ്ചിരിയു ടെ ഇടയിലൂടെ ഉതിരുന്ന വീണാനാദമാണതു്.

“വനജ അറിഞ്ഞില്ലേ? ഇന്നു വൈകിട്ടത്തെ തീവ ണ്ടിയിൽ മഹാത്മാഗാന്ധി വന്നുചേരുന്ന വിവരം. നമ്മു ടെ പട്ടണത്തിൽ ആദ്യമായി ബാപ്പുജി വരുന്നു. ഇന്നു് വനജയ്ക്കു വിശ്രമം കാണുകില്ല. ജയിലിൽനിന്നു മോചി പ്പിച്ചതിനുശേഷം ഗാന്ധിജി നേരെ ഇങ്ങോട്ടാണു വരു ന്നതു്.”

ഉദയസൂര്യൻെറ പ്രസാദം മുഴുവൻ വനജയുടെ മുഖ ത്തേക്കു പകർന്നുകഴിഞ്ഞു. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തി നുവേണ്ടി, മർദ്ദിതജനങ്ങൾക്കുവേണ്ടി, തീണ്ടിക്കൂടാത്തവ ക്കും തൊട്ടുകൂടാത്തവക്കുംവേണ്ടി, എല്ലാ ദുഃഖങ്ങളും സ്വയം അനുഭവിക്കുന്ന ആ മഹാപുരുഷനു്, അവൾക്കു്

എന്തു് അർപ്പിക്കുവാനുണ്ടു്? അവളുടെ ഭക്തിയും ആദരവും ആ മാലയിലെ ഓരോ പൂവിലും നിറഞ്ഞുനില്ക്കണം. അവളും താഴ്ന്നസമുദായത്തിൽ ജനിച്ചവളാണു്. അവളുടെ ഹൃദയവികാരം മുഴുവനും ആ മാലയുടെ ഭംഗിയിൽ നിന്നു് ഒഴുകണം. ആ നിശ്ശബ്ദഗാനത്തിനു ഭക്തിയുടെ രാഗവും പരിമളവും ഉണ്ടായതു് അവൾ അറിഞ്ഞില്ല. അവളുടെ കരാംഗുലികളുടെ ചലനം ത്വരിതമായി...

മറ്റൊരാൾ പറഞ്ഞു: "വനജേ! രണ്ടു മാല വേണം. രണ്ടു പുതിയമാല! മുഴുവനും റോസാപ്പൂക്കളായിക്കൊള്ളട്ടെ."

ഓ! രണ്ടു മാല! എന്തിനാണു് രണ്ടു മാല എന്നവൾക്കറിയാം. രണ്ടു വീടുകളിൽ രണ്ടു ഹൃദയം ഒന്നാവാൻ വെമ്പിനില്ക്കുന്നുണ്ടു്. വിധി അവരെ ഒന്നിച്ചുചേർക്കാൻ മുഹൂർത്തം നിശ്ചയിച്ചിരിക്കുന്നു. ഈ മാലകളാണു് അവരെ പരസ്യമായി ബന്ധിക്കാൻപോവുന്നതു്. അവളുടെ മനസ്സും കുളുർത്തു.

"ബീവി! നാലണയുടെ ഒരു മാല എനിക്കു വേണം." ഒരു കൊച്ചുപയ്യൻ അവളോടു് ആവശ്യപ്പെടുകയാണു്.

"എന്തിനാ ഇത്ര ചെറിയമാല? അനിയൻ പറയൂ!" വാത്സല്യത്തിൻേറതായിരുന്നു വനജയുടെ ചോദ്യം.

"എൻെറ അനിയത്തി അയ്യോ! ഇന്നു വെളുപ്പിനു മരിച്ചു." തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ടാണു് ആ കുട്ടി വാചകം പൂർത്തിയാക്കിയതു്.

വനജ ആ കുട്ടിയെ അടുത്തുപിടിച്ചുനിർത്തി. കണ്ണുനീർ ആ കവിൾത്തടങ്ങളിൽനിന്നും ഒപ്പിയെടുത്തു. സമാശ്വാസപൂർവ്വം ചിലതു പറഞ്ഞു. ഒടുവിൽ ഒരു വലിയ മാല എടുത്തു കൊടുത്തിട്ടു്, "ഇതിനു കൊണ്ടുവന്ന നാലണ അമ്മയുടെ കൈയിൽ തിരിയെ ഏല്പിച്ചേക്കൂ. ഈ

ചേച്ചി ഈ മാല അനിയനു സമ്മാനമായി തന്നതാണെന്നു പറഞ്ഞേക്കു!'' മാല വാങ്ങാൻകുട്ടി അല്പം മടിച്ചു. ഒടുവിൽ വാങ്ങി വീട്ടിലേക്കു പോയി.

''മോളേ! എയ്, വനജാ.'' ആ സംബോധനയോടൊപ്പം, വൃദ്ധനായ ഗുലാംറസൂൾ ആൽച്ചുവട്ടിൽ എത്തിക്കഴിഞ്ഞു. റോഡിനെതിരെ ഒരു ആഭരണക്കടയിലെ ഗേറ്റ്കാവൽക്കാരനാണ് റസൂൾ. പകൽമുഴുവനും ഗേററിനരികിൽ അധികം പൊക്കമില്ലാത്ത ഒരു സ്റ്റൂളിൽ, ആ വൃദ്ധൻ ഇരിക്കുന്നതു റോഡിലൂടെ പോകുന്നവരെല്ലാം കണ്ടിട്ടുണ്ട്.

''വനജാ! വ്യാപാരം എങ്ങനെ?'' റസൂൾ വനജയുടെ ഒരു അഭ്യുദയകാംക്ഷിയാണ്. ആൾത്തിരക്കില്ലാത്തപ്പോൾ റോഡുകടന്നു വനജയുടെ അടുത്തുവന്നു കുശലമന്വേഷിക്കാറുണ്ട്.

''എന്നത്തേയുംപോലെതന്നെ, മുതലാളി! എൻെറ പൂമാലകൾ സന്തോഷാവസരങ്ങളിലേക്കു മാത്രമുള്ളതായിരുന്നെങ്കിൽ എന്തുചെയ്യും! മരണം ഉള്ളടത്തോളംകാലം അതു് എങ്ങനെ സാധിക്കും?'' വനജ ചോദ്യവും ഉത്തരവും തന്നെത്താൻ നല്കി. ''ദുഃഖോം, വേദനേം ഈ ഭൂമീന്നു മാറുവേല.''

റസൂൾ ഒന്നും മിണ്ടുന്നലക്ഷണമില്ല എന്നു് വനജയ്ക്കു മനസ്സിലായി. റസൂളിനു് ഏററവും ഇഷ്ടപ്പെട്ട വിഷയം അല്ല അവൾ തുടങ്ങിയതു് എന്നു് ഓർത്തു. പെട്ടെന്നു് അവൾ ചോദിച്ചു: ''മുതലാളിയുടെ നടുവേദനയ്ക്കു കുറവുണ്ടോ?''

നൂറാവർത്തി പറഞ്ഞിട്ടും മതിയാവാത്ത വേദനയുടെ കഥ റസൂൾ അപ്പോഴും ആരംഭിച്ചു. ആദ്യം നടുവെട്ടിയതു്; തിരുമ്മുകാരൻ വന്നതു്; ഭാര്യയുടെ ശുശ്രൂഷ; ഭാര്യ

യുടെ പെട്ടെന്നുള്ള മരണം; അതിനുശേഷം രോഗം കൂടി യതു്. എല്ലാം വനജയുടെ ചെവിയിൽ തഴമ്പുണ്ടാക്കിയ കഥാസംഭവങ്ങളാണു്. എങ്കിലും, യാതൊരു അക്ഷമത യും കാണിക്കാതെ അവൾ അതെല്ലാം ഒരുവട്ടംകൂടി അന്നു കേട്ടു. മരിച്ചുപോയ അച്ഛന്റെ സ്നേഹം, 'മോളെ!' എന്ന ഒരു ഒററവിളിയിൽ അവൾ അനുഭവിക്കാറുണ്ടു്. കഥ പറഞ്ഞുകഴിയുന്നതിനിടയിൽ ഒരു നൂറുപ്രാവശ്യമെങ്കി ലും വാത്സല്യനിർഭരമായ ആ സംബോധന അവൾക്കു കേൾക്കാൻ ഭാഗ്യമുണ്ടാകും.

റസൂലിനു വനജയോടുള്ള പ്രത്യേകവാത്സല്യത്തി നു കാരണം, മാനമായ ഒരു ജോലി പതിവായി ചെയ്തു് ഉപജീവനമാർഗ്ഗം നേടുന്നതുകൊണ്ടുമാത്രമല്ല. ദുഃഖവും വേദനയും അഴിച്ചുവെക്കുവാനുള്ള ഒരു ആശ്വാസകേന്ദ്ര മാണു് ആ പെൺകുട്ടി. എല്ലാററിലും ഉപരിയായി, റസൂ ളിനു് ഒരു മകളില്ല എന്ന വസ്തുത. ഒരു അച്ഛൻെറ വാ ത്സല്യംമുഴവൻ അവൾക്കായി റസൂൾ സൂക്ഷിക്കുകയാണെ ന്നു തോന്നും, ആ വൃദ്ധൻെറ പെരുമാററം കണ്ടാൽ.

നട്ടവേദനയുടെ കഥ പറഞ്ഞുതീരുമ്പോൾ വികാര പരവശനായി പറയാറുള്ളതു് അന്നും പറഞ്ഞു:

"വനജേ! ഈ ദുനിയാവിൽ രണ്ടു് ആത്മാക്കളെയാ ണു് എനിക്കു് ഏററവും ഇഷ്ടം. ഒന്നു് എൻെറ മോൾ വനജ. മററെയാൾ ആരെന്നു കള്ളി! നിനക്കറിയാമോ? പറയാം. ചോട്ടാബാബു."

ചോട്ടാബാബു എന്ന പേരു കേൾക്കുമ്പോൾ അവ ളുടെ മുഖം വിവർണ്ണമാകാറുണ്ടു്. അന്നും വിവർണ്ണമായി. അതിസുന്ദരനായ ആ യുവാവു രാവിലെ ആഭരണശാല യിലേക്കു കയറിപ്പോകുന്നതും, വൈകിട്ടു തിരിയെ പോ കുന്നതും എന്നും അവൾ കാണാറുണ്ടു്. ആഭരണശാല

യുടെ ഉടമസ്ഥൻെറ ഏകപുത്രനാണ്, ചോട്ടാബാബു. ആ പേരിലാണ്, എല്ലാവരും ആ യുവാവിനെ അറിയുന്നത്.

റസൂൾ തുടൎന്നു: "മോളേ! റസൂൾ വിചാരിക്കാറുണ്ട്, നീയും ചോട്ടാബാബുവിനെപ്പോലെ ഒരു പണക്കാരിയായിരുന്നെങ്കിലെന്നു്. അതുപോലെ ഒരു വലിയ കുടുംബത്തിൽ ജനിച്ചിരുന്നെങ്കിലെന്നു്. എന്നാൽ ഞാൻ ബഡാബാബുവിനോടു നേരിട്ടു പറയുമായിരുന്നു, നീ ഒരു രത്നമാണെന്നു്; ചോട്ടാബാബുവിനു പററിയ പെണ്ണാണെന്നു്! എൻെറ മോളെപ്പോലെ ഒരു നല്ല പെണ്ണും, ചോട്ടാബാബുവിനെപ്പോലെ ഒരു നല്ല ചെറുക്കനും! എൻെറ അള്ളാ! എന്തൊരു ചേച്ച്! ഇതുപോലെ ഒരു ഭാൎയ്യയും ഭൎത്താവും! മോളെ! എന്നെയും ഫാത്തിമായെയും പററി ആളുകൾ ഇങ്ങനെ പറയുമായിരുന്നു."

ചോട്ടാബാബുവിനെപ്പററിയുള്ള സ്വപ്നം വനജയെ പതിവിലധികം വിവൎണ്ണയാക്കി. അവളുടെ ഹൃദയം കൂടുതൽ വേഗത്തിൽ അടിക്കുവാൻ തുടങ്ങി. ഹൃദയത്തിൻെറ അത്യഗാധതയിൽനിന്നു് എന്തൊ ഒരു വികാരം വളൎന്നു വള്ളി വീശി പൂമൊട്ടാവുന്നതായി അവൾക്കു് അനുഭവപ്പെട്ടു. അതു വിടരുകയാണ്. അതിൻെറ മണം എമ്പാടും പരക്കുകയാണ്. റസൂൾ അതു തിരിച്ചറിയുമോ? അവൾ ഭയന്നു. ആ പൂവ്് വിടൎന്നുകൂടാ. അതിന്റെ മണം എങ്ങും പരന്നുകൂടാ. ആ പൂമൊട്ടു പുഷ്പമായി വിരിയരുതു്. ചോട്ടാബാബുവിൻെറ പദവിയെന്തു്! താഴ്ന്ന ജാതിക്കാരിയായ തൻെറ നില എന്തു്! എല്ലാം അടക്കാനും ഒതുക്കാനും അവൾ ബദ്ധപ്പെടുകയാണ്. അവളുടെ ദൃഷ്ടികൾ ആഭരണശാലയുടെ ഗേററിലേക്കു തിരിഞ്ഞു.

ചോട്ടാബാബു കടയിലേക്കു നടന്നുകയറുന്നു.

റസൂൽ പെട്ടെന്നു ഗേററിലേക്കു ചെന്നു. കൊച്ചെ ജമാനനെ വന്ദിച്ചു. "നട്ടുവിൻെറ വേദന എങ്ങനെയിരിക്കുന്നു?" പുറത്തു തട്ടിക്കൊണ്ടു ചോട്ടാബാബു ചോദിച്ചു.

"സുഖമുണ്ടു്. യജമാനൻെറ കാരുണ്യം. അള്ളാവിന്റെ കൃപ." റസൂളിന്റെ മുഖം പ്രസന്നമായി. ചോട്ടാബാബു ആഭരണശാലയ്ക്കുള്ളിലേക്കു പോയി.

റസൂൾ വീണ്ടും വനജയുടെ സമീപം വന്നു. "മോളെ! ഞാൻ പറഞ്ഞതു ശരിയായോ? വനജേ! എന്തൊരു ചേച്ച്...ഇത്രേം പറഞ്ഞിട്ടും ഒരു വിശേഷം പറയാനുള്ളതു വിട്ടുപോയി. പറയാം. മോളു കേട്ടോണം. വേറെ എന്തൊ വിചാരിച്ചുകൊണ്ടു നില്ക്കുവാ! ഇല്ലേ?... അപ്പോ രണ്ടാഴ്ച കഴിഞ്ഞു മിക്കവാറും, അല്ല, തീർച്ചയാക്കിപ്പോയി. വനജാ, രണ്ടു മാല. നല്ല രണ്ടു മാല...റോസാപ്പൂവിൻെറ രണ്ടു വല്യ മാല വനജ കെട്ടേണ്ടിവരും. ചോട്ടാബാബുവിൻെറ ആവശ്യത്തിനു്...അറിഞ്ഞോ? ബാബുവിന്റെ കല്യാണം വരുന്നു. ചോട്ടാബാബുവിനു് ഇപ്പോ വേണ്ടാ എന്നുണ്ടു്. എന്നാലും ബഡാബാബുവിനു നിർബ്ബന്ധം. അച്ഛൻ പറയുന്നതു് അതുപടി കേൾക്കുന്ന മകൻ. അച്ഛനെ എന്തു പേടിയാണെന്നോ? നല്ല ഒരു പെൺകുട്ടിയാണെന്നാ പറഞ്ഞതു്. വല്യ പണക്കാരി. ഒരു ജമിന്ദാരുടെ മോൾ. എന്നാലും എൻെറ മോടെ ഭംഗി കാണുവേല. എല്ലാം അള്ളാവിൻെറ ഇഷ്ടം. നടക്കട്ടെ!"

അല്പസമയംകൂടി ആ വൃദ്ധൻ തുടർന്നിരിക്കണം. വനജ അതു കേട്ടില്ല. ഒരു ഇരുൾ എങ്ങും പരക്കുന്നതായി അവൾക്കു തോന്നി. അവൾ കെട്ടിക്കൊണ്ടിരുന്ന മാല അതുപടി കൈയിലിരിക്കുകയാണു്. ഒരു കൈ

യിൽനിന്നു്, പിടിച്ചിരുന്ന പൂവു് അവളറിയാതെ താഴെവീണു...കുറച്ചുനേരം കഴിഞ്ഞു വീണ്ടും പൂകെട്ടാൻ തുടങ്ങി. അതിന്റെ കലാഭംഗി മങ്ങിമറഞ്ഞുപോയി. മൂകമായ പ്രതിഷേധം അന്തരാത്മാവിൽ നടക്കുന്നുണ്ടു്. ജമിന്ദാരുടെ മകൾക്കുള്ള സ്ഥാനം അവൾ മോഹിച്ചില്ല; സ്വപ്നത്തിൽപ്പോലും. അവൾ താഴ്ന്ന ജാതിക്കാരി. പാവപ്പെട്ട കുടുംബക്കാരി. വഴിയരികിലിരുന്നു മാല കെട്ടി കാലയാപനം നടത്തുന്ന ഒരു അഗതി. എങ്കിലും, ആ യുവാവിനോടു് അവൾക്കു് എന്തോ അവ്യാഖ്യേയമായ ഒരു ഹൃദയബന്ധം. ഇന്നതിന്റെ സ്ഫുരണം അവൾ അറിഞ്ഞു. സ്വാർത്ഥതയുടെ നിഴൽ ആ വിചാരത്തിലില്ലായിരുന്നു. അവളുടെ ഹൃദയവികാരം. അവൾക്കു മാത്രം സൂക്ഷിക്കാനുള്ളതു്. അതാരും അറിയാതെ ദിവ്യമായി സംരക്ഷിക്കേണ്ടതുമാണു്. ജീവിതാവസാനംവരെ അതു ഭദ്രമായി സൂക്ഷിക്കണം.

ചോട്ടാബാബുവിന്റെ വീട്ടിലെ ഒരു വേലക്കാരിയായിരുന്നുവെങ്കിൽ അദ്ദേഹത്തിനെ അടുത്തു കാണാൻ സൗകര്യം ലഭിക്കും. കഴിയുന്ന സേവനംചെയ്തു് അദ്ദേഹത്തിന്റെ ജീവിതത്തിനു സംതൃപ്തി നല്കാം. ജമിന്ദാരുടെ മകളേയും സേവിക്കാം! വിശ്വാസ്യതയോടെ എല്ലാ ജോലികളും ചെയ്തുകൊടുക്കാം. ഹാ! ചോട്ടാബാബുവിനു് ഒരു കുട്ടിയുണ്ടാകുമ്പോൾ, അതിനെ വാരിയെടുക്കാം; താലോലിക്കാം; താരാട്ടുപാടി ഉറക്കാം. അതു് ഒരു ആൺകുട്ടിയാണെങ്കിൽ, അതു് അച്ഛനെപ്പോലിരിക്കും. വളർന്നു വലുതാകുമ്പോൾ മറ്റൊരു ചോട്ടാബാബു! ഹാ! എന്തൊരാനന്ദം!

ആ ദിവസം സമാഗതമായി. അവൾ റസൂളിനോടു ചോദിച്ചു: “മുതലാളി! മാല ഞാൻ കല്യാണവീട്ടിൽ

കൊണ്ടുവരട്ടെ? ആ കല്യാണം എനിക്കുകൂടി കാണണം. ഞാൻ പന്തലിൻെറ ഒരു അററത്തു നിന്നുകൊള്ളാം. ഒഴിഞ്ഞ കോണിൽ... അതിനവക്കു വിരോധം കാണുമോ?"

"മോളെ! നീ വന്നുകൊള്ളു." റസൂളിൻെറ മുഖം പ്രസന്നമായി. "നീ വരുന്നതു കൊള്ളാം. കല്യാണം എങ്ങനെയാണെന്നു കണ്ടു പഠിച്ചുകൊള്ളു. നിനക്കും അതുപോലെ എല്ലാ ചടങ്ങുകളും..."

കല്യാണദിവസം വനജയും നല്ല വസ്ത്രങ്ങൾ ധരിച്ചു. കലാഭംഗി നിറഞ്ഞുതുളുമ്പുന്ന മാല രണ്ടും അവൾ നല്ല വാഴക്കുരുന്നിലയിൽ പൊതിഞ്ഞു് എടുത്തു. കല്യാണവീട്ടിലേക്കു നടന്നു.

അവിടം ഒരു രാജകൊട്ടാരമായി മാറിയിരിക്കുന്നു. അലങ്കാരം! പന്തൽ! വൈദ്യുതവിളക്കുകൾ! മോട്ടോർകാറുകൾ വരുന്നു, പോകുന്നു! സംഗീതക്കച്ചേരി! ആളുകൾ ആഹ്ലാദത്തിൽ മുങ്ങിപ്പൊങ്ങി നടക്കുന്നു.

മുഹൂർത്തമായി. നാഗസ്വരവും തകിലും ആ മുഹൂർത്തം വിളിച്ചറിയിച്ചു. വനജ ആ പന്തലിന്റെ ഒരു ഒഴിഞ്ഞ കോണിൽ ഒതുങ്ങിനില്ക്കുകയാണു്; ശ്വാസമടക്കി നിർന്നിമേഷാക്ഷിയായി. വധൂവരന്മാരുടെ മുഖത്തേക്കു് എല്ലാവരുടെയും ശ്രദ്ധ തിരിഞ്ഞു. വനജയുടെ ഏകാഗ്രതയിലൂടെ കെട്ടി പൂർത്തിയാക്കിയ വരണമാല വരൻ കൈയിലെടുത്തു! ആ മാലയിൽ മനോഹരപുഷ്പങ്ങൾ മാത്രമല്ല കൊരുത്തിരുന്നതു്. വനജയുടെ ഹൃദയവികാരങ്ങൾ, അദൃശ്യമായ പ്രേമത്തിൻെറ അത്ഭുതപുഷ്പങ്ങളും ആ പൂക്കളുടെ ഇടയിൽ തിരുകിയിരുന്നു. പന്തലിലുള്ളവരുടെ ദൃഷ്ടിക്കു് അതു് അഗോചരമായിരുന്നു. വനജയുടെ കണ്ണുകൾക്കു് അവയെല്ലാം, അവയിൽനിന്നു തിരിച്ചറിയാമായിരുന്നു. വധുവിൻെറ കഴുത്തിൽ ആ മാല

വരൻ അപ്പിച്ചു. വനജയുടെ കണ്ണുകൾ നിറഞ്ഞുപോയി. അവൾ അടുത്തനിമിഷം അവിടെനിന്നും മറഞ്ഞു.

"കൊച്ചുപൂക്കാരി എവിടെ ആയിരുന്നു? സുഖക്കേട് വല്ലതും പിടിപെട്ടോ?" മാല വന്നു വാങ്ങുന്ന ഒരു പതിവുകാരൻെറ ചോദ്യം.

"ഓ, എനിക്കു സുഖമില്ലായിരുന്നു. ഇപ്പോൾ വളരെ സുഖമുണ്ട്. ആകട്ടെ രണ്ടു മാല വേണം? വൈകിട്ട് ഇതിലേ വന്നാൽമതി. പിച്ചിമൊട്ടുകൊണ്ടുതന്നെ കെട്ടിവച്ചേക്കാം." വനജ ഒരുശ്വാസത്തിൽ ഇത്രയും പറഞ്ഞ് അയാളെ യാത്രയാക്കി.

എന്ത്! പിന്നെയും രണ്ടു പുതിയ മാല! രണ്ടുപേർക്കു സന്തോഷം നല്കുവാൻ പര്യാപ്തമായതായിരിക്കുമോ? അതോ?...ജീവിതം ആർക്കു വ്യാഖ്യാനിക്കാൻ കഴിയും? വിധിയുടെ ശക്തി ആർക്കറിയാം.

"വനജേ! ഒരു മാല!"

അവളുടെ ദിവാസ്വപ്നത്തിൽനിന്നും അവൾ ഉണർന്നുപോയി. ആ ശബ്ദം സുപരിചിതമായിരിക്കുന്നു.

"മുതലാളീ! എന്താ സുഖംതന്നെയല്ലേ? നടുവുവേദന കുറഞ്ഞല്ലോ...മുതലാളി അറിഞ്ഞില്ല, മൂന്നുനാലു ദിവസമായി ഞാൻ ആൽച്ചുവട്ടിൽ വരാറില്ല. എൻെറ അസുഖം ഇപ്പോൾ തീർന്നു."

റസ്സൽ നിശ്ശബ്ദനായി നില്ക്കുകയാണ്. മുഖം വിവർണ്ണമായിരിക്കുന്നു. ചുണ്ടുകൾ വിറയ്ക്കുന്നു.

"എൻെറ മോളെ! ഒരു മാലകൂടി വേണം, ചോട്ടാബാബുവിന്..." ഒരു കൊച്ചു കുട്ടിയെപ്പോലെ റസ്സൽ കരയാൻതുടങ്ങി.

"മുതലാളി! എന്തു സംഭവിച്ചു? എന്നോടു പറയണം." ഒരു ഭയം അവളെ ഗ്രസിക്കുന്നതായി വനജയ്ക്കു

തോന്നി. എന്തോ ഉള്ളിൽനിന്നു മന്ത്രിക്കുന്നുണ്ടു്. അവൾക്കു് അതു വ്യക്തമായില്ല.

കണ്ണുനീരിൽ കുതിർത്ത വാക്കുകൾ റസൂളിൻെറ മുഖത്തുനിന്നും അവൾ കേട്ടു:

"അതേ മോളെ! മധുവിധു ആഘോഷിക്കുന്നതിനുള്ള യാത്ര! കാർ വഴിയിലുള്ള ഒരു മരത്തിൽ ചെന്നിടിച്ചു. ആ കുട്ടി ആശുപത്രിയിലാണു്. ആപത്തൊന്നും വരികയില്ല. എങ്കിലും എൻെറ മോളെ! എന്റെ ചോട്ടാബാബു അപ്പോഴേ മരിച്ചു...എന്റെ അള്ളാ! ഇന്നു വൈകിട്ടു് മയ്യത്താണു്. വനജേ! ഒരു മാല എനിക്കു് ആ ജഡത്തിലിടണം."

"അയ്യോ! ചോട്ടാബാബുവിനു് ഒരു മാല!" വനജ പൊട്ടിക്കരഞ്ഞുപോയി. "ഈ കൈകൊണ്ടു് ഇനിയും ഒരു മാല! ചോട്ടാബാബുവിനുവേണ്ടി! എൻെറ ഈശ്വരാ!"

കടന്നുപോയ കാറ്റിൽ ആ കരച്ചിൽ ലയിച്ചു. എങ്കിലും അതിൻെറ ആവർത്തനം വൃക്ഷങ്ങളുടെ മുകളിൽനിന്നും മുഴങ്ങിക്കേട്ടു.

# ദേവദൂതി

ഞാൻ സംഭ്രമിച്ചു. സ്തബ്ധനായിപ്പോയി. ആ ദൃശ്യം അത്രയ്ക്കു് അഭൂതപൂർവ്വമായിരുന്നു. വരിവരിയായിനിരത്തി വച്ചിരിക്കുന്നതു വിശ്വവിഖ്യാതരായ ചിത്രകാരന്മാർ രൂപവും ഭാവവും നല്കിയ അനശ്വരകലാസൃഷ്ടികൾ! ചിത്രകലയുടെ ആചാര്യന്മാരായിരുന്നു അവരെല്ലാം. ആധുനികകലയുടെ ഉപാസകന്മാരും മററാരുമല്ലായിരുന്നു. എല്ലാ രാജ്യങ്ങളിൽനിന്നും, ഇററലി, ചൈന, ജപ്പാൻ, അമേരിക്ക, ഇംഗ്ലണ്ടു് എന്നീ രാജ്യങ്ങളിലെ എല്ലാ പ്രഗത്ഭന്മാരുടെയും പ്രാതിനിദ്ധ്യം ആ ചിത്രപ്രദർശന ശാലയ്ക്കുണ്ടു്. ഇൻഡ്യയുടെ പ്രശസ്തി വിളിച്ചറിയിക്കുന്ന രണ്ടു ചിത്രങ്ങളും ആ കൂട്ടത്തിലുണ്ടായിരുന്നു. ഒന്നു മലബാർതീരം: കടലിലെ ജീവനുള്ള രത്നങ്ങൾ വലയിൽ ഒതുക്കി തീരത്തു കൊണ്ടുവരുന്ന മുക്കുവന്മാരുടെ ചിത്രം. മറെറാന്നു് കാബൂലിവാലയുടേതു്.

പാരീസ് നഗരത്തിൻെറ ഹൃദയഭാഗത്തുതന്നെയാണു് കലാവസ്തുപ്രദർശനം സംഘടിപ്പിച്ചിരിക്കുന്നതു്. ആ സ്വീകരണമുറിയിലെ അനശ്വരതേജസ്വികളുടെ മദ്ധ്യത്തിൽ ഞാൻ വെറും ഒരു മിന്നാമിനുങ്ങു്! എൻെറ ചിത്രങ്ങൾ ആ ചിത്രശാലയുടെ ഒരു കോണിൽ വയ്ക്കുവാൻപോലും യോഗ്യതയുള്ളതല്ലെന്നു് എനിക്കറിയാമായിരുന്നു.

അന്നു് അത്രവളരെ സന്ദർശകരുണ്ടായിരുന്നില്ല. ഉച്ചതിരിഞ്ഞപ്പോൾ ആകെ ഇരുണ്ടുമൂടി. മഞ്ഞു വീഴുന്നതിൻെറ നാന്ദി പ്രകൃതി കുറിച്ചു. എനിക്കും വലിയ സന്തോഷം തോന്നിയ ദിവസമല്ലായിരുന്നു. എൻെറ

പ്രതീക്ഷകൾ സഫലീകരിക്കുക. ഞാൻ നാലുപേരറിയുന്ന ഒരു ചിത്രകാരനാവുക. എല്ലാം സ്വപ്നത്തിൽമാത്രം എന്നായിരുന്നു എൻെറ വിശ്വാസം. എൻെറ വിചാരങ്ങളെല്ലാം അതുപടി കമലയെ അറിയിക്കണമെന്ന് എനിക്കു മോഹമുണ്ടായിരുന്നു. അവൾ സർവ്വകലാശാലയിൽ ഒരു പ്രസംഗം കേൾക്കുവാൻ പോയിരിക്കുകയാണ്. അവൾ വാഗ്ദാനംചെയ്ത സമയത്തു തിരിയെ വരും. അപ്പോൾ അവളോട്ട് ഇക്കാര്യം പറയണം. ഇല്ല. കണ്ണിൽപ്പെട്ടുത്തിയാലും അവൾ വിശ്വസിക്കുകയില്ല.

എപ്പോഴും അവൾ എന്നെ ഓർമ്മിപ്പിക്കാറുണ്ട്: "അങ്ങ് ഒരു ഡാക്ടരാണ്. രോഗചികിത്സ നടത്തണം. അതിൽ അങ്ങേക്കു വാസനയുണ്ട്. ജീവിതവൃത്തിക്കുവേണ്ടി അങ്ങു ചിത്രം വരയ്ക്കുണ്ടാ. എങ്കിലും അവിടന്നു ചിത്രം വരയ്ക്കണം. എൻെറയും അങ്ങയുടെയും കൗതുകവൃത്തിക്കുവേണ്ടി... അങ്ങയുടെ കലാവാസന ജന്മസിദ്ധമാണ്. പക്ഷേ, രോഗികൾക്കുവേണ്ടി അങ്ങു ജീവിക്കണം." കമല എന്നെ എപ്പോഴും പ്രോത്സാഹിപ്പിക്കുന്നതിങ്ങനെയായിരുന്നു.

ഞാൻ ആ ചിത്രങ്ങൾ ഒന്നൊന്നായി കണ്ടു മുന്നോട്ടു നീങ്ങി. വിശ്വപ്രശസ്തിയാർജ്ജിച്ച ആ ചിത്രത്തിൻെറ മുന്നിൽ ഞാൻ ധ്യാനനിരതനായി കുറേനേരം നിന്നു.

'മാലാഖ!' ദേവദൂതിയുടെ ചിത്രം ആദ്യമായി പ്രദർശനത്തിനു വച്ചപ്പോൾ പാരീസ്ജനത മുഴുവൻ പുളകംകൊണ്ടു. ആ പുളകച്ചാർത്ത് ലോകത്തിലുള്ള ആസ്വാദകരെ മുഴുവൻ അണിയിക്കുവാൻ പിന്നെ അധികദിവസം വേണ്ടിവന്നില്ല. ഫ്രാൻസിലെ ഒരു ഒഴിഞ്ഞ ഗ്രാമത്തിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന ഒരു ചിത്രകാരൻ ലോകപ്രശസ്തിസമ്പാദിച്ചു. ആന്റോയിൻ ജേലോ വിശ്വചിത്ര

കാരന്മാരുടെ അണിയിലേക്ക് അവരോധിക്കപ്പെട്ടു. ആ സംഭവം നടന്നുകഴിഞ്ഞിട്ട് ഇപ്പോൾ ഇരുപതു സംവത്സരം തികഞ്ഞിരിക്കുന്നു. ഞാൻ അലോകസുലഭമായ ആ ചിത്രചാതുരിയിൽ ലയലീനനായിപ്പോയി.

അതെ! അതു് അലോകസാധാരണമായ കലാസൃഷ്ടി തന്നെ. ഇരുൾമൂടിയ ആകാശം. നക്ഷത്രകോടികളിലൊരെണ്ണംപോലും ആകാശത്തില്ല. കട്ടകട്ടയായി മഞ്ഞു വീഴുന്നുണ്ട്. ഒരു കൊച്ചുകുരയുടെ വാതിലിനരികിൽ ഒരു കൊച്ചുപെൺകുട്ടി നില്ക്കുന്നു. അവളുടെ ഇടതുകൈയിൽ ഒരു റാന്തൽവിളക്കുണ്ടു്. അതു തലയ്ക്കുമീതെവരെ ഉയർത്തിപ്പിടിച്ചിരിക്കുന്നു. വിളക്കിന്റെ പ്രകാശം ആ ഓമനമുഖത്തു പരക്കുന്നുണ്ടു്. അവളെ അതു് ഒരു ദേവദൂതിയാക്കി മാററിയിരിക്കുന്നു. വലംകൈയിലെ വിരലുകൾക്കിടയിൽ ഒരു നാണയം വച്ചു് അവൾ നീട്ടുന്നു. കീറത്തുണിചുററിയ ഒരു ആൺകുട്ടി അവളുടെ മുമ്പിൽ നില്ക്കുന്നു. അരണ്ട വെളിച്ചം വീശിയതുകൊണ്ടു് ആ കുട്ടിയുടെ മുഖവും കാണാറാകുന്നു. തലമുടി ചീകി ഒതുക്കിയതല്ല. കുഴിഞ്ഞ കണ്ണുകളിൽനിന്നു്, അത്ഥനാപൂർവ്വം ആ കൃഷ്ണമണി റാന്തലിലേക്കു് ഉററുനോക്കുന്നു. വാടിയ കൈത്തളിരുകൾ ഒന്നിച്ചുചേർത്തു്, ആ പെൺകുട്ടിയുടെ നേരെ നീട്ടുന്നു. ആ പെൺകുട്ടി ദേവദൂതിതന്നെ. നൈമ്മല്യവും സ്നേഹവും ആ മുഖത്തിനു് ഒരു ദിവ്യവലയം ചാർത്തിയിട്ടുണ്ടു്. ആ ചിത്രത്തിനു ദേവദൂതി എന്ന പേരു് അന്വത്ഥമായിരിക്കുന്നു.

എന്നെപ്പോലെ ആ ചിത്രം ആസ്വദിച്ചുകൊണ്ടു മററൊരാൾകൂടി എന്റെ അടുത്തു നിന്നിരുന്നു. നാല്പതു വയസ്സു പ്രായംവരും. അദ്ദേഹം ആ ചിത്രത്തിൽ മുഴകി നില്ക്കുകയാണു്. അദ്ദേഹത്തിന്റെ ഏകാന്തധ്യാനത്തിനു

ഭംഗംവരുത്തണം എന്നു ഞാൻ വിചാരിച്ചതു ദേവദൂതിയുടെ ചിത്രം അസ്സൽതന്നെയോ, അതിൻെറ പകപ്പോ എന്ന എൻെറ സംശയം തീക്കുന്നതിനായിരുന്നു.

"സർ! ക്ഷമിക്കണം." ഞാൻ ചോദിച്ചു. "ആന്റോയിൻജേലോ വരച്ച അസ്സൽചിത്രമാണോ ഇതു്? അതോ അതിൻെറ പകപ്പോ?"

ധ്യാനത്തിൽനിന്നും അദ്ദേഹം ഉണന്നു. ശൂന്യമായി എന്നെ ഒന്നു നോക്കി. മൃദുവായ ഒരു പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു: "ഇതു് അസ്സൽചിത്രം എന്നാണു് എൻെറ അറിവ്."

"എത്രയോ മഹത്തരമായ കലാസൃഷ്ടി!" എൻെറ അത്ഭുതാദരങ്ങൾ ഒന്നുകൂടി ഞാൻ പ്രകടിപ്പിച്ചു. "സ്ത്രീകൾ പ്രേമവഞ്ചന തുടരുമെങ്കിൽ, ഇതുപോലെ അനേകം ക്രാന്തബുദ്ധികളെ ലോകത്തിനു ലഭിക്കും."

അദ്ദേഹം പൊട്ടിച്ചിരിച്ചു: "നിങ്ങൾ പറയുന്നതു് ഒരു പെൺകുട്ടി ആന്റോയിൻജേലോയെ വഞ്ചിച്ചതുകൊണ്ടു്, ഈ ദേവദൂതിയുടെ ചിത്രം അദ്ദേഹം രചിച്ചു എന്നാണോ?" ആ ചോദ്യത്തിൻെറ സ്വരം ശാന്തഗംഭീരമായിരുന്നു.

"എന്നുതന്നെ എൻെറ വിശ്വാസം." ഉറപ്പിച്ചാണു ഞാൻ പറഞ്ഞതു്. ആ ചിത്രകാരൻെറ ജീവിതകഥ മാസികകളിൽനിന്നും ഞാൻ അങ്ങനെയാണു വായിച്ചിട്ടുള്ളതു്. ആന്റോയിൻ ഒരു സ്ത്രീയെ സ്നേഹിച്ചിരുന്നു. അവൾ അദ്ദേഹത്തെ ചതിച്ചു. ആ നിരാശയിൽനിന്നാണു് ഈ ചിത്രത്തിനുള്ള അന്തഃപ്രേരണ ലഭിച്ചതെന്നു്, അധികൃതമായി ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്.

അദ്ദേഹം എൻെറ അഭിപ്രായം കേട്ടു് ഒന്നുകൂടി ചിരിച്ചു. വീണ്ടും മൗനം ഭേദിച്ചു:

"ഓ! അതു വൃത്താന്തപത്രങ്ങൾ എഴുതിയുണ്ടാക്കിയ കെട്ടുകഥയാണ്. ഇത്തരം കഥകൾ ചമയ്ക്കുന്നതിൽ അവർ വിരുതന്മാരല്ലേ. സത്യവുമായി പൊരുത്തപ്പെടണമെന്ന് അവർക്കു നിർബ്ബന്ധമില്ല. ഈ ദേവദൂതിയുടെ ചിത്രത്തിന്റെ പിറകിലുള്ള വസ്തുത തീരെ കുറച്ചാളുകൾക്കേ അറിഞ്ഞുകൂടൂ. ഒരുപക്ഷേ, പറഞ്ഞുപരത്തിയ കെട്ടുകഥയുടെ യാഥാർത്ഥ്യം പ്രസിദ്ധീകരിക്കണമെന്ന് ആൻേറായിൻ ജേലോയ്ക്കും ആഗ്രഹമുണ്ടായിരുന്നില്ലെന്നുവരാം. സ്വന്തം കഥയും സ്വന്തം സൃഷ്ടിയുടെ കഥയും അന്യരെ അറിയിക്കുവാൻ അദ്ദേഹം അഭിലഷിച്ചില്ലെന്നും വരാം."

അല്പനേരത്തെ മൗനത്തിനുശേഷം അദ്ദേഹം വീണ്ടും പറഞ്ഞു: "അതിൻെറ യാഥാർത്ഥ്യം എനിക്കറിയാം. നിങ്ങൾക്കു കൗതുകമുണ്ടെങ്കിൽ..." പെട്ടെന്ന് ആ വാചകം ഇടയ്ക്കു നിർത്തി.

എനിക്ക് എന്നെപ്പററി വലിയ ബഹുമാനംതോന്നി. അനശ്വരമായ ആ ചിത്രത്തിൻെറയും അനശ്വരയശസ്വിയായ അതിന്റെ കർത്താവിൻേറയും രഹസ്യം അറിയുന്ന ചുരുക്കം ചിലരിൽ ഒരാളായി ഉയരുക നിസ്സാരഭാഗ്യമല്ല. അതിൻെറ സൃഷ്ടിയെ ചുററിനിന്ന കള്ളങ്ങൾ പൊളിച്ചുകാട്ടുവാൻ എനിക്ക് ഒരു അവസരം ലഭിക്കുന്നു. അതും അപൂർവ്വഭാഗ്യംതന്നെ. സത്യത്തിൻെറ ഒരു കഥ ലോകത്തോടു ഞാൻ പറയും എന്ന എൻെറ നിശ്ചയം ഞാൻ അദ്ദേഹത്തെ അറിയിച്ചു. അപ്പോഴും അദ്ദേഹം ഒന്നു മന്ദഹസിച്ചു.

"ജീവിതനിരാശതകളെപ്പററി നിങ്ങൾ സൂചിപ്പിച്ചതു ശരിയാണ്." അദ്ദേഹത്തിനറിയാമെന്നു പറഞ്ഞ കഥ അദ്ദേഹം തുടങ്ങുകയായിരുന്നു. "ജേലോക്കും ജീവിതനൈരാശ്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ പ്രേമവഞ്ചന

യുടെ അനുഭവം അദ്ദേഹത്തിനുണ്ടായി എന്നു ധരിച്ചിരിക്കുന്നതു ശരിയല്ല. അദ്ദേഹത്തിന്റെ ജീവിതത്തിനും പ്രശസ്തിക്കും അദ്ദേഹം കടപ്പെട്ടിരുന്നതു് ഒരു പെൺകുട്ടിയോടു മാത്രമായിരുന്നു എന്നുള്ളതും സത്യമാണു്.

"ആൻേറായിൻ ഒരു ദരിദ്രകുടുംബത്തിലാണു ജനിച്ചതു്. ചെറുപ്പകാലത്തു പട്ടിണിയും മററു ദുരിതങ്ങളും വേണ്ടുവോളം അനുഭവിക്കേണ്ടിവന്നു. അച്ഛൻ ഒരു മടിയനും മദ്യപാനിയും ആയിരുന്നു. അമ്മയുടെ അത്യദ്ധ്വാനംകൊണ്ടാണു വീടു പുലർന്നുപോന്നിരുന്നതു്. പ്രഭു കുടുംബങ്ങളിൽ കല്ക്കരി കൊണ്ടു വിററു കിട്ടുന്ന ലാഭമായിരുന്നു പ്രധാന വരുമാനം. ആന്റോയിനു പന്ത്രണ്ടുവയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. കുടിച്ചുബോധമില്ലാതെ വഴിയിൽ വീണു. ഒരു വണ്ടി കയറി മരിച്ചു. തുടർന്നു് അമ്മയ്ക്കു ക്ഷയരോഗം പിടിപെട്ടു. ആരോഗ്യമററ ശരീരം കൊണ്ടുള്ള അതിപ്രയത്നത്തിന്റെ അന്തിമഫലം!

"ആൻേറായിനു ചിത്രം വരയ്ക്കുന്നതിൽ ബാല്യം മുതലേ വാസനയുണ്ടായിരുന്നു. വിലകൂടിയ 'ബ്രഷ്'' വാങ്ങാനുള്ള പണമില്ലായിരുന്നു. എങ്കിലും പടംവരയ്ക്കും. ചായമിടും. അതു വിററു കുറച്ചു പണം സംഭരിക്കും. പതിനഞ്ചുവയസ്സായപ്പോഴേക്കും ഭേദപ്പെട്ട ചിത്രകാരൻ എന്ന അംഗീകാരം ലഭിച്ചു. ചിത്രരചനകൊണ്ടു് ആദായം വർദ്ധിച്ചു. സ്റ്റൂഡിയോകളിൽ ചെന്നിരുന്നു ചിത്രങ്ങൾ വരയ്ക്കുവാനും കുറേശ്ശെ സൗകര്യം കിട്ടി.

"കലയെ ആരാധിച്ചു. എങ്കിലും ദാരിദ്ര്യദേവതയാണു് ആ വീടിനെ അനുഗ്രഹിച്ചതു്. അമ്മയുടെ ആരോഗ്യം ക്ഷയിച്ചു. വീട്ടിനു പുറത്തു പോയി ജോലിചെയ്യാനുള്ള കഴിവു തീരെ നശിച്ചു. രോഗം അതിവേഗം

വദ്ധിച്ചു. ആൻേറായിൻതന്നെ ഭക്ഷണം പാകംചെയ്യണം, അമ്മയെ ശുശ്രൂഷിക്കണം. എല്ലാ ചെലവിനുമുള്ള പണിയും അയാൾതന്നെ ചെയ്യണം.

"വീട്ടിലെ ആവശ്യത്തിനുള്ള അവസാനനാണയവും പുറത്തെടുത്തു. പാതകത്തിൽ പാത്രങ്ങൾ ഉണങ്ങിയിരിക്കുകയാണ്. തീ കത്തിക്കാനൊന്നുമില്ല; കത്തിക്കേണ്ട ആവശ്യവുമില്ല. വേദനകൾക്കിടയിൽ ഇരുന്നു വരച്ച ഒരു പ്രകൃതിദൃശ്യം മാത്രമുണ്ടു സ്വത്തായിട്ട്. അടുത്തുള്ള ചെറിയ പട്ടണത്തിൽ കൊണ്ടുപോയി അതു വിറ്റു പണംവാങ്ങാമെന്നു വിചാരിച്ചു. രാവിലെമുതൽ തെരുവിൽ നടന്നു. വീടുകളുടെ വാതിലുകളെല്ലാം മുട്ടി. ആൻേറായിൻ എഴുതിയ പടങ്ങൾ വാങ്ങിച്ച വീടുകളെ അവിടെയുള്ളു. വീണ്ടും ഒരു പടം വാങ്ങിക്കാനുള്ള കൗതുകം ആരും കാണിച്ചില്ല.

"വയ്യാറായിട്ടും ഒരു പടംപോലും വില്ക്കുവാൻ ആൻേറായിനു കഴിഞ്ഞില്ല. പട്ടണം നിരാശപ്പെടുത്തുമ്പോൾ നേരെ റെയിൽവേസ്റ്റേഷനിലാണ് ആശ്രയം. തീവണ്ടിയിലാരെങ്കിലും ഒരാൾ ആ കൊച്ചു പടമെഴുത്തുകാരനോടു കാരുണ്യം കാണിക്കുവാനുണ്ടാവും. എന്നാൽ അന്നു റെയിൽവേസ്റ്റേഷനും നിരാശപ്പെടുത്തി. താങ്ങാൻ വയ്യാത്ത നിരാശ!

"വീട്ടിലേക്കു വേച്ചുവേച്ചു നടന്നു. ക്ഷീണംകൊണ്ടു വഴിയിൽ വീണുപോയേക്കുമോ എന്നുതന്നെ സംശയിച്ചു. തീ കത്തിക്കാനില്ലാത്ത വീട്! നിവന്നിരിക്കാൻ വയ്യാത്ത അമ്മ; തുടരെത്തുടരെയുള്ള ചുമയുടെ ച്ചൂടുമാത്രമേ വീട്ടിലുള്ളു. ആളൊഴിഞ്ഞ വഴിയിൽ ഒരു വൃക്ഷത്തണലിൽ ഇരുന്നു. കുറെ ഏറെക്കരഞ്ഞു. ഉള്ളിലെ ഭാരം

അല്പമൊന്നു് ഒതുക്കി. ഈശ്വരൻപോലും കഠോരനായി രിക്കുന്നു.

"പടിഞ്ഞാറേക്കു പോകേണ്ടുന്ന എക്സ്പ്രസ്സ് ട്രെയിൻ വരാൻ ഇനി പതിനഞ്ചു മിനിട്ടുകൂടി കഴിഞ്ഞാൽ മതി. ഒരു ഭാഗ്യപരീക്ഷണംകൂടി നടത്താമെന്നു് അയാൾ വിചാരിച്ചു. വീണ്ടും നിരാശയാണെങ്കിൽ തിരിയെ വീട്ടിൽ ചെല്ലുക. അമ്മയെ വല്ല അഗതിമന്ദിരത്തിലും പ്രവേശിപ്പിക്കുക. അധികം ദൂരെയല്ലാതെ ഒരു മന്ദിരമുണ്ടു താനും. എന്തിനു് ഇനിയും ജീവിക്കണം? വേണ്ട, ആക്കും പ്രയോജനമില്ല. തനിക്കും പ്രയോജനമില്ല. മത്സരം! മത്സരം! എന്നും എപ്പോഴും ജീവിതമത്സരം. ആ മത്സരത്തിൽ ജയിക്കുവാൻ വേണ്ട കരുത്തു തന്റെ ചെറുപ്രായത്തിനില്ല. ഏതെങ്കിലും ഒരു റെയിൽപ്പാളത്തിൽ ചെന്നു കിടക്കണം. പിന്നെ വരുന്ന ട്രെയിൻ അടുത്ത ജോലി നിർവ്വഹിച്ചുകൊള്ളും. അതോടെ ജീവിതത്തിലെ എല്ലാ കഷ്ടപ്പാടുകളും അവസാനിക്കും. ഈ നിശ്ചയത്തോടെ വീണ്ടും റെയിൽവേസ്റ്റേഷനിലേക്കു നടന്നു. അവസാനത്തെ ശ്രമം നടത്തി; പടം വില്ക്കാൻ, വല്ലതും കിട്ടുന്നതുകൊണ്ടു് അമ്മയ്ക്കു് ആഹാരം ഉണ്ടാക്കാൻ.

"ട്രെയിൻ വന്നു; തീയും പുകയും വമിച്ചുകൊണ്ടു്. വണ്ടി നിന്നപ്പോൾ ആന്റേറായിൻ ഒരററംമുതൽ മറേറ അററംവരെ, ഓരോ വാതിലിനു സമീപവും ചെന്നു. കൈയിലുള്ള പ്രകൃതിദൃശ്യം ആക്കും കാണത്തക്കവണ്ണമാണു പിടിച്ചിരുന്നതു്. അവരവരുടെ സീററുകളിലിരുന്നുകൊണ്ടു ചിത്രത്തിലേക്കു നോക്കിയതല്ലാതെ, അതിന്റെ വില എന്തെന്നുപോലും ചോദിക്കാനുള്ള

താല്പര്യം ആരും കാണിച്ചില്ല. പ്രതീക്ഷകളെല്ലാം തകരുകയാണു്.

“ട്രെയിനിൽ ഒരു വണ്ടികൂടി ഘടിപ്പിച്ചിട്ടുള്ളതു് ആ നിരാശൻ ഒട്ടുവിലാണു കണ്ടതു്. അതിൽ ഒരു സ്പെഷ്യൽ കമ്പാർട്ടുമെൻറ് ഉണ്ടു്. ആൻേറായിൻ അതിവേഗം, ആ സ്പെഷ്യൽ കമ്പാർട്ടുമെൻറിന്റെ വാതിലിനു പുറത്തു ചെന്നു. കുഷനിട്ട സീറ്റിൽ അലസമായി ചാരിക്കിടന്നുകൊണ്ടു്, ഒരു മദ്ധ്യവയസ്കൻ സിഗററ്റ് വലിക്കുന്നു. എതിർവശത്തു് ഒരു സ്ത്രീ! അവർ ജനലിലൂടെ സ്റ്റേഷനിലെ ശബ്ദകോലാഹലങ്ങൾ ശ്രദ്ധിക്കുകയാണു്. പതിനൊന്നു വയസ്സു പ്രായംവരുന്ന ഒരു പെൺകുട്ടി അവരുടെ തൊട്ടുപുറകിൽ നില്ക്കുന്നു; എന്തോ ചവച്ചുതിന്നുകൊണ്ടു്.

“ആൻേറായിൻ തന്റെ ചിത്രങ്ങളിൽ ഒരെണ്ണം ഉയർത്തിപ്പിടിച്ചു. പെൺകുട്ടി ആ ചിത്രങ്ങളിലേക്കു വലിയ കൗതുകത്തോടെ നോക്കി. ഞാൻ അതു നീട്ടുന്നതിനുമുമ്പു പെൺകുട്ടി അതു കൈയിലാക്കി.

“‘പപ്പാ! നോക്കണം; എന്തു നല്ല പടം! ഇതെനിക്കു വേണം!’ ആ പെൺകുട്ടി ഇതു് അല്പം ഉച്ചത്തിലാണു പറഞ്ഞതു്.

“ആൻേറായിൻെറ ഹൃദയത്തിൽ ആശയുടെ ദീപം പ്രകാശിച്ചു. ആശ്വാസം ലഭിക്കുവാൻപോവുകയാണു്,- അവസാനം. അമ്മയ്ക്കുവേണ്ടി അല്പം ആഹാരം വാങ്ങുവാനുള്ള വകയായി! പ്രത്യാശാപൂർവ്വം, അവൻ അകത്തിരിക്കുന്ന പ്രഭുവിൻെറ മുഖത്തേക്കു നോക്കി.

“‘ഏയ്ഞ്ചലോ! എന്തൊരു നിർബ്ബന്ധമാണിതു്.- ഇതിലും നല്ല എത്ര പടം നമ്മുടെ വീട്ടിലുണ്ടു്.’ മകളെ

അട്ടക്കിനിത്തിക്കൊണ്ടു്, ചിത്രം കൈയിൽനിന്നു മാറ്റി ഉയത്തിപ്പിടിച്ചു.

"ആൻേറായിന്റെ മുഖം മ്ലാനമായി. മുമ്പിൽ പരന്ന ആശയുടെ കിരണം സ്പർശിക്കാതെ കടന്നുപോവുന്നതായി തോന്നി. അമ്മയും മകനും ഇനിയും കഷ്ടപ്പെടണമെന്നാണു വിധിമതം.

"അവൻെറ കണ്ണുകൾ നിറഞ്ഞു. 'പ്രഭോ! ദൈവത്തെ ഓത്തു് ഈ പടം വാങ്ങണം. എൻെറ അമ്മ പട്ടിണികൊണ്ടു മരിക്കുകയാണു്.'

"അവൻ പൊട്ടിക്കരഞ്ഞുപോയി.

"'പാവപ്പെട്ട കുട്ടി!' പ്രഭുവിൻെറ ഭാര്യ പുറത്തേക്കു നോക്കി പറഞ്ഞു.

"ആ പെൺകുട്ടിയുടെ കണ്ണുകളിലും കണ്ണുനീർ നിറഞ്ഞു. ആന്റോയിൻ അതു കണ്ടു. ഏയ്ഞ്ചലോ മുട്ടിൽനിന്നുകൊണ്ടു് അച്ഛനോടു പറയുകയാണു്. 'അച്ഛാ! ദയവായി അതു വാങ്ങണം. എന്നോടു് ഇഷ്ടമുണ്ടെങ്കിൽ ആ പടം വാങ്ങിത്തരണം. ഈ ക്രിസ്തു്മസ്സിനുള്ള സമ്മാനം ഇതാവട്ടെ. മറെറാന്നും ഞാൻ ആവശ്യപ്പെടുകയില്ല.'

"ഏയ്ഞ്ചലോയെ വാരിപ്പുണൎന്നുകൊണ്ടു് അച്ഛൻ അവളുടെ കവിളുകളിൽ ചുംബിച്ചു. 'എൻെറ മകൾക്കു് ഒരു പടമല്ല അച്ഛൻ വാങ്ങിത്തരാൻപോവുന്നതു് ഇതാ, ആ പയ്യൻെറ കൈയിലുള്ള എല്ലാ പടങ്ങളും വാങ്ങിക്കുന്നു. ഏയ്ഞ്ചലോ ഇനി കരയരുതു്.' ആൻേറായിന്റെ കൈയിലുണ്ടായിരുന്ന എല്ലാ പടവും അദ്ദേഹം വാങ്ങിച്ചു.

"ആൻേറായിൻ അത്ഭുതസ്തിമിതനായി. അത്രയും പണം ഒരുമിച്ചു് അവൻെറ കൈയിൽ വീണിട്ടില്ല.

"'ഈശ്വരൻ അങ്ങയെ അനുഗ്രഹിക്കട്ടെ.' അവൻ

വിളിച്ചുപറഞ്ഞു. അപ്പോഴേക്കും ഗാർഡ് വിസിലടി ച്ചുകഴിഞ്ഞു. തീയും പുകയും വമിച്ചുകൊണ്ടു ഹുംകാര ശബ്ദത്തോടെ അതിന്റെ നീണ്ട യാത്ര തുടന്നു.

"ഏയ്ഞ്ചലോ ജനലിനു പുറത്തേക്കു തലയിട്ടുകൊ ണ്ടു്, കൈവീശി യാത്രാവന്ദനം പറഞ്ഞു. 'ഏയ്ഞ്ച ലോ, ദൈവം കുഞ്ഞിനു ദീർഘായുസ്സു നല്കും.' ആൻേറാ യിന്റെ ആശീർവ്വാദം ആ കുട്ടി കേട്ടിരിക്കുകയില്ല. ട്രെ യിൻ വേഗത്തിൽ നീങ്ങിക്കഴിഞ്ഞു. ആൻേറായിൻ ഏയ്ഞ്ചലോയുടെ മുഖം നോക്കിക്കൊണ്ടുനിന്നനിലയിൽ നിന്നു. ട്രെയിൻ അവന്റെ കണ്ണിൽനിന്നും മറഞ്ഞു. ഒരു സാന്ധ്യനക്ഷത്രംപോലെ ആ കൊച്ചുമുഖം അങ്ങു ദൂരെ, അവൻ ദൂരെക്കണ്ടു.

"ആൻേറായിനു കഷ്ടകാലം തീൎന്നില്ല. അമ്മ മരി ച്ചു. സ്നേഹിക്കാനും ആരാധിക്കാനും മുന്നിലുണ്ടായിരുന്ന രൂപം എന്നേക്കുമെന്നവണ്ണം അപ്രത്യക്ഷമായി. ഒരു അനാഥകുമാരൻ! ജീവിതം ശൂന്യമായി നീണ്ടുപരന്നു കിടക്കുന്നു. മരിച്ചുകളയുകയല്ലേ ഭേദം? ദുർബ്ബലമായ ആ വിചാരം പലപ്പോഴും മനസ്സിൽ വന്നു. പാടില്ല. അങ്ങു ദൂരെ, അജ്ഞാതമായ ഒരു സ്ഥാനത്തു്, ദിവ്യമായ ഒരു മുഖപ്രകാശം അവൻ കാണുന്നുണ്ടു്. ആ കണ്ണുകളുടെ കാന്തി അവന്റെ മുഖത്തേക്കു പരക്കുന്നതായി അവനു തോന്നി. 'അച്ഛാ അതു വാങ്ങണം. എന്നെ സ്നേഹിക്കു ന്നുണ്ടെങ്കിൽ അതെനിക്കു വാങ്ങിത്തരണം.' ഈ ശബ്ദം അവന്റെ ഏകാന്തതയിൽ ചെവിയിൽ വന്നടിക്കുന്നു. 'ഓ അതു് ഏയ്ഞ്ചലോതന്നെയാണു്.' ആത്മഹത്യ ചെയ്യണമെന്ന വിചാരം ഉച്ചകോടിയിലെത്തുമ്പോൾ, ഏയ്ഞ്ചലോയുടെ മുഖവും സ്വരവും അടുത്തുവരും. 'മരി

ക്കാറായില്ല. എന്തും സഹിക്കാം' എന്ന തീരുമാനം ഉടനെ ടുക്കും.

"ചിത്രങ്ങൾ വരച്ചുകൊണ്ടിരിക്കും. പിന്നീടു വരച്ച ചിത്രങ്ങൾ കുറെക്കൂടി നന്നായി നന്നായി വരുന്നെന്ന വിചാരം ആ യുവാവിനുണ്ടായി. ഏതോ നവ്യമായ പ്രേരണ തനിക്കു ലഭിക്കുന്നു എന്ന വിശ്വാസം ആ ചിത്രകാരനെ ഭരിക്കുവാൻ തുടങ്ങി. റയിൽവേസ്റ്റേഷനിൽ ഇടയ്ക്കിടെ പോവും. വരുന്ന വരുന്ന വണ്ടികളുടെ മുറികളുടെ മുന്നിലൂടെ നടന്നു നോക്കും. എല്ലാ ജനലുകളിലും നിന്നു പുറത്തേക്കു നോക്കുന്ന മുഖങ്ങൾ സൂക്ഷിക്കും. ഒടുവിൽ ശൂന്യതയിലേക്കു്, വിദൂരതയിലേക്കു് അലക്ഷ്യമായി സൂക്ഷിച്ചുനോക്കും. എന്തോ ഒന്നു് ആ കണ്ണുകൾ അന്വേഷിക്കുകയാണു്. ഒരിടത്തും കണ്ടെത്തുന്നില്ല.

"വർഷങ്ങൾ പിന്നെയും കടന്നുപോയി. ചിത്രരചനയിലുള്ള ആൻേറായിൻെറ പ്രാഗത്ഭ്യം അംഗീകരിക്കപ്പെട്ടുതുടങ്ങി. ഒരു പ്രശസ്തകലാകാരൻെറ സ്റ്റുഡിയോവിൽ ചെന്നിരുന്നു ജോലിചെയ്യുവാനുള്ള ക്ഷണം ആ യുവകലാകാരൻ സ്വീകരിച്ചു.

സ്റ്റുഡിയോവിലെ നിയുക്തമായ ജോലികൾ തീർത്തിട്ടു തിരിയെവന്നാലും, ആൻേറായിനു് വിശ്രമമില്ല. ആ കൊച്ചുമുറിയിൽ കതകുമടച്ചു സ്വന്തമായി ചിത്രമെഴുതുവാൻ തുടങ്ങും. ആ മുറിയിൽ മററാക്കും പ്രവേശനമില്ലായിരുന്നു. ഏകാന്തമായ ധ്യാനം! നിതാന്തമായ ശ്രമം! സ്റ്റുഡിയോവിൻെറ ഉടമസ്ഥനൊഴികെ മററു സുഹൃത്തുക്കളാരും ആ യുവാവിനില്ലായിരുന്നു. ദീർഘദിവസങ്ങൾക്കുശേഷം, ആ മുറിയുടെ വാതിൽ അന്യർക്കായി തുറക്കപ്പെട്ടു. ഏയ്ഞ്ചലോയുടെ ലോകപ്രസിദ്ധമായ ചിത്രം ആ മുറിക്കുള്ളിൽ ചൈതന്യംകൊണ്ടതു് അപ്പോ

ഴാണു ലോകം അറിഞ്ഞതു്. ദേവദൂതിയുടെ മുഖം, ഏയ്ഞ്ചലോയുടെ പ്രതിരൂപമായിരുന്നു. കീറവസ്ത്രങ്ങൾ ധരിച്ചു്, താഴെ നില്ക്കുന്നതു് ആൻറോയിൻെറ രൂപവും."

എന്നോടു കഥപറഞ്ഞുകൊണ്ടു നിന്ന ആളിൻെറ മുഖത്തു് ഒരു പ്രഭാവലയം വ്യാപിക്കുന്നതായി എനിക്കു തോന്നി. അദ്ദേഹത്തിൻെറ സ്വരം ഇടറുന്നതായും എനിക്കനുഭവപ്പെട്ടു.

"ആൻറോയിൻ വിശ്വപ്രസിദ്ധി സമ്പാദിച്ചുകഴിഞ്ഞിട്ടും തൻെറ അന്വേഷണം നിർത്തിയില്ല. ദിവ്യപ്രേരണ നല്കിയ ഏയ്ഞ്ചലോയെ കാണാനുള്ള ദാഹം അടങ്ങിയില്ല. ഒരുപക്ഷേ, അവൾ മരിച്ചുപോയിരിക്കാം."

അദ്ദേഹം സംഭാഷണം പെട്ടെന്നു നിർത്തി. ഒരു നെടുവീർപ്പിട്ടു. തണുത്ത ഒരു കാററടിച്ചു. അങ്ങു ദൂരെനിന്നും ഒരു ട്രെയിനിൻെറ വിസിൽശബ്ദം കേട്ടു.

"എന്നാലും ഏയ്ഞ്ചലോ ആൻറോയിൻെറ ഹൃദയത്തിൽ ജീവിക്കുന്നു. ഈ ദേവദൂതിയുടെ ചിത്രത്തിലൂടെ അവൾ അനശ്വരയായിത്തീർന്നിരിക്കുന്നു."

പിന്നെ സംഭാഷണം തുടർന്നില്ല. അദ്ദേഹം ഒരു യാത്രാമൊഴിപോലും പറയാതെ നടന്നകന്നു. നടന്നു മറയുന്ന ആ രൂപം ഞാൻ ഉൽക്കണ്ഠയോടെ നോക്കിനിന്നു. എൻെറ മനസ്സിൽ വിചാരങ്ങളുടെ ഒരു പരമ്പരതന്നെ ഉണ്ടായി. കമല വന്നു. എൻെറ വിചാരഗതി നിന്നു.

"എന്തോ ധ്യാനമാണിതു്? ആ വയസ്സനാരാണു്? ഇത്ര സൂക്ഷിച്ചുനോക്കുന്നതു്! നേരത്തേ പരിചയമുണ്ടോ?" കമല അല്പം പരിഹാസസ്വരത്തിലാണു ചോദിച്ചതു്.

"പതുക്കെപ്പറയൂ!" ഞാൻ മന്ത്രിച്ചു. "അതാണു്... അതാണു് പ്രസിദ്ധനായ ആൻറോയിൻജേലോ!..."

## ഒരു മണിക്കൂർ—അല്ലെങ്കിൽ രണ്ട്

ഒരു മണിക്കൂർകൂടി...അല്ലെങ്കിൽ രണ്ട്...അയാൾ അതിനകം മരിക്കണം. ശ്വാസത്തിനു ശക്തിയില്ല. ഗതി വേഗം വളരെ കൂടുകയും ചെയ്തിരിക്കുന്നു. നാഡിമിടിപ്പു തീരെ കുറഞ്ഞു. കിടക്കവിരിപ്പിൽ കൂടെക്കൂടെ മുറുകെപ്പിടിക്കാൻ ശ്രമിക്കുന്നു. മനുഷ്യജീവിതകഥയുടെ അവസാനത്തെ അദ്ധ്യായത്തിലെത്തിയിരിക്കുന്നു. അധികം താമസിയാതെ അതിന്റെ പരിസമാപ്തി ആവും.

ആ ജീവിതം അല്പംകൂടി നീട്ടിക്കൊണ്ടുപോവാൻ ഞങ്ങളാലാവതെല്ലാം അന്ത്യനിമിഷത്തിലും ഞങ്ങൾ ചെയ്തു. വൈദ്യശാസ്ത്രത്തിന്റെ വൈദഗ്ദ്ധ്യം ആവുന്നത്ര ഞങ്ങൾ പ്രയോജനപ്പെടുത്തി. ആശുപത്രിയിലെ എല്ലാ സൗകര്യങ്ങളും അയാൾക്കായി ഉപയോഗിച്ചു. 'പ്ലാസ്മാ', രക്തം, തൊറാമൈൻ, ഓക്സിജൻ...എല്ലാം ഒന്നൊന്നായി...

ആ രോഗശയ്യയ്ക്കരികിൽ, അയാളുടെ ഭാര്യ ഇരിപ്പുണ്ട്; നെടുവീർപ്പും പ്രാർത്ഥനയുമായി. ശാസ്ത്രം, മതം, ആത്മാർത്ഥമായ ആശംസകൾ—എല്ലാം അയാളുടെ ആയുസ്സിനെ രക്ഷിക്കുവാൻ അടുത്തുണ്ട്.

പക്ഷേ, ആ ശരീരം ഇന്നു ചിതയിൽ വയ്ക്കപ്പെടും. ദഹിച്ചു ചാരമാകും. ശവക്കുഴിക്കു ചുററും അതു ചിതറിക്കിടക്കും. അയൽവാസികളും, ബന്ധുക്കളും, സ്വന്തക്കാരും ഒരുപക്ഷേ, ആ ചിതാഭസ്മം കാണാനടുത്തുണ്ടായേക്കാം.

അങ്ങനെ അന്ത്യനിമിഷം!...

രണ്ടു മാസത്തിനു മുമ്പ് അയാൾ ആശുപത്രിയി

ലേക്കു വന്നതു് ഞാൻ ഓർക്കുന്നു. ക്യൂവിന്റെ ഏററവും ഒടുവിലായിട്ടാണു് അയാൾ നിന്നിരുന്നതു്. അണച്ചണച്ചാണു് എന്റെ മുറിയിൽ വന്നു നിന്നതു്. അൻപതു വയസ്സായിരിക്കണം. മെലിഞ്ഞ ശരീരം. അല്പം കൂനുള്ളതുപോലെ എനിക്കു തോന്നി. കൈയിൽ സഹായത്തിനു് ഒരു വടിയും ഉണ്ടായിരുന്നു. തലമുടി അവിടവിടെ നരച്ചിട്ടുണ്ടു്. മുഖത്തു് രക്തപ്രസാദം തീരെ ഉണ്ടായിരുന്നില്ല. ആകെ ഒരു വിളർച്ച്. എങ്കിലും മാറാത്ത ഒരു പുഞ്ചിരി. ആരുടെ ശ്രദ്ധയും ആദരവും ആർജ്ജിക്കുവാൻ ശക്തമായ ഒരു പുഞ്ചിരി.

എന്റെ മുൻവശത്തു കിടന്നിരുന്ന സ്റൂളിൽ അയാൾ വന്നപാടേ ഇരുന്നു. "ഡാക്ടർ" എന്നു വിളിച്ചിട്ടു് ആ മുഷിഞ്ഞുകീറിയ ഷർട്ടു് അയാൾ ഊരി. "നോക്കു, ഈ വശത്തെ 'മുഴ' കുറേ വർഷങ്ങളായി എന്നെ ഉപദ്രവിക്കുന്നു. ഈ കഴിഞ്ഞ രണ്ടാഴ്ചകൊണ്ടാണു്, ഇത്രയ്ക്കു വലുതായതു്. മുമ്പിലത്തേക്കാൾ എനിക്കു വളരെ ക്ഷീണം തോന്നുന്നുണ്ടു്." അയാൾ ഇത്രയും പറഞ്ഞിട്ടു് ദീർഘമായി ഒന്നു ശ്വസിച്ചു.

ഞാൻ അയാളെ പരിശോധിച്ചു. കുറെ സമയം കൊണ്ടാണു് പരിശോധന അവസാനിപ്പിച്ചതു്.

ആ 'മുഴ' സംശയാസ്പദമായി എനിക്കു തോന്നി. അതിനു മാർദ്ദവമില്ല. ഉള്ളിൽ കട്ടിയുണ്ടു്. അല്പം ചൂടും അതിനുണ്ടു്. പ്രായത്തെപ്പററി ഒന്നുകൂടി ഞാൻ ഓർത്തു. ക്യാൻസറാണോ?...എന്റെ അഭിപ്രായം ഞാൻ അതുപടി പറഞ്ഞില്ല. രോഗിയല്ലേ?

അയാളുടെ പുറത്തു സ്നേഹപൂർവ്വം തലോടിക്കൊണ്ടു് ഞാൻ പറഞ്ഞു: "ഒന്നും ഭയപ്പെടാനില്ല. രണ്ടുമൂന്നാഴ്ച

ആശുപത്രിയിൽ താമസിക്കണം. ഒടുവിൽ ഒരു ഓപ്പറേഷൻ! കഴിഞ്ഞിട്ട സുഖമായി വീട്ടിൽപോകാം. എന്താ?"

ഞാൻ വെറുതേ പറഞ്ഞതല്ല. അയാളെ സഹായിക്കാൻ കഴിയും എന്ന് എനിക്ക വിശ്വാസമുണ്ടായിരുന്നു. ക്യാൻസർ അതിൻെറ പ്രാരംഭഘട്ടത്തിലായതേ ഉള്ളു. 'മുഴ'യ്ക്കുള്ളിലെ കട്ടിയായ ഭാഗം തുരന്നെടുക്കാവുന്നതേയുള്ളൂ. അതുകഴിഞ്ഞു് ഒരു 'ഡീപ്പ്' എക്സ്റേ കോഴ്സ്" വേണ്ടിവരും. അയാളെ ചികിത്സിച്ചു ഭേദമാക്കാൻ കഴിയും. ഒരുപക്ഷേ, അഞ്ചുവർഷത്തെ ആയുസ്സു കൂടി അയാൾക്ക കിട്ടും.

എന്നാൽ കഴിയുന്നതെല്ലാം ചെയ്ത് അയാളെ രക്ഷിക്കണമെന്ന ഞാൻ നിശ്ശബ്ദമായി നിശ്ചയിച്ചു. ആ പുഞ്ചിരിയായിരിക്കാം ആ മനുഷ്യനുമായി അത്ര ഗാഢമായ ബന്ധം ഉണ്ടാക്കിയതെന്നു് എനിക്ക തോന്നുന്നു. പ്രായമായ മനുഷ്യൻ. ദരിദ്രനാണെന്ന കണ്ടാൽ അറിയാം. പിടിപെട്ടിരിക്കുന്ന രോഗത്തിന്റെ ഭയങ്കരതയെപ്പറ്റി ഞാൻ ആ പശ്ചാത്തലത്തിൽ ഓർമ്മിച്ചു. എൻെറ ഹൃദയം, അയാളുടെ നിസ്സഹായതയിൽ അലിഞ്ഞുചേർന്നു.

ചിരിച്ചുകൊണ്ടു് അയാൾ പറഞ്ഞു: "കൊള്ളാം. ഞാൻ സമ്മതിച്ചു. ഞാൻ ഇവിടെ താമസിക്കാം. ഡാക്ടർ എന്നെ ഓപ്പറേറ്റ് ചെയ്യണം. ഞാൻ ഈ പ്രദേശത്തുകാരനല്ല. മലബാറിൽനിന്നാണ ഞാൻ വരുന്നതു്. ഈ മുഴ എന്നെ ഭയപ്പെടുത്തിയതുകൊണ്ടു് ഇത്രദൂരം ഇങ്ങു പോന്നു. ഇതിനുവേണ്ടി മാത്രം."

ഞാൻ സാവധാനം ചോദിച്ചു: "ആട്ടെ, പ്രായമായ മക്കളാരുമില്ലേ? രോഗത്തിൻെറ വിവരം അവക്ക് എഴുതി അയയ്ക്കണം. ഉടനെ തിരിയെ വരാൻ ഒക്കുകയില്ലെന്നു്. ഉം! ജോലി എന്തെങ്കിലുമുണ്ടോ?"

"ഒരു ചെറിയ തൊഴിൽ ഉണ്ടു്. ഒരു കൊച്ചു മലക്കറിപ്പീടിക എനിക്കുണ്ടു്. നാലു പെൺമക്കളും ഒരു ആൺകുട്ടിയും മക്കളായുണ്ടു്. മൂത്തമകൾക്കു് പതിനഞ്ചു വയസ്സു തികഞ്ഞു. അവളെ കല്യാണംകഴിപ്പിച്ചുകൊടുക്കണം. ആൺകുട്ടിയാണു് ഏററവും ഇളയതു്. ആറു വയസ്സു പ്രായം. ഞാൻ താമസിച്ചാണു വിവാഹംകഴിച്ചതു്, ഡാക്ടർ!"

അയാളെ ആശുപത്രിയിൽ ഞാൻ അഡ്മിററു ചെയ്തു. രോഗപരിശോധന തുടന്നു. ക്യാൻസർതന്നെയാണു് അയാൾക്കു പിടിപെട്ടിരിക്കുന്നതു്.

ഓപ്പറേഷനു വേണ്ട തയ്യാറുകൾ അയാൾക്കു കൊടുത്തു. ദേഹത്തിനു വേണ്ട ആരോഗ്യം വീണ്ടെടുക്കുവാനായിരുന്നു ആദ്യത്തെ എൻെറ ശ്രമം. ചില സ്പെഷ്യൽ മരുന്നുകൾ ഞാൻ സ്വന്തം ചെലവിൽ വാങ്ങി. ജനറൽ ആശുപത്രിയിൽ എല്ലാ മരുന്നുകളും ഉണ്ടായിരുന്നില്ല. എന്തുകൊണ്ടോ, അയാളോടു് എനിക്കു് ഒരു പ്രത്യേകമമത തോന്നി. അതു ദിവസംതോറും വർദ്ധിച്ചുവന്നു.

ഒരു ഓപ്പറേഷനു് ആവശ്യമായ ആരോഗ്യം അധികം താമസിയാതെ അയാൾക്കു കൈവന്നു. ഓപ്പറേഷൻെറ ദിവസം നിശ്ചയിച്ചു. തിയേററിലേക്കുള്ള എല്ലാ ഒരുക്കങ്ങളും ശ്രദ്ധാപൂർവ്വം ചെയ്യുവാൻ സ്റ്റാഫു് നഴ്സിനു ഞാൻ നിർദ്ദേശംകൊടുത്തു.

എങ്കിലും ഞാൻ പ്രതീക്ഷിക്കാത്തതു സംഭവിച്ചു. ഓപ്പറേഷനു തലേദിവസം രോഗി അപ്രത്യക്ഷനായി. ആരോടും പറയാതെ, വാർഡിലെ നഴ്സുപോലും അറിയാതെ, രോഗി ആശുപത്രി വിട്ടിരിക്കുന്നു.

എനിക്കു കോപവും താപവും ഉണ്ടായി. ഇത്ര സ്നേഹപൂർവ്വം ഞാൻ പെരുമാറിയിട്ടും, ഈ രോഗി ഇങ്ങനെ

യാണല്ലോ ചെയ്തതു്! അയാളുടെ രോഗം ഭേദമാകുവാനും, ആയുസ്സു നീട്ടുവാനും ഉള്ള എന്റെ ശ്രമം ഈവിധത്തി ലാണല്ലോ അവസാനിച്ചതു്. എന്റെ ആഗ്രഹം ഇങ്ങ നെ തകർന്നുപോയല്ലോ!

ഞാൻ സ്റ്റാഫ്നഴ്സിനെ വിളിച്ചു. ക്രമത്തിലധി കം ദേഷ്യപ്പെട്ടു. അസിസ്റ്റന്റന്മാരെ ശകാരിച്ചു. അററ ന്റർമാരെ ശാസിച്ചു. കത്തവ്യനിർവ്വഹണത്തിൽ അവർ കാണിച്ച ഉദാസീനത എനിക്കു ക്ഷമിക്കുവാൻ കഴിഞ്ഞി ല്ല. സഹിക്കാനുള്ള ശക്തിയും ഇല്ലായിരുന്നു. ആ വൃദ്ധ നെ രോഗവിവരവും, ഓപ്പറേഷന്റെ കാര്യവും പറഞ്ഞു ഭയപ്പെടുത്തിയതിനു് അടുത്തു കിടന്ന രോഗികളോടു ഞാൻ നിർദ്ദാക്ഷിണ്യമായി കയർത്തു. ഞാൻ എന്നെത്ത ന്നെ ശപിച്ചു. നിരാശനായി ഞാൻ വീട്ടിലേക്കു പോന്നു. മനുഷ്യന്റെ കൃതഘ്നതയെപ്പററി ഞാൻ അമർഷംകൊണ്ടു.

മാസങ്ങൾ കഴിഞ്ഞു. ഞാൻ എത്ര ശ്രമിച്ചിട്ടും ആ രോഗിയെ എനിക്കു മറക്കാൻ കഴിഞ്ഞില്ല. ഇന്നേ ക്കു രണ്ടാഴ്ചയ്ക്കു മുമ്പാണു് അയാൾ മടങ്ങിവന്നതു്. പഴയ തുപോലെ ക്യൂവിന്റെ ഒടുവിലായിരുന്നു അയാൾ നിന്നി രുന്നതു്. ഏററവും അവസാനം എന്റെ മുറിയിലേക്കു കടന്നുവന്നതും അയാളായിരുന്നു. എന്നാൽ ഈ പ്രാവ ശ്യം അയാൾക്കു താങ്ങായി അയാളുടെ ഭാര്യയും കൂടെ യുണ്ടു്. ഓ! ഭാര്യ മാത്രമല്ല; മകളും. രണ്ടുപേരും താങ്ങി പ്പിടിച്ചിട്ടുണ്ടു്. തല തീരെ പൊങ്ങുന്നില്ല. തലമുടി കൂടു തൽ നരച്ചിട്ടുള്ളതായി കാണപ്പെട്ടു.

പഴയപടി ആ സ്ററൂളിൽ അയാളിരുന്നു. തൊട്ടു പുറകിൽ മകൾ. അരികിൽ ഭാര്യ. അവരുടെ അവലം ബമില്ലാതെ അയാൾക്കിരിക്കുവാൻ ശക്തിയില്ല. എന്റെ മുഖത്തേക്കു നോക്കി അയാൾ ചിരിക്കാൻ ശ്രമിക്കുക

യാണു്. ആകർഷകമായ ആ പുഞ്ചിരിയുടെ പ്രസന്നത കുറഞ്ഞിട്ടുണ്ടു്. അയാളുടെ ചുണ്ടിൽ നിന്നു് ആ ചിരി വിറയ്ക്കുന്നതായി എനിക്കു തോന്നി. പ്രസാദം മുഖത്തേക്കു പരത്തുവാൻ ആ വൃദ്ധൻ വിഷമിട്ടപ്പെടുകയാണു്.

ശബ്ദമുയർത്തി ശാസിക്കണമെന്നായിരുന്നു എന്റെ ആദ്യത്തെ തോന്നൽ. പക്ഷേ, ആ വിളറിയ പുഞ്ചിരിയുടെ വശ്യത എന്റെ ഹൃദയത്തെ സ്പർശിച്ചു. പാവം! ഞാൻ ഒരക്ഷരവും പറഞ്ഞില്ല. ഒരു നിമിഷനേരം ആ മുഖത്തു് ഞാൻ സൂക്ഷിച്ചു നോക്കി. അറിയാതെ ഒരു വേദന എന്റെ ഹൃദയത്തിന്റെ അന്തർഭാഗത്തുനിന്നും ഉയരുന്നതായി എനിക്കനുഭവപ്പെട്ടു.

ദയാർദ്രമായി ഞാൻ ചോദിച്ചു: "നിങ്ങൾ എന്തിനു് ആശുപത്രിയിൽനിന്നും ഒളിച്ചുപോയി?"...അയാൾ എത്രമാത്രം ക്ഷീണിതനായിരിക്കുന്നു എന്നു് എനിക്കറിയാമായിരുന്നു.

അയാൾ ഒന്നുകൂടി ചിരിക്കാൻ വിഷമിട്ടപ്പെടുന്നു. അയാളുടെ വിറയ്ക്കുന്ന കൈ അയാളുടെ മാറത്തേക്കുയർത്താൻ യത്നിക്കുന്നു.

"ഡാക്ടർ!" എന്നു വിളിച്ചുകൊണ്ടു് നിശ്ശേഷം മുഷിഞ്ഞ ഒരു കടലാസുപൊതി മടിക്കുത്തിൽനിന്നും പ്രയാസപ്പെട്ടു് എടുത്തു് എന്റെ നേക്കു നീട്ടി. "ഇതെന്റെ ഒരു ചെറിയ സമ്മാനമാണു്. തീരെ ചെറിയ തുക. വെറും പത്തുരൂപാ. ഇരുപതു രൂപയെങ്കിലും ഡാക്ടർക്കു തരണമെന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷേ, എന്റെ രോഗം കൂടുതലായിത്തീർന്നതുകൊണ്ടു്..."

എന്തു മറുപടി പറയണമെന്നു് എനിക്കറിഞ്ഞുകൂടായിരുന്നു. എന്റെ ഹൃദയം വികാരശതങ്ങൾകൊണ്ടു നിറഞ്ഞു. ഞാൻ അപമാനിതനാണെന്നു്, വ്രണിതനാ

ണെന്നു്, എനിക്കു തോന്നി. അതായതു ഞാൻ ഒരു പണം പിടുങ്ങി ആണെന്നു് ആ രോഗി വിശ്വസിക്കുന്നു.

"ഡാക്ടർ!" അയാൾ തുടൎന്നു. "അവിടന്നു് എന്നോടു വളരെ ദയവോടെ പെരുമാറി. ഇത്രയും സ്നേഹം ഒരിടത്തുനിന്നും എനിക്കു കിട്ടിയിട്ടില്ല. അവരെല്ലാം എന്നോടു പറഞ്ഞു, ഡാക്ടർ ഒരു വലിയ ഓപ്പറേഷനാണു ചെയ്യാൻപോവുന്നതെന്നു്. അങ്ങയുടെ ദയയ്ക്കും സ്നേഹത്തിനും പ്രതിഫലം തരണമെന്നു ഞാൻ തീരുമാനിച്ചു. എത്ര നിസ്സാരമായിരുന്നാലും, പ്രതിഫലം തരേണ്ടതു് എന്റെ ചുമതലയാണെന്നു് എനിക്കു തോന്നി. അതുകൊണ്ടു ഞാൻ എന്റെ വീട്ടിലേക്കു പോയി; ആ പ്രതിഫലം എത്ര വലുതാക്കാമോ അത്രയും വലുതാക്കാൻ. എന്നാൽ എന്റെ ഡാക്ടർ! ക്ഷമിക്കണം. എനിക്കു് ഒന്നും ചെയ്യുവാൻ കഴിവില്ലാതായി. എന്റെ രോഗം വളരെ കൂടിപ്പോയി. ഇതാ, ഈ തുക തീരെ ചെറുതാണു്. ഇതു് അവിടുന്നു വാങ്ങുകയില്ലേ?"

എന്റെ കണ്ണുകളിൽ നിറഞ്ഞ തുള്ളികൾ താഴെ വീഴാതിരിക്കുവാൻ ഞാൻ യത്നിക്കുകയായിരുന്നു.

"ഞാൻ ഇതു്...സ്വീകരിക്കാം." എന്റെ വാക്കുകൾ ഇടറുന്നതു് അവർ അറിയരുതെന്നു് എനിക്കാഗ്രഹമുണ്ടായിരുന്നു. "ഇപ്പോഴല്ല. കുറേക്കൂടെ കഴിഞ്ഞിട്ടു്...സമാധാനമായിരിക്കൂ. സാരമില്ല..." ഞാൻ ഒരുവിധം പറഞ്ഞുതീൎത്തു.

അയാളെ വീണ്ടും ആശുപത്രിയിൽ അഡ്മിററു ചെയ്തു. ഞാൻ എന്റെ വീട്ടിലേക്കു പോയി. എന്തൊരസ്വാസ്ഥ്യം! ഒന്നിലും മനസ്സുറയ്ക്കുന്നില്ല.

അയാൾ അധികം താമസിയാതെ മരിക്കുമെന്നു് എനിക്കറിയാമായിരുന്നു. അയാളുടെ മരണശാസന

ത്തിൽ ഞാൻ ഒപ്പിടുകയായിരുന്നു. ക്യാൻസർ കുടലി ടത്തേക്കു വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. കത്തിക്കും കത്രികയ്ക്കും ഇനി അയാളെ രക്ഷിക്കുവാൻ കഴിയുകയില്ല. എക്സ്റേക്കും അയാളുടെ ആയുസ്സിനു ദൈർഘ്യം കൊടുക്കാൻ ശക്തിയില്ല. ശാസ്ത്രവിധിക്കും കുടലായി ഒന്നും ചെയ്യുവാനില്ല. എങ്കിലും അയാളുടെ ജീവനെ രക്ഷിക്കുവാൻ കഴിയുമായിരുന്നു. ഇല്ലെങ്കിലും കുറെവർഷംകൂടി അയാളെ ജീവിപ്പിക്കുവാൻ സാധിക്കുമായിരുന്നു. അയാൾ ഓപ്പറേഷന്റെ തലേദിവസം ഒളിച്ചുപോവാതിരുന്നെങ്കിൽ!...അയാൾ ആരോടും പറയാതെ ആശുപത്രിയിൽനിന്നു് അന്നു പോയതെന്തിനാണു്? എന്തിനാണു വീട്ടിലേക്കു പാഞ്ഞുപോയതു്? എനിക്കു് ഒരു സമ്മാനം തരാൻ! ഒരു നിസ്സാരതുക സംഭരിച്ചു് എനിക്കു തരാൻ. സ്വന്തം ജീവിതം അയാൾ സത്യത്തിൽ ബലികഴിച്ചു. അയാളുടെ ആർജ്ജവപ്രകൃതി! ആത്മാർത്ഥത!

തിരിയെ പ്രവേശിപ്പിച്ചതിനുശേഷം, എല്ലാ ദിവസവും ഞാൻ അയാളുടെ കട്ടിലിനരികിൽ ചെല്ലുമായിരുന്നു. രാവിലെ, ഉച്ചയ്ക്കു്, വൈകിട്ടു്. മൂന്നുനേരവും ആ രോഗിയെ ഞാൻ സന്ദർശിക്കുമായിരുന്നു. കഴിവുള്ള ചികിത്സകളെല്ലാം നടത്തി. കഴിയുന്നതെല്ലാം അവസാനംവരെ ചെയ്തു എന്ന ചാരിതാർത്ഥ്യം എനിക്കു വേണമായിരുന്നു.

അതാ, ആ സാധുവിനെ എനിക്കു കാണാം. ശ്വാസം മുറുകുകയാണു്. നാഡിയുടെ ചലനം നിലയ്ക്കുകയാണു്. കിടക്കവിരിപ്പിൽ കടന്നുപിടിക്കുകയാണു്.

ഒരു മണിക്കൂർകൂടി...അല്ലെങ്കിൽ രണ്ടു മണിക്കൂർ കഷ്ടിച്ചു്...

★